വാല്യം 32

പന്തളം ബ്ലോക്ക്
(പത്തനംതിട്ട ജില്ല)

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

# പന്തളം തെക്കേക്ക
# ഗ്രാമപഞ്ചായത

# വികസന രേഖ

അധികാരം ജനങ്ങളിലേക്ക്




പത്തനംതിട്ട ജില്ല
പന്തളം തെക്കേക്കര

32-1

# പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

## വികസനരേഖ



## വികസന സെമിനാർ

1997 ഫെബ്രുവരി 22 ശനിയാഴ്ച

എസ്.കെ.വി.യു.പി. സ്കൂൾ

തട്ടയിൽ

# പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



കുമാരി കെ. അമ്പിളി
(പ്രസിഡന്റ്)



ഡി. സുഗതൻ.
(വൈസ് പ്രസിഡന്റ്)



കെ. ജി. മോഹനൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)



ജേക്കബ് ജോർജ്



വള്ളിപ്പറമ്പിൽ കേശവൻ



കെ. ആർ. രാജൻ



മറിയാമ്മ തോമസ്



കുമാരി ജി. രാധാമണി



മത്തായി ഫിലിപ്പ്

## മുൻ പ്രസിഡന്റന്മാർ

**കല്ലേലിൽ കേശവക്കുറുപ്പ്**
15–08–1953 മുതൽ 10–10–1953 വരെ

**തേക്കിനാൽ പരമേശ്വരൻപിള്ള**
1957 മുതൽ 20–05–1962 വരെ

**അഡ്വ. എൻ. കേശവൻ നായർ**
30–05–1962 മുതൽ 29–12–1962 വരെ

**ശ്രീ. ആർ. രാധാകൃഷ്ണൻ നായർ**
30–12–1963 മുതൽ 31–07–1979 വരെ

**ശ്രീ. കെ. എം. പാപ്പച്ചൻ**
28–09–1979 മുതൽ 21–10–1984 വരെ

**ശ്രീ. ബി. നരേന്ദ്രനാഥ്**
09–02–1988 മുതൽ 30–09–1995 വരെ

---

## ജനപ്രതിനിധികൾ

പ്രൊഫ. പി. ജെ. കുര്യൻ . എം. പി.

ശ്രീ. പി. കെ. കുമാരൻ.എം. എൽ. എ.

ശ്രീ. എൻ. ജി. സുരേന്ദ്രൻ.ജില്ലാ പഞ്ചായത്തു മെമ്പർ

ശ്രീ. എസ്. രാജേന്ദ്രപ്രസാദ്·ബ്ലോക്ക് പഞ്ചായത്ത് മെമ്പർ,

ശ്രീമതി ലാലിജോൺ.ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കുമാരി കെ. അമ്പിളി (പ്രസിഡന്റ്) ചീഫ് എഡിറ്റർ
കെ. ആർ. സുകുമാരൻ നായർ (കെ. ആർ. പി.)
പ്രൊഫ. കെ. പി. കൃഷ്ണൻകുട്ടി (ഡി. ആർ. പി.)
ബി. പ്രഭ (ഡി. ആർ. പി.)
എം. പി. കുട്ടപ്പക്കുറുപ്പ്. (ഡി. ആർ. പി.)
വി. ജി. ഭാസ്ക്കരൻ നായർ (ഡി. ആർ. പി.)
ബി. നരേന്ദ്രനാഥ് (ഡി. ആർ. പി.)
കെ. നാരായണൻ (ഡി. ആർ. പി.)
കെ. എസ്. കൃഷ്ണൻ നായർ
പി. കെ. നാരായണക്കുറുപ്പ്
വി. പി. വിദ്യാധരപ്പണിക്കർ
എ. കെ. നാരായണൻ നായർ
എസ്. ഹരികുമാർ,
ആർ. രാജപ്പൻ നായർ
എ. ഗോപിനാഥൻ നായർ
കെ. ഭാസ്ക്കരൻ പിള്ള
രാമചന്ദ്രൻ നായർ

കെ. കെ. ജനാർദ്ദനൻ ആചാരി,
എ. ജി. ജഗദീശൻ,
ഗോപാലകൃഷ്ണക്കുറുപ്പ്
ജി. ജോർജ്,
ശശിധരൻ പൗർണമി
എം. എൽ. ഭാസ്കരൻ നായർ
ടി. രാജൻ
പി.കെ. കേശവൻ നായർ
എം. കെ. വിജയകുമാർ
ഇ. ജി. സ്ക്കറിയ
മധു മന്നംനഗർ
ഡോ. വി. ആർ. വിജയലക്ഷ്മി
എസ്. ജയന്തികുമാരി
ടി. കെ. പൊടിയൻ
കെ. ബാലകൃഷ്ണൻ
സി. ബി. രാജു
ശ്രീവള്ളി



കെ.വൈ. ജെയിംസ് (പഞ്ചായത്ത് സെക്രട്ടറി)

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ആമുഖം | 1 |
| 2. | പഞ്ചായത്ത് പൊതുവിവരണം | 3 |
| 3. | സാമൂഹ്യ സാംസ്കാരിക ചരിത്രം | 7 |
| 4. | ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി | 15 |
| 5. | വികസനമേഖലകളുടെ അവലോകനം | |
| 5.1 | പ്രാഥമിക മേഖല | |
| A | കൃഷിയും ജലസേചനവും | 21 |
| B | മൃഗസംരക്ഷണം മത്സ്യബന്ധനം | 43 |
| 5.2 | ദ്വിതീയ മേഖല | |
| A | വ്യവസായം | 53 |
| B | ഗതാഗതം | 57 |
| C | ഊർജ്ജം | 101 |
| D | മാർക്കറ്റ് | 123 |
| E | പാർപ്പിടം | 127 |
| 5.3 | തൃതീയ മേഖല | |
| A | വിദ്യാഭ്യാസം | 135 |
| B | കുടിവെള്ളം, | 153 |
| C | പൊതുജനാരോഗ്യം | 161 |
| D | സാമൂഹ്യക്ഷേമം | 171 |
| E | പട്ടികജാതി/പട്ടികവർഗ ക്ഷേമം | 181 |
| F | സഹകരണം | 189 |
| G | വനിത | 199 |
| H | സംസ്കാരം | 205 |
| I | വിഭവസമാഹരണം | 211 |
| 6. | ഉപസംഹാരം | 219 |



ഡി. ടി. പി. : ചിലങ്ക, പന്തളം. ഫോൺ : 0473-452781

കവർ : ബി. പ്രഭ

പ്രിന്റിംഗ് : പി. കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലീഷിംഗ് കമ്പനി (പ്ര. ലി.)



# 1

# ആമുഖം

സ്വാതന്ത്ര്യലബ്ധിയുടെ അഞ്ചു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിന് കേരളത്തിന്റെ സംഭാവനയാണ് ജനകീയാസൂത്രണപ്രസ്ഥാനം. ഭൂപരിഷ്കരണ നിയമത്തിലൂടെയും സാക്ഷരതാ പ്രസ്ഥാനത്തിലൂടെയും ഇതര സംസ്ഥാനങ്ങൾക്ക് വഴികാട്ടിയ കേരളം ആസൂത്രിത വികസനത്തിനും മാതൃകയാകുന്നു. വ്യവസ്ഥാപിത ആസൂത്രണ വികസന ധാരണകളിലെ ഈ പൊളിച്ചെഴുത്തിന് വിപ്ലകരവും ചരിത്രപരവുമായ പ്രാധാന്യമുണ്ട്.

ബ്രിട്ടീഷ് സാമ്രാജ്യത്വം എല്ലും തോലുമാക്കി ഉപേക്ഷിച്ച ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിച്ച് സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും സദ്ഫലങ്ങൾ മുഴുവൻ ഇന്ത്യക്കാർക്കും എത്തിക്കുന്നതിനു വേണ്ടിയാണ് പഞ്ചവത്സരപദ്ധതികൾ രൂപീകൃതമായത്. എന്നാൽ1951 മുതൽ ഇന്ത്യയിൽ നടപ്പാക്കിയ എട്ടു പഞ്ചവത്സര പദ്ധതികളും ലക്ഷ്യം കൈവരിക്കുന്നതിൽ ഭാഗികമായേ വിജയിച്ചുള്ളു. വ്യാവസായിക ശാസ്ത്രീയ വളർച്ചയും സാമ്പത്തിക ഉല്പാദന വർധനയും ഉണ്ടായിട്ടുണ്ടെങ്കിലും ബഹുഭൂരിപക്ഷം ജനങ്ങളും ദരിദ്രരാണ്. വേണ്ടത്ര ആഹാരം, വസ്ത്രം, പാർപ്പിട സൗകര്യം, വൈദ്യ സഹായം എന്നിവ അവർക്ക് ലഭ്യമല്ല. അധികാരത്തിന്റെ അമിത കേന്ദ്രീകരണവും, ജനപ്രാതിനിധ്യത്തിന്റെ കുറവും, ഉദ്യോഗസ്ഥമേധാവിത്വവും അഴിമതിയും മൂലം ആസൂത്രണ ലക്ഷ്യങ്ങൾ പരാജയപ്പെട്ടു. ജനാഭിലാഷം കണക്കിലെടുത്തും ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും സ്ഥായിയും നീതിപൂർവകവും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ച നേടാൻ

നമുക്കായിട്ടില്ല.

വികസനത്തിന്റെ കാര്യത്തിൽ കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്ന് വിഭിന്നമാണ്. സാർവത്രികപൊതു വിദ്യാഭ്യാസവും പൊതു ആരോഗ്യപരിപാലനവും പൊതു വിതരണ സംവിധാനവും ഇതിന്റെ നേട്ടങ്ങളാണ്. സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും ഈ രംഗത്ത് വമ്പിച്ച സ്വാധീനമാണ് ചെലുത്തിയത്. എന്നാൽ, കേരളത്തിന്റെ സാമ്പത്തിക വികസനം ദുർബലമാണ്. ഏതു നിമിഷവും ഉറവ വറ്റാവുന്ന ഗൾഫ് പണത്തിന്റെ ഒഴുക്കു മൂലം സാമ്പത്തികവളർച്ചയിലെ മുരടിപ്പും തൊഴിലില്ലായ്മയും പ്രകടമാകുന്നില്ലെന്നു മാത്രം. കാർഷികരംഗത്തും വ്യാവസായികരംഗത്തും ഉല്പാദന വർധന കൈവരിച്ച് ത്വരിതമായ വികസനം നേടുകയെന്നതാണ് അടിയന്തിരാവശ്യം.

നാളിതുവരെ നടന്നുവന്ന വികസന പ്രക്രിയയിൽ നിന്ന് വ്യത്യസ്തമായി ജനകീയാടിത്തറയിൽ ഉറച്ചുനിന്ന് ആസൂത്രണം നടപ്പാക്കുകയാണ് ലക്ഷ്യം. അധികാരവികേന്ദ്രീകരണം ഇതിന്റെ ഭാഗമാണ്. ഭരണസംവിധാനത്തിലെ ഏറ്റവും കീഴ്ഘടകമായ പഞ്ചായത്തുകൾക്ക് അധികാരവും സമ്പത്തും നൽകി ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വയം ഭരണം കൈവരിക്കുന്നതിന്റെ ആദ്യപടിയാണിത്. ജനകീയാസൂത്രണത്തിന്റെ ആത്മസത്തയുമിതാണ്. എന്നാൽ, സ്വന്തം ജനാധിപത്യാവകാശങ്ങളെക്കുറിച്ച് ജാഗരൂകമായ ഒരു ജനതയ്ക്കു മാത്രമേ ജനകീയാസൂത്രണം വിജയിപ്പിക്കാനാവൂ. പ്രാദേശികാവശ്യങ്ങളനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ സൃഷ്ടിപരമായ വിമർശനങ്ങൾ കൊണ്ടും വിലയിരുത്തലുകൾ കൊണ്ടും വികസന പ്രക്രിയയ്ക്ക് ആക്കം കൂട്ടാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനാണ്. അപ്പോൾ മാത്രമേ, ''അധികാരം ജനങ്ങൾക്ക്'' എന്ന ആശയം അർഥവത്താകൂ.

കേരളത്തിലെ ജനങ്ങൾ വൻ പ്രതീക്ഷകളാണ് ജനകീയാസൂത്രണത്തിൽ വച്ചുപുലർത്തുന്നത്. വിമർശനങ്ങൾ പോലും പ്രതീക്ഷകൾ സഫലമാകുമോ എന്ന ആശങ്കയിൽ നിന്നാണുയരുന്നത്. എല്ലാവിധ കക്ഷി രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ചു കൊണ്ട് വികസന രാഷ്ട്രീയത്തെ ഉൾക്കൊള്ളാൻ ജനങ്ങൾ മുന്നോട്ടു വന്നതിന്റെ കാരണവും മറ്റൊന്നല്ല. വിവിധ വാർഡുകളിലായി നടന്ന ഗ്രാമസഭകളിൽ ഉണ്ടായ ജനപങ്കാളിത്തം ഇതിന്റെ സൂചനയാണ്.

നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണത്തിന്റെ അടുത്ത ഘട്ടമായ വികസന സെമിനാറിൽ ചർച്ച ചെയ്യാനുള്ള വികസന രേഖ ഇവിടെ സമർപ്പിക്കുന്നു. ഗ്രാമസഭാ റിപ്പോർട്ടുകളും വിവിധ സ്ഥാപനങ്ങളിൽ നിന്ന് ശേഖരിച്ച ദ്വിതീയ വിവരങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് രേഖ. പരിമിതമായ സൗകര്യങ്ങളുപയോഗിച്ച് തയ്യാറാക്കിയതായതിനാൽ ഇത് പൂർണമാണെന്നവകാശപ്പെടാനാവില്ല. എങ്കിലും വികസന സെമിനാറിലെ ഗ്രാമക്കൂട്ടായ്മയിൽ നടക്കുന്ന ആശയവിനിമയത്തിലൂടെ രേഖയിലെ നിർദേശങ്ങൾക്ക് കൂടുതൽ മൂർത്ത രൂപം നൽകാനും പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു.






2

# പഞ്ചായത്ത് പൊതു വിവരണം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | : | പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന വില്ലേജ് | : | പന്തളം തെക്കേക്കര |
| 3. | ബ്ലോക്ക് പഞ്ചായത്ത് | : | പന്തളം |
| 4. | താലൂക്ക് | : | അടൂർ |
| 5. | ജില്ല | : | പത്തനംതിട്ട |
| 6 | അസംബ്ലിമണ്ഡലം | : | പന്തളം |
| 7. | ലോക്സഭാമണ്ഡലം | : | മാവേലിക്കര |
| 8. | വിസ്തീർണം | : | 19.39 sq: KMS |
| 9. | വാർഡുകൾ | : | 9 (ഒമ്പത്) |
| 10. | അതിരുകൾ | : | തെക്ക്-അടൂർ മുനിസിപ്പാലിറ്റി<br>പടിഞ്ഞാറ് – പന്തളം, തുമ്പമൺ പഞ്ചായത്തുകൾ<br>വടക്ക് – വള്ളിക്കോടു പഞ്ചായത്ത്<br>കിഴക്ക് – കൊടുമൺ പഞ്ചായത്ത്<br>അടൂർ മുനിസിപ്പാലിറ്റി. |
| 11. | ജനസംഖ്യ | : | 16526 |
| 12. | സ്ത്രീകൾ | : | 8678 |
| 13. | പുരുഷന്മാർ | : | 7848 |
| 14 | സാക്ഷരത | : | 98.86% |
| 15. | ജനസാന്ദ്രത | : | 852 |

| | | | |
|---|---|---|---|
| 16. | ആകെ കെട്ടിടങ്ങൾ | : | 5223 |
| 17. | ആകെ ഭവനങ്ങൾ | : | 4974 |
| 18. | പ്രസിഡന്റ് | : | കുമാരി കെ. അമ്പിളി |
| 19. | വൈസ് പ്രസിഡന്റ് | : | ശ്രീ. ഡി. സുഗതൻ |
| 20. | സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ശ്രീ. കെ. ജി. മോഹനൻ |

## പഞ്ചായത്തിലെ പ്രധാന സ്ഥാപനങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | എണ്ണം | വാർഡ് | സ്ഥിതിചെയ്യുന്ന സ്ഥലം |
|---|---|---|---|---|
| 1. | പോസ്റ്റ് ഓഫീസ് | 5 | 1,2,4,8,9 | പാറക്കര,കീരുകുഴി,പറപ്പെട്ടി,മന്നംനഗർ,പറന്തൽ |
| 2. | പ്രൈമറി ഹെൽത്ത് സെന്റർ | 1 | 4 | പറപ്പെട്ടി |
| 3. | ആയുർവേദ ആശുപത്രി | 1 | 1 | വായനശാല ജംഗ്ഷൻ |
| 4. | മൃഗാശുപത്രി | 1 | 4 | പറപ്പെട്ടി |
| 5. | കൃഷിഭവൻ | 1 | 4 | പറപ്പെട്ടി |
| 6. | മൃഗാശുപത്രി സബ്സെന്റർ | 2 | 1,9 | തോലുഴം, പറന്തൽ |
| 7. | വില്ലേജ് ഓഫീസ് | 1 | 4 | പറപ്പെട്ടി |
| 8. | മാവേലിസ്റ്റോർ | 1 | 2 | കീരുകുഴി |
| 9. | പൊതുവിതരണ കേന്ദ്രങ്ങൾ | 11 | 1,2,4,<br>5,7,8,9 | പാറക്കര,ഭഗവതിക്കും പടിഞ്ഞാറ്,<br>മല്ലിക A, മല്ലിക B, പൊങ്ങലടി B, പറന്തൽ. |
| 10. | a. ക്ഷീരവ്യവസായ സഹകരണ സംഘം | 3 | 2,4,9 | കീരുകുഴി,മങ്കുഴി,പറന്തൽ |
| | b. സർവീസ് സഹകരണ ബാങ്ക് | 3 | 2,4,9 | കീരുകുഴി,പറപ്പെട്ടി,പറന്തൽ |
| | c. വനിതാ സഹകരണസംഘം | 1 | 1 | പാറക്കര |
| | d. ഹരിജൻ സർവീസ് സഹകരണ ബാങ്ക് | 1 | 9 | പറന്തൽ |
| | e. റബർ മാർക്കറ്റിംഗ് സഹകരണ സംഘം | 1 | 2 | കീരുകുഴി |
| | f. ഖാദി ഗ്രാമവ്യവസായ സംഘം | 2 | 4,5 | മല്ലിക A (ചാരുവീട്ടിൽമൂല), ഒരിപ്പുറം |
| | g. ഹരിജൻ വ്യവസായ സഹകരണ സംഘം | 1 | 3 | കയർമല |
| | h. സ്കൂൾ സംഘങ്ങൾ | 4 | - | - |
| | സഹകരണസ്ഥാപനങ്ങൾ ആകെ | 16 | | |

## ഗ്രാമസഭാ സമ്മേളനങ്ങൾ

| | ഗ്രാമസഭ നടന്ന തീയതി | ഗ്രാമസഭ നടന്ന സ്ഥലം | പങ്കെടുത്ത അംഗങ്ങൾ | | |
|---|---|---|---|---|---|
| | | – | സ്ത്രീ | പുരുഷൻ | ആകെ |
| 1. | 20.10.96 | N.S.S.L.P.S. പാറക്കര | 98 | 215 | 313 |
| 2. | 20.10.96 | G.L.P.S. കീരുകുഴി | 52 | 156 | 208 |
| 3. | 19.10.96 | സെന്റ് ജോർജ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കീരുകുഴി | 27 | 80 | 107 |
| 4. | 20.10.96 | S.K.V.U.P.S,പറപ്പെട്ടി | 42 | 127 | 169 |
| 5. | 19.10.96 | G.L.P.S., ഒരിപ്പുറം | 79 | 145 | 224 |
| 6. | 19.10.96 | G.L.P.S, പൊങ്ങലടി | 80 | 130 | 210 |
| 7. | 20.10.96 | S.V.H.S., പൊങ്ങലടി | 98 | 152 | 250 |
| 8. | 19.10.96 | വരിക്കോലിൽ കുടുംബ ട്രസ്റ്റ് ഹാൾ | 91 | 162 | 253 |
| 9. | 13.10.96 | ബൈബിൾ കോളേജ് പറന്തൽ | 24 | 70 | 94 |

## പഞ്ചായത്ത് ജീവനക്കാർ

1. ശ്രീ. കെ. വൈ. ജയിംസ് – സെക്രട്ടറി
2. ശ്രീ. കെ. എം. ജോസഫ് – ഹെഡ് ക്ലാർക്ക്
3. ശ്രീമതി. പി. എൻ. സരസ്വതിയമ്മ – യു.ഡി.ക്ലാർക്ക്
4. ശ്രീ. കെ. ഭാസ്കരൻപിള്ള. – യു.ഡി.ക്ലാർക്ക്
5. ശ്രീ. എം. എൻ. സോമൻ – എൽ. ഡി. ക്ലാർക്ക്
6. ശ്രീ. എൻ. ആർ. മുരളീധരൻനായർ – എൽ. ഡി. ക്ലാർക്ക്
7. ശ്രീമതി ഉമ്മൈമാൻബീവി. – പ്യൂൺ
8. ശ്രീമതി. ഏലിയാമ്മ ജോൺ – പാർട്ട് ടൈം ലൈബ്രേറിയൻ
9. ശ്രീ. വി. പി. യോഹന്നാൻ – പാർട്ട് ടൈം സ്വീപ്പർ





## 3

# സാമൂഹ്യ സാംസ്കാരിക ചരിത്രം

പുരാണങ്ങളിൽ പ്രസിദ്ധമായ പന്തളം നാട്ടുരാജ്യത്തിന്റെ പലകരകളിൽ ഏറ്റവും തെക്കേയറ്റത്തുള്ളതായിരുന്നു പന്തളം തെക്കേക്കരയെന്ന് ചരിത്രരേഖകൾ തെളിയിക്കുന്നു. മാർത്താണ്ഡവർമ മഹാരാജാവ് സ്ഥാപിച്ച തിരുവിതാംകൂർ നാട്ടുരാജ്യത്തിൽ കൂട്ടിച്ചേർക്കും വരെ ഈ നില തുടർന്നു.

1982ൽ പത്തനംതിട്ട ജില്ലാ രൂപീകരണം നടന്നപ്പോൾ ഉണ്ടായ ജില്ലാ പുന:സംഘടനയെത്തുടർന്നാണ് അതുവരെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിന്റെ ഭാഗമായിരുന്ന പന്തളം തെക്കേക്കര പഞ്ചായത്ത് അടൂർ താലൂക്കിന്റെ ഭാഗമായിത്തീർന്നത്. ഇതുമൂലം താലൂക്ക് ആസ്ഥാനത്തേക്കും ജില്ലാ ആസ്ഥാനത്തേക്കുമുള്ള ദൂരം വളരെയധികം കുറഞ്ഞത് ഈ പ്രദേശത്തെ ജനങ്ങൾക്ക് ഏറെ അനുഗ്രഹമായി.

### അതിരുകൾ, വാർഡുകൾ

19.39 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിന്റെ വടക്കൻ അതിർത്തിയിൽ പത്തനംതിട്ട ജില്ലയിലെ തന്നെ വള്ളിക്കോട് പഞ്ചായത്തിലെ നരിയാപുരം, കൈപ്പട്ടൂർ പ്രദേശങ്ങളാണ്. അടൂർ മുൻസിപ്പൽ ടൗൺ തെക്കേ അതിർത്തി കുറിക്കുന്നു. കിഴക്ക് കൊടുമൺ പഞ്ചായത്തിന്റെ ഭാഗങ്ങൾ അതിർത്തി നിശ്ചയിക്കുമ്പോൾ വടക്കുപടിഞ്ഞാറും തെക്കുപടിഞ്ഞാറും യഥാക്രമം തുമ്പമൺ പഞ്ചായത്തും പന്തളം പഞ്ചായത്തുമാണ്.

പഞ്ചായത്തിനെ ഒമ്പതു വാർഡുകളായി വിഭജിച്ചിരിക്കുന്നു. ഏറ്റവും അധികം വിസ്തൃതിയുള്ള പാറക്കര വാർഡ് ആണ് ഒന്നാമത്തേത്. പേരു സൂചിപ്പിക്കുന്നതുപോലെ പാറകൾ ഏറെയുള്ള പ്രദേശമാണിത്. ഭഗവതിക്കുംപടിഞ്ഞാറ് ആണ് രണ്ടാമത്തെ വാർഡ്. ഒരിപ്പുറത്തു ഭഗവതിക്ഷേത്രത്തിനു പടിഞ്ഞാറുള്ള സ്ഥലമെന്ന് പേരുതന്നെ സൂചിപ്പിക്കുന്നു. പടുക്കൊട്ടുക്കൽ, മല്ലിക. എ., മല്ലിക. ബി. (ഇടമാലി), പൊങ്ങലടി. എ., പൊങ്ങലടി. ബി., പെരുമ്പുളിക്കൽ, പറന്തൽ എന്നിവയാണ് യഥാക്രമം പഞ്ചായത്തിലെ മറ്റു വാർഡുകൾ.

ഇന്നത്തെ പഞ്ചായത്ത് സമ്പ്രദായം നടപ്പിലാക്കുന്നതിന് മുമ്പ് വില്ലേജ് യൂണിയനായിരുന്നു നിലവിലിരുന്നത്. ആദ്യത്തെ വില്ലേജ് യൂണിയന്റെ പ്രസിഡന്റ് പേരൂർ കിഴക്കേതിൽ കെ.ആർ. പപ്പുപിള്ളയായിരുന്നു. പഞ്ചായത്ത് നിലവിൽ വന്നതിനു ശേഷം നടന്ന 1953ലെ തെരഞ്ഞെടുപ്പിൽ കല്ലേലിൽ കേശവക്കുറുപ്പ് പ്രഥമ പ്രസിഡന്റായി. അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണത്തെ തുടർന്ന് വൈസ് പ്രസിഡന്റ് ടി.എൻ. നാണുക്കുറുപ്പിന്റെ നേതൃത്വത്തിൽ 1957 വരെ ഭരണം നടന്നു. 1957ലെ തെരഞ്ഞെടുപ്പിനെത്തുടർന്ന് തേക്കിനാൽ പരമേശ്വരൻ പിള്ള പ്രസിഡന്റായി. എന്നാൽ, അദ്ദേഹത്തിനെതിരായ അവിശ്വാസപ്രമേയം പാസായതിനെത്തുടർന്ന് അഡ്വ. എൻ. കേശവൻ നായർ പ്രസിഡന്റായി 1962 ഡിസംബർ വരെ പ്രവർത്തിച്ചു. തുടർന്ന് ഒരിടവേളയിൽ സ്പെഷ്യൽ ആഫീസർ ഭരണമായിരുന്നു പഞ്ചായത്തിൽ. 1963 ഡിസംബർ മുപ്പതിന് തെരഞ്ഞെടുപ്പിനെത്തുടർന്ന് കൃഷ്ണ ഭവനം ശ്രീ. ആർ. രാധാകൃഷ്ണൻ നായർ പ്രസിഡന്റായി. യഥാസമയം തെരഞ്ഞെടുപ്പ് നടക്കാതിരുന്നതിനെത്തുടർന്ന് 1979 ആഗസ്റ്റ് ഒന്നുവരെ ആ സമിതി അധികാരത്തിലിരുന്നു. ഒരു ചെറിയ ഇടവേളയിലെ സ്പെഷ്യൽ ആഫീസർ ഭരണത്തിനു ശേഷം കൊച്ചുവീട്ടിൽ ശ്രീ. കെ.എം. പാപ്പച്ചൻ പ്രസിഡന്റായി നിലവിൽ വന്ന ഭരണസമിതി1984ഒക്ടോബർ21 വരെ പ്രവർത്തിച്ചു. തുടർന്ന് ഏതാണ്ട് നാലുവർഷത്തോളം നീണ്ട സ്പെഷ്യൽ ആഫീസർ ഭരണത്തിനു ശേഷം അരീക്കര ശ്രീ. ബി. നരേന്ദ്രനാഥ് പ്രസിഡന്റായി. 1995 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് കുമാരി. കെ. അമ്പിളി പ്രസിഡന്റായി ഇപ്പോഴത്തെ ഭരണസമിതി പഞ്ചായത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നു.

## ഭൂപ്രകൃതി റോഡുകൾ

കുന്നുകളും ചരിവുകളും കുന്നുകളുടെ ഇടയിലുള്ള പാടശേഖരങ്ങളും ചേർന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. ചെറിയ തോടുകളും കുളങ്ങളും പഞ്ചായത്തിനു വേണ്ട ജലസമ്പത്ത് നൽകുന്നു. കിണറുകളിൽ ഭൂരിഭാഗവും വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്നവയാണ്.

അടുത്ത കാലത്തായി പഞ്ചായത്തിൽ ധാരാളം റോഡുകൾ നിർമിക്കപ്പെട്ടിട്ടുണ്ട്. അടൂരിൽ നിന്നും പത്തനംതിട്ട വഴിയുള്ള ശബരിമല റോഡ് പഞ്ചായത്തിലെ ആനന്ദപ്പള്ളി, തോലുഴം വഴി കടന്നു പോകുന്നു. ശബരിമലയുടെ പ്രാധാന്യം ഇതുവഴിയുള്ള വാഹനഗതാഗതത്തിന്റെ അളവ് വളരെ വർധിപ്പിച്ചിരിക്കുന്നു. എന്നാൽ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ റോഡ് ചരിത്രത്തിന്റെ താളുകളിൽ കടന്നു കൂടിയ തുമ്പമൺ – കീരുകുഴി – അടൂർ റോഡാണ്. 1827ൽ മദ്രാസിലെ ഡെപ്യൂട്ടി സർവയർ ടി. മോൺട്ഗോംട് (T. Mont Gomt) പ്രസിദ്ധീകരിച്ച ദി സർവേ ഓഫ് ട്രാവൻകൂർ ആന്റ് കൊച്ചിൻ സ്റ്റേറ്റ് (The Survey of Travancoren and cochin State, Ward & Conner, Swadermitan, 1901) ഈ റോഡ് തുമ്പമണ്ണിൽ നിന്നും തെക്കുകിഴക്കായി ഭഗവതിക്കും പടിഞ്ഞാറു കൂടി പടുക്കൊട്ടുക്കൽ, മല്ലിക തുടങ്ങിയ ഭാഗങ്ങളിലെ വയലുകളും കടന്ന് കുന്നുകൾ കയറി കുന്നത്തൂരേക്ക് പോകുന്നതായി പറഞ്ഞിട്ടുണ്ട്. വികസനത്തിന്റെ സൂചികയായി റോഡുകളെ കാണുന്നതിനാൽ ഇപ്പോഴും പുതിയ റോഡുകൾക്കായുള്ള ആവശ്യം ഉയരുന്നുണ്ട്.

## സ്ഥലപുരാണം

തട്ട എന്നും ഈ പ്രദേശം അറിയപ്പെടുന്നു. ഉയർന്ന മലനിരകളില്ലാത്ത സമതലങ്ങളും അധികം ഉയരമില്ലാത്ത കുന്നുകളുമായി തട്ടൊത്ത പ്രദേശമായതിനാൽ തട്ട എന്ന പേര് അന്വർഥമായിത്തോന്നും. വാർഡ് ആന്റ് കോണർ തട്ടയുടെ ഇപ്രകാരമുള്ള പ്രത്യേകതകൾ സൂചിപ്പിച്ചിട്ടുണ്ട്. ഒരു കാലത്ത് ഈ പ്രദേശം പ്രാചീന തമിഴകത്തിന്റെ ഭാഗമായിരുന്നു. സംഘകാല തമിഴകത്തെ ദേശവിഭാഗം ''തിണൈ'' ആയിരുന്നു. തമിഴിലെ ''തിണൈ'' എന്നതിന്റെ പദാർഥമായ ''തിട്ട'' കലാന്തരത്തിലൂടെ ''തട്ട'' എന്ന് പരിണമിച്ചാണ് ഈ പേർ ലഭിച്ചതെന്നും ചരിത്രമതമുണ്ട്.

എന്തായാലും 'തട്ട' എന്ന പേര് പ്രചുര പ്രചാരം നേടിയതാണ്. അതിനാൽ പഞ്ചായത്തിന്റെ ഔദ്യോഗിക നാമം 'തട്ടയിൽ പഞ്ചായത്ത്' എന്നാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

## ആരാധനാലയങ്ങൾ

ഏതാണ്ട് മുപ്പത്തിനാലോളം ആരാധനാലയങ്ങൾ പഞ്ചായത്തിലുണ്ട്. (പട്ടിക നോക്കുക) ഇവയിൽ ഏറ്റവും പഴക്കവും പ്രാധാന്യവുമുള്ളത് ഒരിപ്പുറത്ത് ദേവിക്ഷേത്രമാണ്. ക്രിസ്ത്യൻ പള്ളികളുടെ കൂട്ടത്തിൽ പറന്തൽ സെന്റ് ജോർജ് ഓർത്തഡോക്സ് അരമനപ്പള്ളിയാണ് ഏറ്റവും കൂടുതൽ പഴക്കമുള്ളത്.

### ആരാധനാലയങ്ങളുടെ പട്ടിക

| വാർഡ് | ആരാധനാലയത്തിന്റെ പേര്, സ്ഥലം | ഉടമസ്ഥ സമുദായം |
|---|---|---|
| 1 | ഗുരുമന്ദിരം, തോലുഴം | എസ്.എൻ.ഡി.പി |
| | പുറമലങ്കാവ് മലനട | ഹിന്ദുക്കൾ |
| | കുരിശടി | ക്രിസ്ത്യാനികൾ |
| 2 | ദുർഗാപുരം | |
| | ഭഗവതിക്കും പടിഞ്ഞാറ് | |
| 3 | ആത്മാനന്ദ ഗുരുമന്ദിരം | ഹിന്ദുക്കൾ |
| | സെന്റ്മേരിസ് യാക്കോബ പള്ളി | ക്രിസ്ത്യാനികൾ |
| | സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി സിംഹാസനപ്പള്ളി | ക്രിസ്ത്യാനികൾ |
| 4 | വൃന്ദാവനം വേണുഗോപാല ക്ഷേത്രം | ചാങ്ങവീട്ടിൽ കുടുംബം വക |
| | ആനക്കുഴിമല ക്ഷേത്രം | കുഴിവേലി കുടുംബം വക |
| | ലൂർദ്ഗിരി കത്തോലിക്കാ പള്ളി | ക്രിസ്ത്യൻ |
| | അയ്യപ്പക്ഷേത്രം | അഖില ഭാരത അയ്യപ്പ സേവാ സംഘം വക |
| 5 | ഒരിപ്പുറത്തു ദേവിക്ഷേത്രം | ഹിന്ദുക്കൾ |
| | തിരുമംഗലം ദേവസ്വം | ഹിന്ദുക്കൾ |
| 6 | ചെറിയിലയ്യത്തു ക്ഷേത്രം | ഹിന്ദുക്കൾ |
| | കണ്ടാളൻതറ ക്ഷേത്രം | ഹിന്ദുക്കൾ |
| | മലങ്കാവ് | ഹിന്ദുക്കൾ |
| | ഐ.പി.സി. ഹാൾ | പെന്തക്കോസ്ത് |
| | എസ്.എൻ.ഡി.പി. മന്ദിരം | ഈഴവ |
| | കുറവൻചിറ പള്ളി (കത്തോലിക്ക) | ക്രിസ്ത്യൻ |
| | ചിലമ്പുകാവ് | ഹിന്ദുക്കൾ |

| | | |
|---|---|---|
| 7 | സെന്റ്മേരീസ് കാത്തലിക് പള്ളി | ക്രിസ്ത്യൻ |
| | പെന്തക്കോസ്തു പ്രാർഥനാലയം | പെന്തക്കോസ്ത് മിഷൻ വക |
| | സി.എസ്.ഐ. പള്ളി | സി.എസ്. മിഷൻ വക |
| | ഗുരുസിത്തറ | ഒരിപ്പുറത്തു ദേവിക്ഷേത്രം വക |
| | ബ്രദറൺ മിഷൻപള്ളി | |
| 8 | ദേവരുക്ഷേത്രം | ഹിന്ദു |
| | മൈനാഗപ്പള്ളിൽ ക്ഷേത്രം | ഹിന്ദു |
| | പവ്വത്തു മലനട | ഹിന്ദു |
| | താഴത്തുവീട്ടിൽ ഭഗവതി ക്ഷേത്രം | |
| 9 | മാർത്തോമ്മാ ഇമ്മാനുവേൽ ചർച്ച് | ക്രിസ്ത്യൻ |
| | സിറിയൻ കാത്തലിക്ക് പള്ളി | ക്രിസ്ത്യൻ |
| | സെന്റ്ജോർജ് ഓർത്തഡോക്സ് ചർച്ച് | ക്രിസ്ത്യൻ |
| | മൈനാഗപ്പള്ളി | |
| | ശ്രീ അന്നപൂർണേശ്വരി ക്ഷേത്രം | ഹിന്ദു |
| | ഐ.പി.സി. എബനേസർ, പറന്തൽ | ക്രിസ്ത്യൻ പെന്തക്കോസ്ത് |
| | ആൾ ഇന്ത്യാ പ്രയർ ഫെല്ലോഷിപ്പ്, പറന്തൽ | ക്രിസ്ത്യൻ |

കീരുകുഴിയിലെ സെന്റ് ജോർജ് ഓർത്തഡോക്സ് കാത്തലിക്കേറ്റ് സിംഹാസനപ്പള്ളി സ്ഥാപിതമായിട്ട് അമ്പതിൽപരം വർഷങ്ങളായി. പള്ളി സ്ഥാപനത്തിന്റെ സുവർണജൂബിലി അത്യാഘോഷപൂർവം കൊണ്ടാടുകയുണ്ടായി.

ഈ പ്രദേശത്തിന്റെ ചരിത്രവുമായി വളരെയധികം ബന്ധമുള്ളതും തുമ്പമൺ പഞ്ചായത്തതിർത്തിക്കുള്ളിൽ വരുന്നതുമായ ക്ഷേത്രമാണ് കീരുകുഴിക്കടുത്തുള്ള ഗുരുനാഥൻ കാവ് ക്ഷേത്രം. ഈ പഞ്ചായത്തിലെ ഭഗവതിക്കും പടിഞ്ഞാറ് വാർഡിലെ ജനങ്ങളും പടുക്കൊട്ടുക്കൽ വാർഡിലെ ജനങ്ങളും, തുമ്പമൺ പഞ്ചായത്തിലെ വയലിനും പടിഞ്ഞാറ് വാർഡിലെ ജനങ്ങളുമാണ് ഇവിടെ ആരാധന നടത്തുന്നത്. കേരളത്തിൽ ദ്രോണാചാര്യരുടെ പ്രതിഷ്ഠയുള്ള ഈ ക്ഷേത്രം ഇന്ന് ദേവസ്വം ബോർഡിന്റെ ഭരണത്തിലാണ്. ധനുർവിദ്യയുടെ ആചാര്യന്റെ ക്ഷേത്രം പന്തളം രാജ്യത്തെ ആയുധ നിർമാണത്തിന്റെ ചരിത്രത്തിലേക്ക് വിരൽ ചൂണ്ടുന്നു. സമീപത്തുള്ള 'കോയിക്കൽ' കുടുംബവും, 'കൊല്ലന്റയ്യവും' 'പതിയാന്റയ്യവും' പഴയ രാജകുടുംബാശ്രിതമായ ഒരു വ്യവസ്ഥിതി സൂചിപ്പിക്കുന്നു.

സർവമത മൈത്രിയും മതസഹിഷ്ണുതയും പഞ്ചായത്തിൽ പുലരുന്നുവെന്നത് അഭിമാനത്തോടെ രേഖപ്പെടുത്തേണ്ട കാര്യമാണ്. വിവാഹം, മരണം തുടങ്ങിയ പ്രത്യേകാവസരങ്ങളിലെല്ലാം ജനങ്ങൾ മതഭേദമില്ലാതെ സഹകരിക്കുന്നു.

## ഒരിപ്പുറത്തു ദേവീക്ഷേത്രം

നൂറ്റാണ്ടുകളായി തട്ടയിലെ സാംസ്കാരിക ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു പോരുന്ന ഒരിപ്പുറത്തു ദേവീക്ഷേത്രം പ്രത്യേക പരാമർശമർഹിക്കുന്നു. ഏതാണ്ട് 900 വർഷത്തെ പഴമ ക്ഷേത്രത്തിനുണ്ട്. ഒട്ടേറെ ഐതിഹ്യങ്ങൾ ക്ഷേത്രത്തെ ചുറ്റിപ്പറ്റിയുണ്ട്. ഇന്നത്തെ ക്ഷേത്ര പരിസരം കാടായിക്കിടന്ന കാലത്ത് പുല്ലരിഞ്ഞു കൊണ്ടിരുന്ന കുറവസമുദായത്തിൽപ്പെട്ട

സ്ത്രീ പാറയിൽ അരിവാൾ രാകിയപ്പോൾ ചോര വാർന്നുവന്നെന്നും, അദ്ഭുതസ്തബ്ധരായ കുറത്തിയും കുറവനും സ്ഥലത്തെ ജന്മി കുടുംബങ്ങളിൽ വിവരം ധരിപ്പിച്ചെന്നും പറയപ്പെടുന്നു. കണ്ടെടുത്ത വിഗ്രഹത്തിന് ഒരു പുറം ചരിച്ച താല്ക്കാലിക ശ്രീകോവിലുണ്ടാക്കിയെന്നും അങ്ങനെ ''ഒരു പുറം'' പിൽക്കാലത്ത് ഒരിപ്പുറം ആയിത്തീർന്നുവെന്നും ഐതിഹ്യമുണ്ട്. ക്ഷേത്ര പരിസരം നിത്യമായ നീരുറ്റുള്ള സ്ഥലമാണ്. (അമ്പലത്തിനു തെക്കുവശം വലിയ ചിറയായിരുന്നെന്നും അതു നികത്തി വയലാക്കിയതാണെന്നും പറയപ്പെടുന്നു. ക്ഷേത്രമുറ്റത്തു നിന്ന് പടിഞ്ഞാട്ടുള്ള റോഡിന് പഴമക്കാർ ചിറവരമ്പ് എന്നു പറയുന്നത് ഈ അടിസ്ഥാനത്തിലാകാം.) ഈ പ്രദേശത്തിന്റെ തമിഴ് ചരിത്ര പശ്ചാത്തലം കണക്കിലെടുത്ത് ''ഒലിപ്പുറം'' (ഒലി = ഉറവ + പുറം = കുന്ന്) പരിണമിച്ച് ''ഒരിപ്പുറം'' ആയതാണെന്നും പണ്ഡിതമതമുണ്ട്.

ഒരു കാലത്ത് ഈ പ്രദേശത്ത് ബുദ്ധമതം പ്രചരിച്ചിരുന്നതിന്റെ സാംസ്കാരികാവശിഷ്ടമാകാം ക്ഷേത്രത്തിലെ തിരുനാൾ ഉത്സദിവസമായ മീനഭരണി ദിവസം കെട്ടിയുയർത്തുന്ന പഗോഡ മാതൃകയിലുള്ള തേരുകൾ, ഇതര ദേവീക്ഷേത്രങ്ങളിലെ തേര് (കുതിര)കളിൽ നിന്ന് ഇവയ്ക്കുള്ള വ്യത്യാസം ശ്രദ്ധേയമാണ്. മുൻസൂചിപ്പിച്ച വാർഡ് ആന്റ് കോണർ സർവേയിൽ ഒരുപ്പുറത്തെ ക്ഷേത്രത്തെ പഗോഡ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ക്ഷേത്ര ശ്രീകോവിലിൽ ഒരേ പീഠത്തിനു പുറകിൽ ഒന്നിനു പിന്നിൽ മറ്റൊന്ന് എന്ന ക്രമത്തിൽ രണ്ടു പ്രതിഷ്ഠകൾ ഉണ്ടെന്നുള്ളത് സവിശേഷതയാണ്. ബുദ്ധമതാശയങ്ങൾ തൂത്തെറിയുന്നതിനായി ഹിന്ദുക്കൾ പഗോഡ ഒഴിവാക്കി രൗദ്രയായ ഭദ്രകാളിയെ പ്രതിഷ്ഠിച്ചുവെന്നും തുടർന്ന് അനർഥങ്ങൾ ഉണ്ടായപ്പോൾ സൗമ്യ ഭദ്രകാളിയെ പ്രതിഷ്ഠിക്കേണ്ടിവന്നുവെന്നും പറയപ്പെടുന്നു.

## ക്ഷേത്രത്തിലെ ഉത്സവങ്ങൾ

ക്ഷേത്രത്തിൽ എഴുപത്തിയഞ്ചു വർഷം മുമ്പുവരെ നാല്പത്തിയൊന്നു ദിവസത്തെ ''പടേനി'' നടന്നിരുന്നതായി പറയപ്പെടുന്നു. ഇവിടുത്തെ പ്രധാന ഉത്സവങ്ങൾ മീനഭരണി, കാർത്തിക, തിരുവാതിര എന്നിവയാണ്. മീനഭരണി ദിവസം തട്ടയിലെ വിവിധ കരക്കാർ കാളയും തേരും കെട്ടിയലങ്കരിച്ച് ക്ഷേത്ര പ്രദക്ഷിണം നടത്തുന്നു. കാർത്തിക ദിവസം നടക്കുന്ന ഗരുഡൻ തൂക്കം ഈ ക്ഷേത്രത്തിന്റെ സവിശേഷതയാണ്. എല്ലാവർഷവും തുലാം ഒന്നാം തീയതി നടക്കുന്ന ഉരുളിച്ച ഈ ക്ഷേത്രത്തിലെ പ്രത്യേക വഴിപാടാണ്.

## സാമൂഹ്യഘടന

ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളുമാണ് ഭൂരിപക്ഷം ജനങ്ങളും. രണ്ട് ഹെക്ടറിലധികം ഭൂമിയുള്ളവർ വളരെ കുറവാണ്. പഴയ സാമൂഹ്യഘടന ജന്മികുടിയാൻ ബന്ധത്തെ അടിസ്ഥാനമാക്കിയായിരുന്നു. ശ്രേണീപരമായ (Hierarchical) ഘടന ഉല്പാദന ബന്ധത്തെ നിയന്ത്രിച്ചിരുന്നു. പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന കർഷകത്തൊഴിലാളികളും ഈഴവനായർ വിഭാഗങ്ങളിൽപ്പെടുന്ന പാട്ടക്കൃഷിക്കാരും നായന്മാരായ ജന്മിമാരുടെ കീഴിൽ പണിയെടുത്തിരുന്നു. വർണാവർണ വിവേചനങ്ങളും തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങളും അവയെ അടിസ്ഥാനമാക്കിയുള്ള അന്ധവിശ്വാസങ്ങളും ശക്തമായിരുന്നു. കൊല്ലിനും കൊലയ്ക്കും അധികാരമുള്ളവരായിരുന്നു ജന്മിമാർ. അടിയാൻ കച്ചവടം - പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികളെ അടിമകളെപ്പോലെ വില്ക്കുകയും വാങ്ങുകയും ചെയ്യൽ - നടന്നതിന്റെ രേഖകൾ ലഭ്യമാണ്.

മരുമക്കത്തായ സമ്പ്രദായത്തിലുള്ള സാമ്പത്തിക പിന്തുടർച്ചാക്രമമാണ് ഹിന്ദുസമുദായങ്ങളിൽ നിലനിന്നിരുന്നത്. മാതാവിനെ അടിസ്ഥാനമാക്കിയാണ് (Matrilineal) കുടുംബം നിശ്ചയിച്ചിരുന്നത്. തന്മൂലം കടുംബനാഥൻ അമ്മാവനായിരുന്നു. അവകാശികൾ അദ്ദേഹത്തിന്റെ അനന്തിരവന്മാരും. കൊല്ലവർഷം 1100 ൽ മന്നത്തുപത്മനാഭന്റെ ശ്രമഫലമായി നായർ റഗുലേഷൻ ആക്ട് പ്രകാരം ആളോഹരിനിയമം നടപ്പിലായപ്പോൾ കൂട്ടുകുടുംബ വ്യവസ്ഥയുടെ അന്ത്യം കണ്ടു തുടങ്ങി. പുതിയ നിയമം കുടുംബ സാമ്പത്തിക ബന്ധങ്ങളിൽ വൻമാറ്റങ്ങൾക്ക് വഴിവച്ചു. കുടുംബങ്ങൾ ഭാഗം വച്ചു പിരിയുകയും ഭൂമിക്ക് പല ഉടമകൾ ഉണ്ടാവുകയും ചെയ്തു. കൂട്ടുകുടുംബ വ്യവസ്ഥയുടെ തകർച്ചയും, പിൽക്കാലത്തുണ്ടായ ഭൂപരിഷ്കര

ണവും ചെറുകിട/നാമമാത്ര ഭൂഉടമകളുടെ ആവിർഭാവത്തിന് വഴിതെളിച്ചു.

ഏതാണ്ട് അമ്പതുവർഷം മുമ്പുവരെ ഓരോ കുടുംബത്തിലും ജനനം, യൗവനാരംഭം, വിവാഹം, പ്രസവം, മരണം തുടങ്ങിയവയെ ആസ്പദമാക്കി പലവിധത്തിലുള്ള ചടങ്ങുകൾ നിലനിന്നിരുന്നു. ഇരുപത്തിയെട്ടുകെട്ടൽ, തിരണ്ടുകല്യാണം, പുളികുടി, സഞ്ചയനം, പുലകുളി, പതിനാറടിയന്തിരം എന്നിവ ആർഭാടത്തോടെ ആചരിച്ചതിന്റെ ഫലമായി പല കുടുംബങ്ങളും ക്ഷയിച്ചുപോയിട്ടുണ്ട്. ധനിക കുടുംബങ്ങളിലെ ഈ ആചാരങ്ങൾ ഏറിയോ കുറഞ്ഞോ രീതിയിൽ എല്ലാ ജാതി വിഭാഗങ്ങളും ദീക്ഷിച്ചിരുന്നു.

എന്നാൽ, മിക്ക ആചാരങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. സമുദായിക നവോത്ഥാന പ്രസ്ഥാനങ്ങളുടെ ആവിർഭാവം, വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രീയബോധത്തിന്റെയും വളർച്ച ഇവയാണ് മാറ്റത്തിന്റെ മുഖ്യകാരണങ്ങൾ. സാമ്പത്തികോല്പാദന ബന്ധങ്ങളിൽ ഉണ്ടായ മാറ്റങ്ങൾ ജന്മികുടിയാൻ ബന്ധമവസാനിപ്പിച്ച് പട്ടികജാതിക്കാരായ കർഷകത്തൊഴിലാളികളെ സ്വതന്ത്രരാക്കി. തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതിവ്യവസ്ഥയുടെ സാമൂഹ്യ പ്രസക്തി നശിച്ചു കഴിഞ്ഞിരിക്കുന്നു. ഇതൊക്കെയാണെങ്കിലും ഇന്നും ജാതിയും അതിന്റെ അവശിഷ്ടങ്ങളും നിലനിൽക്കുന്നുണ്ട്. എന്നാൽ, മാറ്റങ്ങൾ സംഭവിക്കുന്നുവെന്നതും മതപരവും ജാതീയവുമായ വേലിക്കെട്ടുകൾക്കപ്പുറത്തേക്ക് സ്നേഹത്തിന്റെയും സൗമനസ്യത്തിന്റെയും ഹൃദയസ്പർശത്തിന് ജനങ്ങൾ തയ്യാറാകുന്നുവെന്നതും ശുഭോദർക്കമാണ്.

## രാഷ്ട്രീയ/സാമൂഹ്യ നവോത്ഥാന പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ സാമൂഹ്യഘടനയിൽ പരിവർത്തനങ്ങൾ വരുത്തുന്നതിൽ നവോത്ഥാന പ്രസ്ഥാനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. അധ:സ്ഥിതരുടെ ഉന്നമനത്തിനായി ''മതമേതായാലും മനുഷ്യൻ നന്നായാൽ മതി''യെന്നും, ''ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്'' എന്നുമുള്ള വിപ്ലവകരങ്ങളായ ആശയങ്ങളുമായി ശ്രീനാരായണഗുരു ഈ പ്രദേശത്തെത്തിയത് ദൂരവ്യാപകഫലങ്ങളുളവാക്കി. ശ്രീനാരായണ പ്രസ്ഥാനം ഇന്ന് ഈ പ്രദേശത്ത് ശക്തമാണ്. എസ്.എൻ.ഡി.പി.യുടെ നാലുശാഖകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. തോലുഴത്തിലെ ഗുരുമന്ദിരം 1995-ൽ രജതജൂബിലിയോഘോഷിക്കുകയും പുന:പ്രതിഷ്ഠ നടത്തുകയും ചെയ്തു.

നായർ വിഭാഗത്തിലെ പല അനാചാരങ്ങളും – പെണ്ണുകെട്ട്, പുളികുടി, തിരണ്ടുകുളി, പതിനാറടിയന്തിരം എന്നിവ അവസാനിപ്പിക്കുന്നതിന് എൻ.എസ്.എസിന്റെ സ്ഥാപക നേതാവായ മന്നത്തുപത്മനാഭന്റെയും വേലുക്കുട്ടിമേനോന്റെയും പ്രവർത്തനം ഏറെ ഉത്തേജകമയി. എൻ. എസ്സ്. എസ്സിന്റെ പ്രഥമ രജിസ്ട്രാർ ആയിരുന്ന വേലുക്കുട്ടിമേനോൻ ഈ പ്രദേശങ്ങളിൽ താമസിച്ച് ഒന്നാമത്തെയും രണ്ടാമത്തെയും കരയോഗങ്ങൾ രൂപീകരിച്ചു. ഇന്ന് ഓരോ വാർഡിലും കൂടുതൽ കരയോഗങ്ങൾ സ്ഥാപിച്ചുകൊണ്ട് എൻ.എസ്.എസിന്റെ പ്രവർത്തനം ശക്തമായി തുടരുന്നു. ഇതുപോലെ അയ്യങ്കാളിയുടെ ഉദ്ബോധനങ്ങളാൽ പ്രചോദിതരായ അധ:സ്ഥിത വിഭാഗങ്ങൾ അവരുടേതായ സംഘടിത പ്രസ്ഥാനങ്ങൾക്കും രൂപം നൽകി. കുറവൻ മഹാസഭ, സാംബവമഹാസഭ, സിദ്ധനർ സർവീസ് സൊസൈറ്റി, വിശ്വകർമ്മ മഹാസഭ, സാംബവ സർവീസ് സൊസൈറ്റി എന്നിവ ഇവിടെ പ്രവർത്തിക്കുന്നു.

സാമുദായിക സംഘടനകൾ ക്രിസ്ത്യൻ വിഭാഗങ്ങളിലും പ്രവർത്തനനിരതമാണ്. പ്രാർഥനായോഗങ്ങളും സ്ത്രീ സമാജങ്ങളും, സൺഡേസ്കൂളുകളും യൂത്ത് ലീഗുകളും എല്ലാ പള്ളികളും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

പഞ്ചായത്തു പ്രദേശത്തെ ജനജീവിതത്തിൽ പ്രകടമായ മാറ്റമുണ്ടാകുന്നത് സ്വാതന്ത്ര്യലബ്ധിയോടടുത്ത വർഷങ്ങളിലാണ്. ദേശീയ രാഷ്ട്രീയത്തിലേക്ക് എടുത്തുചാടി യാതനകളനുഭവിച്ചവരിൽ പ്രമുഖരാണ് 'പന്തളം കെ.പി.' എന്നറിയപ്പെടുന്ന പ്രശസ്തകവി കെ.പി. രാമൻപിള്ളയും 'പന്തളം പി.ആർ' എന്നറിയപ്പെടുന്ന ശ്രീ. പി.ആർ. മാധവൻപിള്ളയും, ശ്രീ. വെട്ടത്തേത്തു മത്തായിയും. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ജാഥനയിച്ച് മർദ്ദനം ഏറ്റുവാങ്ങിയ വ്യക്തിയായിരുന്നു മത്തായി. ജന്മി കുടുംബങ്ങളിലേക്ക് ഉല്പതിഷ്ണുത്വം കടന്നുവന്നതിന്റെ ഏറ്റവും തിളക്കമുള്ള ഉദാഹരണമാണ് പന്തളം പി.ആറിന്റേത്.

1945-ൽ തട്ടയിൽ എൻ.എസ്.എസ്. ഹൈസ്കൂൾ അധ്യാപകനായിരുന്ന അദ്ദേഹം പിൽക്കാലത്ത് തൊഴിലാളികളെ സംഘടിപ്പിക്കാനും, കമ്മ്യൂണിസ്റ്റാശയ പ്രചാരണത്തിനും സ്വജീവിതം ഉഴിഞ്ഞുവച്ചു. 1954-ൽ തിരുക്കൊച്ചി എം.എൽ.എ. ആയും 1957-ലും,1961 ലും കേരള അസംബ്ലി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. അവിഭക്ത കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സ്റ്റേറ്റ് കമ്മിറ്റി അംഗമായിരുന്ന അദ്ദേഹം കേരളകർഷസംഘം പ്രസിഡന്റുമായിരുന്നിട്ടുണ്ട്.

1950 കളിൽ പി.ടി. പുന്നൂസ്, സി. അച്യുതമേനോൻ, എം.എൻ ഗോവിന്ദൻനായർ തുടങ്ങിയവർ ഇവിടെ ഒളിവിൽ താമസിക്കുകയുണ്ടായി. ഈ വിധ പ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ പ്രദേശം സുപ്രധാനമായ ദേശീയ അന്തർദേശീയ സംഭവങ്ങൾക്ക് കാതോർത്തു. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 1950-ൽ പറപ്പെട്ടിയിൽ നടന്ന ലോകസമാധാന സമ്മേളനം. എൻ.എസ്.എസ്. പ്രസിഡന്റ് ഗോവിന്ദമേനോന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഉദ്ഘാടനം ചെയ്തത് വർക്കി ശാന്തിസ്ഥാൻ ആയിരുന്നു.

കേരളത്തിലെമ്പാടും കർഷകപ്രസ്ഥാനം സജീവമായതിന്റെ സ്വാധീനം പഞ്ചായത്തിലുമുണ്ടായി. അഖിലേന്ത്യാ കിസാൻ സഭയുടെ ഒരു സമ്മേളനം 1952-ൽ ഒരിപ്പുറത്തു ക്ഷേത്രത്തിനു വടക്കുപടിഞ്ഞാറുള്ള പാടത്ത് നടക്കുകയുണ്ടായി. കർഷകപ്രസ്ഥാനത്തിന്റെ അഖിലേന്ത്യാ നേതാക്കളിൽ പ്രമുഖനായ കെ.എ. കേരളീയൻ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി.1956-ൽ ഭൂദാന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും പ്രമുഖ ഗാന്ധിയനുമായ ആചാര്യവിനോബാ ഭാവേ തട്ട സന്ദർശിച്ചു. മുട്ടത്ത് സി.ജി. നാരായണപിള്ള, പ്രസ്ഥാനത്തിന്റെ പ്രമുഖ പ്രവർത്തകരിലൊരാളായിരുന്നു. അദ്ദേഹവും കൂട്ടുങ്കൽ കുഞ്ചുപിള്ളയും ഭൂമി ദാനം നൽകുകയുണ്ടായി. ഇതുപോലെ ഭൂപേശ് ഗുപ്തയും പറപ്പെട്ടിയിൽ എത്തുകയും ഒരു വമ്പിച്ച സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു.

കർഷകസംഘത്തിന്റെ ശക്തമായ പ്രവർത്തനത്തെത്തുടർന്ന് ജന്മി–കുടിയാൻ ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടി. കാറ്റിന്റെ ഗതി മനസിലാക്കി പാട്ടക്കാരനുമായുള്ള ബന്ധം മാറ്റിക്കുറിക്കാൻ ചില ജന്മികൾ തയ്യാറായി. അതേത്തുടർന്ന് ജന്മി, വിത്തും വളവും നൽകുകയും, വേലമാത്രം പാട്ടക്കാരൻ ചെയ്യുകയുമെന്ന നിലവന്നു. അതനുസരിച്ച് കർഷകന് നാലിലൊന്ന് നെല്ലും പകുതി വൈക്കോലും എന്ന സ്ഥിതി വന്നു. ഇത്തരത്തിലുള്ള ബന്ധം ഇപ്പോഴും ചിലയിടങ്ങളിൽ തുടരുന്നുണ്ട്. ഭൂപരിഷ്കരണത്തെത്തുടർന്ന് ചില പാട്ടക്കാർക്ക് ഭൂമി സ്വന്തമായി ലഭിക്കുകയുണ്ടായി.

സ്റ്റുഡന്റ്സ് ഫെഡറേഷന്റെ നേതാവായി വളർന്ന് വിദ്യാർഥി പ്രതിനിധിയായി മോസ്കോ സന്ദർശിച്ച വി.എൻ. അച്യുതക്കുറുപ്പിന്റെ നേതൃത്വത്തിൽ കർഷകത്തൊഴിലാളികൾ സംഘടിപ്പിക്കപ്പെട്ടു.1957-ലെ കുടിയൊഴിക്കൽ നിയമവും1968-ൽ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമവും കർഷകത്തൊഴിലാളികളുടെയും കർഷകരുടെയും ആത്മവിശ്വാസം വർധിപ്പിച്ചു. കാര്യമായ കർഷകത്തൊഴിലാളി സമരങ്ങൾ പഞ്ചായത്തിൽ നടന്നിട്ടില്ല. എന്നാൽ കൊയ്ത്ത് കൂലി സംബന്ധിച്ച് 1970 കളുടെ തുടക്കത്തിൽ നടന്ന സമരം ശക്തവും വ്യാപകവുമായിരുന്നു. പത്തിന് ഒന്ന് എന്നതായിരുന്നു അതുവരെ പതം. എട്ടിന് ഒന്ന് പതവും, നാലിലൊന്ന് തീർപ്പും എന്ന ആവശ്യത്തിന്മേൽ ദിവസങ്ങളോളം പൊങ്ങലടി, മല്ലിക, പാറക്കര വാർഡുകളിൽ സമരം നടന്നു. തൊഴിലാളികളുടെ ആവശ്യം ഭൂവുടമകൾ അംഗീകരിച്ചതിനെത്തുടർന്നാണ് സമരം ഒത്തുതീർപ്പായത്. ഇപ്പോൾ നിലവിലുള്ള കൂലിനിരക്ക് ഏഴിലൊന്ന് പതവും നാലിൽ ഒന്ന് തീർപ്പും എന്നതാണ്.

## വിദ്യാഭ്യാസം, സാക്ഷരത, വായനശാല, സഹകരണം

വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും കാര്യത്തിൽ പഞ്ചായത്ത് മുൻപന്തിയിലാണ്. ആദ്യത്തെ എൽ.പി.എസ് പറപ്പെട്ടിയിൽ കൊല്ലവർഷം1068ലും, പെൺകുട്ടികൾക്കായി ഒരിപ്പുറത്ത്1097ൽ ഒരു എൽ.പി.എസും തുടങ്ങി. എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ തട്ടയിൽ ഹൈസ്കൂൾ സ്ഥാപിച്ച് വിദ്യാഭ്യാസരംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് ഇട യാക്കി. പ്രസിദ്ധ ചരിത്രകാരനായ ശ്രീ. അടൂർ രാമചന്ദ്രൻ നായർ ഈ സ്കൂളിലെ ആദ്യത്തെ വിദ്യാർഥിയായിരുന്നു. പരേ

തനായ പാണ്ട്യത്ത് കൃഷ്ണപിള്ളയായിരുന്നു ഈ പ്രദേശത്തെ ആദ്യത്തെ ബിരുദധാരി. ഇന്ന് പന്തളം എൻ.എസ്.എസ്. കോളേജ് ഈ പ്രദേശത്തെ ജനങ്ങളുടെ ഉന്നത വിദ്യാഭ്യാസാ ഭിലാഷം പൂർത്തീകരിക്കുന്നു. പഞ്ചായത്ത് 98.86 ശതമാനം സാക്ഷരത നേടിയിട്ടുണ്ട്. എന്നാൽ തുടർ സാക്ഷരതാ പ്രവർത്ത നത്തിന്റെ അഭാവം സാക്ഷരതയ്ക്ക് കോട്ടം വരുത്തിയിട്ടുണ്ട്. ശക്തമായ ഒരു സഹകരണ പ്രസ്ഥാനം പഞ്ചായത്തിലുണ്ട്. ഭഗ വതിക്കും പടിഞ്ഞാറ് വായനശാലയുടെയും 442-ാം നമ്പർ സഹകരണസംഘത്തിന്റെയും സ്ഥാപനത്തിനു പിന്നിൽ അക്ഷീണം പ്രവർത്തിച്ച തുമ്പമൺ പഞ്ചായത്തിലെ പരേത നായ മോടിയിൽ തോമസിനെ കൃതജ്ഞതാപുരസ്സരം ഓർമി ക്കേണ്ടതുണ്ട്.

## ഗ്രാമീണാന്തരീക്ഷം

പൊതുവെ ശാന്തമായ ഗ്രാമാന്തരീക്ഷമാണ് പഞ്ചായ ത്തിലേത്. രണ്ടു പ്രാവശ്യം കൃഷിയിറക്കുന്ന വിരിപ്പൂ നില ങ്ങളുടെയും തെങ്ങും, കമുകും, വാഴയും, ചേനയും, ചേമ്പും, ഇഞ്ചിയും മറ്റും നിറഞ്ഞു വളരുന്ന ചെമ്മൺ പ്രദേശങ്ങളുടെയും ഹരിത സമൃദ്ധി എന്നും ഈ ഗ്രാമത്തിലുണ്ടായിരുന്നു. എല്ലാ ത്തരം കൃഷിക്കും ഉപയുക്തമായ മണ്ണ്. അതാണീ ഗ്രാമത്തിന്റെ സമ്പത്ത്. നീരൊഴുക്കു തോടുകളും, ഉറവവറ്റാത്ത കുളങ്ങളും, കൃഷിക്കുവേണ്ട വെള്ളം നൽകുന്നു. ഏതാണ്ട് അമ്പതോളം കുന്നുകൾ പഞ്ചായത്തിലുണ്ട്. തെങ്ങും, മാവും, പ്ലാവും, ആഞ്ഞി ലിയും, തേക്കും മറ്റും ഇവിടുത്തെ പ്രധാന വൃക്ഷങ്ങളാണ്.

എന്നാൽ, അടുത്തകാലത്തായി ഗ്രാമത്തിലെ ഭൂപ്രകൃ തിക്കും ജനജീവിതത്തിനും വലിയ മാറ്റങ്ങളുണ്ടായിരിക്കുന്നു. വൻവ്യവസായശാലകളോ, ഫാക്ടറികളോ, ഖനികളോ ഇല്ലെ ങ്കിലും ചുറ്റുപാടും വളർന്നു പടരുന്ന നാഗരികത പഴയ ഗ്രാമീണ ചാരുത നശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. വയലേലകൾ മണ്ണിട്ടു നികത്തി റബറും മാഞ്ചിയവും നട്ടുപിടിപ്പിക്കുന്നു. തടികൊണ്ടും, മണ്ണുകൊണ്ടും, വെട്ടുകല്ലു കൊണ്ടും നിർമിച്ച ഓലമേഞ്ഞ വീടുകൾ ഇന്ന് ഓടുകൊണ്ടും കോൺക്രീറ്റുകൊണ്ടുമുള്ള കൂറ്റൻ സൗധങ്ങൾക്ക് വഴിമാറുന്നു. ജീവിത സൗകര്യങ്ങൾ വർധിച്ചിരി ക്കുന്നു. ഒരുകാലത്തെ ഇടവഴികളും ഊടുവഴികളും ഇന്ന് കാറു കളും ലോറികളും പോകുന്ന റോഡുകളാണ്. ഇലക്ട്രോണിക് ഉപകരണങ്ങളായ റേഡിയോ, ടി.വി., ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, വി.സി.പി. എന്നിവ പലവീടുകളിലുമുണ്ട്. ഇവയെല്ലാം ജനജീ വിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന സാമൂഹ്യ- സാമ്പ ത്തിക - സാംസ്കാരിക പരിവർത്തനങ്ങളുടെ സൂചികയാണ്. ഈ ദൃശ പ്രവണതകൾ കണ്ടറിഞ്ഞ്, നീതിയുക്തവും ആരോ ഗ്യകരവുമായ വികസനം സമൂഹജീവിതത്തിന്റെ എല്ലാ മേഖല കളിലും കൈവരിക്കുകയെന്നതാണ് നമ്മുടെ പ്രധാന പ്രശ്നം.





# 4

# ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

നമ്മുടെ പഞ്ചായത്ത് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിന്റെ ഏറ്റവും വടക്കുള്ള തുമ്പമൺ പഞ്ചായത്തിന്റെ തെക്കുഭാഗത്തായി ജില്ലാ കേന്ദ്രത്തിൽ നിന്ന് 10 കിലോ മീറ്റർ അകലത്തിൽ സ്ഥിതിചെയ്യുന്നു. 1982വരെ ആലപ്പുഴജില്ലയുടെ ഏറ്റവും കിഴക്കേ അറ്റത്തെ പഞ്ചായത്തായിരുന്നു പന്തളം തെക്കേക്കര.1952ലാണ് പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തായത്. കൃഷിയാലും, ഗൾഫുനാടുകളിൽ നിന്ന് എത്തിച്ചേരുന്ന പണത്താലും ഏറക്കുറെ സമ്പന്നമെന്നു പറയാമെങ്കിലും വ്യാവസായിക വളർച്ചയില്ലായ്മയാലും സാമൂഹ്യ മേഖലകളിൽ മെച്ചപ്പെട്ട വളർച്ചക്ക് നിദാനമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവത്താലും ഇന്നും പിന്നോക്കപ്രദേശം തന്നെ. ഇതിനു തക്ക പരിഹാരം ഉണ്ടായെങ്കിലേ ഈ പ്രദേശത്തിനു വികസനം ഉണ്ടാകൂ എന്നു പറയേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിന്റെ കിഴക്ക് കൊടുമൺ പഞ്ചായത്തും, തെക്ക് അടൂർ മുനിസിപ്പലിറ്റിയും, പടിഞ്ഞാറ് പന്തളം തുമ്പമൺ പഞ്ചായത്തുകളും, വടക്ക് വള്ളിക്കോട് പഞ്ചായത്തും സ്ഥിതിചെയ്യുന്നു.

ഭൂപ്രകൃതിയനുസരിച്ച് പന്തളം തെക്കേക്കര പഞ്ചായത്തിൽ കുന്നുകളും, സമതലങ്ങളും, വയലുകളും, ചതുപ്പുകളും ഉണ്ട്. ഏതാണ്ട് 43.8 കി. മീറ്റർ നീരൊഴുക്കു തോടുകൾ പഞ്ചായത്തിലുണ്ട്. ഇത് എല്ലാ പ്രദേശങ്ങളിലുമായി വ്യാപിച്ചു കിടക്കുന്നു.

നെൽവയലുകളുടെ നാടായ തട്ടയെ നിമ്നോന്നതങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഏറ്റവും ഉയരംകൂടിയ കൊട്ളുമല (JR)യ്ക്ക്, തൊട്ടുള്ള നെൽവയലിൽ നിന്ന്70 മീറ്റർ ഉയരം കാണും. ഇത് ഒന്നാം വാർഡായ പാറക്കരയിലും, കുന്നുകളുടെ നാടായ കൊടുമൺ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലുമായി സ്ഥിതിചെയ്യുന്നു. അതുകഴിഞ്ഞാൽ മറ്റുള്ള കുന്നുകൾ എല്ലാം50 മീറ്ററിനു താഴെ മാത്രം ഉയരമുള്ളവയാണ്. അവ വളരെ വിസ്തൃതമാകയാൽ ഉയരം തീരെ കുറവായി അനുഭവപ്പെടുകയും ചെയ്യും.

മണ്ണിന്റെ ഘടനയെക്കുറിച്ചു പരിശോധിച്ചാൽ കരഭൂമികൾ - ചരലും, വെട്ടുകല്ലും, ഇടകലർന്ന ചെമ്മൺ ...ദേശ

ങ്ങളും, നിലങ്ങളിൽ ഭൂരിഭാഗവും എക്കൽ കലർന്ന മണൽ നിലങ്ങളും, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ ചെളിനിലങ്ങളും ആണ്. ശേഷിക്കുന്ന പ്രദേശങ്ങൾ റോഡുകളും വഴികളും നീരൊഴുക്കു തോടുകളുമാണ്.

ഒട്ടും വെള്ളപ്പൊക്കക്കെടുതികൾ അനുഭവപ്പെടാറില്ല. പഞ്ചായത്തിന്റെ ഏറ്റവും പടിഞ്ഞാറെ അറ്റത്തുള്ള കൊളവള്ളി ഏലായിൽ വെള്ളപ്പൊക്കക്കാലത്ത് മണിക്കൂറുകൾ മാത്രം വെള്ളം ഉയർന്നു കയറുകയേയുള്ളു.

## ജനപ്രകൃതി

ഈ പഞ്ചായത്തിൽ ജനസാന്ദ്രത കുറവാണ്. നിലവിലുള്ള കണക്കനുസരിച്ച് ച.കി. മീറ്ററിന്852 ആണ് ജനസംഖ്യ. ഭൂമി അധികവും നെൽവയലുകളാകയാൽ വീടുകളുടെ എണ്ണം കുറവായതാണ് ജനസാന്ദ്രത കുറയാനുള്ള കാരണം. ഇന്നത്തെ രീതിയിൽ വയൽ നികത്തൽ തുടർന്നാൽ വയലുകളെല്ലാം വീടാകുകയും ജനസാന്ദ്രത ഏറുകയും ചെയ്യും. കഴിഞ്ഞ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യയും മറ്റു വിവരങ്ങളും താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക - 1

വാർഡുതല ജനസംഖ്യ വിവര പട്ടിക

| വാർഡ് | പുരു. | സ്ത്രീ | ആകെ | പട്ടികജാതി/ പട്ടികവർഗം | വോട്ടർമാരുടെ എണ്ണം | ഭവനങ്ങൾ |
|---|---|---|---|---|---|---|
| 1 | 1113 | 1212 | 2325 | 459 | 1757 | 715 |
| 2 | 730 | 826 | 1556 | 285 | 1467 | 452 |
| 3 | 830 | 940 | 1770 | 431 | 1381 | 538 |
| 4 | 910 | 1015 | 1925 | 278 | 1437 | 548 |
| 5 | 853 | 949 | 1802 | 357 | 1227 | 562 |
| 6 | 752 | 838 | 1590 | 313 | 1271 | 496 |
| 7 | 865 | 947 | 1812 | 561 | 1497 | 540 |
| 8 | 861 | 933 | 1794 | 284 | 1376 | 538 |
| 9 | 934 | 1018 | 1952 | 425 | 1299 | 585 |

മേൽ പട്ടികയിൽ ആറാം കോളത്തിൽ വോട്ടർമാരുടെ എണ്ണം പഞ്ചായത്ത് വോട്ടർ പട്ടികയുടെ അടിസ്ഥാനത്തിലുള്ള കണക്കാണ് ചേർത്തിട്ടുള്ളത്. എന്നാൽ നിയമസഭാ വോട്ടർ പട്ടിക പ്രകാരം വ്യത്യാസങ്ങളുണ്ട്. ഭവനങ്ങളുടെ എണ്ണം കണക്കാക്കിയിരിക്കുന്നത് പഞ്ചായത്തു കെട്ടിട നികുതി പ്രകാരമാണ്.

ആരോഗ്യവകുപ്പിന്റെ ചുമതലയിൽ1996-ൽ നടത്തിയ എലിജിബിൾ കപ്പിൾ സർവേ പ്രകാരം പഞ്ചായത്തിലെ ഇപ്പോഴത്തെ ജനസംഖ്യ 16526 ആണ്. ദൂരസ്ഥലങ്ങളിലും ഗൾഫു രാജ്യങ്ങളിലും അധിവസിക്കുന്നവരും ഈ കണക്കിൽപ്പെടുന്നു.

ഹിന്ദുക്കളും, ക്രസ്ത്യാനികളും. ചുരുക്കം ഇസ്ലാംമത

ത്തിൽപ്പെട്ടവരും മാത്രമാണ് ഈ പഞ്ചായത്തിൽ അധിവസി ക്കുന്നത്. ഇസ്ലാംമതത്തിൽപെട്ട 10 കുടുംബങ്ങൾ ഉണ്ട്. ജന സംഖ്യയിൽ 45% ഹിന്ദുക്കളും 32% ക്രിസ്ത്യാനികളും 21% പട്ടികജാതി/വർഗത്തിൽപെട്ടവരും 2% മുസ്ലീങ്ങളുമാണ്. സ്ത്രീകൾക്കു മാന്യമായ സ്ഥാനം ലഭിക്കുന്നുണ്ട്. ജാതിപര മായ ഉച്ചനീചത്വങ്ങൾ ഇന്നു നിലനില്ക്കുന്നില്ല.

## ജലപ്രകൃതി

ഒരു വർഷത്തിൽ ശരാശരി 3100 മി.മീ. മഴ ലഭിക്കുന്ന തായി കണക്കുകൾ സൂചിപ്പിക്കുന്നു. ജൂൺ, ജൂലൈ മാസ ത്തിലെ കാലവർഷത്തിലും ഒക്ടോബർ, നവംബർ മാസങ്ങ ളിലെ തുലാവർഷത്തിലുമാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഒറ്റ പ്പെട്ട കനത്ത മഴയും ഉണ്ടാകാറുണ്ട്. അത് കൃഷിയെ ദോഷക രമായി ബാധിക്കുകയും ചെയ്യുന്നു. പഞ്ചായത്തിലെ ഭൂരിപക്ഷം പ്രദേശങ്ങളും കുടിവെള്ളത്തിനായി കിണറുകളിലെ വെള്ളത്തെ ആശ്രയിക്കുന്നു. കീരുകുഴിയിൽ കേന്ദ്രീകരിച്ചുള്ള ജലവിത രണ സംവിധാനം ഇന്നും ക്രമമായ പ്രവർത്തനത്തിലായിട്ടില്ല. അതുവേണ്ട രീതിയിൽ പ്രവർത്തിച്ചെങ്കിലേ ഉയർന്ന സ്ഥലങ്ങ ളിൽ വേണ്ടത്ര കുടിവെള്ളം കിട്ടുകയുള്ളു.

അടുത്തകാലം വരെയും കൃഷികൾ പൂർണമായും ഊറ്റു വെള്ളത്തെ ആശ്രയിച്ചു നടത്തിയിരുന്നു. എന്നാൽ ഇന്ന് കുറ യൊക്കെ കല്ലടപദ്ധതി മൂലം കിട്ടുന്ന വെള്ളത്താൽ നടത്തു ന്നുണ്ട്. അത് കാര്യക്ഷമമാക്കുകയും ഏലാ സമിതികൾ കൂട്ടായി ആലോചിച്ച് ജലവിതരണത്തിനുള്ള ക്രമീകരണങ്ങൾ വരുത്തേ ണ്ടതുമാണ്. ഏലാകളിൽ എല്ലാം തന്നെ തലക്കുളങ്ങൾ നിലനി ല്ക്കുന്നു. ഇതോടൊപ്പമുള്ള പട്ടിക അതു തെളിയിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ വന്ന മാറ്റങ്ങളാൽ അവയിൽ പലതും ആൾക്കാർ കൈവശപ്പെടുത്തി നികത്തിക്കൊണ്ടിരിക്കുന്നു. പഞ്ചായത്ത് എത്രയും പെട്ടെന്ന് അവ ഏറ്റെടുത്ത് സംരക്ഷണം നടത്തി കല്ലട കനാലുമായി ബന്ധപ്പെടുത്തി "തലക്കുള"ങ്ങളായി നിലനിർത്തേണ്ടതാണ്. മുല്ലോട്ട് അശാസ്ത്രീയമായ രീതിയിൽ ഒരു ഡാം നിർമിച്ചത് ഇന്നും ഉപയോഗശൂന്യമായി നിലനി ല്ക്കുന്നു. അത് പുന:രുദ്ധരിക്കാൻ ഒരു പദ്ധതിയുള്ളതായി അറിയുന്നു. ഡാം സൈറ്റിലെ സർക്കാർ വക മുഴുവൻ ഭൂമിയും പഞ്ചായത്തധീനതയിൽ കൊണ്ടുവന്ന്, ഡാമിന് വേണ്ടത്ര ആഴം വർധിപ്പിച്ച്, ചുറ്റുമതിലുകൾ നിർമിച്ച്, കല്ലട കനാലുമായി ശാസ്ത്രിയമായി ബന്ധിപ്പിച്ച് ഒരു ലിഫ്ട് ഇറിഗേഷൻ പമ്പിംഗ് സ്റ്റേഷനായിക്കൂടി മാറ്റിയെടുത്ത് നിരൊഴുക്കു കിട്ടുന്ന അവസ രങ്ങളിൽ നേരിട്ടും നീരൊഴുക്കു കിട്ടാത്ത അവസരങ്ങളിൽ പമ്പിന്റെ സഹായത്താലും ഡാമിനോടു ചേർന്നു കിടക്കുന്ന നൂറുകണക്കിനു ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്താൻ കഴിയുന്നതാണ്.

ചെറുതും വലുതുമായ നീരൊഴുക്കു തോടുകൾ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. നെൽവയലുകളുടെ നിലനി ല്പിന് ഈ നീരൊഴുക്കു തോടുകളുടെ സംരക്ഷണം അത്യന്താ പേക്ഷിതമാണ്. അവയിൽ പലതും പലരും കൈയേറിയ അവ സ്ഥയിലാണ്. അവിടം സർവെ നടത്തി പുനർ നിർണയം ചെയ്ത് ആഴംകൂട്ടിയും, സംരക്ഷണഭിത്തി വേണ്ടത്ര നിർമിച്ചും കൃഷി ക്കാരെ സംരക്ഷിക്കാൻ പഞ്ചായത്തു ശ്രദ്ധിക്കേണ്ടതാണ്. (കൃഷി, ജലസേചനം പട്ടിക 12, 13 എ നോക്കുക).



⇦ മുല്ലോട്ട് ഡാം

# പഠനപര്യടനം

## ഗ്രൂപ്പ് - 1




1. മുല്ലോട്ട് ഡാം
2. കൊട്ളമല (JR)
3. തോലുഴം വഞ്ചി പരിസരം
4. ദേവർകുന്ന്
5. ഒരിപ്പുറം
6. കണിച്ചേരിപ്പടി
7. കീരുകുഴി പള്ളിക്കുന്ന്
8. കുളത്തിൻകരോട്ടുകുന്ന്
9. കർണൻ കുന്ന്
10. പുലിയമഠം പരിസരം

## ഗ്രൂപ്പ് - 2




1. നിരക്കംപാറ
2. താളിയാട്ടുകുളം
3. പനച്ചിക്ക വയൽ
4. പറപ്പെട്ടി
5. കല്ലുംപുറത്തുപടി
6. എമീർ റബർ വർക്സ്
7. പൂതുക്കൽപടി
8. വാട്ടർ ടാങ്ക്
9. സഹകരണസംഘം 442
10. മൂർത്തിയിരിക്കും കുന്ന്
11. വള്ളോന്നിൽ പടി

# വികസനമേഖലകളുടെ അവലോകനം







## 5.1 A

# കൃഷിയും ജലസേചനവും

വളരെ സുദീർഘമായ ഒരു കാർഷിക പാരമ്പര്യമാണ് പഞ്ചായത്തിനുള്ളത്. നൂറ്റാണ്ടുകൾ പഴക്കമുള്ള വയലേലകളും, തെങ്ങിൻ പുരയിടങ്ങളും, തെങ്ങും, കമുകും, വാഴയും, ചേനയും, ചേമ്പും മറ്റും ഇടതൂർന്നു വളരുന്ന കുന്നിൻ ചരിവുകളും ഈ പ്രദേശത്തിന്റെ പ്രത്യേകതയായിരുന്നു. വിരിപ്പു നിലങ്ങളിൽ രണ്ടു പൂവുകളിൽ നെൽക്കൃഷിയും മൂന്നാംവിളയ്ക്ക് എള്ളും എന്നതായിരുന്നു പാടങ്ങളിലെ വിളക്രമം. മുണ്ടകൻ, കൊച്ചുവിത്ത്, ചേറാടി തുടങ്ങിയ വിത്തിനങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. ചാണകവും, ചാരവും, പച്ചിലകളുമായിരുന്നു പ്രധാന വളങ്ങൾ. കാളകളെയും പോത്തുകളെയും നിലമുഴുന്നതിന് ഉപയോഗിച്ചിരുന്നു. മരക്കലപ്പയും അടിമരവുമായിരുന്നു പ്രധാന കൃഷി ഉപകരണങ്ങൾ. തലച്ചുമടായിട്ടായിരുന്നു കർഷകത്തൊഴിലാളികൾ കറ്റയും, നെല്ലും, വൈക്കോലും കൃഷിക്കാരന്റെ വീട്ടിലേക്ക് കൊണ്ടുപോയിരുന്നത്. തോടു വരമ്പുകളും വയൽ വരമ്പുകളും അന്ന് സജീവമായിരുന്നു.

കരഭൂമിയിൽ തെങ്ങും കമുകും പലവിധത്തിലുള്ള ഇടക്കൃഷികളും ചെയ്തു പോന്നു. മരച്ചീനി, കിഴങ്ങ്, ചേന, ചേമ്പ്, കാച്ചിൽ, പയർ, മുതിര, പഞ്ഞിപ്പുല്ല് എന്നിവ വ്യാപകമായി കൃഷി ചെയ്തിരുന്നു. പുരയിടങ്ങളിൽ നെൽവിത്ത് നുള്ളിയിട്ടു കൃഷിചെയ്യുന്നതും അസാധാരണമായിരുന്നില്ല. പാരമ്പര്യവും അനുഭവജ്ഞാനവും അനുസരിച്ചും കാലാവസ്ഥയുടെ കാരു

ണ്യത്തെ ആശ്രയിച്ചും ആയിരുന്നു കൃഷി.

ജന്മി-കുടിയാൻ ബന്ധമായിരുന്നു ഉല്പാദന ബന്ധങ്ങളിലെ മുഖ്യ കണ്ണി. ധനിക ജന്മി കുടുംബങ്ങൾക്ക് സ്വന്തമെന്നവകാശപ്പെടാവുന്ന കർഷകത്തൊഴിലാളി കുടികിടപ്പുകാർ ഉണ്ടായിരുന്നു. അവർ ജന്മിക്ക് വേല ചെയ്യാൻ ബാധ്യസ്ഥരായിരുന്നു.

എന്നാൽ, സ്വാതന്ത്ര്യലബ്ധിയെത്തുടർന്നുണ്ടായ പുത്തൻ രാഷ്ട്രീയ സാഹചര്യവും, തൊഴിലാളി പ്രസ്ഥാനങ്ങളുടെ ആവിർഭാവവും, ഭൂപരിഷ്കരണം സൃഷ്ടിച്ച സ്വാശ്രയത്വവും, ഉല്പാദനോപകരണങ്ങളിലുണ്ടായ നവീകരണവും ഉല്പാദന ബന്ധങ്ങളിലുണ്ടായ മാറ്റവും, കേരളത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ, നമ്മുടെ പഞ്ചായത്തിലും വമ്പിച്ച പരിവർത്തനം വരുത്തിയിരിക്കുന്നു. പഴയ ജന്മികുടിയാൻ ബന്ധം ഇന്ന് നിലവിലില്ല. കർഷകത്തൊഴിലാളികൾ ഇന്ന് സ്വതന്ത്രരും സ്വന്തം അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരുമാണ്. ഈ മാറ്റങ്ങളെല്ലാമുണ്ടായിട്ടുണ്ടെങ്കിലും80ശതമാനം ജനങ്ങളും ഇന്നും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്.

കാർഷികമേഖലയിലുണ്ടായിട്ടുള്ള ഗവേഷണങ്ങളുടെ ഫലമായി പുതിയ വിത്തിനങ്ങൾ പ്രചാരത്തിലായതുകൊണ്ടും, രാസവളങ്ങളു, കീടനാശിനികളും പ്രയോഗിക്കുന്നതു കൊണ്ടും ഉല്പാദനം വളരെയധികം വർധിച്ചിട്ടുണ്ട്. എന്നാൽ കൂലി വർധനയും, രാസവളങ്ങളുടെയും കീടനാശിനികളുടെയും വില വർധനയും നെൽക്കൃഷി ആദായകരമല്ലാതാക്കിയിരിക്കുന്നു. കാർഷികവൃത്തിയിൽ സ്ഥിരമായ ഉപജീവനമാർഗം ലഭിക്കാത്തതുകൊണ്ട് മറ്റു തൊഴിൽ മേഖലകൾ തേടിപ്പോകാൻ കർഷകത്തൊഴിലാളികൾ നിർബന്ധിതരായിരിക്കുന്നു. റബർകൃഷി വ്യാപകമായതു മൂലം കൃഷിക്രമം ആകെ മാറിയിരിക്കുന്നു. ഗൾഫ് പണത്തിന്റെ ആധിക്യം മൂലം റോഡു വക്കിലുള്ള നെല്പാടങ്ങൾ നികത്തി മാളികകൾ പണിയുന്നു. പാടങ്ങളിൽ തെങ്ങും റബറും കൃഷി ചെയ്യുന്നു. ഇത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ (ഭക്ഷണ ദൗർലഭ്യവും പരിസ്ഥിതി നാശവും) വരുത്തിവെയ്ക്കുമെന്ന് മുൻകൂട്ടി കാണേണ്ടതാണ്.

## കൃഷിഭൂമി

ചെറിയ കുന്നുകളും അവയുടെ ചരിവുകളും താഴ്വാരങ്ങളും ചേർന്നതാണ് പഞ്ചായത്തിന്റെ ഭൂപ്രകൃതി. പൊതുവേ കുന്നിൻ പ്രദേശങ്ങളിൽ കരിമ്പാറ കാണപ്പെടുന്നു. ചരിവുകളും, നിരപ്പു കരഭൂമിയും ചെമ്മണ്ണും ചരലും നിറഞ്ഞതാണ്. ഇവിടങ്ങളിൽ തെങ്ങ്, റബർ, കമുക്, വാഴ, ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ ധാരാളമായി കൃഷി ചെയ്യുന്നു. താഴ്വരകളിലെ മണൽ കലർന്ന ചെളിമണ്ണിൽ പ്രധാനമായും നെൽക്കൃഷിയാണ് നടക്കുന്നത്. പച്ചക്കറികളും, വെറ്റില, വാഴ തുടങ്ങിയവയും വ്യാപകമായി കൃഷി ചെയ്യപ്പെടുന്നു.

പഞ്ചായത്തിലെ ആകെയുള്ള 1969.2 ഹെക്ടർ ഭൂമിയിൽ 1584 ഹെക്ടർ കരഭൂമിയും, 358 ഹെക്ടർ നിലവുമാണ്. കൃഷിയോഗ്യമല്ലാത്ത 8 ഹെക്ടർ ഭൂമി മാത്രമേ പഞ്ചായത്തിലുള്ളു. കൃഷിയോഗ്യമായ തരിശ് 4.2 ഹെക്ടർ വരും. പുറമ്പോക്കായി 15 ഹെക്ടർ ഭൂമിയുണ്ട്.

**പട്ടിക - 1**

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| ഇനം | വിസ്തീർണം (ഹെക്ടറിൽ) |
|---|---|
| നിലം | 358 |
| പുരയിടം | 1584 |
| പുറമ്പോക്ക് | 15 |
| കൃഷിയോഗ്യമായ തരിശ് | 4.2 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 8 |
| ആകെ | 1969.2 |

പഞ്ചായത്തിലെ കൃഷിക്കാരിൽ ഭൂരിഭാഗവും നാമമാത്ര കൃഷിക്കാരാണ്.

പട്ടിക - 2

കൈവശ ഭൂമി വിസ്തീർണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1-ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 355 | 6 | 3 |
| 2 | 344 | 4 | 1 |
| 3 | 352 | 5 | 2 |
| 4 | 340 | 6 | 1 |
| 5 | 360 | 6 | 2 |
| 6 | 320 | 5 | 2 |
| 7 | 348 | 4 | 1 |
| 8 | 342 | 8 | 2 |
| 9 | 394 | 7 | 2 |
| ആകെ | 3155 | 51 | 16 |

ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള കൃഷിക്കാർ 3155 പേരുണ്ട്. ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയ്ക്ക് ഭൂമിയുള്ള ചെറുകിട കർഷകർ 51 പേരാണ്. രണ്ടു ഹെക്ടറിനു മേൽ ഭൂമിയുള്ള വൻകിട കർഷകർ16 പേർ മാത്രമേയുള്ളു. സ്വന്തമായി ഭൂമിയിൽ മുഴുവൻ അധ്വാനവും നടത്താൻ നിവൃത്തിയില്ലാത്തവരും എന്നാൽ ഇന്നത്തെ ഉയർന്ന കൂലി കൊടുത്ത് വേലയെടുപ്പിക്കാൻ കഴിവില്ലാത്തവരുമായ നാമമാത്ര കർഷകരാണ് ശരിക്കും പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നത്. തുണ്ടു തുണ്ടായ പാടങ്ങളും പറമ്പുകളും ഭൂ ഉടമസ്ഥയെ സംബന്ധിച്ച ധാരണകളും കൃഷിയുടെ വ്യാപകമായ യന്ത്രവൽക്കരണത്തിന് തടസസ്സമാകുന്നു. സഹകരണാടിസ്ഥാനത്തിൽ ഇവരെ സംഘടിപ്പിച്ച് ചെലവ് കുറച്ച് കൃഷി ആദായകരമാക്കാനാകുമോയെന്നതാണ് ഈ രംഗത്തെ പ്രധാന വെല്ലുവിളി.

കൃഷിഭൂമി യഥാർഥ കർഷകന് ലഭിക്കാത്ത അവസ്ഥയും ഇന്നുണ്ട്. സ്ഥിര സാമ്പത്തിക നിക്ഷേപത്തിനുള്ള മാർഗമായി ഭൂമി മാറിയിരിക്കുന്നതു മൂലം ഭൂമിവില കുതിച്ചുയർന്നിരിക്കുന്നു. ഗൾഫ് പണം ഉപയോഗിച്ച് ഭൂമി വാങ്ങിക്കൂട്ടുന്നവർ നാണ്യവിളയായ റബർ കൃഷിയിലാണ് താല്പര്യം കാണിക്കുന്നത്. കുറഞ്ഞ തൊഴിൽ പ്രശ്നങ്ങളും കൂടിയ ആദായവും ഇതിന് അവരെ പ്രേരിപ്പിക്കുന്നു. അതിനാൽ ഭക്ഷ്യോല്പന്നങ്ങളായ ചേന, ചേമ്പ്, മരച്ചീനി തുടങ്ങിയവയുടെ ഉല്പാദനം വളരെ കുറഞ്ഞിരിക്കുന്നു.

കൃഷിഭൂമിയുടെ ശാസ്ത്രീയ പരിചരണം നടക്കുന്നില്ലെന്നതും പരിഗണിക്കേണ്ട കാര്യമാണ്. പഴയകാലത്തെ നീരൊഴുക്കു തോടുകളും ഇടവഴികളും റോഡുകളായി മാറിയപ്പോൾ കുറഞ്ഞു പോയത് കൃഷി ചെയ്യാനുള്ള ഭൂമിയുടെ വിസ്തൃതിയാണ്. പഴയകാലത്തെ കയ്യാലകളും ജൈവ വേലികളും ഇല്ലാതാവുകയും ചെയ്തു. ഇതിന്റെ ഫലമായി മണ്ണൊലിപ്പ് വ്യാപകമായിരിക്കുന്നു. പച്ചിലവളത്തിന്റെ ലഭ്യതയും കുറഞ്ഞിരിക്കുന്നു.

മണ്ണിന്റെ രാസഘടനയും ജൈവസമ്പന്നതയും വിലയിരിത്തുന്നതിനുള്ള ശാസ്ത്രീയ പരിശോധന നടക്കുന്നില്ല. മണ്ണിന്റെ ഫലപുഷ്ടിയനുസരിച്ച് വളപ്രയോഗം നടത്താൻ

തന്മൂലം സാധിക്കുന്നില്ല. അശാസ്ത്രീയമായ രാസവളപ്രയോഗം മൂലമുണ്ടാകുന്ന കെടുതികൾ പരിഹരിക്കാൻ കർഷകർക്ക് കഴിയുന്നില്ല.

## വിളകൾ, ഉല്പാദനക്ഷമത

പഞ്ചായത്തിലെ വിളക്രമത്തിൽ വലിയ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണെങ്കിലും, പരമ്പരാഗതമായ വിളയിനങ്ങൾ പൂർണമായും കുറ്റിയറ്റു പോയിട്ടില്ല. ജല ദൗർലഭ്യം മൂലം നെല്ലിനു മൂന്നാം വിള നടക്കാറില്ല. കല്ലട ഇറിഗേഷൻ പദ്ധതിയുടെ പ്രയോജനം ഈ രംഗത്ത് വേണ്ടത്ര ഉണ്ടായിട്ടില്ല. നെല്ലിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് ഒന്നാം വിളയിൽ2010കിലോയും രണ്ടാംവിളയിൽ1800കിലോയും ആണ്. മറ്റ് പ്രധാന വിളകളായ തെങ്ങ്, റബർ എന്നിവയുടെ ഉല്പാദനക്ഷമത വളരെക്കുറവാണ്. തെങ്ങുകൾ കാറ്റുവീഴ്ചമൂലവും, കീടബാധ മൂലവും ധാരാളമായി നശിച്ചു കൊണ്ടിരിക്കുന്നു. ഒരു തെങ്ങിൽ നിന്നുള്ള ശരാശരി വാർഷിക വരുമാനം30 തേങ്ങയിൽ അധികം വരില്ല. തേങ്ങയുടെ ഉല്പാദനം കുറഞ്ഞതു മൂലം തേങ്ങാ വ്യാപാരം നടത്തിയിരുന്ന ചെറുകിട കച്ചവടക്കാരുടെ എണ്ണം വളരെയധികം കുറഞ്ഞിരിക്കുന്നു.

പട്ടിക - 3

വിള വിസ്തീർണവും ഉല്പാദനവും

(അടിസ്ഥാന വിവര രജിസ്റ്റർ)

| നമ്പർ | വിള (ഹെക്ടറിൽ) | വിസ്തീർണം | മൊത്തം ഉല്പാദനം (ഹെക്ടറിൽ) | ഉല്പാദനക്ഷമത |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 252 | 4,52,250 കി. | 2.010 കി. |
| 2 | നെല്ല് (രണ്ടാം വിള) | 263 | 4,21,200 കി. | 1,800 കി. |
| 3 | നെല്ല് (മൂന്നാം വിള) | ഇല്ല | ഇല്ല | ഇല്ല |
| 4 | പയർ | 30 | 15,000 കി. | 500 കി. |
| 5 | എള്ള് | 20 | 8,000 കി. | 500 കി. |
| 6 | പച്ചക്കറികൾ | 32 | 64,000 കി. | 2,000 കി. |
| 7 | തെങ്ങ് | 268 | 9,11,200 എണ്ണം | 3,050 എണ്ണം |
| 8 | വാഴ | 98 | 9,80,000 കി. | 10,000 കി. |
| 9 | മരച്ചീനി | 52 | 2,60,000 കി. | 5,000 കി. |
| 10 | കുരുമുളക് | 28 | 2,80,000 കി. | 1,000 കി. |
| 11 | പ്ലാവ് | 12 | 19,805 എണ്ണം | 1,650 എണ്ണം |
| 12 | കശുമാവ് | 20 | 23,800 കി. | 1,190 കി. |
| 13 | മാവ് | 12 | 20,460 കി. | 1,705 കി. |
| 14 | റബർ | 584 | 2,40,000 കി. | 500 കി./ഏക്കർ |
| 15 | കമുക് | 15 | 4,11,000 എണ്ണം | 27,400 എണ്ണം |
| 16 | ഇഞ്ചി | 18 | 50,400 കി. | 2,800 കി. |
| 17 | വെറ്റില | 8 | 10,000 കെട്ട് | 1,250 കെട്ട് |
| 18 | കിഴങ്ങു വർഗങ്ങൾ | 50 | 1,50,000 കി. | 3,000 കി. |

ഒരു കാലത്ത് തെങ്ങിനോടൊപ്പം പഞ്ചായത്തിലെ പറമ്പുകളിലും വരമ്പുകളിലും നിരന്നു വളർന്നു കൊണ്ടിരുന്നവയാണ് കമുകുകൾ. എന്നാൽ, ഇന്ന് കമുക് കൃഷി ചെയ്യുന്നവരോ അതിർ മരങ്ങളായി അവ നട്ടുവളർത്തുന്നവരോ ഇല്ല. കൃഷിഭവൻ രേഖകളിൽ അവയെക്കുറിച്ച് പരാമർശം പോലുമില്ല.

അതുപോലെ വേലിയോരങ്ങളിൽ പഴയകാലത്ത് കൈതകൾ ധാരാളമായി നട്ടു വളർത്തിയിരുന്നു. ഇന്ന് പഞ്ചായത്തിൽ കൈതക്കൃഷി പ്രായേണ കുറവാണ്. എന്നാൽ റബർ മരങ്ങളുടെ ഇടയിൽ വളരുന്നതിനുള്ള കഴിവ് കൈതയ്ക്കുണ്ട്. ഇത് ചൂഷണം ചെയ്യാനുള്ള ശ്രമം ഉണ്ടായിട്ടില്ല.

ഏതാനും വർഷങ്ങൾക്കു മുമ്പ് കൊക്കോകൃഷി ചെയ്യാൻ കുറെയേറെ കർഷകർ മുന്നോട്ടു വന്നിരുന്നു. എന്നാൽ, വലിയ വില നൽകുമെന്ന് വ്യാമോഹിപ്പിച്ച് കർഷകരെക്കൊണ്ട് കൃഷി നടത്തിച്ച വൻകിട കമ്പനികൾ വിലയിടിച്ചു കൊണ്ട് അവരെ വഞ്ചിക്കുകയാണുണ്ടായത്. അതേ തുടർന്ന് നട്ടുവളർത്തിയ കൃഷിക്കാർ തന്നെ അവ വെട്ടി നശിപ്പിക്കുകയാണുണ്ടായത്.

പഞ്ചായത്തിലെ പച്ചക്കറിക്കൃഷി സീസൺ അനുസരിച്ചുള്ളതാണ്. മകരക്കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിലാണ് സാധാരണ കൃഷി നടക്കുന്നത്. ഹെക്ടറിന് 2000 കിലോ പച്ചക്കറിയാണ് വാർഷികമായി ഉല്പാദിപ്പിക്കുന്നത്. വേനൽക്കാലത്ത് തരിശായിക്കിടക്കുന്ന ഭൂമി മുഴുവൻ ഇതിനായി ഉപയോഗിച്ചാൽ ഉല്പാദനം വർധിപ്പിക്കാവുന്നതാണ്. വ്യവസായികാടിസ്ഥാനത്തിൽ വാഴക്കൃഷി നടത്തുന്നതിനുള്ള ശ്രമവും നടക്കേണ്ടതാണ്. ഹെക്ടറിന്10,000കിലോ വാഴപ്പഴം മാത്രമേ ഉല്പാദിപ്പിക്കപ്പെടുന്നുള്ളു. സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികളും വാഴയും കൃഷി ചെയ്യാത്തതു മൂലം കർഷകർക്ക് ഭാരിച്ച കൃഷി ച്ചെലവും വിപണന പ്രശ്നങ്ങളും നേരിടേണ്ടി വരുന്നുണ്ട്.

സുഗന്ധവ്യഞ്ജനങ്ങളായ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ ഉല്പാദനവും കുറഞ്ഞു വരികയാണ്. ഇതിനൊരു പ്രധാന കാരണം മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ വിതരണം പഞ്ചായത്തിലെ കൃഷി ഭവനിലൂടെ നടക്കുന്നില്ലെന്നതാണ്. (പട്ടിക 4 നോക്കുക). മൊത്തത്തിൽ നടീൽ വസ്തുക്കളുടെ വിതരണം ആണ്ടുതോറും കുറഞ്ഞു വരുന്നതായി കാണാം. കശുമാവിൻ തൈകൾ, കമുക്, തേക്ക്, എള്ള്, ഇഞ്ചി മഞ്ഞൾ എന്നിവയുടെ വിതരണം 1995 - 96ൽ നടന്നിട്ടേയില്ല. ഫലവൃക്ഷത്തൈകളുടെയും വിതരണം മുൻ വർഷത്തെ അപേക്ഷിച്ച് കുറവാണ്.

**പട്ടിക - 4**

**നടീൽ വസ്തു വിതരണം**

**(കൃഷിഭവൻ രേഖ)**

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | 2479 | 700 | 987 |
| കശുമാവ് | ഇല്ല | ഇല്ല | ഇല്ല |
| കുരുമുളക് | 4250 | 4400 | 7800 |
| കമുക് | ഇല്ല | ഇല്ല | ഇല്ല |
| തേക്ക് | ഇല്ല | 1300 | ഇല്ല |
| ഫലവൃക്ഷത്തൈ | 76 | 307 | 100 |
| നെല്ല് (വിത്ത്) | 1110 കി. | 830 കി. | 780 കി. |
| എള്ള് (വിത്ത്) | 50 കി. | 60 കി. | ഇല്ല |
| പയർ (ഉഴുന്ന്) | 652 കി. | 310 കി. | 236 കി. |
| പച്ചക്കറി (കിറ്റ്) | 1082 | 1300 | 1033 |
| ഇഞ്ചി | 50 കി. | ഇല്ല | ഇല്ല |
| മഞ്ഞൾ | 50 കി. | ഇല്ല | ഇല്ല |

ഔഷധ സസ്യങ്ങൾ പലതും മുൻകാലങ്ങളിൽ ഓരോ വീട്ടു മുറ്റത്തും ലഭ്യമായിരുന്നു. കുറുന്തോട്ടിയും, ആടലോടകവും, ചുണ്ടയും, ശതാവരിയും, ബ്രഹ്മിയും, കൊടുവേലിയും, പാതിരിയും, പയ്യാഴാന്തയും, ഓരിലയും, മൂവിലയും സുലഭമായിരുന്നു. അലോപ്പതി ചികിത്സ വ്യാപകമായതോടെ നാട്ടു മരുന്നുകളെ അടിസ്ഥാനമാക്കിയുള്ള ചികിത്സാരീതികൾ അസ്തമിച്ചതാണിതിന് കാരണം. ഔഷധസസ്യങ്ങളുടെ കൃഷി പുനരുജ്ജീവിപ്പിക്കാൻ ഊർജിതമായ ശ്രമം നടത്തേണ്ടതാണ്. കൂടാതെ കൂടുതൽ വിപണന സാധ്യതയുള്ള കച്ചോലവും, കോലിഞ്ചിയും, ചിറ്റരത്തയും മറ്റും കൃഷി ചെയ്യുന്നതിനുള്ള നടപടി

കൾ കൈക്കൊള്ളേണ്ടതാണ്.

ഫലവൃക്ഷങ്ങളുടെ എണ്ണം പഞ്ചായത്തിൽ വളരെക്കുറഞ്ഞിരിക്കുന്നു. പ്ലാവ്, മാവ്, ആഞ്ഞിലി തുടങ്ങിയവ കെട്ടിട നിർമാണത്തിനായി വ്യാപകമായി വെട്ടിമുറിച്ചതാണിതിന്റെ കാരണം. കോൺക്രീറ്റിംഗിനു വേണ്ട പലകയ്ക്കായിട്ടാണ് മാവുകൾ ഏതാണ്ട് പൂർണമായിത്തന്നെ മുറിച്ചു മാറ്റിയത്. തന്മൂലം പഴയ നാടൻ മാങ്ങയിനങ്ങളായ കോമാങ്ങ, വരിക്ക, കരട്ടി, മൂവാണ്ടൻ, കപ്പ, പുളിച്ചി, ശർക്കര ഇനങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. വെട്ടിമാറ്റപ്പെട്ട ഫല വൃക്ഷങ്ങൾക്കു പകരം വൃക്ഷങ്ങൾ നട്ടു പിടിപ്പിച്ചിട്ടില്ല. എന്നാൽ കൗതുകകരമായ വസ്തുത പ്ലാവുകൾ ധാരാളമായി വെട്ടി നശിപ്പിച്ചെങ്കിലും അവശേഷിക്കുന്ന പ്ലാവുകളിലുണ്ടാകുന്ന ചക്ക, അവയുണ്ടാകുന്ന സീസണിൽ പൂർണമായും ഉപയോഗപ്പെടുത്തുന്നില്ലെന്നതാണ്. ജനങ്ങളുടെ ആഹാരരീതിയിലുണ്ടായ മാറ്റമാണിതിന് കാരണം. ഉപയോഗിക്കപ്പെടാതെ പോകുന്ന ഫലവർഗങ്ങൾ സംസ്കരിച്ചെടുക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

## നെൽക്കൃഷി

പഞ്ചായത്തിലെ വിളയിനങ്ങളിൽ മുൻ കാലങ്ങളിൽ ഏറ്റവും അധികം പ്രാധാന്യവും ശ്രദ്ധയും ലഭിച്ചിരുന്നത് നെൽക്കൃഷിക്കായിരുന്നു. കൊച്ചുവിത്ത്, പാറതുരപ്പൻ തുടങ്ങിയ നാടൻ വിത്തിനങ്ങൾ കരഭൂമിയിലും കൃഷി ചെയ്തിരുന്നു. നാടൻ വിത്തിനങ്ങൾ ഉപയോഗിച്ച് ഏക്കറിന് 80 മുതൽ 100 പറ വരെ നെല്ല് ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ പുതിയ ഇനം വിത്തുകളുടെ പ്രചാരത്തോടെ വിള ഏക്കറിന്150 പറയായി വർധിച്ചിട്ടുണ്ട്.

ഔദ്യോഗിക രേഖകൾ പ്രകാരം പഞ്ചായത്തിൽ മൊത്തം 358 ഹെക്ടർ നിലമുണ്ടെങ്കിലും 263 ഹെക്ടറിൽ മാത്രമേ നെൽകൃഷി ചെയ്യുന്നുള്ളു. ഇതിൽ എത്രമാത്രം തെങ്ങും റബറും കൃഷി ചെയ്യുന്നതിനും വീടു വെയ്ക്കുന്നതിനുമായി നികത്തിയിട്ടുണ്ടെന്നത് ഒരു പുതിയ ലാന്റ് സർവെയിലൂടെ മാത്രമേ വ്യക്തമാവുകയുള്ളു.

പഞ്ചായത്തിലെ നെൽക്കൃഷി വർധിപ്പിക്കാൻ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ 14 നെല്ലുല്പാദക സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക – 5

നെല്ലുല്പാദക സമിതികൾ (കൃഷി ഭവൻ)

| നമ്പർ | ഏലായുടെ പേര് | വിസ്തീർണം ഹെക്ടറിൽ | അംഗങ്ങൾ | ഉപകരണങ്ങൾ |
|---|---|---|---|---|
| 1 | കീച്ചേരിപ്പടി ഏല | 23.86 | 25 | |
| 2 | മേനക്കാലാപടി ഏല | 24.11 | 25 | |
| 3 | തോലുഴം | 24.51 | 30 | |
| 4 | ഭഗവതിയാപുറം | 38.12 | 58 | പവർ ടില്ലർ, പവർ സ്പ്രേയർ, ക്രഷർ |
| 5 | കോടത്തുപടി – കണ്ണന്നൂർപടി ഏലാ | 6.73 | 12 | |
| 6 | പാറക്കര | 36.25 | 40 | പവർ ടില്ലർ, ട്രയിലർ |
| 7 | വാമഞ്ചേരിക്കുളം ഏലാ | 21.95 | 35 | |
| 8 | കണ്ണാടിവയൽ | 56.66 | 81 | |
| 9 | പടുക്കോട്ടുക്കൽ | 101.62 | 127 | പവർ ടില്ലർ, പവർ സ്പ്രെയർ, ക്രഷർ |
| 10 | പെരുമ്പുളിക്കൽ | 41.47 | 53 | |
| 11 | ഇടത്തോട്ടിനാൽ | 35.62 | 38 | |
| 12 | കാണിച്ചേരിപടി | 27.08 | 37 | |
| 13 | വിളക്കുപാടം | 21.20 | 22 | |
| 14 | അമ്പാട്ടുപടി | 25.02 | 35 | |

നെൽക്കൃഷി രംഗത്ത് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒട്ടനവധിയാണ്. വേണ്ടത്ര യന്ത്രവല്ക്കരണം ഈ രംഗത്ത് നടന്നിട്ടില്ല. കർഷകത്തൊഴിലാളികൾ ആവശ്യത്തിനില്ല. നാമമാത്ര/ചെറുകിട കർഷകർക്ക് താങ്ങാനാവാത്ത വിധം ഉയർന്നതാണ് വളത്തിന്റെ വിലയും, കൂലിച്ചെലവും, വിത്ത്, വളം, കൊയ്തു കൂട്ടിയ കറ്റ, നെല്ല്, വൈക്കോൽ എന്നിവയുടെ ട്രാൻസ്പോർട്ടേഷൻ ഒറ്റയ്ക്കൊറ്റയ്ക്ക് ചെയ്യുന്നതു മൂലം ചെലവേറുന്നു. ഗ്രൂപ്പു ഫാമിംഗിന്റെ പ്രവർത്തനം മന്ദഗതിയിലായത് ഇതിനൊരു പ്രധാന കാരണമാണ്.

രാസവളങ്ങളുടെ പ്രയോഗമാണ് ഉല്പാദന രംഗത്ത് മുന്നേറ്റത്തിന് സഹായിച്ച പ്രധാന ഘടകം. എന്നാൽ, അശാസ്ത്രീയവും അമിതവുമായ രാസവളപ്രയോഗം, നമ്മുടെ മണ്ണിന്റെ പുഷ്ടിയും ഉല്പാദനക്ഷമതയും കുറച്ചിരിക്കുന്നു. തന്മൂലം വർഷം തോറും ഉപയോഗിക്കേണ്ടി വരുന്ന രാസവളത്തിന്റെ അളവ് ക്രമമായി വർധിക്കുന്നു.

പഞ്ചായത്തിലേക്കാവശ്യമായ രാസവളങ്ങളും കീടനാശിനികളും ലഭിക്കുന്നത് നാല് സഹകരണ സംഘങ്ങളിലൂടെയും എട്ട് സ്വകാര്യ സ്ഥാപനങ്ങളിലൂടെയുമാണ്. (പട്ടിക 6 നോക്കുക). കഴിഞ്ഞ വർഷങ്ങളിലെ കണക്കു പരിശോധിച്ചാൽ ഇവയുടെ ഉപയോഗം ക്രമമായി വർധിച്ചു കൊണ്ടിരിക്കുന്നുവെന്ന് കാണാം. രാസവള – കീടനാശിനി വിപണന രംഗത്ത് സഹകരണ സംഘങ്ങളുടെ പങ്ക് ആനുപാതികമായി നോക്കുമ്പോൾ കുറഞ്ഞു വരികയാണ്. എല്ലാ സഹകരണ സംഘങ്ങളിലും കൂടിയുള്ള വാർഷിക വിൽപ്പന 1995-96ൽ മുൻവർഷത്തെക്കാൾ 10000 കിലോ വർധിച്ചു. എന്നാൽ ഇതേ കാലയളവിൽ സ്വകാര്യവളം കച്ചവടക്കാരുടെ വില്പന 18,000 കിലോയായി ഉയർന്നു.

## പട്ടിക – 6

## രാസവള – കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993 - 94 | | | 1994 - 95 | | | 1995 - 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി.ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം കി.ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം | രാസവളം കി.ഗ്രാം | കീടനാശിനി ദ്രവം | കീടനാശിനി ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം<br>1. 329-ാം നമ്പർ<br>2. 442-ാം നമ്പർ<br>3. 202-ാം നമ്പർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി<br>4. പന്തളം റബർ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 18,000 | 34 ലി. | 328 കി. | 22,000 | 47 ലി. | 458 കി. | 28,000 | 45ലി. | 532 കി. |
| | സ്വകാര്യം<br>8 കടകൾ | 44.000 കി. | - | - | 58,000 കി. | - | - | 62,000 കി. | - | - |

രാസവളപ്രയോഗത്തിലും കീടനാശിനി പ്രയോഗത്തിലും കൃഷി വിദഗ്ധന്മാരുടെ ഉപദേശം ഇപ്പോൾ വേണ്ടത്ര ലഭിക്കുന്നില്ല. വിപണനത്തിനു വേണ്ടി തയ്യാറാക്കുന്ന പച്ചക്കറികളിൽ കീടനാശിനികളുടെ അമിത പ്രയോഗം നടക്കുന്നുവെന്നത് ഒരു വസ്തുതയാണ്. ഇതിന്റെ അനാരോഗ്യ ഫലങ്ങളെക്കുറിച്ച് കർഷകർ വേണ്ടത്ര ബോധവാന്മാരല്ല. കാർഷിക കോളേജുകളിൽ നിന്നും ലഭിക്കുന്ന വിത്തിനങ്ങളിൽ കൂടുതൽ കീടബാധയുണ്ടാകുന്നു. എന്നാൽ രാസകീടനാശിനികൾക്കു പകരം ജൈവ കീടനാശിനികളുടെ ഉപയോഗം പ്രചാരത്തിലായിട്ടില്ല. ഇവയുടെ ഉല്പാദനത്തിനും ബുദ്ധിമുട്ടുണ്ട്.

ഇന്ന് മാർക്കറ്റിൽ ലഭ്യമായ കീടനാശിനികൾക്ക് വൻ വിലയാണ്. കുറഞ്ഞ ചെലവിൽ ശാസ്ത്രീയമായി ജൈവ കീടനാശിനികൾ നിർമിക്കാനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കേണ്ടതാണ്.

## കാർഷികോപകരണങ്ങൾ

നിരപ്പില്ലാത്ത കരഭൂമിയും, തുണ്ടുതുണ്ടായ പാടങ്ങളും പഞ്ചായത്തിലെ കൃഷിയുടെ യന്ത്രവല്ക്കരണത്തിന് തടസ്സമായി നിൽക്കുന്നു. വർധിച്ചു വരുന്ന കൃഷിച്ചെലവ് കുറയ്ക്കുന്നതിനുള്ള ഏക പ്രതിവിധി സഹകരണാടിസ്ഥാനത്തിൽ കൃഷി യന്ത്രവല്ക്കരിക്കുകയാണ്. നാടൻ കലപ്പകൾ ധാരാളമായുപയോഗിച്ച് നെൽക്കൃഷി നടന്നിരുന്ന പഞ്ചായത്തിൽ ഇപ്പോഴും മൂന്നു ടില്ലറുകൾ മാത്രമാണുള്ളത്. ഇവകൊണ്ടു പോകുന്നതിനുള്ള സൗകര്യം പലയിടത്തും ലഭ്യമല്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ട്രാക്ടറുകൾ ഇല്ലെന്നത് ശ്രദ്ധേയമാണ്. ഇതുപോലെതന്നെ മരുന്നു തളിക്കാനുള്ള ഉപകരണങ്ങളും കുറവാണ്. 14 റോക്ക് സ്പ്രേയറുകളും 38 കുറ്റിപപ്പമ്പുകളുമാണുള്ളത്. മെതിയന്ത്രം രണ്ട് എണ്ണമേയുള്ളു. തെങ്ങുകയറ്റ യന്ത്രം ഒന്നും, പമ്പുസെറ്റ് ഒന്നും മാത്രമാണ് പൊതുവായി ഉള്ളത്. (പട്ടിക 7 നോക്കുക). ഗ്രൂപ്പ്ഫാമിംഗിന്റെ ഉപകരണങ്ങൾ കൃഷിക്കാരുടെ പൊതുവായ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ സർക്കാർ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വരമ്പുകൾ ഒഴിവാക്കി പാടങ്ങളുടെ വിസ്തൃതി വർധിപ്പിച്ച് യന്ത്രോപകരണങ്ങൾ വ്യാപകമായി ഉപയോഗിച്ചെങ്കിൽ മാത്രമെ കൃഷി കൂടുതൽ ലാഭകരമാക്കാനാകൂ.

പട്ടിക - 7

കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നു തളി ഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | കുറ്റിപ്പമ്പ് | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | - | 1 | - | 4 | 4 | - | - | - | - |
| 2 | - | 1 | - | 5 | 4 | - | 1 | - | - |
| 3 | - | 1 | - | - | 2 | - | 1 | - | - |
| 4 | - | - | - | 3 | 4 | - | - | - | - |
| 5 | - | - | - | - | 3 | - | - | 1 | 1 |
| 6 | - | - | - | - | 2 | - | - | - | - |
| 7 | - | - | - | 2 | 2 | - | - | - | - |
| 8 | - | - | - | - | 2 | - | - | - | - |
| 9 | - | - | - | - | 15 | - | - | - | - |
| ആകെ | - | 3 | - | 14 | 38 | - | 2 | 1 | 1 |

## തെങ്ങുകൃഷി

ഒരു കാലത്ത് സമൃദ്ധമായി തെങ്ങു വളർന്നിരുന്ന പഞ്ചായത്ത് പ്രദേശത്ത് ഇന്ന് തെങ്ങു കൃഷി വളരെക്കുറഞ്ഞിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമായി ഏതാണ്ട് 268 ഹെക്ടർ സ്ഥലം തെങ്ങുകൃഷിക്കായി ഉപയോഗിക്കുന്നു. മൊത്തം 31,125 തെങ്ങുകൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ ഫലലഭ്യത 20,020 തെങ്ങിൽ നിന്ന് മാത്രമേയുള്ളു.

(പട്ടിക - 8 നോക്കുക). ശരാശരി പ്രതിവർഷ പ്രതിവൃക്ഷ ഉല്പാദനം25-30എണ്ണമേയുള്ളു. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെക്കുറവാണ്.

പട്ടിക - 8

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണം | തെങ്ങുകളുടെ എണ്ണം | | | രോഗം ബാധിച്ച തെങ്ങുകൾ | | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് | ലീഫ് വിൽട്ട് | ബഡ് റോട്ട് | സ്റ്റെം റോട്ട് | മറ്റുള്ളവ ബ്ലീഡിംഗ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 29 | 894 | 1664 | 2558 | 1700 | 620 | 540 | 34 | 58 | 2952 |
| 2 | 26 | 540 | 2193 | 2733 | 1350 | 450 | 345 | 28 | 34 | 2207 |
| 3 | 34 | 920 | 3440 | 4360 | 820 | 740 | 420 | 42 | 78 | 2100 |
| 4 | 25 | 1120 | 1684 | 2804 | 1240 | 328 | 310 | 40 | 28 | 1946 |
| 5 | 34 | 1180 | 1964 | 3244 | 1920 | 725 | 455 | 54 | 62 | 3216 |
| 6 | 24 | 820 | 1174 | 1994 | 1548 | 564 | 380 | 42 | 32 | 2566 |
| 7 | 31 | 1242 | 2039 | 3281 | 1625 | 452 | 420 | 80 | 92 | 2669 |
| 8 | 38 | 1340 | 3820 | 5160 | 625 | 825 | 540 | 58 | 82 | 2130 |
| 9 | 27 | 955 | 2042 | 2997 | 1244 | 430 | 382 | 41 | 36 | 2133 |
| ആകെ | 268 | 9011 | 20020 | 31125 | 12072 | 5139 | 3792 | 419 | 502 | 21919 |

തെങ്ങുകൃഷി കുറയുന്നതിനുള്ള ഒരു പ്രധാനകാരണം കരഭൂമിയിൽ റബർ കൃഷി വ്യാപകമായതാണ്. തെങ്ങുകളുടെ രോഗബാധയും കീടബാധയും ഉല്പാദനം കുറയുന്നതിനുള്ള പ്രധാന കാരണങ്ങളാണ്. കാറ്റുവീഴ്ചയാണ് ഇ പ്രദേശത്ത് തെങ്ങിനെ ബാധിക്കുന്ന പ്രധാനരോഗം. ചെമ്പൻചെല്ലി തെങ്ങിൻ നാമ്പുകൾ തിന്നുന്നതുമൂലവും ധാരാളം വൃക്ഷങ്ങൾ നശിക്കുന്നുണ്ട്. റൂട്ട് വിൽട്ട്, ലീഫ് റോട്ട്, ബഡ് റോട്ട്, സ്റ്റെം ബ്ലീഡിംഗ് തുടങ്ങിയ രോഗബാധകൾ ഉണ്ടായിട്ടുള്ള 21,919 തെങ്ങുകളുണ്ട്. ഇത് മൊത്തം തെങ്ങുകളുടെ 70.42 ശതമാനം വരും.

രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് സർക്കാർ ധനസഹായം നൽകുന്നുണ്ട്. എന്നാൽ ഈ തുക തികച്ചും അപര്യാപ്തമാണ്. 1994 - 95ലെ കൃഷിഭവൻ കണക്കനുസരിച്ച് 500 തെങ്ങുകൾ വെട്ടി മാറ്റിയതിന് തെങ്ങൊന്നിന് 200 രൂപാ വീതം ഒരു ലക്ഷം രൂപാ മാത്രമേ വിതരണം ചെയ്തിട്ടുള്ളു. (പട്ടിക 9, 10 നോക്കുക).

**പട്ടിക - 9**

**1994 '95ൽ കൃഷിഭവനിൽ നിന്ന് തെങ്ങിന് നൽകിയ വളം**

| നമ്പർ | വാർഡ് | ആളുകളുടെ എണ്ണം |
|---|---|---|
| 1 | പാറക്കര | 45 |
| 2 | ഭഗവതിക്കും പടിഞ്ഞാറ് | 125 |
| 3 | പടുക്കൊട്ടുക്കൽ | 113 |
| 4 | മല്ലിക. എ. | 85 |
| 5 | മല്ലിക. ബി. | 119 |
| 6 | പൊങ്ങലടി. എ | 75 |
| 7 | പൊങ്ങലടി. ബി | 79 |
| 8 | പെരുമ്പുളിക്കൽ | 111 |
| 9 | പറന്തൽ | 137 |
| | ആകെ | 889 |

**പട്ടിക - 10**

**തെങ്ങു വെട്ടിന് നൽകിയ ധനസഹായം**

**(ഒരു തെങ്ങിന് 200 രൂ. നിരക്കിൽ)**

| വാർഡ് | തെങ്ങുകളുടെ എണ്ണം | ധനസഹായം (രൂ.) |
|---|---|---|
| 1 | 55 | 11,000 |
| 2 | 55 | 11,000 |
| 3 | 55 | 11,000 |
| 4 | 55 | 11,000 |
| 5 | 55 | 11,000 |
| 6 | 55 | 11,000 |
| 7 | 60 | 12,000 |
| 8 | 55 | 11,000 |
| 9 | 55 | 11,000 |
| ആകെ | | 1,00,000/- |

തെങ്ങിന്റെ പരിപാലനം സ്ഥിരമായും ക്രമമായും പഞ്ചായത്തിൽ നടത്താറില്ല. മഴ തുടങ്ങുമ്പോൾ തടമെടുക്കുകയും മഴ തീരാറാകുമ്പോൾ തടം കിളച്ചടുപ്പിക്കുകയുമാണ് സാധാരണ ചെയ്യുന്നത്. മണ്ണു പരിശോധന നടത്തി രാസ/ജൈവവള പ്രയോഗമോ, വേനൽക്കാലത്ത് മുടങ്ങാതെയുള്ള ജലസേചനമോ നടക്കാറില്ല. കൃഷിഭവനിൽ നിന്ന് സൗജന്യനിരക്കിൽ രാസവള സഹായം ലഭിക്കുന്നത് വളരെക്കുറച്ച് കൃഷിക്കാർക്കു മാത്രമാണ്. 1994-95ൽ 889 കൃഷിക്കാർക്കു മാത്രമേ ഈ സഹായം ലഭിച്ചുള്ളു. രോഗം ബാധിച്ച തെങ്ങുകൾ നശിപ്പിച്ച് പുതിയവ നട്ടുവളർത്താനുള്ള സാമ്പത്തിക സഹായം എല്ലാ കർഷകർക്കും നൽകേണ്ടതാണ്.

## റബർ

പഞ്ചായത്തിൽ കരഭൂമിയിലെ കൃഷിയിനങ്ങളിൽ റബർ

അടുത്ത കാലത്തായി മുഖ്യസ്ഥാനം നേടിയിരിക്കുന്നു. നല്ലയൊരു ശതമാനം റബർ കർഷകരും നാമമാത്ര ചെറുകിട ഭൂവുടമകളാണ്. ജീവസന്ധാരണത്തിനുള്ള അത്താണിയായി അവർ റബറിൽ നിന്നുള്ള വരുമാനത്തെ കാണുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം 584 ഹെക്ടർ സ്ഥലത്ത് റബർ കൃഷി ചെയ്യുന്നുണ്ട്. ഒരേക്കറിൽ നിന്ന് പ്രതിവർഷം 500 കിലോ റബർ ലഭിക്കുന്നു.

നാമമാത്ര/ചെറുകിട ഭൂവുടമകളായ റബർ കർഷകരുടെ പ്രശ്നങ്ങൾ വൻകിട റബർ എസ്റ്റേറ്റ് ഉടമകളുടേതിൽ നിന്ന് വ്യത്യസ്തമാണ്. പട്ട മരവിപ്പിനും, ഇലകൊഴിയലിനും, കറപൊട്ടിയൊലിക്കുന്നതിനും ആവശ്യമായ പ്രതിരോധ നിയന്ത്രണ മാർഗങ്ങൾ യഥാസമയം ചെയ്യുന്നതിന് അവർക്കാകുന്നില്ല. റബറിന്റെ വിലയെയോ, വിപണിയെയോ അവർക്ക് സ്വാധീനിക്കാനാവുകയില്ല. അതുപോലെ, കീടനാശിനികൾ, ആസിഡ്, ഡിഷുകൾ, പോളിത്തീൻ എന്നിവയുടെ വിലയും അവരുടെ നിയന്ത്രണത്തിലല്ല. സാധാരണക്കാരായ റബർ കൃഷിക്കാരുടെ തനതായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംവിധാനമുണ്ടാകേണ്ടതാണ്. ഇന്ന് റബർ ഉല്പാദനത്തിനാവശ്യമായി വരുന്ന ഉപകരണങ്ങളുടെയും സാധനങ്ങളുടെയും നിയന്ത്രണം സ്വകാര്യ മുതലാളിമാർക്കാണ്. റബർ ബോർഡിന്റെയോ/ഗവണ്മെന്റിന്റെയോ ശക്തമായ ഇടപെടൽ ഈ രംഗത്തുണ്ടാകേണ്ടതാണ്.

## വിപണന കേന്ദ്രങ്ങൾ

സമൃദ്ധമായ കാർഷിക വിഭവങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ്. പന്തളം, പത്തനംതിട്ട, പറക്കോട് ചന്തകളിലെ വ്യാപാരികളാണ് വിപണിയെ നിയന്ത്രിക്കുന്നത്. സഹകരണാടിസ്ഥാനത്തിലുള്ള വിപണന സമ്പ്രദായമേ കൃഷിക്കാർക്ക് സ്ഥിരമായ വരുമാനവും, ആത്മവിശ്വാസവും, മാന്യതയും നൽകു.

## ജലസേചനം

വേനൽക്കാലത്ത് ഏതാണ്ട് പൂർണമായും വറ്റി വരളുന്നതാണ് പഞ്ചായത്തിലെ ഭൂരിഭാഗം തോടുകളും കിണറുകളും. കുടിവെള്ളത്തിനു പോലും ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ വളരെയധികം പ്രയാസപ്പെടുന്നു.

ശാസ്ത്രീയമായ ജല പരിപാലനം ഒരു ശീലമായി കൃഷിക്കാർ വളർത്തിയെടുത്തിട്ടില്ല. മണ്ണൊലിച്ചു പോകുന്നത് തടയാനുള്ള സംവിധാനങ്ങൾ വ്യാപകമല്ല. തോടുകളിലെ ചീപ്പുകൾ വേണ്ട രീതിയിൽ സംരക്ഷിക്കുകയും, അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്ത് ആഴം വർധിപ്പിക്കുകയും കുളങ്ങൾ മണ്ണു നീക്കം ചെയ്ത് ആഴം കൂട്ടുകയും, കരകെട്ടിയുറപ്പിക്കുകയും ചെയ്യുന്നില്ല.

പഞ്ചായത്തിൽ 76 പൊതു ജലസേചന കിണറുകളും, 15 കുഴൽക്കിണറുകളും, 44 കുളങ്ങളും, 14 ക്രോസ്ബാറുകളുമുണ്ട്. (പട്ടിക – 11 നോക്കുക).

**പട്ടിക – 11**

**ജലസേചന സംവിധാനങ്ങൾ**

| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് |
|---|---|---|---|---|---|
| 1 | 3 | 3 | 9 | 4 | മുല്ലോട്ടു ഡാം |
| 2 | 8 | 1 | 3 | 1 | |
| 3 | 3 | 1 | 4 | 3 | |
| 4 | 11 | 1 | 8 | 1 | |
| 5 | 5 | 2 | 10 | 4 | |
| 6 | 4 | 2 | 1 | - | |
| 7 | 6 | 2 | 3 | - | |
| 8 | 2 | - | 5 | - | |
| 9 | 34 | 3 | 1 | 1 | |
| ആകെ | 76 | 15 | 44 | 14 | |

നീരൊഴുക്കു തോടുകളുടെ നീളം ഏതാണ്ട്43.8കിലോമീറ്റർ വരും. വേനൽക്കാലത്ത് തോടുകളിലെ വെള്ളം വറ്റിപ്പോകാറുണ്ട്. ഇവയ്ക്കു പുറമെ ചെറുതും വലുതുമായ 33 കുളങ്ങ

ളുമുണ്ട്. വർഷം മുഴുവൻ ജലം ലഭിക്കുന്ന ഈ കുളങ്ങളുടെ മൊത്തം വിസ്തീർണം അഞ്ചര ഏക്കറോളം വരും. (പട്ടിക12, 13 A, 13 B നോക്കുക). ഇവയ്ക്കു പുറമേ 19 സ്വകാര്യ കുളങ്ങളുമുണ്ട്.

പട്ടിക - 12

പ്രധാന നീരൊഴുക്കു തോടുകൾ

| നമ്പർ | പേര് | ഒഴുകുന്ന വാർഡുകൾ | നീളം |
|---|---|---|---|
| 1 | മൊട്ടയ്ക്കോട് - തോലുഴം -കുന്നം പള്ളിൽപടി തോട് | 1, 2, 4, 5, 7 | 10 കി.മീ. |
| 2 | കീച്ചേരിപ്പടി - മാവരത്തോട് | 4, 3, 8 | 5 കി.മീ. |
| 3 | എളുവയൽ - കുളവള്ളിത്തോട് | | 3 കി.മീ. |
| 4 | പനച്ചയ്ക്കാട് - കാവുംപുറം | 7, 3 | 4 കി.മീ. |
| 5 | ഐത്തിട്ട - ആറടിതോട് | | 2 കി.മീ. |
| 6 | നിരക്കംപാറ - പറന്തൽ | 7, 6, 9 | 5 കി.മീ. |
| 7 | വള്ളിത്തടം - ചൂരയ്ക്കൽ തോട് | | 1 കി.മീ. |
| 8 | കണ്ണാടിവയൽ - തോലുഴം | 1 | 2 കി.മീ. |
| 9 | കുളവള്ളിക്കുളം - വെന്നക്കോട്ട് തോട് | | 2 കി.മീ. |
| 10 | കാക്കാത്തിക്കാവ് - കല്ലുപാലം | 2, 5 | 2.5 കി.മീ. |
| 11 | താളിയാട്ടുചിറ - പൊന്നും തോട്ടത്തിൽ പടി | 7, 6 | 2 കി.മീ. |
| 12 | ആര്യപൊയ്കപ്പടി - കുളവള്ളി | 6, 8, 9 | 3.5 കി.മീ. |
| 13 | പാലയ്ക്കൽത്തറ - ഇടയാനത്തുപടി | 6, 3 | 1 കി.മീ. |
| 14 | കീച്ചേരിപ്പടി - കാവുംപുറം | 4, 3 | 2 കി.മീ. |
| 15 | വട്ടത്തോണ്ടലിൽപടി - കോടത്തുപടി | 5 | 0.8 കി.മീ. |

## പട്ടിക - 13 എ

### പ്രധാന ജലാശയങ്ങൾ

| നമ്പർ | വാർഡ് | പേര് | ജലലഭ്യത | ഉടമസ്ഥത | വിസ്തീർണം |
|---|---|---|---|---|---|
| 1 | 1 | തുണ്ടിൽക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 2 | 1 | വാഴയിൽ കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 3 | 1 | മഞ്ചേരിക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 20 സെന്റ് |
| 4 | 1 | കളീലുവിള കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 25 സെന്റ് |
| 5 | 1 | കരീനാട്ടുകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 7 സെന്റ് |
| 6 | 1 | ചെട്ടിക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 7 | 1 | പുളിയ്ക്കൽക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 5 സെന്റ് |
| 8 | 1 | നിലയ്ക്കന്റയ്യത്തുപടി കുളങ്ങര കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 9 | 1 | പൊട്ടുപ്ലാമൂട്ടിൽക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 10 | 2 | തൊടുകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 4 സെന്റ് |
| 11 | 3 | പൂതക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 15 സെന്റ് |
| 12 | 3 | ഇടയാനത്തുപടി കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 15 സെന്റ് |
| 13 | 3 | മുതുമരം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 14 | 4 | പറപ്പെട്ടിക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 15 സെന്റ് |
| 15 | 4 | വലിയകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 30 സെന്റ് |
| 16 | 4 | കൊച്ചുകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 15 സെന്റ് |
| 17 | 4 | മേനക്കാലാകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 20 സെന്റ് |
| 18 | 4 | ചാങ്ങവീട്ടിമൂല കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 15 സെന്റ് |
| 19 | 4 | വരട്ടുചിറക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 20 സെന്റ് |
| 20 | 5 | വാക്കവീട്ടിൽപടികുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 20 സെന്റ് |
| 21 | 5 | നടുവത്തുകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 5 സെന്റ് |
| 22 | 5 | നെയ്തക്കുളത്തു കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 23 | 5 | ഇടക്കുന്നേൽ കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 7 സെന്റ് |
| 24 | 6 | മഠത്തിൽക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 25 | 7 | താളിയാട്ടു ചിറ | വർഷം മുഴുവൻ | പഞ്ചായത്ത് | 1 ഏ. 82 സെന്റ് |
| 26 | 7 | മണക്കാലാകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 7 സെന്റ് |
| 27 | 7 | ആനന്ദപ്പള്ളിക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 8 സെന്റ് |
| 28 | 7 | പോത്രാട്ചിറ | വർഷം മുഴുവൻ | പഞ്ചായത്ത് | 20 സെന്റ് |
| 29 | 8 | ദേവരുക്ഷേത്രക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 10 സെന്റ് |
| 30 | 8 | കുളവള്ളിക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 15 സെന്റ് |
| 31 | 8 | തറയിൽകുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 4 സെന്റ് |
| 32 | 8 | ചൂരയ്ക്കൽ കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 25 സെന്റ് |
| 33 | 9 | ചിറക്കുളം | വർഷം മുഴുവൻ | പഞ്ചായത്ത് | 8 സെന്റ് |

പട്ടിക - 13 ബി.

പഞ്ചായത്തിലെ കുളങ്ങളുടെ ലിസ്റ്റ്

| വാർഡ് | നമ്പർ | കുളങ്ങളുടെ പേര് |
|---|---|---|
| 1 | 1 | മേച്ചേരിക്കുളം |
| | 2 | കിഴക്കേക്കരപ്പടി |
| | 3 | വരമ്പേൽപടി |
| | 4 | പ്ലാവിളപ്പടി |
| 3 | 5 | പതിയാംകുളം |
| 5 | 6 | ആറ്റുവാശ്ശേരിക്കുളം |
| | 7 | തേവർകുന്ന് കുളം |
| 6 | 8 | പാലയ്ക്കൽത്തറക്കുളം |
| | 9 | ഐക്കരക്കുളം |
| 7 | 10 | തെക്കേപ്പുറം കുളം |
| | 11 | വള്ളിക്കുളം |
| | 12 | പനക്കന്റയ്യത്തുകുളം |
| | 13 | പാറയിൽക്കുളം |
| | 14 | കാവുംപടിയ്ക്കൽ കുളം |
| | 15 | പുത്തൻകുളം |
| | 16 | നല്ലേത്തുകുളം |
| | 17 | മുക്കത്തുകുളം |
| | 18 | മൂലക്കുളം |
| | 19 | എൻ.എസ്.എസ്. പോളിടെ-ക്നിക്ക് കുളം |

ജലസേചനത്തിന് പഞ്ചായത്തിലെ കൃഷിക്കാർ ഉറ്റു നോക്കിക്കൊണ്ടിരുന്ന ഒന്നാണ് കല്ലട ഇറിഗേഷൻ പദ്ധതി (KIP) ഇതിന്റെ തുടർച്ചയായ പ്രയോജനം സേചന മേഖലയിലെ കൃഷിക്കാർക്ക് ലഭ്യമായിട്ടില്ല. പലയിടങ്ങളിലും നിർമാണത്തിലെ വൈകല്യം മൂലം പൈപ്പുകളും സ്ലാബുകളും പൊട്ടിപ്പോയിരിക്കുന്നു. വാൽവുകളുടെ ലോഹഭാഗങ്ങൾ കാണാതാവുകയുമുണ്ടായിട്ടുണ്ട്. എത്രയും വേഗം അറ്റകുറ്റപ്പണികൾ നടത്തി മുടങ്ങാതെ ജലസേചനം നടത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

## മുല്ലോട്ടു ഡാം

പാറക്കര വാർഡിലുള്ള നിർദിഷ്ട മുല്ലോട്ടു ഡാമിന്റെ നിർമാണം ഏറെ പ്രതീക്ഷയുണർത്തിയതായിരുന്നു. 1959ൽ തുടങ്ങി പരാജയപ്പെട്ട ഡാമിന്റെ നിർമാണം പുനരാരംഭിക്കുന്നതിനുള്ള സർവേ നടന്നെങ്കിലും പണി വീണ്ടും തുടങ്ങിയിട്ടില്ല. പഞ്ചായത്തിലെ പാറക്കര, ഇടമാലി, ഭഗവതിക്കും പടിഞ്ഞാറ് തുടങ്ങിയ വാർഡുകളിലെ കാർഷികോല്പാദനം കാര്യമായി വർധിപ്പിക്കാൻ പര്യാപ്തമാകുന്നതാണ് ഈ ഡാം.

## പാറക്കര വാട്ടർ ഷെഡു വികസനപദ്ധതി

പഞ്ചായത്തിലെ 1, 2, 3, 4, 5, വാർഡുകളിലെ 1203 വീടുകൾ ഉൾപ്പെടുന്ന 630 ഹെക്ടർ സ്ഥലത്തേക്കായി ആവിഷ്കരിച്ച പദ്ധതിയാണ് ഇത്. അടിസ്ഥാന പ്രവർത്തനങ്ങളായ സർവെ, പ്രൊജക്ടൈസേഷൻ, നഴ്സറി തയ്യാറാക്കൽ, ഫലവൃക്ഷത്തൈകളുടെ വിതരണം, പരിശീലന പരിപാടികൾ, മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ, ഡമോൺസ്ട്രേഷൻ പ്ലോട്ടുകൾക്ക് രാസവളം വിതരണം, കമ്പോസ്റ്റ് നിർമാണം, പുൽകൃഷി വികസനം, ആട്, കോഴി വിതരണം, പച്ചക്കറിക്കൃഷി സഹായം എന്നിവ നടന്നിട്ടുണ്ട്. ഇങ്ങിനെ സഹായധനമായി മൊത്തം 3,91,328/- രൂപാ ചെലവായിട്ടുണ്ട്. (പട്ടിക -14 നോക്കുക). പണം ചെലവായെങ്കിലും ഉദ്യോഗസ്ഥന്മാരുടെ കെടുകാര്യസ്ഥതയും സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പിടിപ്പു കേടും സ്വജനപക്ഷപാതവും വികലവീക്ഷണവും മൂലം ഈ പദ്ധതി ഉദ്ദേശിച്ച യാതൊരു ഫലവുമുളവാക്കിയില്ല.

പട്ടിക - 14

പാറക്കര വാട്ടർഷെഡ് വികസന പദ്ധതി

| നമ്പർ | പദ്ധതി/വികസന പരിപാടിയുടെ പേര് | ഗുണഭോക്താക്കൾ/ യൂണിറ്റുകളുടെ എണ്ണം | സഹായം (തുക/എണ്ണം) |
|---|---|---|---|
| 1 | പ്രൊഡക്ഷൻസിസ്റ്റം – ഇടവിളക്കൃഷിക്ക് രാസവളം | 595 (ഗു. ഭോ.) | 98,078/- |
| 2 | ബയോഫെർട്ടിലൈസർ | 300 (യൂണിറ്റുകൾ) | 30,000/- |
| 3 | കമ്പോസ്റ്റ് നിർമാണം | 100 (യൂണിറ്റുകൾ) | 10,000/- |
| 4 | പച്ചക്കറിക്കൃഷിക്ക് സഹായം | 407 (യൂണിറ്റുകൾ) | 40,700/- |
| 5 | തേക്കിൻതൈ വിതരണം | 107 (ഗു. ഭോ.) | 1,300 എണ്ണം |
| 6 | ക്ഷീരവികസന വകുപ്പിൽ നിന്ന് പുൽക്കൃഷി വികസനം | 63 (ഗു. ഭോ.) | 5,000/- |
| 7 | കോഴിക്കുഞ്ഞുങ്ങളുടെ വിതരണം | 396 (ഗു. ഭോ.) | 1,420 എണ്ണം |
| 8 | ആട്ടിൻ കുട്ടികളുടെ വിതരണം | 159 (ഗു. ഭോ.) | 1,30,885/- |
| 9 | കിസാൻ മേള | 2 എണ്ണം | 24,000/- |
| 10 | സർവീസ് സെക്ടർ | 31 (ഗു. ഭോ.) | 31,000/- |
| 11 | കർഷക പരിശീലന പരിപാടി | 4 (എണ്ണം) | 16,665/- |
| 12 | അവാർഡുകൾ | 17 (എണ്ണം) | 5,000/- |
| | ആകെ ചെലവായ തുക | 3,91,328/- | |

## കൃഷിഭവൻ പദ്ധതികൾ

മുൻവർഷങ്ങളിൽ കൃഷിഭവനിലൂടെ പഞ്ചായത്തിന്റെ കാർഷിക വളർച്ചയ്ക്കായി പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. (പട്ടിക 15 നോക്കുക) പല പദ്ധതികൾക്കും നൽകിയിട്ടുള്ള സഹായം പര്യാപ്തമായിരുന്നില്ലെന്ന് വിശകലനത്തിൽ മനസിലാകും. തുടർച്ചയായി പല പദ്ധതികൾക്കും തുക വിനിയോഗിക്കപ്പെടുന്നില്ല. അതിനു പുറമെ പദ്ധതികളുടെ മുൻഗണനാക്രമം ഗുണഭോക്താക്കളുമായി കൂടിയാലോചിച്ചതിനു ശേഷമല്ല തീരുമാനിച്ചിട്ടുള്ളത്. നടപ്പിലാക്കിയതിന്റെ പാളിച്ചകളെല്ലാം ആ പദ്ധതികൾക്കുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും ഇവിടെ നടപ്പിലാക്കാവുന്നതുമായ പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. ഉദാഹരണമായി കമുകു കൃഷി, പട്ടുനൂൽപ്പുഴു വളർത്തൽ കൃഷിക്കും, മൾബറിക്കൃഷി, കൈതച്ചക്കകൃഷി, ഏത്തവാഴക്കൃഷി തുടങ്ങിയവയ്ക്ക് പ്രത്യേകമായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കൃഷിഭവൻ ഓഫീസിലെ കാർഷിക വിദഗ്ധർ കർഷകരുമായി കൂടുതൽ ബന്ധപ്പെടണം. കേവലം ഉദ്യോഗസ്ഥ ഗുണ

ഭോക്തൃ ബന്ധമാകരുത്. കൃഷിഭവന്റെ പ്രവർത്തനം വിപുലീകരിക്കുന്നതും വികേന്ദ്രീകരിക്കുന്നതും നന്നായിരിക്കും. പ്രത്യേകിച്ചും വിവിധ വികസന സമിതികളുടെ യോഗങ്ങൾ കൃഷിഭവൻ ഓഫീസിൽ വച്ചു മാത്രം കൂടുന്നത് അതിൽ പങ്കെടുക്കുന്നതിൽ കൃഷിക്കാരെ വിമുഖരാക്കും. കൃഷിഭവൻ കാർഷിക പ്രചരണ/പ്രോത്സാഹന ഏജൻസിയായി പ്രവർത്തിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. അതിനോടൊപ്പം എല്ലാ കാർഷിക പദ്ധതികളുടെയും മോണിട്ടറിംഗ് നടത്തുകയും, നേട്ടകോട്ടങ്ങൾ വിലയിരുത്തുകയും വേണം.

പട്ടിക – 15

കൃഷിഭവനിലൂടെ വിവിധ പദ്ധതികൾക്കായി ചെലവാക്കിയ തുകയുടെ വിശദവിവരം

| നമ്പർ | പദ്ധതിയുടെ പേര് | 1993 - 94 (തുക) | 1994 - 95 (തുക) | 1995 - 96 (തുക) |
|---|---|---|---|---|
| 1 | സുഗന്ധവിള പ്രോത്സാഹനം | 14,670 | 27,800 | 42,550 |
| 2 | യുവജനതൊഴിൽ പദ്ധതി | – | 1,000 | - |
| 3 | കശുമാവ് വികസനം | – | 2,707 | - |
| 4 | വെറ്റിലക്കൊടി കൃഷിധന സഹായം | 5,750 | 4,000 | 1,500 |
| 5 | പച്ചക്കറിക്കൃഷി സഹായം | 966 | 950 | 513 |
| 6 | പ്രാദേശികവിള പ്രോത്സാഹനം (വെറ്റിലക്കൃഷി) | 13,000 | 7,500 | 8,925 |
| 7 | കിഴങ്ങുവർഷ കൃഷി സഹായം | 1,100 | 1,300 | 1,600 |
| 8 | വിളമത്സര സഹായം | 1,000 | 3,000 | 3,000 |
| 9 | ബയോഗ്യാസ് വികസനം | 3,150 | 2,400 | 5,300 |
| 10 | പട്ടികജാതി/പട്ടികവർഗ വികസനം യുവജന തൊഴിൽ പദ്ധതി | 16,605 | 44,261 | 9,400 |
| 11 | IHDP പദ്ധതി (കിണർ കുഴിക്കൽ, പഴയകിണർ പുതുക്കൽ, കൃഷിയായുധങ്ങൾ വിതരണം) | 2,42,867 | - | - |
| 12 | ഗ്രൂപ്പ് ഫാം സമിതി – ട്രയിലർ വാങ്ങുന്നതിന് | 10,000 | - | - |
| 13 | CDB പദ്ധതി – തെങ്ങുവെട്ട് | 1,02,500 | - | 1,00,000 |
| 14 | നെൽക്കൃഷി വികസനം – കീടനാശിനി, സ്പ്രെയർ | 2,869 | 1,200 | - |
| 15 | ജൈവവള വികസന പദ്ധതി | 2,025 | 3,950 | 2,500 |
| 16 | നെൽക്കൃഷി ഉല്പാദന ബോണസ് | – | – | 96,000 |
| 17 | CCDP പദ്ധതി | – | – | 37,500 |
| | ആകെ | 4,16,502 | 1,00,068 | 6,46,288 |

## ദുരിതാശ്വാസ പ്രവർത്തനം

കാലക്കെടുതി – വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, വരൾച്ച മുതലായവമൂലമുണ്ടാകുന്ന കൃഷി നാശത്തിന് വേണ്ടവിധത്തിൽ കർഷകർക്ക് നഷ്ട പരിഹാരം ലഭിക്കുന്നില്ല. കഴിഞ്ഞ മൂന്നു വർഷമായി 1994 - 95ൽ മാത്രമാണ് 15,000/- രൂപാ വെള്ളപ്പൊക്ക ദുരിതാശ്വാസമായി പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ളത്. എല്ലാ വർഷവും കാലവർഷാരംഭത്തോടെ കൊടുങ്കാറ്റിൽ റബറും മറ്റുമരങ്ങളും ഒടിഞ്ഞു വീണ് കൃഷിനാശവും ഭവന നാശവും ഉണ്ടായിട്ടുണ്ട്. അതുപോലെ കല്ലട ഇറിഗേഷൻ പ്രൊജക്ടിൽ നിന്ന് ജലസേചനം യഥാസമയം ലഭിക്കാത്തു മൂലം വാഴ, കുരുമുളക് തുടങ്ങിയവ ധാരാളമായി ഉണങ്ങിപ്പോകാറുമുണ്ട്. ഇവയ്ക്കൊന്നും നഷ്ടപരിഹാരം ലഭിക്കാറില്ല. ഈ സാഹചര്യത്തിൽ വിള ഇൻഷുറൻസ് പദ്ധതി വ്യാപകവും കൂടുതൽ ആകർഷണീയവുമാക്കി മുഴുവൻ കൃഷിക്കാരെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

പട്ടിക - 16

ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണം | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1993 - 94 | NIL | NIL | NIL | NIL | NIL | |
| 1994 - 95 | 12 | ഇല്ല | 2.3 | ഇല്ല | 119 | 15,000 രൂ. |
| 1995 - 96 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

## കാർഷിക /ജലസേചന പ്രശ്നങ്ങൾ പരിഹാരങ്ങൾ

1. കാർഷികരംഗത്ത് ഇന്നും പിടിച്ചു നിൽക്കാൻ താല്പര്യപ്പെടുന്ന നാമമാത്ര/ചെറുകിട ഭൂവുടമകളുടെയും കർഷകത്തൊഴിലാളികളുടെയും സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് കാർഷികോല്പാദനം എങ്ങനെ മെച്ചപ്പെടുത്താമെന്നതാണ് പ്രധാന പ്രശ്നം.
2. തുണ്ടു തുണ്ടായ നിലങ്ങൾ നെൽക്കൃഷിയുടെ യന്ത്രവല്ക്കരണത്തെ തടസ്സപ്പെടുത്തുന്നു.
3. വൻവ്യവസായികളും ധനികരും സ്ഥിര സാമ്പത്തിക നിക്ഷേപത്തിനായി ഭൂമി വാങ്ങിക്കൂട്ടുന്നതിനാൽ യഥാർഥ കർഷകന് ഭൂമി ലഭിക്കുന്നില്ല.
4. കൃഷിഭൂമിയുടെ ശാസ്ത്രീയ പരിചരണവും ജലസേചനവും നടക്കുന്നില്ല.
5. തെങ്ങിന്റെ വളപ്രയോഗവും, രോഗശുശ്രൂഷയും വേണ്ട രീതിയിൽ നടക്കുന്നില്ല. രോഗബാധിതമായ തെങ്ങുകൾ വെട്ടി നശിപ്പിക്കുന്നതിന് പര്യാപ്തമായ സഹായധനം ലഭിക്കുന്നില്ല.
6. റബർകൃഷി വ്യാപകമായതു മൂലം കരഭൂമിയിലെ ഇടവിളകൾ കുറഞ്ഞു. തെങ്ങ്, കമുക്, കുരുമുളക് എന്നിവ നാശോന്മുഖവുമായി.
7. കമുക് കൃഷിക്ക് വേണ്ട യാതൊരു പദ്ധതിയും പ്രോത്സാഹന നടപടിയും നിലവിലില്ല.
8. വാഴ, പച്ചക്കറികൾ എന്നിവ കൃഷിചെയ്യുന്നവർക്ക് പഞ്ചായത്തിൽ വിപണന സൗകര്യങ്ങളില്ല. ട്രാൻസ്പോർട്ടേഷന്റെ കാര്യത്തിൽ അവർ വളരെ ശാരീരിക ബുദ്ധിമുട്ടുകളും സാമ്പത്തിക നഷ്ടവും അനുഭവിക്കുന്നു.
9. നാടൻ ഫലവർഗങ്ങളായ ചക്ക, മാങ്ങ, എന്നിവ സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമല്ല.

10. സർവകലാശാലകളിലും മറ്റും നടക്കുന്ന കാർഷിക ഗവേഷണത്തിന്റെ സദ്ഫലങ്ങൾ കർഷകർക്ക് വേണ്ടത്ര അനുഭവ വേദ്യമായിട്ടില്ല.

11. നെൽകൃഷി വികസന സമിതികൾക്ക് വേണ്ടത്ര യന്ത്രോപകരണങ്ങളില്ല.

12. ഗ്രൂപ്പു ഫാമിംഗിന്റെ പ്രവർത്തനം മന്ദഗതിയിലായിരിക്കുന്നു, കമ്മിറ്റികൾ സജീവമല്ല.

13. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും കൂലിക്കൂടുതലും നെൽക്കൃഷി നഷ്ടത്തിലാക്കിയിരിക്കുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നൂറുകണക്കിനംഗങ്ങളുണ്ടെങ്കിലും, തൊഴിലെടുക്കാനെത്തുന്നവർ വിരളമാണ്.

14. കേരളത്തിന്റെ ഇതരഭാഗങ്ങളിൽ കൃഷിഭവനുകളിലൂടെ നടപ്പാക്കുന്ന പല പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കപ്പെടുന്നില്ല; നടപ്പിലാക്കുന്നവയുടെ മുൻഗണനാക്രമം നിശ്ചയിക്കപ്പെടുന്നില്ല.

15. പാറക്കര വാട്ടർ ഷെഡു പദ്ധതി ഉദ്യോഗസ്ഥ കെട്ടുകാര്യസ്ഥത മൂലവും സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ സ്വജനപക്ഷപാതവും, പിടിപ്പുകേടും, വീക്ഷണരാഹിത്യവും മൂലം പരാജയപ്പെട്ടു.

16. ചെറുകിട റബർ കൃഷിക്കാർക്കാവശ്യമായ വളം, കീടനാശിനികൾ, ആസിഡ്, ഡിഷുകൾ, പോളിത്തീൻ എന്നിവ ന്യായവിലയ്ക്ക് ലഭിക്കുന്നില്ല.

17. റബർ സംസ്ക്കരണം നടത്തുന്നതു മൂലം പരിസ്ഥിതി മലിനീകരണവും ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

18. കൃഷിനാശമുണ്ടാകുമ്പോൾ കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല; മുഴുവൻ കൃഷിക്കാരെയും വിള ഇൻഷുറൻസിന്റെ കീഴിൽ കൊണ്ടുവന്നിട്ടില്ല.

19. രാസവളങ്ങളുടെ അശാസ്ത്രീയവും അമിതവുമായ പ്രയോഗം മൂലവും, ജൈവവളങ്ങളുടെ ആനുപാതികമായ ഉപയോഗമില്ലാത്തതിനാലും മണ്ണിന്റെ പുഷ്ടിയും ഫലഭൂയിഷ്ടതയും നഷ്ടപ്പെട്ടിരിക്കുന്നു.

20. പഞ്ചായത്തിലെ നെൽകൃഷി വികസന സമിതികൾക്ക് വേണ്ടത്ര യന്ത്രോപകരണങ്ങളില്ല.

21. കർഷകത്തൊഴിലാളികൾക്ക് മുടങ്ങാതെ പെൻഷൻ ലഭിക്കുന്നില്ല. വൃദ്ധരായ കർഷകത്തൊഴിലാളികൾക്കും, ഗർഭിണികളായ കർഷകത്തൊഴിലാളി സ്ത്രീകൾക്കും സൗജന്യമായി വൈദ്യസഹായം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇന്ന് പഞ്ചായത്തിലില്ല.

22. കന്നുകാലി വളർത്തൽ തൊഴിലാക്കിയെടുത്തിട്ടുള്ളവരുടെ പക്കലുള്ള ചാണകം ഉപയോഗിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. മഴവെള്ളത്തിൽ ഒലിച്ചുപോവുകയും മലിനീകരണം ഉണ്ടാക്കുകയും ചെയ്യുന്നു.

23. പഞ്ചായത്തിൽ ലഭ്യമായ ജലസേചന സ്രോതസ്സുകൾ – തോടുകൾ, കുളങ്ങൾ, പൊതു കിണറുകൾ എന്നിവ പരിപാലിക്കപ്പെടുകയും പൂർണമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്നില്ല.

24. കൃഷിഭൂമിയുടെ ജലപരിപാലനം ശാസ്ത്രിയമായി നടക്കുന്നില്ല.

25. ജലസേചനത്തിനാവശ്യമായ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ലഭിക്കുന്നില്ല; വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഔദ്യോഗികമായ തടസങ്ങൾ ഏറെയാണ്.

## കാർഷിക പ്രശ്ന പരിഹാര നിർദേശങ്ങൾ / സാധ്യതകൾ

1. കൃഷിയോഗ്യമായ 4.2 ഹെക്ടർ തരിശുഭൂമി പഞ്ചായത്തിലുള്ളതിൽ വിളവിറക്കണം.

2. പുറമ്പോക്കായുള്ള 15 ഹെക്ടർ ഭൂമി കൈയേറ്റത്തിന് വിധേയമായിട്ടുണ്ടെങ്കിൽ അത് ഒഴിപ്പിച്ചെടുത്ത്, കൃഷിഭൂമിയല്ലാത്ത പട്ടികജാതിക്കാർക്കും കർഷകത്തൊഴിലാളികൾക്കും വിതരണം ചെയ്യണം.

3. ഭൂഉടമകളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പി

ച്ചുകൊണ്ട് വ്യാപകമായ യന്ത്രവല്ക്കരണത്തിലൂടെ നെൽകൃഷിച്ചെലവ് കുറയ്ക്കുകയും ഉല്പാദനം വർധിപ്പിക്കുകയും വേണം.

4. മണ്ണിന്റെ രാസപരിശോധന നടത്തി വളച്ചേരുവ കാർഷിക വിദഗ്ധന്മാർ നിശ്ചയിക്കണം.

5. പഞ്ചായത്തിലെ പച്ചക്കറിക്കൃഷിക്കാരെ രണ്ടോ, മൂന്നോ സഹകരണ സംഘങ്ങളായി സംഘടിപ്പിച്ച് ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തണം.

6. സുഗന്ധവിള പ്രോത്സാഹനപദ്ധതി പ്രകാരം കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകൾക്ക് ആനുകൂല്യം നൽകണം.

7. വെറ്റിലക്കൊടി, ഏത്തവാഴ, പച്ചക്കറി, പയർ കിഴങ്ങുവർഗങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതികൾ ഊർജിതപ്പെടുത്തണം.

8. കന്നുകാലികളെ വളർത്തുന്നത് മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർക്ക് ബയോഗ്യാസ് നിർമിക്കുന്നതിനുള്ള സഹായധനം വർധിപ്പിക്കണം.

9. "ഒരുകുട്ടി ഒരു വർഷം ഒരു മരം'' എന്ന കണക്കിന് പഞ്ചായത്തിലെ സ്കൂൾ വിദ്യാർഥികളിലൂടെ ഫലവൃക്ഷത്തൈകൾ സ്കൂൾ പരിസരങ്ങളിലും വീടുകളിലും നട്ടു വളർത്തണം.

10. ജൈവവളങ്ങൾ - പ്രത്യേകിച്ച് വേർമി കമ്പോസ്റ്റ് - നിർമിക്കുന്നതിനുള്ള പരിശീലനം കർഷകർക്ക് നൽകണം. കന്നുകാലി വളത്തിന്റെ മാനേജ്മെന്റിന് പ്രത്യേക സംവിധാനമുണ്ടാകണം.

11. റബർ തോട്ടങ്ങളിൽ കൈതച്ചക്കക്കൃഷി വ്യാപകമായി നടത്താവുന്നതാണ്.

12. മേൽത്തരം കമുകിൻ തൈകൾ വിതരണം ചെയ്ത് കമുക്കൃഷി പുനരുദ്ധരിക്കണം.

13. പട്ടുനൂൽപ്പുഴു വളർത്തുന്നതിന് തയ്യാറുള്ളവരെയും മൽബറിച്ചെടി നട്ടു വളർത്തുന്നതിന് തയ്യാറുള്ള കൃഷിക്കാരെയും കണ്ടെത്തി സഹായിക്കണം.

14. കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം എന്നീ വിപണന സാധ്യതകളുള്ള പുഷ്പങ്ങളുടെ കൃഷിയിൽ പരിശീലനം നൽകി പ്രചരിപ്പിക്കണം.

15. ഓരോ വീട്ടിലും അടുക്കളത്തോട്ടം സ്ഥാപിക്കുന്നതിനായി പച്ചക്കറി വിത്തുകളും വളവും സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

16. നിലവിലുള്ള ചീർപ്പുകൾ പലകയിട്ട് ഉപയോഗയോഗ്യമാക്കണം; ഇതിന് ലോക്കലായി കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

17. ടില്ലർ കൊണ്ടുപോകുന്നതിന് പ്രധാന പാടശേഖരങ്ങളിൽ റാമ്പുകൾ പണിയണം.

18. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ യഥാർഥ കർഷകനു തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തണം; കൃഷിഭവന്റെ പ്രവർത്തനം വികേന്ദ്രീകരിച്ച് സുതാര്യവും കാര്യക്ഷമവുമാക്കണം.

19. പാടശേഖര സമിതികൾ കാര്യക്ഷമമാക്കുന്നതിനായി അവ ക്രമമായി വിളിച്ചു കൂട്ടുകയും ചർച്ചകൾ നടത്തുകയും വേണം.

20. കൃഷിഭവൻ കേന്ദ്രമാക്കി മണ്ണു പരിശോധനയ്ക്കും രാസവളപ്രയോഗം നിർദേശിക്കുന്നതിനുമായി ഒരു അഗ്രോ -ക്ലിനിക്ക് സ്ഥാപിക്കണം, കീടനാശിനി പ്രയോഗം സംബന്ധിച്ച ഉപദേശം നൽകുന്നതിനും ഇവിടെ സൗകര്യം ഉണ്ടാകണം.

21. കൃഷിയുടെ യന്ത്രവല്ക്കരണം വർധിക്കുമ്പോൾ കാർഷികോപകരണങ്ങൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഒരു അഗ്രോമെക്കാനിക്കൽ വർക്ക്ഷോപ്പ് പഞ്ചായത്തിൽ സ്ഥാപിക്കണം.

22. കർഷകർക്കും കർഷത്തൊഴിലാളികൾക്കും ക്ഷേമനിധിയുടെ ആനുകൂല്യം വർധിപ്പിക്കുന്നതോടൊപ്പം കർഷകത്തൊഴിലാളികൾ കൃഷി മേഖലയിൽ നിശ്ചിത ദിവസമെങ്കിലും ജോലി ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തണം.

23. യന്ത്രവല്ക്കരണത്തിലൂടെ നെൽക്കൃഷി ലാഭകരമാ

ക്കാൻ ചെറുകിട കൃഷിക്കാരുടെ സഹകരണസംഘ ങ്ങൾ രൂപീകരിക്കണം.

24. മേൽത്തരം വിത്തുകൾ കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കണം. വിത്തിനായി നെൽക്കൃഷി നടത്താൻ തയ്യാറാകുന്ന കൃഷിക്കാർക്ക് വിശേഷാൽ ആനുകൂല്യങ്ങൾ നൽകണം.

25. ഏലാ അടിസ്ഥാനത്തിൽ രാസവിള/കീടനാശിനി പ്രയോഗത്തിന് കൃഷിക്കാരെ ഏകോപിപ്പിക്കണം.

26. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റി മേൽത്തരം തൈകൾ വിതരണം ചെയ്യണം. വെട്ടിമാറ്റപ്പെടുന്ന തെങ്ങുകൾക്ക് നഷ്ടപരിഹാരം നൽകണം.

27. ഫലവൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും നഴ്സറികൾ കൃഷിഭവൻ ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാദിത്വത്തിലും പഞ്ചായത്തു കമ്മിറ്റിയുടെ മേൽനോട്ടത്തിലും സ്ഥാപിക്കണം, നഴ്സറികളിൽ നിന്നുള്ള ഫലവൃക്ഷത്തൈകളും വിത്തിനങ്ങളും സൗജന്യ നിരക്കിൽ വിതരണം ചെയ്യണം.

28. ചിറ്ററത്ത, കച്ചോലം, കോലിഞ്ചി തുടങ്ങിയവ നട്ടുപിടിപ്പിക്കുന്നതിന് തയ്യാറുള്ള കൃഷിക്കാർക്ക് അതിന്റെ തൈകൾ ലഭ്യമാക്കണം.

29. കൃഷിഭവനിലെ കൃഷി വിദഗ്ധർ ഓഫീസുകളിൽ നിന്നും പാടങ്ങളിലേക്കും പറമ്പുകളിലേക്കും ഇറങ്ങിച്ചെന്ന് കർഷകരുടെ യഥാർഥ മിത്രവും വഴികാട്ടിയുമായി മാറണം.

### പട്ടിക - 17

### നിർദിഷ്ട ജലസേചന പദ്ധതികൾ

| നമ്പർ | ജലസേചന സംവിധാനം ഏർപ്പെടുത്തേണ്ട സ്ഥലം | ചെയ്യേണ്ട ജോലി | ഏതൊക്കെ വാർഡുകൾക്ക് പ്രയോജനപ്രദം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | മുല്ലോട്ടുഡാം നിർമാണം | പുനർ നിർമാണം | 1, 2, 4, 5 |
| 2 | മൊട്ടയ്ക്കോട് - കുന്നംപള്ളിൽപടി തോട്ടിൽ തച്ചക്കോട്ടു മുതൽ തോലുഴം വരെ | ക്രോസ് ബൽറ്റുകൾ കെട്ടണം | 7, 1, 5, 2 |
| 3 | ടി തോട്ടിൽ കല്ലുപാലം മുതൽ കുന്നംപള്ളിൽപടി വരെ | ആഴം കൂട്ടി സൈഡ് കെട്ടണം | 5, 2 |
| 4 | കാക്കാത്തിക്കാവ് - കല്ലുപാലംതോട് | ആഴം കൂട്ടി സൈഡ് കെട്ടണം | 5, 2 |
| 5 | കല്ലുപാലം - ഒരിപ്പുറം ക്ഷേത്രം തോട് | തോടിന്റെ കിഴക്കുവശത്തുകൂടി ടില്ലർ കൊണ്ടുപോകാൻ സൗകര്യപ്പെടുത്തണം | 5 |
| 6 | ഒരിപ്പുറത്ത് ക്ഷേത്രത്തിന്റെ വടക്കുഭാഗത്തുള്ള നിലത്തിന്റെ രണ്ടു സൈഡിലുമുള്ള കരത്തോടുകൾ | തോടുകൾ വെട്ടി നീരൊഴുക്ക് സുഗമമാക്കണം | 5, 2 |
| 7 | കീരുകുഴിതുണ്ടിൽപടി ഏലായുടെ | സൈഡ്കെട്ടി മട | 3, 8 |

| | | | |
|---|---|---|---|
| | തെക്കുഭാഗത്തുള്ള തോട് | വീഴ്ച ഒഴിവാക്കണം | |
| 8 | ചിറ്റരിക്കുളം – കണ്ടാളൻ തറ പറന്തൽ തോട് | കുഴിച്ച് സൈഡ് കെട്ടണം | 7, 6, 9 |
| 9 | കല്ലുപാലം – കുന്നംപള്ളിൽപടി തോട്ടിൽ വള്ളോന്നിൽ വയൽ ഭാഗം | ചീർപ്പു കെട്ടണം | 2 |
| 10 | കീരുകുഴി – മാവരപുഞ്ച തോട്ടിൽ മങ്ങാട്ടേത്തു തറയുടെ ഭാഗം | ചീർപ്പു കെട്ടണം | 3 |
| 11 | മണ്ണാരേത്തുപടി, പുതുപ്പുരയ്ക്കൽ വടക്കേതോട്, മുണ്ടുവേലിൽ | തടയണ നിർമിക്കണം | 2 |
| 12 | ചിറ്റൂർപടി, ഇലവിനാൽപടി പുളിയ്ക്കിലേത്തു പടി | ടില്ലർ കയറാൻ സ്ലാബ് ഇടണം | 2, 5 |
| 13 | പാലയ്ക്കൽപടി – ഇടയാനത്തു പടിവരെയുള്ള തോട് | കുഴിച്ചു സൈഡ് കെട്ടണം | 3, 6 |
| 14 | എളുവയൽ – കുളവള്ളിതോട് | ഡൈഡുകെട്ടി, ആഴംകൂട്ടി സംരക്ഷിക്കണം | 8 |
| 15 | ഐത്തിട്ട – ആറടിതോട് | സൈഡ് കെട്ടി സംരക്ഷിക്കണം | 8 |
| 16 | വള്ളിത്തടം – ചൂരയ്ക്കൽ തോട് | എർത്ത് വർത്ത് ചെയ്ത് വീതി കൂട്ടണം | 8 |
| 17 | കുളവള്ളിക്കുളം – വെന്നക്കോട് ഏലാവരെയുള്ള തോട് | ചെളിയെടുത്ത് സൈഡ് കെട്ടണം | 8 |
| 18 | ഇടയാനത്തുപടി മുതൽ മാവരപുഞ്ച വരെ | കുഴിച്ച് രണ്ടു വശവും കെട്ടണം | 3, 8 |
| 19 | ഇടയാനത്തുപടി, കാവും പുറത്തുപടി, കീരുകുഴി കുരിശിനു സമീപം | ചീർപ്പുകൾ നിർമ്മിക്കണം | 3, 6 |
| 20 | കൈതക്കര ഏല, കീച്ചേരിപ്പടി ഏല, മേനക്കാലാപ്പടി – ചരുവിളപ്പടി ഏലായിലെ ചെറിയ തോടുകൾ | വീതി കൂട്ടണം | 3 |
| 21 | മടുക്കവിള – മേച്ചരിപ്പടി തോട് | ചീർപ്പ് പലക ഇടണം | 1 |
| 22 | തോലുഴം, ചരിയത്ത് പടി, കല്ലുപാലം | ചീർപ്പ് പലക ഇടണം | 1, 5 |
| 23 | വട്ടത്തോണ്ടലിൽ – കുഴിക്കാട്ടു പടി കൈത്തോട് | തോട് വീതിയും ആഴവും കൂട്ടി ജലമൊഴുക്ക് സുഗമമാക്കണം | 5 |
| 24 | താളിയാട്ടുചിറ – പറന്തൽ തോട്ടിൽ കനകവിലാസം പടി | ചീർപ്പുകൾ നിർമിക്കുകയും നന്നാക്കുകയും വേണം | 6 |
| 25 | നിരക്കംപാറ – പറന്തൽതോട് | ചീർപ്പുകൾ നിർമിക്കണം | 6, 7, 9 |

| | | | |
|---|---|---|---|
| 26 | താളിയാട്ടു മുതൽ രണ്ടാലുംമൂട് പൊന്നുംതോട്ടത്തിൽ പടി | ചീർപ്പുകൾ നിർമിക്കണം | 6, 7 |
| 27 | മാവിളപ്പടി – കീരുകുഴി വരെ | ചീർപ്പുകൾ നിർമിക്കണം | 7, 3 |
| 28 | ആനന്ദപ്പള്ളി – പോത്രാട്ട് തോട് | ചീർപ്പുകൾ നിർമിക്കണം | 7, 4 |
| 29 | താളിയാട്ടുചിറ | വൃത്തിയാക്കി നാലതിരുകളും കെട്ടണം | 7 |
| 30 | ചൂരയ്ക്കൽ കുളം | വൃത്തിയാക്കി ഭിത്തികെട്ടി സംരക്ഷിക്കണം | 8 |

## ജലസേചന / ജലപരിപാലന നിർദേശങ്ങൾ, സാധ്യതകൾ

1. കൃഷിഭൂമിയുടെ ശാസ്ത്രീയ ജലപരിപാലനത്തിനായി കയ്യാലകൾ കെട്ടി ശീമക്കൊന്നയും രാമച്ചവും മറ്റും നട്ടുപിടിപ്പിച്ച് മണ്ണൊലിപ്പ് നിയന്ത്രിക്കേണ്ടതാണ്.

2. കല്ലട ഇറിഗേഷൻ പ്രൊജക്ടിന്റെ പൈപ്പുകളിൽ അടിഞ്ഞു കൂടിയ മണ്ണു നീക്കം ചെയ്തും, പൊട്ടിപ്പോയ സ്ലാബുകൾ നന്നാക്കിയും കേടായതും നഷ്ടപ്പെട്ടതുമായ വാൽവുകൾ മാറ്റിയും ജലസേചന സൗകര്യം വർധിപ്പിക്കണം.

3. ലിസ്റ്റു ചെയ്തിട്ടുള്ള തോടുകളുടെയും കുളങ്ങളുടെയും ആഴം കൂട്ടിയും കരകൾ കെട്ടിയും വെള്ളം സംഭരിക്കണം. ആവശ്യമായ സ്ഥലങ്ങളിൽ (പട്ടിക 17 നോക്കുക) ചീർപ്പും, ചെക്കു ഡാമുകളും, തടയണകളും നിർമിക്കണം.

4. ജലസേചന സൗകര്യം വർധിപ്പിക്കുന്നതിനായി ഡ്രിപ്പ് ഇറിഗേഷൻ യൂണിറ്റുകളും സ്പ്രിംഗ്ലർ ഇറിഗേഷൻ യൂണിറ്റുകളും സ്ഥാപിക്കണം.

5. മുല്ലോട്ടു ഡാമിന്റെ പണി പൂർത്തീകരിച്ച് വർഷം മുഴുവൻ വെള്ളം സംഭരിച്ചു നിർത്താൻ പര്യാപ്തമാക്കണം.

6. നിർദിഷ്ട പറന്തൽ വാട്ടർ ഷെഡു പദ്ധതി പരമാവധി പ്രയോജനപ്രദമായി നടപ്പാക്കണം.

7. നിലവിലുള്ള ചീർപ്പുകൾ പലകയിട്ട് ഉപയോഗയോഗ്യമാക്കണം.

8. ചീർപ്പുകളുടെയും തടയണകളുടെയും മേൽനോട്ടത്തിനായി പ്രാദേശികമായി കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

9. കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഡിസ്ട്രിബ്യൂട്ടറികളുടെ നിർമാണം പൂർത്തിയാക്കണം. പുഞ്ചകൃഷിക്ക് ജലം ആവശ്യമില്ലാത്ത സമയത്ത് മല്ലിക ഡിസ്ട്രിബ്യൂട്ടറിയിലൂടെ ഒഴുകുന്ന വെള്ളം തിരിച്ചു വിടാനുള്ള സംവിധാനമുണ്ടാക്കണം.







5.1 B

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഭൂരിപക്ഷം ജനങ്ങളും കർഷകരായ പഞ്ചായത്തിൽ കൃഷിപോലെ കാലി വളർത്തലും ഉപജീവനമാർഗമാണ്. എന്നാൽ, മുൻകാലങ്ങളിൽ കന്നുകാലികളെ കൃഷിക്കായി നിലമുഴുന്നതിനും വളത്തിനു വേണ്ടിയും വളർത്തിയിരുന്നു. അതിനാൽ മിക്ക കർഷകഭവനങ്ങളിലും കാലിത്തൊഴുത്തുകളും ചാണകക്കുഴികളും ഉണ്ടായിരുന്നു. എന്നാൽ, പല കാരണങ്ങളാൽ നെൽക്കൃഷി ക്ഷയിച്ചതിനാൽ കാളകളെയും പശുക്കളെയും വളർത്തുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുന്നു. കാർഷിക ജീവിതരീതിയിലുണ്ടായ മാറ്റത്തിന്റെ ഫലമാണിത്.

പഞ്ചായത്തിലെ വളർത്തു മൃഗങ്ങളിൽ പ്രധാനം പശു, ആട്. എന്നിവയാണ്. ചുരുക്കം ചില വീടുകളിൽ നിലമുഴുന്നതിനുള്ള കാളകളും വിത്തുകാളകളുമുണ്ട്. ചില വീടുകളിൽ ആകർഷകങ്ങളായ വളർത്തു പക്ഷികളെയും (Pet Bird) കാണുന്നുണ്ട്. മുൻകാലങ്ങളിൽ ചിലയിടങ്ങളിൽ നടന്നു വന്നിരുന്ന ഇറച്ചിക്കോഴി (Broiler Chicken) വളർത്തൽ ഇപ്പോൾ നിർജീവമായിരിക്കുന്നു. അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ ശാസ്ത്രീയാടിസ്ഥാനത്തിൽ വളർത്താത്തതിനാൽ കാലിവളർത്ത് കർഷകർക്കു ലാഭകരമല്ല. അതോടൊപ്പം വ്യാപകമായ നിലം നികത്തലിന്റെ ഭാഗമായി നെൽക്കൃഷി കുറഞ്ഞതുമൂലം വയ്ക്കോലിന്റെ ക്ഷാമവും, കാലിത്തീറ്റയുടെ വിലവർധനയും, പച്ചപ്പുല്ലിന്റെ ദൗർലഭ്യവും, പാലിന്റെ വിലക്കുറവും, വിപണന പ്രയാസങ്ങളും, രാഗചികിത്സാ സൗകര്യക്കുറവും കാലിവളർത്തൽ നിരുത്സാഹപ്പെടുത്തുന്നു. പന്തളം തെക്കേക്കര പഞ്ചായത്തിൽ മല്ലിക എ വാർഡിൽ സ്വയംതൊഴിൽ കണ്ടെത്തലിന്റെ ഭാഗമായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ കറവപ്പശു വളർത്തൽ കേന്ദ്രം ആരംഭിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ അത് സജീവമല്ല.

മൃഗപരിപാലനത്തിനായി പറപ്പെട്ടി കേന്ദ്രമായി ഒരു മൃഗാശുപത്രിയും തോലുഴത്തിലും, പറന്തലിലും അവയുടെ

ഓരോ ഉപകേന്ദ്രം പ്രവർത്തിക്കുന്നു. ഇത് തികച്ചും അപര്യാപ്തമാണ്. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടമുണ്ട്. എന്നാൽ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾക്ക് സ്വന്തമായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. ആവശ്യമായ സ്ഥലത്ത് പുതിയതായി ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് നന്നായിരിക്കും.

പറന്തൽ, കീരുകുഴി, മങ്കുഴി എന്നീ പ്രദേശങ്ങളിൽ മൂന്നു ക്ഷീര സംഘങ്ങൾ നിലവിലുണ്ട്. പറന്തലിൽ പ്രവർത്തിക്കുന്ന സംഘം മാത്രമെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളു. മറ്റു പ്രദേശങ്ങളിലുള്ള രണ്ടു സംഘങ്ങളുടെയും പ്രവർത്തനം നിർജീവമാണ്. മറ്റു പ്രദേശങ്ങളിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ക്ഷീരോല്പാദന പ്രവർത്തനം ചിട്ടപ്പെടുത്തേണ്ടതും ലാഭകരമാക്കേണ്ടതും അത്യാവശ്യമാണ്.

പ്രാദേശിക സ്വാശ്രയത്വം ലക്ഷ്യമാക്കി മുട്ടയും. പാലും, മത്സ്യവും ഉല്പാദിപ്പിക്കണമെന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണവും, മത്സ്യബന്ധനവും നടത്തുന്നില്ല. പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ മാത്രം മത്സ്യകൃഷി നടത്തിവരുന്നു. സർക്കാരിന്റെ വിപുലമായ സഹായങ്ങൾ പരമാവധി ഉപയോഗിച്ച് എല്ലാ വാർഡുകളിലും മത്സ്യകൃഷിയും ഇറച്ചിക്കോഴി വളർത്തലും വ്യാപിപ്പിക്കേണ്ടതായുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് അത് ഒരു ചെറിയ പരിഹാരമാകും. അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ മത്സ്യം, മാംസം, മുട്ട, പാൽ എന്നിവയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഇതുമൂലം കഴിയും.

പഞ്ചായത്തിൽ ചുരുക്കം ചില വീടുകളിൽ മാത്രം ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. അതിരൂക്ഷമായ ഇന്ധന ദൗർലഭ്യമുള്ള ഈ കാലയളവിൽ കന്നുകാലി വളർത്തലുള്ള ഭൂരിപക്ഷം കുടുംബങ്ങളിലും പാചക ഗ്യാസ് ഉല്പാദിപ്പിക്കാവുന്നതാണ്. എന്നാൽ ഈ രംഗത്ത് സർക്കാരിന്റെ സഹായങ്ങൾ ലഭിക്കുന്നു എങ്കിലും ആരും മുന്നോട്ടു വരുന്നില്ല.

ഏറ്റവും കൂടുതലായി ആടുവളർത്തൽ നടക്കുന്നത് കർഷകത്തൊഴിലാളി കുടുംബങ്ങളിലാണ്. ബീജസങ്കലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഇല്ലാത്തത് ആടുവളർത്തലിനെ കാര്യമായി ബാധിക്കുന്നു.

നമ്മുടെ പ്രദേശത്തെ ജനങ്ങൾ മത്സ്യവും, മുട്ടയും, മാട്ടിറച്ചിയും ഭക്ഷിക്കുന്നവരാണ്. എന്നാൽ രോഗബാധയില്ലാത്തതും ശുദ്ധമായതുമായ മാട്ടിറച്ചിയുടെ ലഭ്യത സംശയാസ്പദമാണ്. ഈ സാഹചര്യത്തിൽ ആരോഗ്യനിബന്ധനകൾ പൂർണമായി പാലിച്ചുകൊണ്ട് പഞ്ചായത്തിന്റെ കീഴിൽ ഒരു അറവുശാല നിർമിക്കണം.

പഞ്ചായത്തിലുടനീളം ധാരാളം തെരുവു നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നത് ഒരു സാധാരണ കാഴ്ചയാണ്. കാലാകാലങ്ങളിൽ പേവിഷബാധയുണ്ടാകാറുണ്ട്. മുഴുവൻ നായ്ക്കൾക്കും പേവിഷബാധയ്ക്കെതിരായി കുത്തിവയ്പ് നടത്തിയും അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിച്ചും വിഷബാധ നിയന്ത്രിക്കാനുള്ള സംരംഭങ്ങൾ തുടരേണ്ടതാണ്. ലൈസൻസ് എടുക്കാതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കർക്കശമായി നടപ്പാക്കുന്നില്ല.

## പ്രശ്നങ്ങൾ

1. കാലികളുടെ വിലവർധന കൂടുതൽ പാൽ ലഭിക്കുന്ന അത്യുല്പാദന ശേഷിയുള്ള വലുപ്പം കുറഞ്ഞ നല്ലയിനം പശുക്കളെ മിതമായ വിലയ്ക്ക് ആവശ്യാനുസരണം ലഭിക്കുന്നില്ല.
2. കാലിത്തീറ്റയുടെ – പിണ്ണാക്ക്, പുളിയരി, വൈക്കോൽ എന്നിവയുടെ അമിതമായ വില, വൈക്കോൽ, പച്ചപ്പുല്ല് എന്നിവയുടെ ദൗർലഭ്യം, പച്ചപ്പുല്ല് കൃഷി ചെയ്യുന്നതിന് ഭൂമിയുടെ ലഭ്യതക്കുറവ്.
3. ആരോഗ്യ പരിപാലനത്തിനും രോഗപ്രതിരോധ കുത്തിവയ്പിനും സ്ഥിര സംവിധാനം ഇല്ല. കുളമ്പുരോഗം, പനി തുടങ്ങിയ രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭിക്കുന്നില്ല. ഗുണനിലവാരമുള്ള ധാതുലവണ മിശ്രിതം, മീനെണ്ണ തുടങ്ങിയവ സൗജന്യ നിരക്കിൽ ലഭിക്കുന്നില്ല. പഞ്ചായത്തിലുള്ള ഏക മൃഗാശുപത്രിയുടെ സേവനം 8, 3, 2, 1, 6, 9, 7 എന്നീ വാർഡുകളിൽ ലഭിക്കുന്നില്ല. കൃത്രിമ ബീജസങ്കലനം സമയ പരിധിക്കുള്ളിൽ നടത്തുന്നതിനുള്ള സംവിധാനം

പല പ്രദേശത്തും ഇല്ല.

4. ഉല്പാദനച്ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ കർഷകന് പാലിന് ന്യായമായ വില ലഭിക്കുന്നില്ല. എന്നാൽ സഹകരണ സംഘങ്ങൾ ഇതിൽനിന്ന് ലാഭം ഉണ്ടാക്കുന്നു. ആവശ്യമായ വിതരണ സംവിധാനം പല വാർഡുകളിലും ഇല്ല.

5. കൃത്രിമബീജ സങ്കലനം വഴി അത്യുല്പാദന ശേഷിയുള്ള പശുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ അനായാസം ലഭ്യമല്ല.

6. വേനൽക്കാലത്തുള്ള ജലക്ഷാമം കാലി വളർത്തലിനെ പ്രതികൂലമായി ബാധിക്കുന്നു.

7. വൃത്തിയുള്ള കാലിത്തൊഴുത്തുകളുടെ അഭാവം മൂലം മഴക്കാലങ്ങളിൽ കാലികൾക്ക് കുളമ്പുരോഗം കൂടുതലായി ഉണ്ടാകുന്നു.

8. കാലികളുടെ ഇൻഷ്വറൻസ് – ഇൻഷ്വറൻസ് പദ്ധതികൾ സൗജന്യ നിരക്കിലില്ല. ഓരോ വർഷവും കാലികളുടെ ഇൻഷ്വറൻസ് പുതുക്കുന്നത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

9. പാൽ ശേഖരിച്ച് ന്യായമായ വിലക്ക് വിതരണം നടത്തുന്നതിനും അതിൽ നിന്ന് മറ്റു ഭക്ഷ്യ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനമില്ല.

10. സൗജന്യനിരക്കിൽ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിൽ പ്രയാസമനുഭവപ്പെടുന്നു. കോഴിവസന്ത പോലുള്ള രോഗങ്ങൾക്ക് കാലാകാലങ്ങളിൽ സൗജന്യ പ്രതിരോധ ചികിത്സ ലഭിക്കുന്നില്ല.

11. പഞ്ചായത്തിൽ മത്സ്യവിതരണത്തിന് ആവശ്യമായ സ്ഥിരം സംവിധാനം ഇല്ല.

12. പാടങ്ങളിലേക്കും വലിയ ജലാശയങ്ങളിലേക്കുമുള്ള തോടുകൾ മണ്ണുകയറി നികന്നുപോകുന്നതുമൂലം സ്വാഭാവിക മത്സ്യപ്രജനനം തകരാറിലായിരിക്കുന്നു.

13. ജലാശയങ്ങളിലെ മത്സ്യങ്ങൾക്ക് കണ്ടുവരുന്ന രോഗങ്ങൾ വംശനാശത്തിനു കാരണമാകുന്നു.

14. പാടശേഖരങ്ങളിലെ രാസവളപ്രയോഗവും കീടനാശിനിയുടെ ഉപയോഗവും തവള, മീൻ തുടങ്ങിയവയുടെ വംശനാശത്തിനു കാരണമാകുന്നു.

## നിർദേശങ്ങൾ, സാദ്ധ്യതകൾ

1. പ്രത്യേക ഡയറി യൂണിറ്റുകൾ തുടങ്ങി നല്ലയിനം പശുക്കളെ ആവശ്യാനുസരണം മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനും കന്നുകുട്ടികളെ വളർത്തുന്നതിന് കേന്ദ്രങ്ങൾ സ്ഥാപിച്ച് നല്ല കിടാവുകളെ കാഫ് സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിന് മൃഗസംരക്ഷണ വകുപ്പ് മുൻകൈയെടുക്കണം.

2. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമാണ യൂണിറ്റ് സ്ഥാപിച്ച് കാലിത്തീറ്റക്ക് സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം നടത്തുകയും വിത്തും വളവും സൗജന്യമായി നൽകി പുൽക്കൃഷിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. പഞ്ചായത്തുവക പുറമ്പോക്കു സ്ഥലത്തും പഞ്ചായത്തിലുടനീളം തരിശുകിടക്കുന്ന ഭൂമിയിലും പഞ്ചായത്തു നേരിട്ടോ സ്വകാര്യ വ്യക്തികൾ മുഖേനയോ പുല്ലു കൃഷി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാക്കുക.

3. മീനെണ്ണ, ധാതുലവണങ്ങൾ തുടങ്ങിയവ എല്ലാക്കാലവും ഐ.സി.ഡി.പി.യുടെ ചുമതലയിൽ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുക. നിലവിലുള്ള മൃഗാശുപത്രിയുടെയും സബ്സെന്ററിന്റെയും പ്രവർത്തനം കുറച്ചുകൂടി വ്യാപകവും കാര്യക്ഷമമാക്കുക. മമ്മൂട്, പെരുമ്പുളിക്കൽ, ചെറീലയ്യം എന്നിവിടങ്ങളിൽ ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക. കൃത്രിമബീജസങ്കലനം നടത്തുന്നതിനുള്ള സംവിധാനം

എല്ലാ വാർഡുകളിലും ഉണ്ടാക്കുക. തൊഴിലില്ലാത്ത ആളുകൾക്ക് മതിയായ പരിശീലനം നൽകി സഞ്ചരിക്കുന്ന ബീജസങ്കലന യൂണിറ്റ് സംവിധാനം ഉണ്ടാക്കുക.

4. ഉല്പാദനച്ചെലവിന് ആനുപാതികമായി പാൽവില ഗവൺമെന്റ് നിശ്ചയിക്കുകയും അത് കർഷകന് ലഭിക്കുന്നതിന് ആവശ്യമായ നടപടിയുണ്ടാകുകയും വേണം. ക്ഷീരസഹകരണസംഘങ്ങൾ ഇല്ലാത്ത പാറക്കര, മല്ലിക ബി, പടുക്കൊട്ടുക്കൽ, പെരുമ്പുളിക്കൽ, പൊങ്ങലടി എ, പൊങ്ങലടി ബി എന്നീ വാർഡുകളിൽ സംഘങ്ങൾ സ്ഥാപിച്ച് അവയിലൂടെ ന്യായവിലക്ക് കാലിത്തീറ്റയും സഹായങ്ങളും വിതരണം ചെയ്യണം. നിർജീവമായ ഭരണസമിതികളെ ചലിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ മേൽനോട്ടം ഉണ്ടാകണം. സംഘങ്ങൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം. സഹകരണാടിസ്ഥാനത്തിൽ പാലുല്പന്നങ്ങളുടെ ഒരു യൂണിറ്റ് സ്ഥാപിച്ച് തൊഴിൽ ഇല്ലാത്തവർക്ക് തൊഴിൽ നൽകുക.

5. കാലിത്തൊഴുത്തു പണിയുന്നതിന് ചെലവാകുന്ന തുകയുടെ 50% കർഷകർക്ക് സബ്സിഡിയായി നൽകുക. പഴകുളം സോഷ്യൽ സർവീസ് സൊസൈറ്റി പോലുള്ള സംഘടനകളുടെ സഹായം കർഷകർക്ക് ലഭിക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കുക. സാമ്പത്തിക പ്രയാസമുള്ള കർഷകർക്ക് തൊഴുത്ത് ഒന്നിന് അയ്യായിരം രൂപാ വീതം ധനസഹായം നൽകി ഓരോ വർഷവും പഞ്ചായത്തിൽ100തൊഴുത്തുകൾ വീതം നിർമിക്കണം. ഐ.ആർ.ഡി.പി പദ്ധതി പ്രകാരം തൊഴുത്തു നിർമിക്കുന്നതിനും കാലികളെ വളർത്തുന്നതിനും നൽകുന്ന ധനസഹായം പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുകയും ഡയറി യൂണിറ്റ് തുടങ്ങിയെന്ന് ഉറപ്പുവരുത്തുകയും വേണം. കന്നുകാലി വളർത്തുന്നതിന് ബാങ്കു വായ്പയുടെ പലിശ കുറവു ചെയ്യുകയും വായ്പകൾ നൽകുന്നതിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുകയും വേണം.

6. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും നാടൻ വിത്തുകാളകൾ ഉള്ളത് സങ്കര ഇനം കന്നുകാലികളുടെ വംശവർധനവിനെ പ്രതികൂലമായി ബാധിക്കുന്നു. ഇത് പരിഹരിക്കാനാവശ്യമായ ബോധവല്ക്കരണം നടത്തണം.

7. കാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് സാമ്പത്തികാടിസ്ഥാനത്തിൽ ഏർപ്പെടുത്തുക. ഇൻഷ്വറൻസിന്റെ കാലാവധി മൂന്നു വർഷമായി പുതിക്കി നിശ്ചയിക്കണം. കന്നുകാലികളുടെ ജനനവും മരണവും കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിന് നടപടിയുണ്ടാകണം. ഭക്ഷ്യാവശ്യത്തിനായി കശാപ്പു ചെയ്യുന്ന കന്നുകാലികളുടെ വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കണം.

8. മുയൽവളർത്തൽ, പന്നിവളർത്തൽ എന്നിവയ്ക്ക് ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകണം. ഈ ആവശ്യത്തിനായി ബാങ്കുകൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.

9. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ''ഹാച്ചറി'' ആരംഭിക്കണം.

10. അലഞ്ഞു നടക്കുന്ന നായ്ക്കളെ പഞ്ചായത്തിന്റെ ചുമതലയിൽ നശിപ്പിക്കുകയും വീടുകളിൽ വളർത്തുന്ന നായ്ക്കൾക്ക് രോഗപ്രതിരോധ കുത്തി വയ്പ് വാർഡ് അടിസ്ഥാനത്തിൽ കാലാകലങ്ങളിൽ നടത്തി ലൈസൻസ് നൽകുകയും ചെയ്യുക. പഞ്ചായത്തിന്റെ മുദ്രയുള്ള ബെൽറ്റുകൾ നിർബന്ധമാക്കുകയും ലൈസൻസ് ഫീസ് 50 രൂപയായി വർധിപ്പിക്കുകയും വേണം. നിയമ വിരുദ്ധമായി നായ്ക്കളെ വളർത്തുന്നത് കണ്ടുപിടിച്ച് പിഴ ഈടാക്കണം. ഇതിനായി വാർഡടിസ്ഥാനത്തിൽ മെമ്പർമാരുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം.

11. "ഒരു വീട്ടമ്മക്ക്5 കോഴികളടങ്ങുന്ന ഒരു യൂണിറ്റ് സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും കൂടു നിർമിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായവും കോഴികൾക്ക് യഥാകാലം പ്രതിരോധ കുത്തിവയ്പും നൽകണം.

## ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ വിവരങ്ങൾ

| നമ്പർ | സഹകരണസംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഓഹരി വില | അംഗീകൃത ഓഹരിമൂലധനം രൂ. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | പൊതുജന നിക്ഷേപം | മൊത്തം ശേഖരിക്കുന്ന പാൽ/മാംസം | പുറത്തേക്കയയ്ക്കുന്ന പാൽ |
|---|---|---|---|---|---|---|---|---|---|---|
| 1 | ക്ഷിരോല്പാദക സഹകരണ സംഘം, തോലുഴം | 1986 | 90 | 10 | 10,000 | 1210 | ഇല്ല | ഇല്ല | 1650 ലിറ്റർ | 1050 ലിറ്റർ |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം, പറന്തൽ | 1986 | 232 | 10 | 10,000 | 2320 | ഇല്ല | ഇല്ല | 9000 ലിറ്റർ | 6000 ലിറ്റർ |
| 3 | ക്ഷീരോല്പാദക സഹകരണ സംഘം, കീരുകുഴി | 1980 | 306 | 10 | 396 | ഇല്ല | ഇല്ല | 1500 ലിറ്റർ | ഇല്ല | |

11. സഹകരണ അടിസ്ഥാനത്തിൽ കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക. മുട്ടയുടെ ശേഖരണവും വിപണനവും നടത്താനുള്ള ശ്രമമുണ്ടാകണം.

12. പൊതു സ്വകാര്യ ജലാശയങ്ങളിൽ മീൻ വളർത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കണം. പഞ്ചായത്തിൽ ഒരു മത്സ്യ സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കണം.

13. സ്വന്തമായി കെട്ടിടം ഇല്ലാത്ത ഐ.സി.ഡി.പി. സബ്സെന്ററുകൾക്ക് കെട്ടിടം പണിയുന്നതിന് ധനസഹായം നൽകണം.

14. ഗോബർഗ്യാസ് പ്ലാന്റ് ആവശ്യമുള്ള കർഷകർക്ക് സൗജന്യ നിരക്കിൽ സ്ഥാപിച്ചു നൽകുന്നതിന് നടപടിയുണ്ടാകണം. ഗോബർഗ്യാസ് ഉല്പാദനം സംബന്ധിച്ച് പ്രചാരണം നടത്തണം.

15. കർഷക പ്രതിനിധികളും ജനപ്രതിനിധികളുമടങ്ങിയ മൃഗാശുപത്രി വികസന സമിതിക്ക് രൂപം നൽകണം.

16. കാടക്കോഴികളെ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

**പട്ടിക 1**

**4.1 വളർത്തു മൃഗസംഖ്യ**

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർധനവ് | മറ്റുള്ളവ | വംശ വർധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| I | | 8 | 2 | 2 | 195 | 20 | 465 | 39 | - | - | 2 | 310 | 200 |
| II | | 4 | 1 | 2 | 97 | 10 | 462 | 20 | 1 | - | - | 200 | 80 |
| III | | 2 | 2 | 4 | 88 | 10 | 350 | 15 | - | 1 | - | 410 | 110 |
| IV | 2 | 2 | 1 | 2 | 60 | 11 | 260 | 21 | - | - | 2 | 125 | 85 |
| V | - | 4 | 1 | 6 | 115 | 55 | 310 | 45 | 1 | - | - | 130 | 99 |
| VI | 1 | 3 | 1 | 5 | 69 | 10 | 160 | 18 | - | 1 | - | 202 | 45 |
| VII | - | 1 | 1 | 2 | 115 | 4 | 285 | 37 | 1 | - | - | 105 | 69 |
| VIII | - | 2 | - | 4 | 14 | 7 | 407 | 20 | - | - | - | 120 | 75 |
| IX | - | 1 | 1 | 1 | 60 | 27 | 460 | 20 | 2 | - | 2 | 100 | 80 |
| ആകെ | 15 | 27 | 8 | 28 | 813 | 154 | 3159 | 265 | 5 | 2 | 6 | 1702 | 843 |

പട്ടിക 2

വളർത്തു പക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി മുട്ട ഇടുന്നത് | താറാവ് മുട്ട ഇടാത്തത് | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 70 | 460 | 200 | 15 | 3 |
| II | 45 | 468 | 100 | 10 | 8 |
| III | 40 | 250 | 48 | 8 | 2 |
| IV | 37 | 500 | 110 | 4 | 6 |
| V | 20 | 515 | 49 | 6 | 3 |
| VI | 60 | 250 | 101 | 15 | 4 |
| VII | 15 | 310 | 85 | 10 | 8 |
| VIII | 48 | 208 | 125 | 30 | 10 |
| IX | 62 | 155 | 130 | 58 | 30 |
| ആകെ | 397 | 3016 | 928 | 116 | 80 |

പട്ടിക 3

രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 135 | | 20 | | | 8 |
| 2 | ശ്വാസകോശ സംബന്ധം | 148 | 2 | 24 | | 28 | |
| 3 | ഉപാപചയ സംബന്ധം | 18 | | | | | |
| 4 | ത്വക്ക് രോഗങ്ങൾ | 12 | | | 28 | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 8 | | 4 | | 4 | |
| 6 | പരാദരോഗങ്ങൾ | 138 | | 8 | | 26 | 26 |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 112 | | | | | |
| 8 | വന്ധ്യത | 18 | | 4 | | | |
| 9 | അകിടുവീക്കം | 27 | | 8 | | | |
| 10 | മുടന്തൻ പനി | 28 | | | | | |
| 11 | പകർച്ച വ്യാധികൾ | 4 | | | | | |
| | ആകെ | 654 | 2 | 68 | - | 58 | 52 |

പട്ടിക 4

പേവിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പു നല്കിയവരുടെ എണ്ണം | – | – | – | 105 | - | 400 കോഴി | 505 |
| കടിയേറ്റതിനു ശേഷം കുത്തിവയ്പ് നടത്തിയവയുടെ എണ്ണം | – | – | – | 1 | - | - | - 1 |

പട്ടിക 5

കൃത്രിമബീജ സങ്കലന വിവരങ്ങൾ

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തേണ്ടി വന്നവ |
|---|---|---|---|
| പശു | 3341 | 524 | 17 |
| കിടാരി | 1050 | 141 | 10 |
| എരുമ | – | – | – |
| ആകെ | 4391 | 665 | 27 |

(പഞ്ചായത്തിലെ പശുക്കളെ തുമ്പമൺ, കൈപ്പട്ടൂർ തുടങ്ങിയ സ്ഥലങ്ങളിലും മൃഗാശുപത്രികളിലും ബീജസങ്കലനത്തിനു ചികിത്സയ്ക്കും കൊണ്ടു പോകാറുണ്ട്. ഇവിടെ നൽകിയിട്ടുള്ള കണക്കുകൾ മൃഗാശുപത്രിയിൽ നിന്ന് ലഭിച്ചവയാണ്).

# മത്സ്യബന്ധനം

മത്സ്യബന്ധനം ഒരു സ്ഥിര ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ പഞ്ചായത്തിലില്ല. ഇതിനു പ്രധാന കാരണം വലിയ നദികളോ ജലാശയങ്ങളോ ഇല്ല എന്നതാണ്. നീരൊഴിക്കു തോടുകളിലും കുളങ്ങളിലും വരാൽ, മുശി, കാരി, പരൾ, പള്ളത്തി തുടങ്ങിയ മത്സ്യങ്ങൾ മുൻകാലങ്ങളിൽ ധാരാളമായിരുന്നെങ്കിലും ഇന്നവ താരതമ്യേന വിരളമാണ്. നീരൊഴിക്കു തോടുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നതിനാൽ മത്സ്യക്കൃഷി നടത്താൻ ഉപയുക്തമല്ല.

എന്നാൽ ചെറുതും വലുതുമായ മുപ്പതിൽപ്പരം കുളങ്ങൾ പഞ്ചായത്തുടമസ്ഥതയിലുണ്ട്. (കൃഷി, ജലസേചനം പട്ടിക 13A നോക്കുക). അഞ്ചു സെന്റു മുതൽ 1 ഏക്കർ 52 സെന്റു വരെ വലിപ്പമുള്ളവയാണവ. ഈ കുളങ്ങളുടെ സവിശേഷത വെള്ളപ്പൊക്കത്തിന്റെ കെടുതി ഇവയെ ബാധിക്കുന്നില്ലെന്നതും വർഷം മുഴുവൻ ഇവയിൽ വെള്ളം ലഭിക്കുന്നുവെന്നതുമാണ്. എന്നാൽ ശാസ്ത്രീയ രീതിയിൽ മത്സ്യക്കൃഷി നടത്തുന്നതിനുള്ള യാതൊരു കാര്യമായ ശ്രമവും ഉണ്ടായിട്ടില്ലാത്തതിനാൽ ഈ സാധ്യത ഇതുവരെ ചൂഷണം ചെയ്യപ്പെട്ടിട്ടില്ല. അതിവേഗം വളരുന്ന ശുദ്ധജല മത്സ്യങ്ങൾ വളർത്തിയെടുത്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ തോടുകളിലേയും കുളങ്ങളിലേയും മത്സ്യങ്ങളിൽ രോഗബാധ കാണാറുണ്ട്. മത്സ്യക്കൃഷി നടത്തുമ്പോൾ രോഗപ്രതിരോധത്തിനും പരിഹാരത്തിനുമുള്ള നടപടികളുണ്ടാകേണ്ടതാണ്. കൂടാതെ, പഞ്ചായത്തിലെ ജനങ്ങൾക്ക് മത്സ്യം വളർത്തലുമായി അടുത്ത ബന്ധമില്ലാത്തതിനാൽ, ഈ രംഗത്ത് അവർക്ക് ശാസ്ത്രീയ പരിശീലനം ആവശ്യമാണ്.

മത്സ്യവിപണനം നടത്തുന്നവർ പഞ്ചായത്തിൽ വളരെക്കുറച്ചു മാത്രമേയുള്ളു. ഇതര പഞ്ചായത്തുകളിൽ നിന്നും ഇവിടുത്തെ ആഴ്ചച്ചന്തകളിൽ മത്സ്യമെത്തിച്ചും എല്ലാ ദിവസവും സൈക്കിളിലും തലച്ചുമടായും വീടുവീടാന്തരം മത്സ്യക്കച്ചവടം നടത്തുന്ന തൊഴിലാളികൾ എത്താറുണ്ട്.

ചന്തകളിൽ മത്സ്യവിപണനത്തിനുള്ള സ്റ്റാളുകൾ പണിതുണ്ടാക്കിയിട്ടില്ല. ചന്തകളുടെ ശുചിത്വം നശിപ്പിക്കുന്നതിന് ഇന്നത്തെ മത്സ്യവിപണന രീതി കാരണമാകുന്നുണ്ട്.




329



5.2 A

# വ്യവസായം

വ്യാവസായികമായി വളരെയധികം പിന്നോക്ക നിൽക്കുന്ന ഒരു പ്രദേശമാണ് പന്തളം തെക്കേക്കര. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ നിലവിലില്ല. സഹകരണമേഖലയിലുള്ള ചില ചെറുകിട വ്യവസായങ്ങളും സ്വകാര്യ മേഖലയിലുള്ള ചില ചെറുകിട വ്യവസായങ്ങളും മത്രമേയുള്ളു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. നമ്മെപ്പോലെയുള്ള പല പഞ്ചായത്തുകളും സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം ഈ രംഗത്ത് വളരെ വലിയ ഒരു കുതിച്ചുചാട്ടം നടത്തിയെങ്കിലും നമുക്ക് അതിനു കഴിഞ്ഞിട്ടില്ല എന്നത് ഒരു ദു:ഖസത്യമാണ്.

രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനം തുടങ്ങിയ ചാപ്രങ്ങാട്ടുമൂല നൂൽനൂൽപ്പു/നെയ്ത്തുശാലയും ഒരിപ്പുറം സോപ്പു നിർമ്മാണ യൂണിറ്റും ഇന്ന് പ്രവർത്തനരഹിതമാണ്. അവ പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. ധാരാളം എള്ളു കൃഷിയുള്ള നമ്മുടെ പഞ്ചായത്തിൽ എണ്ണയുൽപ്പാദിപ്പിച്ച് വിപണനം നടത്താൻ സാധ്യതയുണ്ട്. അതിനുള്ള സംരംഭങ്ങൾ ഉണ്ടാക്കണം. സഹകരണമേഖലയിൽ പാറക്കരയിൽ രണ്ടു പൊടിക്കൽ മിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.

## പട്ടിക

### നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| വ്യവസായം | | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പുരു. | സ്ത്രീ | ആകെ |
| 1. | ക്ഷീരോത്പാദന വിപണനം | 1 + 2 | 4 | 2 | 6 |
| 2. | പൊടിക്കൽ | 6 | 5 | 2 | 7 |
| 3. | കോഴി വളർത്തൽ | 1 | | | 1 |
| 4. | സോഡാ നിർമ്മാണം | 2 | 2 | | 2 |
| 5. | മിനി മെക്കാനിക്കൽ വർക്ക് ഷോപ്പ് | 5 | | | 15 |
| 6. | അറക്കമിൽ | 3 | | | 10 |
| 7. | ഓയിൽമിൽ | 4 | | | 4 |
| 8. | റബർമിൽ | 2 | 6 | 3 | 9 |
| 9. | ഫർണീച്ചർ | 3 | | | 6 |
| 10. | കാപ്പിപ്പൊടി നിർമ്മാണം | 1 | | | 2 |
| 11. | മെറ്റൽ നിർമ്മാണം | 1+1+1 | | 20 | 20 |
| 12. | പ്രിന്റിംഗ് പ്രസ് | 3 | 4 | 3 | 7 |
| 13. | ബേക്കറി | 2 | 4 | | 4 |
| 14. | ഗാർമന്റ് | 1 | | 4 | 4 |
| 15. | മലഞ്ചരക്കു നിപണനം | 1 | 2 | 1 | 3 |
| 16. | സോപ്പ് | 1 | 2 | 1 | 3 |
| 17. | തീപ്പെട്ടി വ്യവസായം (പ്രവർത്തനം തുടങ്ങിയിട്ടില്ല) | 1 | | | |

## പട്ടിക

### പരമ്പരാഗത കുടിൽ വ്യവസായം

| വ്യവസായം | | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികൾ | | |
|---|---|---|---|---|---|
| | | | പുരു. | സ്ത്രീ. | ആകെ |
| 1. | ഈറ്റത്തൊഴിലാളി യൂണിറ്റ് | 1 | 2 | 8 | 10 |
| 2. | പപ്പടക നിർമ്മാണം | 7 | 7 | 7 | 14 |

## പ്രശ്നങ്ങൾ

ജില്ല കേന്ദ്രത്തോട് അടുത്തു കിടക്കുന്നതും വളരെയേറെ വ്യവസായ സാധ്യതയുള്ളതുമായ ഒരു പഞ്ചായത്താണ് പന്തളം തെക്കേക്കര. കൂടാതെ എല്ലാവിധ പച്ചക്കറികളും വെറ്റിലയും ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വില്ലേജുമാണിത്. എന്നാൽ ഇവിടെ വിപണനത്തിനുതകുന്ന കമ്പോളങ്ങളില്ല. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സമീപ പ്രദേശത്തുള്ള പന്തളം, പത്തനംതിട്ട, ഓമല്ലൂർ, പറക്കോട്, കൊടുമൺ മുതലായ ചന്തകളെ ആശ്രയിക്കുന്നു. ഇതിനൊരു പരിഹാരമായി കീരുകുഴി, തോലുഴം ചന്തകൾ വിസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഇന്ധനക്ഷാമം രൂക്ഷമാണ്. ആഹാരം പാകം ചെയ്യാൻ ആൾക്കാർ ഇന്ന് ഗ്യാസിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ പഞ്ചായത്തുമേഖലയിലുള്ള ആൾക്കാർ വർഷങ്ങളായി ശ്രമിച്ചിട്ടും സമീപ പ്രദേശത്തുള്ള ബുക്കിംഗ് കൗണ്ടറുകളിൽ ഗ്യാസ് ബുക്കിംഗിന്റെ ക്വാട്ടായിൽ കിട്ടുന്നില്ല. അതിനാൽ നമ്മുടെ പഞ്ചായത്ത് പരിധിയിൽ തന്നെ ഗ്യാസ് ബുക്കിംഗിനുള്ള ഒരു ഏജൻസിയെ ചുമതലപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ശബരിമല ഹൈവേക്കു സൈഡിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ നടക്കാൻ സാദ്ധ്യതയുള്ളതായി അറിയുന്നു. പഞ്ചായത്തിലുള്ള നൂറ്റുക്കണക്കിന് വാഹനങ്ങൾക്കും ഹൈവേയിൽക്കൂടി കടന്നു പോകുന്ന വാഹനങ്ങളേയും കണക്കിലെടുത്ത് ഹൈവേ സൈഡിൽ ഒരു പെട്രോൾ ബങ്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം.

നാടെങ്ങും റബ്ബർ കൃഷി ഏറിവരുന്ന കാലഘട്ടത്തിൽ പന്തളം തെക്കേക്കര പഞ്ചായത്തിലുള്ള വിശാലമായ വയലേലകളിൽ ഇന്നും കപ്പക്കൃഷി വ്യാപകമാണ്. കൃഷിക്കാർ ഇന്ന് നിലവിലുള്ള കൃഷിച്ചിലവിന്റെ വർദ്ധന കാരണം കപ്പ കൃഷി നിർത്തി വരികയാണ്. കപ്പയ്ക്ക് മെച്ചപ്പെട്ട വില കൊടുത്ത് കൃഷിയെ നിലനിർത്തിയെങ്കിൽ മത്രമേ കൃഷിക്കാർ താത്പര്യം കാട്ടുകയുള്ളു എന്ന് നാം മനസിലാക്കണം. മെച്ചപ്പെട്ട വില കൊടുക്കണമെങ്കിൽ ഒരു വ്യാവസായിക ഉല്പന്നമായി മാറണം. ആയതിനാൽ കപ്പയിൽ നിന്ന് ഉത്പാദിപ്പാക്കാൻ കഴിയുന്ന സ്റ്റാർച്ചിന്റെ അടിസ്ഥാനത്തിലുള്ള വ്യവസായം നമ്മുടെ പഞ്ചായത്തിൽ തുടങ്ങി കപ്പക്കൃഷിയെ രക്ഷിക്കണം.

5. റബ്ബറധിഷ്ഠിത വ്യവസായങ്ങൾ നാട്ടിലെമ്പാടും ഉയർന്നു വരുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ നാട്ടിലും സുലഭമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് ലാഭകരമായി ചെയ്യാൻ കഴിയുന്ന വ്യവസായത്തിന് രൂപം നൽകണം.

6. സുഗന്ധ വ്യഞ്ജനങ്ങളായ കുരുമുളക്, ഏലം, ഇഞ്ചി മുതലായവ സമൃദ്ധിയായി വിളയുന്ന നമ്മുടെ പഞ്ചായത്തിൽ ഇവയുടെ കൃഷി വിപുലീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള സ്പൈസസ് വ്യവസായത്തിനുതകുന്ന വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകുകയും വേണം.

7. പഞ്ചായത്തിന്റേതായ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് രൂപകല്പന നൽകി. ഇന്നു നിലവിലുള്ള വൈദ്യുത സംവിധാനത്തിനു പുറമേ ഡീസൽ പ്ലാന്റ് വൈദ്യുതി കൂടി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി കഴിയുന്നതും വ്യവസായ സ്ഥാപനങ്ങൾ ഒരു മതിൽക്കെട്ടിലാക്കണം.

8. ഖാദി വ്യവസായ യൂണിറ്റുകളുടെ മേൽനോട്ടത്തിൽ നടത്താൻ കഴിയുന്ന എല്ലാ വ്യവസായങ്ങളെയും ഉൾപ്പെടുത്തി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു മൾട്ടി ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിക്കണം.

9. കുറഞ്ഞ സാങ്കേതിക പ്രശ്നങ്ങൾ മാത്രമുള്ള ഇരുമ്പിന്റെയും, ഉരുക്കിന്റെയും അടിസ്ഥാനത്തിലുള്ള ആണി, മുള്ളു കമ്പി, മുതലായവ നിർമ്മിക്കുന്നതിനുള്ള ഒരു വ്യവസായ യൂണിറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ രൂപം നൽകണം.

10. കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമിന്റുകട്ടയും കോൺക്രീറ്റ് കട്ടിളയും, ജനലും നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്ഥാപിക്കണം.

11. ടൂറിസം വ്യവസായ ഭാഗമായി അംഗീകരിച്ചിരിക്കുന്ന കാലഘട്ടത്തിൽ ഹൈവേ കടന്നു പോകുന്ന നമ്മുടെ പഞ്ചായത്തും ടൂറിസം വികസനത്തിന്റെ സാധ്യതകൾ ആരാഞ്ഞ് നമ്മുടെ നാട്ടിൽ നടപ്പാക്കാൻ കഴിയുന്ന ടൂറിസത്തിന്റെ പരിധിയിൽ വരുന്ന വ്യവസായങ്ങൾ നടപ്പാക്കണം.

12. കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനുള്ള ഫാക്ടറികൾ ഉണ്ടാക്കണം.

13. കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ കൃഷി ചെയ്യുന്നതിനുള്ള രൂപരേഖ തയ്യാറാക്കി തൊഴിലില്ലാത്ത വീട്ടമ്മമാരെ അതിനു പരിശീലിപ്പിക്കുകയും അവയുടെ വിപണന സാധ്യത കണ്ടെത്തുകയും വേണം.

14. പഴം, മാങ്ങ, നെല്ലിക്ക, നാരങ്ങ മുതലായവകൊണ്ടുള്ള അച്ചാറുകൾ, ജാമുകൾ എന്നിവ ഉല്പാദിപ്പിക്കുകയും അവ വിപണനം നടത്തുന്നതിനുള്ള നടപടികൾ ഉണ്ടാകുകയും ചെയ്യണം.





# 5.28 ഗതാഗതം

1951 ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ 3 റോഡുകൾ മാത്രമേ പഞ്ചായത്തിലുണ്ടായിരുന്നുള്ളു. അവ ടാർ ചെയ്യപ്പെട്ടിരുന്നില്ല. കഴിഞ്ഞ45വർഷങ്ങൾകൊണ്ട് പഞ്ചായത്തിൽ വന്ന മാറ്റങ്ങൾക്കെല്ലാം അടിസ്ഥാന ഘടകമായി പ്രവർത്തിച്ചത് അന്നുണ്ടായിരുന്ന റോഡുകളും അതിനു ശേഷം നിർമിച്ച റോഡുകളുമാണെന്ന് നിസ്സംശയം പറയാൻ കഴിയും. മിക്ക പഞ്ചായത്തു റോഡുകളുടെയും നിർമാണ പ്രക്രിയകളിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ സംഘടിതമായി പങ്കുകൊള്ളുകയും അത്തരം റോഡുകളുടെ നിർമാണ ജോലികൾ നടത്തി അവ സഞ്ചാരയോഗ്യമാക്കുകയും ചെയ്തിരുന്നു. ഇന്ന് മിക്കവാറും എല്ലാ റോഡുകളുടേയും സ്ഥിതി വളരെ മോശമാണെന്ന സത്യം വിസ്മരിക്കുന്നില്ല. ഈ അവരത്തിൽ തുടർന്നും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തുകൊണ്ടും പ്രാധാന്യമർഹിയ്ക്കുന്ന റോഡു ശൃംഖലയുടെ വ്യാപ്തി വർധിപ്പിക്കുന്നതിനും പഞ്ചായത്തിലെ നിവാസികൾക്ക് കഴിയുന്നത്ര വാഹന ഗതാഗത സൗകര്യങ്ങൾ ലഭ്യമാകുന്നതിനും മാനവ വിഭവശേഷി അവശ്യമായ ഒരു ഘടകമായിരിക്കും.

എൻ.എച്ച്. റോഡുകൾ ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്നില്ല. റെയിൽവേ ഗതാഗത സൗകര്യവും ലഭ്യമല്ല. ഈ പഞ്ചായത്തിൽ ആകെ 32.40 കി.മീ. റോഡ് ടാറിട്ടതും 117.00 കി.മീ. ടാറിടാത്തതുമായിട്ടുണ്ട്. മെറ്റൽ ചെയ്യപ്പെട്ടതും ടാറിടാത്തതുമായ റോഡുകളുടെ ആകെനീളം 3.25 കി.മീറ്റർ വരുന്നു. ഗതാഗതയോഗ്യമായ മൺറോഡുകൾ പരിമിതം. ആകെ വാഹന ഗതാഗതയോഗ്യമായ റോഡുകളുടെ നീളം 32.40 കി.മീ. മാത്രം.

പഞ്ചായത്തിന്റെ ആകെ വിസ്തീർണം19.39ചതുരശ്ര കി.മീ. ആണ്. പഞ്ചായത്തിലെ ജനസംഖ്യ 16526 ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അതിൻ പ്രകാരം വാഹന ഗതാഗത യോഗ്യമായ റോഡ് ഒരു ചതുരശ്ര കിലോമീറ്ററിന്1.65കി.മീറ്റർ മാത്രമാണ്. ഇത് സംസ്ഥാന ശരിയായ 3.2 കി.മീറ്ററിൽ താഴെയാണ്. ആകെ ടാർ ചെയ്ത റോഡിന്റെ നീളം 32.40 കി.മീറ്ററാണെന്ന് മുൻപ് സൂചിപ്പിച്ചു കഴിഞ്ഞു. ആളോഹരി വിഹിതപ്രകാരം ഇത് രണ്ടു മീറ്ററിൽ താഴേയുള്ളു.

റോഡ് ശൃംഖലയുടെ വ്യാപ്തി വർധിപ്പിക്കുകയും അവ സഞ്ചാരയോഗ്യമാക്കി നിലനിർത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതിന് ഈ പഞ്ചായത്തിലെ ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ, ബാങ്കുകൾ, മാർക്കറ്റുകൾ, വായനശാലകൾ, ഗവണ്മെന്റ് സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ആശുപത്രികൾ ഇവയുടെ ഒരു പട്ടിക തന്നെ ധാരാളം.

പഞ്ചായത്തതിർത്തിയിൽ കൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേ (എം.സി. റോഡ്) യുടെ നീളം രണ്ടര കിലോമീറ്റർ മാത്രമാണ്. ബസ് ടെർമിനസ് ഇല്ല. വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ചെറിയ ടൗൺഷിപ്പുകൾ ഉണ്ട്. തോലുഴം, കീരുകുഴി തെക്കേമാമ്മൂട് ഇവ അതിൽപ്പെടുന്നു. റൂട്ടുകളിൽ ബസ് സർവീസുകൾ പരിമിതം. ആയതിനാൽ ഓട്ടോ, ട്രക്കർ, ജീപ്പ്, കാറ് എന്നിവയെ പലപ്പോഴും ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന അടൂർ – പത്തനംതിട്ട റൂട്ട്, അടൂർ – കീരുകുഴി – തുമ്പമൺ വഴി പന്തളം റൂട്ട്, പന്തളം മന്നം നഗർ വഴി കീരുകുഴി റൂട്ട്, കീരുകുഴി തോലുഴം വഴി ചന്ദനപ്പള്ളി റൂട്ട് ഇവയാണ് ബസ് സർവീസുകളുള്ള റൂട്ടുകൾ. പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന അടൂർ – തട്ട – പത്തനംതിട്ട റൂട്ടിലാണ് ഏറ്റവും കൂടുതൽ ബസ് സർവീസ് നിലവിലുള്ളത്. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ നീളം വീതി ഉടമസ്ഥാവകാശം യാത്രാസൗകര്യങ്ങൾ എന്നിവ അനുബന്ധം A1, A2 ൽ പട്ടികയിൽപ്പെടുത്തികാണിച്ചിരിക്കുന്നു.

## ടാർ റോഡുകളുടെ പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

(i) നിലവിലുള്ള ടാറിട്ട റോഡുകളുടെ സ്ഥിതി വളരെ മോശമെന്ന് പറയാം. പല ഭാഗങ്ങളും പൊട്ടിപ്പൊളിഞ്ഞ് വാഹനഗതാഗതം ബുദ്ധിമുട്ടുള്ളതായിത്തീർന്നിരിയ്ക്കുന്നു. അടിയന്തിരമായി അവയുടെ അറ്റകുറ്റപ്പണികൾ നടത്തി വാഹന ഗതാഗതം സുഗമമാക്കണം.

(ii) ചില റോഡുകൾക്ക് ആവശ്യമായ വീതിയില്ലാത്തതു കാരണം വാഹനങ്ങൾക്കും കാൽനടക്കാർക്കും ബുദ്ധിമുട്ടുണ്ടാകുന്നു. റോഡുകൾക്ക് വീതികൂട്ടി പ്രശ്നം പരിഹരിക്കേണ്ടതായിട്ടുണ്ട്.

(iii) മഴക്കാലത്ത് ഓടകളുടെ അഭാവത്താലും നിലവിലുള്ള ഓടകൾ മണ്ണും സിൽറ്റും വന്നടിഞ്ഞു ഉപയോഗ ശൂന്യമായിത്തീരുന്നതിനാലും മഴവെള്ളം റോഡിൽ കൂടി ഒഴികുന്നതിനും റോഡിന് നാശം ഭവിക്കുന്നതിനും കാരണമായിത്തീരുന്നു. ഇന്ന് റോഡുകളെ സംബന്ധിച്ചുള്ള ഏറ്റവും വലിയ പ്രശ്നവും ഇതുതന്നെ. ആവശ്യമായ സ്ഥലങ്ങളിൽ ആർ.ആർ. മെയ്സണ്ടറിയാൽ ഓടകൾ നിർമിക്കുകയും ബൈറൂട്ട് അപ്രോച്ചുകൾ, വീടുകളിലേക്കുള്ള അപ്രോച്ചുകൾ എന്നീ ഭാഗങ്ങളിൽ കോൺക്രീറ്റ് സ്ലാബിട്ട് ഓടകൾ കവർ ചെയ്യുകയും വേണം. ഓടകൾ യഥാസമയം വൃത്തിയാക്കി സൂക്ഷിക്കുകയും ആവശ്യമാണ്.

(iv) റോഡിലെ കൊടും വളവുകൾ അപകടങ്ങൾക്കു കാരണമായിത്തീരുന്നു. ഇത്തരം വളവുകൾ കുറച്ചു കൊണ്ടുവന്നാൽ ഈ പ്രശ്നം പരിഹരിക്കാൻ ഒരളവുവരെ സാധിക്കുന്നതാണ്.

(v) റോഡുകൾക്ക് ഫുട്ട്പാത്തുകൾ ഇല്ലെന്നു പറയാം. ഇതും റോഡപകടങ്ങൾക്ക് കാരണമായിത്തീരുന്നു ടാർ ഭാഗത്തിനു ഇരുവശവും 1 മീറ്റർ വീതിയിൽ ഫുട്പാത്തുണ്ടായിരിക്കേണ്ടതാണ്. ഫുട്ട്പാത്തുകൾ തരപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(vi) നിലവിലുള്ള ടാറിട്ട റോഡുകൾ വീടുകളിലേക്ക് വാട്ടർ സ്പ്ലൈ കണക്ഷൻ എടുക്കുന്നതിനുവേണ്ടി പല സ്ഥലങ്ങളിലും വെട്ടിക്കുഴിക്കുന്നുണ്ട്. അവ വേണ്ട വിധത്തിൽ നികത്തി ടാറിട്ട് പഴയ സ്ഥിതിയിൽ ആക്കാത്തതുകാരണം വാഹന ഗതാഗതം ബുദ്ധിമുട്ടുള്ളതാക്കിത്തീർക്കുന്നു. അപകടത്തിനും ഇത് കാരണമാകുന്നു. ഇവ അപ്പോഴപ്പോൾ പണിചെയ്ത് പൂർവ സ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും ഉണ്ടാകേണ്ടതാണ്.

(vii) കൈയേറപ്പെട്ട റോഡ് പുറമ്പോക്കു ഭൂമി ഒഴിപ്പിക്കുകയും റോഡു സൈഡിലെ സ്ഥിര സ്വഭാവമുള്ള നിർമാ

ണങ്ങൾ ഒഴിവാക്കുകയും, ടാർ ചെയ്യപ്പെട്ട ഭാഗത്തിനോടു ചേർന്നുള്ള ഇലക്ട്രിക്, ടെലഫോൺ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യേണ്ടത് റോഡ് ഗതാഗതം സുഗമമാക്കുന്നതിന് ആവശ്യമാണ്. ഇതിനുള്ള നടപടികളും അടിയന്തിര പ്രാധാന്യമർഹിക്കുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഇത് സഹായകമാകും. ഇത് മറ്റു റോഡുകൾക്കും ബാധകമാക്കേണ്ടതാണ്.

(viii) വാഹന ഗതാഗതം കൂടുതലുള്ള ജംഗ്ഷനുകളിൽ ബസ് സ്റ്റോപ്പുകൾ പാടില്ലാത്തതാകുന്നു. ബസ് സ്റ്റോപ്പുകൾ ജംഗ്ഷനിൽ നിന്ന് കുറഞ്ഞത്50മീറ്ററെങ്കിലും അകലത്തിലായിരിക്കണം. അപകടങ്ങൾ ഒഴിവാക്കുന്നതിന് ഇത്തരമൊരു സംവിധാനം ആവശ്യമാണ്.

(ix) വാഹന ഗതാഗതമുള്ള P.W.D. റോഡുകളിലും മറ്റു ടാറിട്ട റോഡുകളിലും നിലവിലുള്ള കലുങ്കുകൾ, പാലങ്ങൾ ഇവ പരിശോധിക്കേണ്ടതും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയോ ആവശ്യമെങ്കിൽ പുനർ നിർമാണം നടത്തുകയോ ചെയ്യേണ്ടതുമാണ്. പരിശോധനയ്ക്ക് പൊതുമരാമത്ത് വകുപ്പിലെ ഒരു അസിസ്റ്റൻസ് എഞ്ചിനീയറുടെ സഹായം തേടേണ്ടതാണ്.

(x) ടാർ റോഡുകളുടെ ഫില്ലിംഗ് സൈഡുകൾ നാശം അഭിമുഖീകരിയ്ക്കുന്നുണ്ട്. ആയതിനാൽ ഈ ഭാഗങ്ങൾ കരിങ്കൽ സംരക്ഷണ ഭിത്തികൾ നിർമിച്ച് ബലപ്പെടുത്തേണ്ടതാണ്.

റോഡു ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭയിൽ നിന്നുയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദേശങ്ങൾ പരിഗണിയ്ക്കുകയുണ്ടായിട്ടുണ്ട്. അവയെല്ലാം തന്നെ പ്രധാന്യമർഹിക്കുന്നതും നടപ്പിൽ വരുത്തേണ്ടതുമാണെന്നും കാണുന്നു. വിദഗ്ധ സമിതിയുടെ നിർദേശങ്ങളും പഞ്ചായത്ത് അംഗങ്ങളുടെ അഭിപ്രായങ്ങളും ഈ കാര്യത്തിൽ പരിഗണിച്ചിട്ടുണ്ട്.

## 1.2 നിലവിലുള്ള മെറ്റൽ റോഡുകൾ

നിലവിലുള്ള മെറ്റൽ റോഡുകളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധം A3-യിൽ പട്ടികപ്പെടുത്തി ഉൾക്കൊള്ളിച്ചിരിക്കുന്നു. പഞ്ചായത്തിൽ മെറ്റൽ ചെയ്യപ്പെട്ട റോഡുകൾ രണ്ടെണ്ണം മാത്രമാണുള്ളത്. ഒൻപതാം വാർഡിൽ ഗണപതിപ്പടി മുതൽ പറന്തൽ പള്ളിമുക്കു വരെയുള്ള ലിങ്കു റോഡും മൂന്നാം വാർഡിൽ തോട്ടത്തിൽപ്പടി – പുലിവാരത്തിൽപ്പടി റോഡിൽ തോട്ടത്തിൽപ്പടി മുതൽ കോട്ടാശ്ശേരിപ്പടിവരെയുള്ള റോഡുഭാഗവുമാണവ. ഇവയുടെ മൊത്തം നീളം 3.25 കി.മീ. ആണ്.

### പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

മെറ്റലിട്ട ഭാഗം ഇളകിത്തുടങ്ങിയതു കാരണം ഇതുവഴിയുള്ള വാഹനഗതാഗതവും കാൽനടയും ബുദ്ധിമുട്ടായിത്തീർന്നിട്ടുണ്ട്. റോഡ് ടാർ ചെയ്ത് എത്രയും വേഗം വാഹനഗതാഗതയോഗ്യമാക്കണമെന്ന നിർദേശം ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. കൂടാതെ ഓടകൾ ആർ.ആർ. മെയ്സണ്ടറിയിൽ നിർമ്മിക്കുകയും. ബൈറൂട്ട് അപ്രോച്ചുകൾ, വീടുകളിലേക്കുള്ള പ്രവേശന ഭാഗങ്ങൾ എന്നിവിടങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യുകയും വേണം.

## 1.3 നിലവിലുള്ള മൺ റോഡുകൾ

നിലവിലുള്ള പഞ്ചായത്ത് മൺറോഡുകളെ സംബന്ധിച്ച വിവരങ്ങൾ വാർഡടിസ്ഥാനത്തിൽ അനുബന്ധംA4ൽ പട്ടികപ്പെടുത്തി ഉൾക്കൊള്ളിച്ചിരിക്കുന്നു.

### പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

(i) പൊതുവെ മൺറോഡുകളെല്ലാം ശോച്യാവസ്ഥയിലാണ്. ജലനിർഗമനത്തിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതു കാരണം മഴക്കാലത്ത് ഓടയിൽക്കൂടി വരുന്ന വെള്ളം റോഡുകളിൽ കൂടി ഒഴുകുന്നതിനും അങ്ങനെ റോഡുകളിൽ കുഴികൾ രൂപം കൊള്ളുന്നതിനുമിടയാകുന്നു. മിക്ക മൺറോഡുകളിൽക്കൂടെയും വാഹനഗ

താഗതം ഇല്ല. ആയതിനാൽ ഓടകളുടെ നിർമാണം അടിയന്തിരമായി ചെയ്ത് ജലനിർഗമനം സൗകര്യമാക്കിതീർക്കണം. ആവശ്യമായ സ്ഥലങ്ങളിലെല്ലാം ഓടകൾ കോൺക്രീറ്റു സ്ലാബുകളാൽ മൂടുകയും ചെയ്യണം. ഓടകൾ യഥാസമയം വൃത്തിയാക്കുകയും വേണം.

(ii) റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തി റോഡ് വാഹന ഗതാഗതത്തിന് അനുയോജ്യമാക്കിത്തീർക്കണം. ആവശ്യമായ സ്ഥലങ്ങളിൽ റോഡ് സംരക്ഷണ ഭിത്തി നിർമിക്കണം

(iii) അടിയന്തിര സ്വഭാവമുള്ളതും ഏറ്റവും കൂടുതൽ ഗതഗതയോഗ്യമായതുമായ റോഡുകൾ മെറ്റൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(iv) കുത്തിറക്കങ്ങൾ ഉള്ള റോഡു ഭാഗങ്ങൾ വെട്ടി താഴ്ത്തുന്നതിനും വെള്ളശല്യമുള്ള താഴ്ന്ന ഭാഗങ്ങൾ സൈഡ് ഭിത്തികൾ നിർമിച്ച് (കരിങ്കല്ലുപയോഗിച്ച്) മണ്ണിട്ടുയർത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദേശങ്ങളും ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്നിട്ടുണ്ട്. നിർദേശങ്ങൾ പരിഗണിയ്ക്കപ്പെടണം.

(v) റോഡു നിർമാണം മൂലം നീർക്കെട്ടുകളുണ്ടായിട്ടുള്ള പല സ്ഥലങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിലെ നീർക്കെട്ട് ഒഴിവാക്കുന്നതിനുള്ള നിർദേശവും ഉണ്ടായിട്ടുണ്ട്. സൈഡു ഭിത്തികൾ റോഡിന് ഇരുവശവും നിർമിച്ച് ആ ഭാഗങ്ങൾ മണ്ണിട്ട് ഉയർത്തി ഓടകൾ നിർമിച്ചോ ക്രോസ് ഡ്രെയ്നേജ് സംവിധാനം ഏർപ്പെടുത്തിയോ പ്രശ്നം പരിഹരിക്കാവുന്നതാണ്.

(vi) പല റോഡുകൾക്കും ആവശ്യമായ വീതിയില്ലെന്ന പരാതികളും ഉയർന്നു വന്നിട്ടുണ്ട്. അത്തരം റോഡുകൾ വീതി കൂട്ടിവേണം അറ്റകുറ്റപ്പണികൾ നടത്താൻ.

ഓരോ റോഡിനും നിർദേശിക്കപ്പെട്ടിരിക്കുന്ന വികസന പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും അനുബന്ധംA4ൽ അതാതു റോഡിനു നേരേ രേഖപ്പെടുത്തിയിട്ടുണ്ട്.

അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടുന്ന മൺ റോഡുകളുടെ വിവരങ്ങൾ വാർഡടിസ്ഥാനത്തിൽ മുൻഗണനാക്രമമനുസരിച്ചാണ് അനുബന്ധം A4ൽ പട്ടികപ്പെടുത്തിയിരിക്കുന്നത്.

## 1.4 പുതിയ മൺ റോഡുകൾ

പഞ്ചായത്തിലെ പല പ്രദേശങ്ങളും ഗതാഗത സൗകര്യമുള്ളവയല്ല. തന്മൂലം അത്തരം പ്രദേശങ്ങളിലെ നിവാസികൾ ദുരിതങ്ങളനുഭവിക്കുന്നുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പല പുതിയ റോഡുകളും വാർഡടിസ്ഥാനത്തിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം റോഡുകളെ സംബന്ധിച്ച നിർദേശങ്ങൾ വാർഡടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി അനുബന്ധം A5-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇവയുടെ നിർമാണത്തിന് ആവശ്യമായ മാനവശേഷി സമാഹരിക്കാൻ കഴിയുമെന്നുള്ളതു കൊണ്ട് അടിയന്തിരമായി നടപ്പിലാക്കാൻ കഴിയും.

## 1.5 റോഡു ഗതാഗതം സാധ്യമല്ലാത്ത സ്ഥലങ്ങളിലുള്ള ഇടവഴികളും അവയ്ക്കു നടത്തേണ്ട അറ്റകുറ്റപ്പണികളും.

പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും റോഡു ഗതാഗതം തരപ്പെടുത്താൻ സാധ്യമാകാത്ത സ്ഥിതിയുണ്ട്. ആയതിനാൽ അത്തരം പ്രദേശങ്ങളിലെ നിവാസികൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതായി വരുന്നു. പ്രത്യേകിച്ചും അടിയന്തിരമായി രോഗികളെ ആശുപത്രികളിൽ എത്തിയ്ക്കേണ്ട സന്ദർഭങ്ങളിൽ. ഇതിന് പരിഹാരം ആവശ്യപ്പെട്ടു കൊണ്ടുള്ള നിർദേശങ്ങളും പരിഗണനയ്ക്കായി വച്ചിരിക്കുന്നു. നിലവിലുള്ള ഇടവഴികൾ ഓട്ടോ ഗതാഗതമെങ്കിലും സൗകര്യപ്പെടുത്തിക്കിട്ടുന്നതിനാവശ്യമായ വീതികൂട്ടി, അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിച്ചാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിയ്ക്കാൻ കഴിയും. അത്തരം ഇടവഴികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധംA6ൽ വാർഡടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ഉൾക്കൊള്ളിച്ചിരിക്കുന്നു.

## 1.6 റോഡ് വികസനം

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുകയും വിവാദങ്ങൾക്ക് വിഷയമായിത്തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച ശരിയായവിവരങ്ങൾ നമുക്കില്ല. റോഡുകളെ സംബന്ധിച്ച ധാരണകൾ വസ്തു നിഷ്ഠവുമല്ല.

### വിവിധതരം റോഡുകൾ

ചുരുങ്ങിയത് 3 മീറ്റർ വീതിയെങ്കിലുമുള്ള വഴികളെയാണ് റോഡ് എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. ഇവയെ മൂന്നു തരത്തിലായി വിഭജിച്ചിരിക്കുന്നു. ടാർ റോഡ്, മെറ്റൽ റോഡ്, മൺ റോഡ്. ഇവയുടെ ശൃംഖലയെ 'റോഡ് ശൃഖംല' എന്നു വിളിയ്ക്കാം. മിക്ക പദ്ധതികളിലും റോഡുകൾക്ക് പണം അനുവദിക്കുന്നത് അവയുടെ വീതികൂടി കണക്കിലെടുത്തിട്ടാണെന്നതിനാൽ റോഡുകളുടെ വീതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചു കാണുന്നത് നന്നായിരിക്കും. ഈ റിപ്പോർട്ടുകളിൽ റോഡുകളെ സംബന്ധിച്ചുള്ള പട്ടികകളിൽ വീതികൂടിക്കാണിച്ചിരിക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്. ടാർ റോഡിന് ഏറ്റവും കുറഞ്ഞ വീതി 4 മീറ്ററായി നിജപ്പെടുന്നത് നന്നായിരിക്കും. J.R.Y. സ്കീം പ്രകാരം ടാർ ചെയ്യപ്പെടേണ്ട റോഡുകളുടെ നിർദിഷ്ട വീതി കുറച്ച് നിലവിലുള്ള വീതി നിലനിർത്തിക്കൊണ്ട് ടാർ ചെയ്യുന്നതിന് ആവശ്യമായ നിയമഭേദഗതികൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

### റോഡു പട്ടികകൾ

ഈ അവസരത്തിൽ നിലവിലുള്ള റോഡുകളെ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭിക്കുമെന്നുള്ളതുകൊണ്ട് റോഡ് രജിസ്റ്റർ വേണ്ട വിധത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുതുക്കി തയ്യാറാക്കി ഏതവസരത്തിലും പരിശോധിയ്ക്കാവുന്ന ഒരു റഡി റഫറൻസ് ആയി സൂക്ഷിക്കേണ്ടതാണ്. ടാറിട്ട റോഡുകൾക്കും, മെറ്റൽ ചെയ്യപ്പെട്ടവയ്ക്കും, മൺ റോഡുകൾക്കും പ്രത്യേകം പ്രത്യേകം രജിസ്റ്റർ ആവശ്യമാണ്. മെറ്റൽ റോഡുകളും മൺ റോഡുകളും ലക്ഷ്യമിട്ടപണികൾ പൂർത്തീകരിക്കുന്നതിനൊപ്പം ബന്ധപ്പെട്ട രജിസ്റ്ററുകളിലേക്ക് മാറ്റപ്പെടണം. അവ വർഷാവസാനം പുതുക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ പഞ്ചായത്തിന്റെ റോഡു മാപ്പും പ്രത്യേകം പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുകയും പണിതീരുന്ന മുറയ്ക്ക് ബന്ധപ്പെട്ട റോഡു മാപ്പിലേക്ക് മാറ്റപ്പെടുകയും വർഷവസാനം അത്തരം മാപ്പുകൾ പുതുക്കി സൂക്ഷിയ്ക്കുകയും ആവശ്യമാണ്.

റോഡുകളുടെ പട്ടിക തയ്യാറാക്കുമ്പോൾ റോഡിനു നൽകേണ്ട മുൻഗണനാക്രമമനുസരിച്ചാണ് പട്ടിക തയ്യാറാക്കേണ്ടത്. ഓരോ റോഡിനും ഓരോ കോഡ് നമ്പർ ഉണ്ടായിരിക്കണം. കോഡിന് നാലക്കങ്ങൾ ഉണ്ടായിരിക്കണം. ആദ്യത്തെ രണ്ടക്കം വാർഡിനെ കാണിക്കുന്നതും ശേഷിക്കുന്നവ റോഡിന്റെ ക്രമനമ്പർ മുൻഗണനാടിസ്ഥാനത്തിൽ സൂചിപ്പിക്കുന്നവയുമായിരിക്കണം. എന്നാൽ പൊതുവിൽ വരുന്ന ടാർ റോഡുകൾ, മെറ്റൽ റോഡുകൾ ഇവയെ സംബന്ധിച്ച് ഈ നിർദേശം പ്രായോഗികമല്ലെന്നു കരുതുന്നു. മൺ റോഡുകളെ സംബന്ധിച്ചു മാത്രമാണ് കോഡ് നമ്പറിടൽ വാർഡടിസ്ഥാനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

നിലവിലുള്ള റോഡുകളുടെ സമഗ്രമായ പട്ടിക തയാറാക്കുമ്പോൾ താഴെ ചേർക്കുന്ന വിവരങ്ങളാണ് രേഖപ്പെടുത്തുന്നത്.

### പട്ടിക

1. വാർഡ് നമ്പർ
2. കോഡ്
3. പേര് (തുടക്കം, അവസാനം, കടന്നു പോകുന്ന ജംഗ്ഷനുകൾ എന്നിവ കാണിച്ചിരിക്കണം)
4. ദൂരം
5. വീതി
6. ടാർ ചെയ്ത ദൂരം
7. മെറ്റൽ ചെയ്ത ദൂരം

8. മെറ്റൽ ചെയ്യേണ്ടുന്ന ശേഷിക്കുന്ന ദൂരം
9. പാർശ്വ സംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
10. പാർശ്വ സംരക്ഷണ ഭിത്തി ആവശ്യമായ ദൂരം
11. നിലവിലുള്ള കലുങ്കുകളുടെ എണ്ണം
12. ഓവുചാലുകൾ നിലവിലുള്ള ദൂരം
13. ഓവുചാലുകൾ ആവശ്യമായ ദൂരം
14. മെറ്റലിംഗ്/ടാറിംഗ് തുടങ്ങിയ ദിവസം
15. മെറ്റലിംഗ്/ടാറിംഗ് അവസാനിച്ച ദിവസം
16. തലേ വർഷം വരെ റോഡിനു വേണ്ടി ചെലവഴിച്ച തുക (15 വർഷത്തെ കണക്ക്)
17. തന്നാണ്ടിൽ ചെലവഴിച്ച തുക (വർഷംതോറും ഈ പട്ടിക പുതുക്കേണ്ടതാണ്)

ഇതുപോലെ പുതുതായി നിർമിക്കേണ്ട മൺറോഡുകളുടെയും പട്ടിക തയ്യാറാക്കേണ്ടാണ്. (പട്ടിക A5). ഈ പറഞ്ഞ റോഡുകളുടെ കാര്യത്തിലും മുൻപറഞ്ഞ വിവരങ്ങളാണ് രേഖപ്പെടുത്തേണ്ടത്. ഇത് ആവശ്യമായ എല്ലാ സമ്മതപത്രങ്ങളോടും കൂടിയാണ് തയാറാക്കേണ്ടത്. മൺറോഡുകളുടെ നിർമാണം പൂർത്തിയായാൽ അവയുടെ നിർമാണം എന്നു തുടങ്ങി, എന്ന് അവസാനിച്ചു. ചെലവഴിച്ച ഫണ്ട് എത്ര, ലഭ്യമായ മനുഷ്യപ്രയത്ന ദിവസങ്ങളെത്ര, അതുമൂലം ഉണ്ടായ വിഭവസമാഹരണം എന്നിവ രേഖപ്പെടുത്തി A4 പട്ടികയിലേക്ക് മാറ്റേണ്ടതാണ്. അനുബന്ധംA1, A2ൽ അറ്റകുറ്റപ്പണികൾക്കായി നിർദേശിച്ചിട്ടുള്ള എല്ലാ റോഡുകളും എത്രയുംപെട്ടെന്ന് ശരിയാക്കി ഗതാഗതയോഗ്യമാക്കേണ്ടതാണ്. ആവശ്യമായ ഫണ്ടുകൾ ലഭിയ്ക്കുന്നതനുസരിച്ച് പട്ടിക A1, A2, A3 എന്നിവയിൽപ്പെട്ട റോഡുകളുടെ പണികളും പ്രവർത്തനങ്ങളും പട്ടികA4ൽ കൊടുത്തിരിക്കുന്ന മൺറോഡുകളുടെ പണികളും വാർഡടിസ്ഥാനത്തിൽ മുൻഗണനാ പ്രകാരം ചെയ്തു തീർക്കുകയും വേണം.

പുതിയ റോഡുകളെ സംബന്ധിച്ചിടത്തോളം അവയുടെ ഫോർമേഷൻ ജോലികൾ ജനങ്ങളുടെ കൂട്ടായ പ്രയത്നംകൊണ്ട് നിർമിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അവയുടെ മറ്റു പണികൾ A1, A2, A3, A4 - ൽ പട്ടികപ്പെടുത്തിയിട്ടുള്ള റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ശേഷമായിരിക്കണം നടപ്പാക്കേണ്ടത്.

## 3. പരിസ്ഥിതി പ്രശ്നങ്ങളും സാധ്യതകളും

റോഡുകളുടെ നിർമാണം മൂലം മണ്ണൊലിപ്പും നീർക്കെട്ടുമുണ്ടായിട്ടുള്ള പല സ്ഥലങ്ങളും പഞ്ചായത്തിലുണ്ട്. ഇവ അനുബന്ധം A7ൽ കൊടുത്തിരിക്കുന്നു. മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാര നിർദേശവും ഗ്രാമസഭയിൽ നിന്ന് ഉണ്ടായിട്ടുണ്ട്. അത്തരം സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും നിർമിച്ച് ജലനിർഗമനം സാധ്യമാക്കുകയും റോഡു സംരക്ഷണ ഭിത്തികൾ നിർമിച്ച് അത്തരം പ്രദേശങ്ങൾ മണ്ണിട്ട് ഉയർത്തുകയും ചെയ്താൽ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളു.

## 4. ജനപങ്കാളിത്തം

മൺറോഡുകളുടെ നിർമാണത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ നൽകിയ സഹകരണം എത്രമാത്രമായിരുന്നു എന്ന് നമ്മുടെ റോഡു ശൃംഖല പരിശോധിച്ചാൽ മതിയാകും. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമാണം നടത്താൻ കഴിയണം. പഞ്ചായത്തിന്റെ പരിമിതമായ ശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും പരിശോധിച്ചാൽ സുലഭമായ ആൾബലം പ്രയോജനപ്പെടുത്തിയെങ്കിൽ മാത്രമേ നാം ലക്ഷ്യമിടുന്ന വികസന പ്രക്രിയകൾ ആഗ്രഹിക്കുന്ന സമയത്ത് നടപ്പിലാക്കാൻ കഴിയൂ. റോഡുകളുടെ നിർമാണത്തിന് ആകെ വരുന്ന ചെലവിന്റെ30% എങ്കിലും ശ്രമദാനത്തിലൂടെയും സംഭാവനകളിലൂടെയും സ്വരൂപിച്ചേ മതിയാകൂ.

## അനുബന്ധം A1

## പന്തളം തെക്കേക്കര പഞ്ചായത്ത് P.W.D. ടാർ റോഡുകൾ

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം (കി.മീ.) | വീതി മീ. | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 0010 | തോലുഴം (അടൂർ - കൈപ്പട്ടൂർ റോഡു ഭാഗം) | ആനന്ദപ്പള്ളി | 4.300 | 10.00 | ഗതാഗതയോഗ്യം | ഉണ്ട് | ടാർ റോഡു ഭാഗത്തിന്റെ അറ്റകുറ്റപ്പണികൾ, ഫുട്ട്പാത്ത് നിർമാണം. തോലുഴം, വായനശാല, മങ്കുഴി, പോത്രാട് ഭാഗങ്ങളിലെ ഓട നിർമാണം. ഈ ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുകളിട്ട് കവർ ചെയ്യുന്ന പണികൾ, റോഡു സംരക്ഷണ ഭിത്തി നിർമാണം, വായനശാല, പോത്രാട് ഭാഗങ്ങളിലെ പാലങ്ങളുടെ പുതുക്കിപ്പണി, ഉപയോഗ ശൂന്യമായ കൾവർട്ടുകളുടെ പുതുക്കി നിർമിക്കൽ. |
| 2 | 0011 | ആനന്ദപ്പള്ളി (അടൂർ - തുമ്പമൺ റോഡു ഭാഗം) | കീരുകുഴി വായനശാല | 4.600 | 8.00 | ഗതാഗതയോഗ്യം | ഉണ്ട് | റോഡിന്റെ അറ്റകുറ്റപ്പണികൾ, ഫുട്ട്പാത്തു നിർമാണം, കീരുകുഴി, പറപ്പെട്ടി, മാമ്മൂട് ഭാഗങ്ങളിലെ ഓട നിർമാണം അവ കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യുന്ന പണികൾ, ആവശ്യമായ സ്ഥലങ്ങളിലെ റോഡു സംരക്ഷണഭിത്തി നിർമാണം. |
| 3 | 0012 | കുരമ്പാല | കീരുകുഴി | 4.000 | 8.00 | ഗതാഗതയോഗ്യം | ഉണ്ട് | റോഡിനു വീതികൂട്ടൽ, ടാർ വീതി കൂട്ടൽ, ഫുട്ട്പാത്ത് നിർമാണം, ഓട നിർമാണം, ബൈറൂട്ട് അപ്രോച്ചുകൾ, വീടുകളിലേക്കുള്ള അപ്രോച്ചുകൾ എന്നീ ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യൽ, കീരുകുഴി, കുളവള്ളി ഭാഗങ്ങളിലെ പാലങ്ങളുടെ പുനർനിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, കീരുകുഴി കുരിശുംമൂട് ഭാഗത്ത് ഇന്നുള്ള ആല്നില്ക്കുന്ന സ്ഥലത്ത് ഒരു ട്രാഫിക് ഐലന്റ് നിർമിക്കുന്നതിനും പാലത്തിലേക്കുള്ള പ്രവേശനം ആലിന്റെ രണ്ടു വശത്തും കൂടിയാക്കുന്നതിനുള്ള ജോലികൾ തുടങ്ങിയവ. |
| 4 | 0013 | കീരുകുഴി (P.W.D. റോഡ് ഏറ്റെടുക്കുന്നതിനുള്ള നടപടികളിലേക്ക്) | ചന്ദനപ്പള്ളി | 5.000 | 8.00 | ഗതാഗതയോഗ്യം | ഉണ്ട് | ടാർഭാഗത്തിന്റെ അറ്റകുറ്റപ്പണികൾ, ഫുട്പാത്ത് നിർമാണം, ഓട നിർമാണം, ഓടകൾ ആവശ്യമായ സ്ഥലങ്ങളിൽ കോൺക്രീറ്റ് സ്ലാബുപയോഗിച്ചുള്ള കവറിംഗ് പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം ഉപയോഗശൂന്യമായ കൾവർട്ടുകളുടെ പുതുക്കിപ്പണികൾ, തോലുഴം ഭാഗത്തെ പാലത്തിന്റെ പുതുക്കിപ്പണി, തോലുഴം ജംഗ്ഷനും മാർക്കറ്റിനും ഇടയ്ക്കുള്ള റോഡു ഭാഗത്തിന്റെ ഇരുവശത്തുമുള്ള ഓട നിർമാണം, പാലത്തിനും ജംഗ്ഷനുമിടയ്ക്കുള്ള ഭാഗത്തെ റോഡുയർത്തൽ, ഓട കോൺക്രീറ്റ് സ്ലാബ് ഉപയോഗിച്ച് കവർ ചെയ്യൽ കലുങ്കുകളുടെ പുതുക്കൽ, ചപ്പാത്തു നിർമാണം. |

ആകെ നീളം 17.90 കി.മീ.

NB: സ്റ്റേറ്റ് ഹൈവേയിൽ വരുന്ന (എം.സി. റോഡ്) പല്ലാകുഴി ജംഗ്ഷൻ മുതൽ ആലുംമൂട് ജംഗ്ഷൻ ഭാഗം ഉൾകൊള്ളിച്ചിട്ടില്ല)

# അനുബന്ധം A2

## ടാറിട്ട പഞ്ചായത്ത് റോഡുകൾ

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം (കി.മീ.) | വീതി മീ. | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 1010 | കീരുകുഴി വായനശാലാപ്പടി | നരിയാപുരം | 2.200 | 8.00 | ഗതാഗതയോഗ്യം | ഇല്ല | തോമ്പിൽപ്പടി മുതൽ കല്ലുഴത്തിൽപ്പടിവരെയുള്ള ഭാഗം താഴ്ത്തി റീടാർ ചെയ്ത് വാഹന ഗതാഗതസൗകര്യം വർധിപ്പിക്കണം. മറ്റു ഭാഗങ്ങളിലെ അറ്റകുറ്റപ്പണികൾ, ഓടനിർമാണം, ബൈറൂട്ട് അപ്രോച്ചുകൾ, വീടുകളിലേക്കുള്ള അപ്രോച്ചുകൾ എന്നീ ഭാഗങ്ങളിലെ ഓടകൾ ആർ.ആർ. മെയ്സണ്ടറിയാൻ നിർമിച്ച് കോൺക്രീറ്റു സ്ലാബുകളുപയോഗിച്ച് കവർ ചെയ്യൽ. |
| 2 | 1011 | പുലിക്കുളത്തുപടി | നെയ്ത്തുകാരൻപടി | 2.000 | 6.00 | ഗതാഗതയോഗ്യം | ഇല്ല | റോഡിന്റെ റീ-ടാറിംഗ് പണികൾ, ഓടനിർമാണം, അപ്രോച്ച് ഭാഗങ്ങളിലെ ഓടകൾ, കോൺക്രീറ്റു സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യൽ. |
| 3 | 1012 | കിഴക്കേക്കരപ്പടി | പള്ളിമുക്കു റോഡ് | 2.000 | 6.00 | ഗതാഗതയോഗ്യം | ഇല്ല | വീതികൂട്ടൽ, ടാർ ഭാഗത്തിന്റെ വീതികൂട്ടൽ, അറ്റകുറ്റപ്പണികൾ, ഓടനിർമാണം, ബൈറൂട്ട് അപ്രോച്ചുകൾ, വീടുകളിലേക്കുള്ള അപ്രോച്ചുകൾ എന്നീ ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുപയോഗിച്ച് കവർ ചെയ്യൽ. |
| 4 | 1013 | മാമ്മൂട് | പെരുമ്പുളിക്കൽ | 3.500 | 6.00 | ഗതാഗതയോഗ്യം | ഇല്ല | റോഡ് 8 മീറ്റർ വീതിയുള്ളതാക്കണം. റോഡിന്റെ അറ്റകുറ്റപ്പണികൾ, ഓടനിർമാണം, ഫുട്ട്പാത്ത് നിർമാണം, അപ്രോച്ചു ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റു സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യുന്ന ജോലികൾ. |
| 5 | 1014 | വല്ല്യത്തുപടി | കരുവാറ്റാപ്പടി (നിരക്കുംപാറ) | 1.600 | 8.00 | ഗതാഗതയോഗ്യം | ഉണ്ട് | അറ്റകുറ്റപ്പണികൾ, ഫുട്ട്പാത്ത് നിർമാണം, ഓട നിർമാണം, റോഡുകളുടെ സംരക്ഷണഭിത്തി നിർമാണം, ഓടകൾ കോൺക്രീറ്റ് സ്ലാബുകളിട്ട് കവർ ചെയ്യുന്ന ജോലികൾ.. |
| 6 | 1015 | ആരിപൊയ്കപ്പടി (കുഴിയത്തുപടി) | പറന്തൽ കുരിശുംമുട് | 1.700 | 6.00 | ഗതാഗതയോഗ്യം | ഇല്ല | വീതികൂട്ടൽ, അറ്റകുറ്റപ്പണികൾ, ഫുട്ട്പാത്ത് നിർമാണം, ഓട നിർമാണം, കലുങ്ക് നിർമാണം, അപ്രോച്ചു ഭാഗത്തേ ഓടകൾ കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യൽ, റോഡു സംരക്ഷണഭിത്തി നിർമാണം. |
| 7 | 1016 | അയണികൂട്ടം ജംഗ്ഷൻ | പള്ളിമുക്ക് ഹരിജൻ കോളനി | 1.000 | 5.00 | ഗതാഗതയോഗ്യം | ഇല്ല | വീതികൂട്ടി, റീ-ടാറിംഗ്, ഫുട്ട്പാത്ത് നിർമാണം, ഓടനിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അപ്രോച്ചു ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റു സ്ലാബിട്ട് കവർ ചെയ്യൽ. |

ആകെ നീളം 14.50

ആകെ ടാർ റോഡിന്റെ നീളം 14.50 + 17.90 = 32.40 കി.മീ.

## അനുബന്ധം A3

### പന്തളം തെക്കേക്കര പഞ്ചായത്ത് മെറ്റൽ ചെയ്യപ്പെട്ട പഞ്ചായത്തു റോഡുകൾ

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം (കി.മീ.) | വീതി മീ. | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | 1020 | തോട്ടത്തിൽപടി | പുലിവാരത്തിൽപടി | 2.000 | 8.00 | ഗതാഗതയോഗ്യം | ഇല്ല | തോട്ടത്തിൽപടി മുതൽ കോട്ടാശ്ശേരിപടി വരെ മെറ്റൽ ചെയ്തിട്ടുണ്ട്. ബാക്കി ഭാഗം മെറ്റലിംഗ് നടത്തണം. ടാറിംഗ്, ഫുട്ട്പാത്ത് നിർമാണം, ഓട നിർമാണം, ബൈറൂട്ട് അപ്രോച്ചുകൾ, വീടുകളിലേക്കുള്ള അപ്രോച്ചുകൾ എന്നിവിടങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുപയോഗിച്ച് കവർ ചെയ്യൽ തുടങ്ങിയ പണികൾ. |
| 2 | 1021 | പള്ളിമുക്ക | ഗണപതിപടി | 12.500 | 8.00 | ഗതാഗതയോഗ്യം | ഇല്ല | റോഡ് മെറ്റൽ ചെയ്തിട്ടുണ്ട്, ടാറിംഗ്, കലുങ്കു നിർമാണം, ഫുട്ട്പാത്ത് നിർമാണം, ഓട നിർമാണം, അപ്രോച്ചു ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുപയോഗിച്ച് കവർ ചെയ്യൽ. |

ആകെ നീളം 3.25 കി.മീ.

## അനുബന്ധം A4

## പന്തളം തെക്കേക്കര പഞ്ചായത്ത്-നിലവിലുള്ള മൺ റോഡുകളും ആവശ്യമായ വികസന പ്രവർത്തനങ്ങളും

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1 | 0101 | മേച്ചേരിപ്പടി | ഉടയാൻകാവ് | 2.250 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | റോഡു സംരക്ഷണഭിത്തി നിർമാണം മണ്ണിട്ട് റോഡുയർത്താൻ കലുങ്കു നിർമാണം, ഓട നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 2 | 0102 | പനവിളപ്പടി | ഐക്കാട് | 1.000 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | പനവിളപ്പടി പാലത്തിന്റെ പുനർ നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്കു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 3 | 0103 | L.P.S. ജംഗ്ഷൻ | കിഴക്കേക്കരപ്പടി | 1.250 | 6.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്കു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, മണ്ണിട്ട് റോഡുയർത്തൽ, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 4 | 0104 | ഉടയാൻകാവ് | വളത്തുകാട് | 1.000 | 5.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്കു നിർമാണം, ഓട നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 5 | 0105 | വെള്ളേപ്പടി | ചെറുമല മുറ്റം | 0.900 | 6.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷനഭിത്തി നിർമാണം, സോളിംഗ്, മെറ്റലിംഗ് |
| 6 | 0106 | പന്നികുഴിവിളപ്പടി | വട്ടപ്പറമ്പിൽ മുക്ക് | 1.000 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്ക് നിർമാണം, നിലവിലുള്ള കലുങ്കുകളുടെ പുതുക്കിപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ് |
| 7 | 0107 | L.P.S. ജംഗ്ഷൻ | പട്ടോട്ടിൽപടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്കു നിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ, ഓടനിർമാണം |
| 8 | 0108 | പൊങ്ങലടിക്കാലാ | പൊട്ടപ്ലാം മൂട് | 0.500 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | കുത്തിറക്കം കുറയ്ക്കണം, വീതി കൂട്ടണം, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 9 | 0109 | മണിവിളപ്പടി | വെള്ളൂർപ്പടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ചപ്പാത്തു നിർമാണം, കലുങ്കു നിർമാണം, ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 10 | 0110 | കുമരന്റയ്യത്തുപടി | മലനട | 0.800 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | റോഡു സംരക്ഷണഭിത്തി നിർമാണം, ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 11 | 0111 | ഉടയാൻ മുരുപ്പ് | കോളനി റോഡ് | 0.620 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 12 | 0112 | മുകളയ്യത്തുപടി | മഞ്ചേരിപ്പടി | 0.400 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ, ഓട നിർമാണം |
| 13 | 0113 | പ്ലാവിളപ്പടി | കക്കാട്ടു തോണ്ടലിൽപ്പടി | 0.170 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, അറ്റകുറ്റപ്പണികൾ, ഓട നിർമാണം, ചപ്പാത്തു നിർമാണം, |
| 14 | 0114 | മങ്ങാട്ടു കിഴക്കേതിൽപടി | പനവേലിൽപ്പടി | 0.200 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 15 | 0115 | തുമ്പോണത്തു പടി | മുണ്ടിയാങ്ങതിൽപ്പടി | 0.250 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 16 | 0201 | സഹകരണ സംഘം | ഒരിപ്പുറം | 1.000 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓടനിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, നിലവിലുള്ള കലുങ്കിന്റെ പുതുക്കിപ്പണി, മെറ്റലിംഗ്, ടാറിംഗ് |
| 17 | 0202 | വിളവിനാൽപ്പടി | കുന്നംപള്ളിൽപ്പടി | 1.000 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | കലുങ്ക് നിർമാണം, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, റോഡ് മണ്ണിട്ടുയർത്തൽ, ചപ്പാത്തു നിർമ്മാണം, മെറ്റലിംഗ്, ടാറിംഗ് |
| 18 | 0203 | നടുവത്രപ്പടി | ഐക്കരപ്പടി | 0.800 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്കു നിർമാണം, റോഡ് ഉയർത്തൽ, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 19 | 0204 | പനവേലിൽപ്പടി | കല്ലൊഴുത്തിൽപ്പടി | 0.800 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | കലുങ്കു നിർമാണം, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 20 | 0205 | തോപ്പിൽപ്പടി | ചാങ്ങേത്തുപടി വഴി കല്ലൊഴുത്തിൽപ്പടി | 1.400 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, കയറ്റം താഴ്ത്തൽ, റോഡ് മണ്ണിട്ടുയർത്തൽ, മെറ്റലിംഗ്, ടാറിംഗ് |
| 21 | 0206 | കളിയ്ക്കൽപ്പടി | നമ്പോഴിൽപ്പടി | 0.670 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓടനിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 22 | 0207 | പേക്കാവിൻപടി | വടശ്ശേരിപ്പടി | 0.900 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ് |
| 23 | 0208 | കുഴിയൊഴുത്തിൽപ്പടി | ചത്തിയേത്തുപടി | 0.250 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ് |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാ വകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 24 | 0209 | കീരുകുഴി ചന്തമുക്ക് | വാട്ടർ ടാങ്ക് | 0.300 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡ് സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 25 | 0210 | കുരിക്കാട്ടിൽപ്പടി | കാവുള്ളതിൽപ്പടി (നീരൊഴുക്കു തോട്) | 0.210 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡ് സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 26 | 0211 | കോയാട്ടുകുറ്റി | തട്ടാരേത്തുപടി | 0.250 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡ് സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 27 | 0212 | മേമുറിജംഗ്ഷൻ | അടിക്കലേത്തുപടി | 0.200 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുപ്പണികൾ |
| 28 | 0213 | വാട്ടർടാങ്ക് | കുറ്റിയിൽപടി | 0.270 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 29 | 0214 | വിളവിനാൽ പുത്തൻ വീട്ടിൽപ്പടി | ആനക്കുഴിപ്പടി | 0.350 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 30 | 0215 | പേക്കാവിൽപ്പടി | വലിയതോട് | 0.350 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 31 | 0216 | ഐക്കരപ്പടി | വല്ലൂർപടി | 0.450 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, പാലം നിർമാണം (നിലവിലുള്ള കനാൽ ഭാഗത്തെ പാലം പുതുക്കിപ്പണി), റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 32 | 0301 | പോളിടെക്നിക്ക് | പാണ്യൻവിള | 1.000 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, ചപ്പാത്തു നിർമാണം, സൈഡുഭിത്തി നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| 33 | 0302 | കുഴിത്തടത്തിൽപ്പടി | വെള്ളേൽപ്പടി | 0.800 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 34 | 0303 | കന്നിമേൽമുക്ക് | തോണ്ടലിൽപ്പടി | 0.800 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 35 | 0304 | കൊച്ചിരവിളപ്പടി | കണ്ണമംഗലംപടി | 0.325 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 36 | 0305 | മലമുറ്റം | തണ്ണിത്തോട് | 0.700 | 3.60 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| 37 | 0306 | കളീയ്ക്കൽ മുക്ക് | കാവിൻ പുറത്തുപടി | 1.000 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 38 | 0307 | പുല്ലൻ വേലിൽപ്പടി | നെയ്ത്തുകാരൻ പടി | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| 39 | 0308 | കളീയ്ക്കൽ മുക്ക് | പുല്ലൻവേലിൽപ്പടി | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 40 | 0309 | ആര്യപൊയ്ക മുക്ക് | പുഷ്പവിലാസം പടി | 0.610 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 41 | 0310 | കുമ്പഴവിളപ്പടി | ഏലാംതറപ്പടി | 0.500 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 42 | 0311 | കൊച്ചാലുവിളപടി | കേളന്റയ്യത്തുപടി | 0.250 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണി കൾ |
| 43 | 0312 | കീരുകുഴി കുരിശുംമൂട് | കണിച്ചേരികുറ്റി | 0.750 | 3.00 | -- | അല്ല | ഇല്ല | റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് വീതികൂട്ടി അറ്റകുറ്റപ്പണികൾ ചെയ്ത് ടാർ ചെയ്യണം |
| 44 | 0313 | നെയ്ത്തുകാരൻ പടി | കീരുകുഴി | 0.500 | 3.25 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ടാറിംഗ്, മണ്ണിട്ടുയർത്തൽ |
| 45 | 0314 | മാവരക്കോട്ടുപടി | ഞവരയ്ക്കൽപ്പടി | 0.700 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതി കൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, പാലം നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ടാറിംഗ് |
| 46 | 0315 | കിളിക്കാലാപ്പടി | കൊച്ചിരുവിളപ്പടി | 0.950 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |

Items 43, 44, 45 & 46 - പഞ്ചായത്ത് ഏറ്റെടുക്കണം.

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 47 | 0401 | ചന്ദ്രവേലിൽപ്പടി | മങ്കുഴി | 1.200 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | കലുങ്ക് നിർമാണം, ഫുട്ട്പാത്ത് നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, ഓട വ്യത്തിയാക്കൽ |
| 48 | 0402 | പന്തപ്ലാവിളപ്പടി | കലവറപ്പടി | 2.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, സോളിംഗ്, കലുങ്കു നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 49 | 0403 | വേണുഗോപാൽ ക്ഷേത്രം | തോണ്ടലിൽപ്പടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ് |
| 50 | 0404 | കാണിക്കൻപടി | കുളത്തിന്റെ മേലേപ്പടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, റോഡു സംരക്ഷണ ഭിത്തി നിർമാണം |
| 51 | 0405 | ചാങ്ങവീട്ടിൽ കിഴക്കേപ്പടി | ആമ്പാടിപ്പടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ് |
| 52 | 0406 | ചാങ്ങവീട്ടിൽ പടിഞ്ഞാറ്റേതിൽപ്പടി | വരട്ടുചിറ | 1.000 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, കലുങ്കു നിർമാണം, ചപ്പാത്തു നിർമാണം |
| 53 | 0407 | ചാങ്ങവീട്ടിൽ പടിഞ്ഞാറ്റേതിൽപ്പടി | തോമ്പിൽപ്പടി | 1.000 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 54 | 0408 | കിഴക്കേക്കരപ്പടി | കാഞ്ഞിരവിളപ്പടി | 0.800 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 55 | 0409 | പനച്ചവിളപ്പപടി | മങ്കുഴി ജംഗ്ഷൻ | 0.350 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണി, കലുങ്ക് നിർമാണം |
| 56 | 0410 | മുകളയ്യത്തുപടി | മാത്തിൽപ്പടി | 0.250 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 57 | 0411 | പറപ്പെട്ടി | കിഴക്കേവീട്ടിൽപ്പടി | 0.650 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണി, കലുങ്കു നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 58 | 0412 | ചാങ്ങവീട്ടിൽപ്പടി | മേനക്കാലാ | 0.450 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണി, കലുങ്ക് നിർമാണം, റോഡ് സംരക്ഷണ ഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 59 | 0413 | പന്തപ്ലാവിള | നെല്ലിമുകളിൽ | 0.600 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണി, കലുങ്ക് നിർമാണം, റോഡ് സംരക്ഷണ ഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 60 | 0414 | മുകടിയിൽപ്പടി | താഴത്തേതിൽപ്പടി | 0.250 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണി, കലുങ്ക് നിർമാണം, റോഡ് സംരക്ഷണ ഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 61 | 0415 | പോസ്റ്റോഫീസ് | പി.എച്ച്. സെന്റർ | 0.150 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 62 | 0416 | കൃഷ്ണനമ്പലം | വെള്ളാരംപാറ | 0.675 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 63 | 0417 | ശങ്കരമംഗലം | മഠത്തിൽപ്പടി | 0.500 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 64 | 0418 | കിഴക്കേക്കരപ്പടി | ഉടയാൻമുരുപ്പ് | 0.500 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 65 | .0419 | ഉടയാന്റെ വടക്കേതിൽപ്പടി | ചരുവിളപ്പടി | 0.300 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 66 | 0420 | ചരുവിളപ്പടി | കാഞ്ഞിരവിളപ്പടി | 0.500 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം |
| 67 | 0501 | പേരൂർ കിഴക്കേതിൽപ്പടി | നരിയാപുരം കോട്ടയ്ക്കകം സ്കൂൾ | 2.00 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടി 8 മീറ്ററാക്കണം, കോലേരിപ്പടി ഭാഗം (100 മീ.) മണ്ണെടുത്തു മാറ്റി താഴ്ത്തണം. വെള്ളുരയ്യത്തുപടി കല്ലുപാലം ഭാഗം മണ്ണിട്ട് ഉയർത്തണം. റോഡു സംരക്ഷണ ഭിത്തികൾ (500 മീ.) ഈ ഭാഗത്ത് നിർമിക്കണം. പേരൂർ കിഴക്കേതിൽപടി ഭാഗവും (100 മീ.) മണ്ണിട്ടു യർത്തണം. ആ ഭാഗത്തും റോഡു സംരക്ഷണഭിത്തി നിർമിക്കണം, ഫുട്ട്പാത്തുകൾ നിർമിക്കണം, ഓടകൾ നിർമിക്കണം, ബൈറൂട്ട് അപ്രോച്ചുകൾ, വീട്ടിലേക്കുള്ള അപ്രോച്ചുകൾ, എന്നീഭാഗങ്ങൾ ആർ.ആർ. മെയ്സണ്ടറിയിലായിരിക്കണം നിർമിക്കേണ്ടത്. ഈ ഭാഗങ്ങളിലെ ഓടകൾ കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ച് കവർ ചെയ്യണം. പേരൂർ കിഴക്കേതിൽപ്പടി മെയിൻ റോഡുമായി ബന്ധിക്കുന്ന ഭാഗം വീതികൂട്ടി |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | കോൺക്രീറ്റ് ചെയ്തെങ്കിൽ മാത്രമേ റോഡു ഭാഗം സംരക്ഷിയ്ക്കാൻ കഴിയും. വെള്ളൂർ പടിയ്ക്കു വടക്ക് ഭാഗത്തുള്ള കലുങ്ക് ആവശ്യമുള്ള ഉൾവ്യാപ്തിയോടുകൂടി പുതുക്കി പണിയണം. മെറ്റലിംഗ്, ടാറിംഗ് എന്നീ പണികൾ നടത്തി റോഡ് ബസ് സർവീസിന് ഉപയുക്തമാക്കണം. |
| 68 | 0502 | താമരവേലിൽപ്പടി | ആര്യാട്ടുപടി | 2.000 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, പാലം നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| 69 | 0503 | ഒരിപ്പുറം | മണവത്തുപടി | 1.000 | 4.00 to 6.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, സോളിംഗ്, മെറ്റലിംഗ് |
| 70 | 0504 | മീനത്തേപ്പടി | വായനശാല | 1.200 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ശേഷിക്കുന്ന ഭാഗത്തേ വീതികൂട്ടൽ, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 71 | 0505 | തലാപ്പിൻപ്പടി | അരീക്കരപടി | 1.000 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 72 | 0506 | പനപ്പള്ളിൽപടി | കളീയ്ക്കൽപ്പടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, അറ്റകുറ്റപ്പണികൾ |
| 73 | 0507 | മരോട്ടിവിളപ്പടി | കോതേത്തുപടി | 1.100 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 74 | 0508 | മണവത്തുപടി | ദേവരുകുന്നിൽ വഴി വഞ്ചി | 0.750 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 75 | 0509 | ഇലവിനാൽപ്പടി | ചരിയത്തുപടി | 0.450 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 76 | 0510 | കണ്ണനൂർപ്പടി | വെള്ളൂരയ്യത്തുപടി | 0.700 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, അറ്റകുറ്റപ്പണികൾ |
| 77 | 0511 | ചന്ദ്രവേലിൽപ്പടി | കൊല്ലന്റെപടി | 0.550 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡ് സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 78 | 0512 | പാലയ്ക്കൽപ്പടി (പറമ്പത്തേതുപടി) | നെടുമ്പ്രത്തുപടി | 0.750 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം. അറ്റകുറ്റപ്പണികൾ |
| 79 | 0513 | ചന്ദ്രവേലിൽ പടിഞ്ഞാറ്റേതിൽപ്പടി (ഏലാ മുഖം) | താമരവേലിൽപ്പടി | 0.250 | 2.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡ് സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 80 | 0601 | കനകവിലാസം | രണ്ടാലുംമൂട് | 2.000 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 81 | 0602 | ചെറുലയ്യം | മോസ്കോ മുക്ക് | 1.000 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, മണ്ണിട്ടുയർത്തൽ, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ്, |
| 82 | 0603 | ചാരുവിളപ്പടി | ഉടയാന്റെ തെക്കേതിൽപടി | 0.400 | 6.00 | പഞ്ചായത്ത് | അല്ല | ഇല്ല | കയറ്റം താഴ്ത്തൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 83 | 0604 | കാരൂർപ്പടി | ഉടയാന്റെ തെക്കേതിൽപടി | 1.800 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കയറ്റം താഴ്ത്തൽ, ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, സോളിംഗ്, മെറ്റലിംഗ് |
| 84 | 0605 | ശങ്കരമംഗലം | മേനത്തുപടി | 1.100 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, സോളിംഗ്, മെറ്റലിംഗ് |
| 85 | 0606 | ആനിടേത്ത് കിഴക്കേതിൽപ്പടി | ഏലേതിൽപ്പടി | 2.000 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കയറ്റം താഴ്ത്തൽ, ഓട നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 86 | 0607 | ചാമക്കാലാപ്പടി | കാഞ്ഞിരവിളപ്പടി | 1.400 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | കയറ്റം താഴ്ത്തൽ, റോഡു സംരക്ഷണഭിത്തി നിർമാണം, ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 87 | 0608 | കുളത്തിൽകരോട്ട്പടി | മുരുപ്പേൽപ്പടി | 1.800 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കയറ്റംതാഴ്ത്തൽ, റോഡു സംരക്ഷണഭിത്തി നിർമാണം, റോഡ് മണ്ണിട്ടുയർത്തൽ, ഓട നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 88 | 0609 | താനുവേലിൽപ്പടി | കുറവൻചിറപ്പടി | 0.660 | 3.70 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കയറ്റംതാഴ്ത്തൽ, കലുങ്ക് നിർമാണം, റോഡു സംരക്ഷണ ഭിത്തി നിർമാണം, ഓട നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 89 | 0610 | വള്ളിപ്പറമ്പിൽപ്പടി | വെട്ടോന്റയ്യത്തുപടി | 0.700 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓടനിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 90 | 0611 | ചാമക്കാലാപ്പടി | കലതിവിള ലക്ഷംവീട് കോളനി | 0.800 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 91 | 0612 | തെക്കടത്തുപടി | മരുപ്പേൽപ്പടി | 0.350 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 92 | 0613 | പെരുവിളപ്പടി | തോണ്ടലിൽപ്പടി | 0.250 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 93 | 0614 | ഉടയാന്റെ തെക്കേതിൽപ്പടി | കലതിവിളപ്പടി | 0.300 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കയറ്റംതാഴ്ത്തൽ, ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 94 | 0615 | എസ്.എൻ.ഡി.പി ജംഗ്ഷൻ | പുതുപ്പറമ്പിൽപ്പടി | 0.800 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്ക് നിർമാണം, ഓട നിർമാണം,റോഡു സംരക്ഷണ ഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 95 | 0616 | പൊന്നും തോട്ടത്തിൽപ്പടി | പുതുമംഗലം ഏല | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 96 | 0701 | മാവിളപ്പടി | രണ്ടാലുംമൂട് | 4.000 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികുറഞ്ഞ ഭാഗം വീതികൂട്ടണം, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, കനാൽ ഭാഗത്തെ കോൺക്രീറ്റ് സ്ലാബ് കവറിംഗ്, സൈഡ് പിച്ചിംഗ്, കലുങ്കു നിർമാണം, ചപ്പാത്തു നിർമാണം |
| 97 | 0702 | പള്ളിമുക്ക് | കരിംതകരവിള | 2.000 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, പാലം നിർമാണം, കയറ്റം കുറയ്ക്കൽ, മെറ്റലിംഗ്, ടാറിംഗ് |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാ വകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 98 | 0703 | മാമ്മൂട് | പോത്രാട് | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്കു നിർമാണം, പാലം നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 99 | 0704 | ആനന്ദപ്പള്ളി | ചെന്നായ്ക്കുന്ന് പോത്രാട് | 2.000 | 6.00 | പഞ്ചായത്ത് | അല്ല | ഇല്ല | കയറ്റം കുറയ്ക്കൽ, റോഡു സംരക്ഷണഭിത്തി നിർമാണം, ഓട നിർമാണം, കലുങ്ക് നിർമാണം, മെറ്റലിംഗ്, ടാറിംഗ് |
| 100 | 0705 | ആനന്ദപ്പള്ളി | കനാൽ ഭാഗം | 0.360 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | അറ്റകുറ്റപ്പണികൾ, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, കനാൽ ഭാഗത്ത് പാലം നിർമിക്കൽ |
| 101 | 0706 | എസ്.വി.എച്ച്.എസ് ജംഗ്ഷൻ | പുല്ലംവിളപ്പടി | 1.000 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | കയറ്റംതാഴ്ത്തൽ, വീതികൂട്ടൽ, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്ക് നിർമാണം |
| 102 | 0707 | കൊച്ചുവിളമുക്ക് | മുട്ടയ്ക്കോട്ട് മുക്ക് | 1.000 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം |
| 103 | 0708 | S.V.H.S. ജംഗ്ഷൻ | മേനേത്തുപടി | 1.100 | 4.50 | പഞ്ചായത്ത് | അല്ല | ഇല്ല | കയറ്റം കുറയ്ക്കൽ, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, കലുങ്കു നിർമാണം, സോളിംഗ്, മെറ്റലിംഗ്, പാലം നിർമാണം (2) |
| 104 | 0709 | ശ്രീനിലയംപടി | പാലനില്ക്കുന്നതിൽ | 0.450 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, അറ്റകുറ്റപ്പണികൾ, റോഡു സംരക്ഷണഭിത്തി നിർമാണം |
| 105 | 0710 | മുടപ്പള്ളിമുക്ക് | തിരുവിനാൽപ്പടി | 0.500 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, അറ്റകുറ്റപ്പണികൾ |
| 106 | 0711 | കുറവൻചിറപ്പടി | തടത്തിൽപ്പടി | 0.300 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 107 | 0712 | എസ്.വി.എച്ച്.എസ് | താളിയാട്ട് | 0.750 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, അറ്റകുറ്റപ്പണികൾ |
| 108 | 0801 | പാലവിളചന്ത | പോളിടെക്നിക്ക് | 0.730 | 4.30 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, മെറ്റലിംഗ്, ടാറിംഗ്, ചപ്പാത്തു നിർമാണം |
| 109 | 0802 | പമ്പേന്റയ്യത്ത് | കാക്കവർക്കിപ്പടി | 1.600 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, ടാറിംഗ് |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 110 | 0803 | കിണറുവിളപ്പടി | പെരുമ്പുളിക്കൽ മാവര പുഞ്ച | 1.000 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, പാലം നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, മെറ്റലിംഗ് |
| 111 | 0804 | ടാഗോർ വായനശാല മുക്ക് | മാവര പുഞ്ച | 1.200 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട, കലുങ്ക്, റോഡു സംരക്ഷണഭിത്തി, ചപ്പാത്ത് എന്നിവയുടെ നിർമാണം, മെറ്റലിംഗ് |
| 112 | 0805 | കുഴിവിളമുക്ക് | പുഞ്ചറോഡ് | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട, കലുങ്ക്, റോഡു സംരക്ഷണഭിത്തി, ചപ്പാത്തു എന്നിവയുടെ നിർമാണം, മെറ്റലിംഗ് |
| 113 | 0806 | പാലവിള ചന്ത | പുഞ്ചറോഡ് | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട, കലുങ്ക്, റോഡു സംരക്ഷണഭിത്തി, ചപ്പാത്തു എന്നിവയുടെ നിർമാണം, മെറ്റലിംഗ് |
| 114 | 0807 | കുളവള്ളി | പെരുമ്പുളിക്കൽ | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ, ചപ്പാത്തു നിർമാണം |
| 115 | 0808 | ടാഗോർ വായനശാല | ദേവരു ക്ഷേത്രം | 0.680 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 116 | 0809 | പുലിയംമഠം | പുഞ്ച | 0.670 | 3.20 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 117 | 0810 | നരിയാരത്തുപടി | പുഞ്ച | 0.700 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 118 | 0811 | പാലവിള ചന്ത | ഐത്തിട്ട | 0.400 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 119 | 0812 | കിടങ്ങിൽപ്പടി | അരീക്കരചിറ പോളിടെക്നിക്ക് | 0.400 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 120 | 0813 | ടാഗോർ വായനശാല | തെക്കുംപുറം ഏലാ | 0.150 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 121 | 0814 | കളിയ്ക്കൽപ്പടി | വരിക്കോലിൽപ്പടി | 0.500 | 3.50 | പഞ്ചാത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 122 | 0815 | തടത്തിൽപ്പടി | പുലയരുടയ്യത്തു പടി | 0.170 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 123 | 0816 | ടാഗോർ വായനശാല | തറയിൽ കുളം | 0.170 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 124 | 0817 | മാന്തോട്ടത്തിൽപ്പടി | താമരയ്യത്തുപടി | 0.225 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 125 | 0818 | പന്നിവിഴേത്ത് പടി | ലക്ഷംവീട് കോളനി | 0.750 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 126 | 0819 | കണ്ടാലേത്തുപടി | ലക്ഷംവീട് | 0.200 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 127 | 0820 | ദേവരുക്ഷേത്രം | പവ്വത്തുമല | 0.600 | 5.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 128 | 0821 | പന്നിവിഴേത്തുപടി | കല്ലേലിൽപ്പടി | 0.320 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 129 | 0822 | തെക്കേമോടിയത്ത് പടി | വല്യത്തുപടി ഐത്തിട്ട ഏലാ | 0.400 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 130 | 0823 | കല്ലേലിൽപ്പടി | ചൂരയ്ക്കൽ കുളം | 0.500 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 131 | 0824 | പോളിടെക്നിക്ക് മുക്ക് | ഏല്ലൂർ ഏലാ | 0.200 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 132 | 0825 | കുഴിവിളമുക്ക് | ഏലാറോഡ് | 0.170 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 133 | 0826 | കിഴക്കേ വാഴപ്പള്ളിൽപ്പടി | ശ്രീരംഗംപടി | 0.350 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാവകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 134 | 0827 | പനച്ചയ്ക്കൽപ്പടി | കാരാണ്മ റോഡ് | | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 135 | 0901 | കുഴിയത്തുപടി | പറന്തൽ | 1.610 | 6.00 | പഞ്ചായത്ത് | അല്ല | ഇല്ല | കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ടാറിംഗ് പണികൾ |
| 136 | 0902 | പറന്തൽ പള്ളിമുക്ക് | അരയശ്ശേരിപ്പടി | 1.000 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം |
| 137 | 0903 | തേവരേത്തുപടി | തേവരുവിളപ്പടി | 1.500 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമ്മാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, റോഡു സംരക്ഷണഭിത്തി നിർമാണം, മണ്ണിട്ടുയർത്തൽ, കലുങ്കു നിർമാണം |
| 138 | 0905 | പള്ളിമുക്ക് | കാഞ്ഞിരവിളപ്പടി | 1.250 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, വീതികൂട്ടൽ, സംരക്ഷണഭിത്തി നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| 139 | 0905 | പറന്തൽചിറ | കല്ല്യാണിക്കൽ | 1.500 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | വീതികൂട്ടൽ, ഓട നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, കയറ്റം കുറയ്ക്കണം, ചപ്പാത്തു നിർമാണം |
| 140 | 0906 | കരിംതകരവിള | നിരക്കുംപാറ | 2.000 | 8.00 | പഞ്ചായത്ത് | അല്ല | ഇല്ല | കലുങ്കു നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, മണ്ണിട്ടുയർത്തൽ, ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്, ചപ്പാത്തു നിർമാണം |
| 141 | 0907 | വല്ല്യത്തുപടി | നിലവറേത്തുപടി | 1.000 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, വീതികൂട്ടൽ, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് |
| 142 | 0908 | കുഴിവിളമുക്ക് | എം.സി. റോഡ് | 1.00 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, സോളിംഗ്, മെറ്റലിംഗ്, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ടാറിംഗ് |
| 143 | 0909 | ആലുംമൂട്ടിൽപ്പടി | പൊന്നുംതോട്ടത്തിൽ | 0.700 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, ചപ്പാത്തു നിർമാണം, ടാറിംഗ് |
| 144 | 0910 | ആലുംമൂട്ടിൽപ്പടി. | തെക്കേപ്പുറം ഏല | 0.800 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്കു നിർമാണം, ചപ്പാത്തു നിർമാണം, ടാറിംഗ് |
| 145 | 0911 | ആലുംമൂട്ടിൽ | തേവരുവിള റോഡ് | 1.700 | 4.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്കു നിർമാണം, ചപ്പാത്തു നിർമാണം, ടാറിംഗ് |
| 146 | 0912 | സൊസൈറ്റിപ്പടി | പഞ്ചായത്തതിർത്തി | 0.275 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| 147 | 0913 | ആലുംമൂട്ടിൽപ്പടി | ഏലാംതോട്ടം | 0.500 | 3.50 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |

| ക്രമ നമ്പർ | കോഡ് നമ്പർ | തുടക്കം | അവസാനം | നീളം കി.മീ. | വീതി മീ. | ഉടമസ്ഥാ വകാശം | ഗതാഗത യോഗ്യമാണോ | ബസ് സർവീസ് ഉണ്ടോ | നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 148 | 0914 | സൊസൈറ്റിപ്പടി | കല്ല്യാണിക്കൽ ജംഗ്ഷൻ | 0.350 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, ചപ്പാത്തു നിർമാണം, അറ്റകുറ്റപ്പണികൾ |
| 149 | 0915 | മൂപ്പേലിൽ തെക്കേതിൽപ്പടി | ഐത്തിട്ട വരമ്പ് | 0.200 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, കലുങ്ക് നിർമാണം, റോഡു സംരക്ഷണഭിത്തി നിർമാണം, അറ്റകുറ്റപ്പണികൾ |
| 150 | 0916 | കൊച്ചുതുണ്ടിൽ പ്പടി | നിരപ്പുതുണ്ടിൽ പ്പടി | 0.200 | 3.00 | പഞ്ചായത്ത് | അല്ല | ഇല്ല | ഓട നിർമാണം, അറ്റകുറ്റപ്പണികൾ |
| | 6 | വെള്ളേൽപടി | | 1 | | | |
| | 7 | കൂനാണ്ടിൽ ഭാഗം | | 1 | | | |
| | 8 | കുഴിത്തടത്തിൽപടി | | 1 | | | |
| | 9 | തോട്ടത്തിൽപടി | | 1 | | | |
| | 10 | കാവും പുറത്തു ഭാഗം | | 1 | | | |
| | 11 | കണിച്ചേരികുറ്റി | | 1 | | | |
| | 12 | പാലവിളയിൽ പടി | | 1 | | | |
| | 13 | കുഴിത്തടത്തിൽപടി | | 1 | | | |
| | 14 | വേലൻ പറമ്പിൽപടി | | 1 | | | |
| | 15 | മുകളേത്തു പടി - തുണ്ടിൽപടി ജംഗ്ഷൻ | | 1 | | 10 | |
| | | റോഡു ഭാഗം | | | | | |
| | 16 | കുഴിത്തടത്തിൽ പടി - വെള്ളേൽ പടി | | | 4 | | |
| | 17 | തോട്ടത്തിൽ പടി - കലവറ പടി | | | 14 | | |
| | 18 | കാവും പുറത്തു ഭാഗം | | | 10 | | |
| | 19 | കണിച്ചേരികുറ്റി - പാലവിളയിൽ പടി | | | 4 | | |
| | 20 | കണിച്ചേരികുറ്റി - കുഴിത്തടത്തിൽപടി | | | 4 | | |
| | 21 | വേലൻപറമ്പിൽ കോളനി ഭാഗം | | | 2 | | |
| | 22 | കാവിന്റടിവശം - രാമവിലാസം | | | 8 | | |
| | 23 | ചാത്തന്നൂർപടി - കൂനാണ്ടിൽപടി | | | 8 | | |
| | 24 | കുറ്റിയിൽപടി - കുഴിയത്തുപടി | | | 4 | | |
| | 25 | തോട്ടത്തിൽപടി - കോട്ടാശ്ശേരിപടി | | | 14 | | |
| | 26 | മുല്ലശ്ശേരിപടി - ചെട്ടിയാവീട്ടിൽ പടി | | | 2 | | |
| | 27 | വല്ലഭത്തിനാൽ - അശ്വതിഭവൻ പടി | | | 1 | | |
| | 28 | കിളിക്കാലാപടി | | | 1 | | |

| വാർഡ് നമ്പർ | ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യമായ സ്ഥലം | സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബ് ലൈറ്റുകൾ | ബ്രാക്കറ്റ് ലൈറ്റുകൾ | ആകെ എണ്ണം ഐറ്റം തിരിച്ച് | ആകെ എണ്ണം |
|---|---|---|---|---|---|---|---|
| | 29 | കൊച്ചുവീട്ടിൽ പടി | | | 1 | 77 | 92 |
| IV | 1 | പഞ്ചായത്താഫീസ് പടി | 1 | | | | |
| | 2 | മങ്കുഴി എച്ച്.എസ്. പടി | 1 | | | | |
| | 3 | മാമൂട് കിഴക്കേക്കരപടി | 1 | | | | |
| | 4 | വരട്ടുചിറ | 1 | | | | |
| | 5 | സായികൃഷ്ണാ തിയേറ്റർപടി | 1 | | 5 | | |
| | 6 | വില്ലേജാഫീസ് പടി | | 1 | | | |
| | 7 | ചന്ദ്രവേലിൽ പടി | | 1 | | | |
| | 8 | മങ്കുഴി പനച്ചവിളപ്പടി | | 1 | | | |
| | 9 | ചാങ്ങവീട്ടിൽപടി | | 1 | | | |
| | 10 | നല്ലൂർ കിഴക്കേതിൽ പടി | | 1 | | | |
| | 11 | മാർത്താണ്ഡൻ കാലാപടി | | 1 | | | |
| | 12 | കാരയ്ക്കാട്ടേത്തുപടി | | 1 | | | |
| | 13 | പന്തപ്ലാവിളപടി | | 1 | | | |
| | 14 | ഉടയാന്റെ തെക്കേതിൽപടി | | 1 | | | |
| | 15 | കുളത്തിന്റെ മേലേപടി റോഡു ഭാഗം | | 1 | | 10 | |
| | 16 | ചാങ്ങവീട്ടിൽ പടി – തോമ്പിൽ പടി | | | 10 | | |
| | 17 | പാണ്യേത്തുപടി – കലവറപടി | | | 10 | | |
| | 18 | ഉടയാന്റെ കിഴക്കേപടി – മലയുടെ തെക്കേപടി | | | 5 | | |
| | 19 | തെങ്ങുവിളപടി – തൈതോണ്ടലിൽ പടി | | | 3 | | |
| | 20 | മങ്കുഴി – തച്ചലക്കാട് കാവ് | | | 5 | | |
| | 21 | പറപ്പെട്ടി അയ്യപ്പക്ഷേത്രം – പട്ടികജാതി കോളനി | | | 11 | 44 | 59 |

| വാർഡ് നമ്പർ | ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യ മായ സ്ഥലം | സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബ് ലൈറ്റുകൾ | ബ്രാക്കറ്റ് ലൈറ്റുകൾ | ആകെ എണ്ണം ഐറ്റം തിരിച്ച് | ആകെ എണ്ണം |
|---|---|---|---|---|---|---|---|
| V | 1 | ഒരിപ്പുറത്ത് | 1 | | | | |
| | 2 | വായനശാല | 1 | | | | |
| | 3 | തോമ്പിൽപടി | 1 | | | | |
| | 4 | മണവത്തുപടി | 1 | | | | |
| | 5 | ആര്യാട്ടുപടി | 1 | | 5 | | |
| | 6 | മീനത്തേപടി | | 1 | | | |
| | 7 | താമരവേലിൽ പടി | | 1 | | | |
| | 8 | കുഴിക്കാട്ട് കോളനി | | 1 | | | |
| | 9 | തേവർകുന്ന് | | 1 | | | |
| | 10 | പെരുമ്പ്രാൽ പടി | | 1 | | | |
| | 11 | കുമ്പഴകുറ്റി | | 1 | | | |
| | 12 | പേരൂർ കിഴക്കേതിൽപടി | | 1 | | | |
| | 13 | മണ്ടാണിയ്ക്കൽ പടി | | 1 | | | |
| | 14 | നെടുമ്പ്രത്തു പടി | | 1 | | | |
| | 15 | കോരോത്തുപടി | | 1 | | 10 | |
| | | റോഡു ഭാഗം | | | | | |
| | 16 | ഒരിപ്പുറത്ത് – മണവത്തുപടി | | | 6 | | |
| | 17 | ഒരിപ്പുറത്ത് – കല്ലുപാലം | | | 6 | | |
| | 18 | ഇലവിനാൽപടി – ചരിയത്തുപടി | | | 4 | | |
| | 19 | മണവത്തുപടി – തേവർകുന്ന് | | | 3 | | |
| | 20 | തോമ്പിൽ പടി – ആര്യാട്ടുപടി | | | 9 | | |
| | 21 | തേക്കിനാൽകുറ്റി – കലതിവിള | | | 5 | | |
| | 22 | താമരവേലിൽപടി – ആര്യാട്ടുപടി | | | 9 | | |
| | 23 | പനപ്പള്ളിപടി – പഴുക്കാലികുറ്റി | | | 2 | | |
| | 24 | താമരവേലിൽപടി – കൊല്ലന്റെപടി | | | 4 | | |

| വാർഡ് നമ്പർ | ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യ മായ സ്ഥലം | സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബ് ലൈറ്റുകൾ | ബ്രാക്കറ്റ് ലൈറ്റുകൾ | ആകെ എണ്ണം ഐറ്റം തിരിച്ച് | ആകെ എണ്ണം |
|---|---|---|---|---|---|---|---|
| | 25 | പറമ്പത്തേത്തുപടി – നെടുമ്പ്രത്തുപടി | | | 9 | 54 | 69 |
| VI | 1 | ആലുംകീഴ് ജംഗ്ഷൻ | 1 | | | | |
| | 2 | ചെറുതിട്ടപ്പടി | 1 | | | | |
| | 3 | ചാമക്കാലാപടി | 1 | | | | |
| | 4 | കുറവഞ്ചിറപ്പടി | 1 | | | | |
| | 5 | പൊന്നുന്തോട്ടത്തിൽപ്പടി | 1 | | 5 | | |
| | 6 | അമ്പാട്ടുപടി | | 1 | | | |
| | 7 | കാവുങ്കൽപ്പടി | | 1 | | | |
| | 8 | S.N.D.P. ജംഗ്ഷൻ | | 1 | | | |
| | 9 | കലതിവിളപ്പടി | | 1 | | | |
| | 10 | മുരുപ്പേൽ കോളനി | | 1 | | | |
| | 11 | കണ്ടാളന്തറ കോളനി ഭാഗം | | 1 | | | |
| | 12 | മുരുപ്പേൽ കോളനി | | 1 | | | |
| | 13 | ചെറീലയ്യം | | 1 | | | |
| | 14 | കാഞ്ഞിരന്തുണ്ടിൽപടി | | 1 | | | |
| | 15 | കാരൂർ പടി | | 1 | | 10 | |
| | | റോഡുഭാഗം | | | | | |
| | 16 | കണ്ടാളന്തറ ഹരിജൻ കോളനി ഭാഗം | | | 1 | | |
| | 17 | തെക്കടത്തുപടി – മുരുപ്പേൽപടി | | | 2 | | |
| | 18 | ചെറീലയ്യം – പാലയ്ക്കൽപ്പടി | | | 2 | | |
| | 19 | കാഞ്ഞിരന്തുണ്ടിൽ പടി – കാഞ്ഞിരവിളപ്പടി | | | 4 | | |
| | 20 | ചരുവിളപ്പടി – പാണ്ഡർ വിള | | | 5 | | |
| | 21 | കുറവൻഞ്ചിറപ്പടി – താനുവേലിൽപ്പടി | | | 4 | | |
| | 22 | കാരൂർപ്പടി – മുണ്ടുവേലിൽപടി | | | 5 | | |

| വാർഡ് നമ്പർ | ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യ മായ സ്ഥലം | സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബ് ലൈറ്റുകൾ | ബ്രാക്കറ്റ് ലൈറ്റുകൾ | ആകെ എണ്ണം ഐറ്റം തിരിച്ച് | ആകെ എണ്ണം |
|---|---|---|---|---|---|---|---|
| | 23 | പറന്തൽപ്പടി - കനകവിലാസം പടി | | | 22 | | |
| | 24 | താമരവേലിൽ പടി - ചാമക്കാലാപടി | | | 3 | 63 | 78 |
| VII | 1 | മാമ്മൂട് | 1 | | | | |
| | 2 | രണ്ടാലുംമൂട് | 1 | | | | |
| | 3 | ചെന്നായ്ക്കുന്ന് | 1 | | | | |
| | 4 | വല്യത്തുപടി - നിരക്കുംപാറ | 1 | | | | |
| | 5 | വല്യത്തുപടി (കനാൽപടി) | 1 | | | | |
| | 6 | ആനന്ദപ്പള്ളി - ചെന്നായ്ക്കുന്ന് | | 1 | | | |
| | 7 | എസ്.വി.എച്ച്.എസ്. ജംഗ്ഷൻ | | 1 | | | |
| | 8 | മേനത്തുപടി | | 1 | | | |
| | 9 | മാമ്മൂട് - പോത്രാട്ട് റോഡിൽ | | 3 | | | |
| | 10 | മാമ്മൂട് - വല്യത്തുപടി | | 1 | | | |
| | 11 | പുല്ലൻവിളപ്പടി | | 1 | | | |
| | 12 | ശ്രീനിലയംപടി | | 1 | | | |
| | 13 | മാവിളപ്പടി | | 1 | | 10 | |
| | | റോഡുഭാഗം | | | | | |
| | 14 | മാമ്മൂട് - പോത്രാട് | | | 14 | | |
| | 15 | മാവിളപ്പടി - രണ്ടാലുംമൂട് | | | 9 | | |
| | 16 | വല്യത്തുപടി - നിരക്കുംപാറ | | | 7 | | |
| | 17 | ആനന്ദപ്പള്ളി - ചെന്നായ്ക്കുന്ന് | | | 12 | | |
| | 18 | എസ്.വി.എച്ച്.എസ്. ജംഗ്ഷൻ പുല്ലംവിളപടി | | | 5 | | |
| | 19 | ശ്രീനിലയംപടി - പാലനില്ക്കുന്നതിൽ | | | 6 | | |
| | 20 | എസ്.വി.എച്ച്.എസ് - മേനത്തുപടി | | | 12 | 65 | 80 |
| VIII | 1 | മൈനാഗപ്പള്ളി ക്ഷേത്ര മുൻവശം | 1 | | | | |

| വാർഡ് നമ്പർ | ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യ മായ സ്ഥലം | സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബ് ലൈറ്റുകൾ | ബ്രാക്കറ്റ് ലൈറ്റുകൾ | ആകെ എണ്ണം ഐറ്റം തിരിച്ച് | ആകെ എണ്ണം |
|---|---|---|---|---|---|---|---|
| | 2 | പുലിയംമഠം ജംഗ്ഷൻ | 1 | | | | |
| | 3 | ദേവരുക്ഷേത്രജംഗ്ഷൻ പെരുമ്പുളിക്കൽ | 1 | | | | |
| | 4 | മാന്തുക്കുടുക്ക ജംഗ്ഷൻ | 1 | | | | |
| | 5 | കുളവള്ളി ജംഗ്ഷൻ | 1 | | | 5 | |
| | 6 | എച്ച്.എസ്. ജംഗ്ഷൻ | | 1 | | | |
| | 7 | പെരുമ്പുളിക്കൽ പറയന്റയ്യത്ത് ജംഗ്ഷൻ | | 1 | | | |
| | 8 | തോമ്പിൽപടി | | 1 | | | |
| | 9 | മൈനാഗപ്പള്ളിജംഗ്ഷൻ | | 1 | | | |
| | 10 | പുലിയംമഠം – മാവരപ്പുഞ്ച റോഡിൽ | | 1 | | | |
| | 11 | പട്ടോടത്ത് എൽ.പി.എസ് | | 1 | | | |
| | 12 | ഗണപതിപ്പടി – പള്ളിമുക്ക് | | 2 | | | |
| | 13 | കുളവള്ളി – ദേവരു ക്ഷേത്രം റോഡിൽ | | 1 | | | |
| | 14 | പുലിയംമഠം മാവര പുഞ്ച റോഡിൽ | 1 | | 10 | | |
| | | റോഡുഭാഗം | | | | | |
| | 15 | പുലിയംമഠം – മാവരപുഞ്ച | | | 6 | | |
| | 16 | പട്ടോടത്തുപടി – എൽ.പി.എസ് | | | 6 | | |
| | 17 | ഗണപതിപ്പടി – പള്ളിമുക്ക് | | | 12 | | |
| | 18 | കുളവള്ളി – പെരുമ്പുളിക്കൽ | | | 6 | | |
| | 19 | പുലിയംമഠം – പുഞ്ചറോഡ് | | | 4 | | |
| | 20 | നരിയാരത്തുപടി – പുഞ്ചറോഡ് | | | 6 | | |
| | 21 | മാന്തോട്ടത്തിൽപ്പടി – താമരയ്യത്തുപടി | | | 2 | | |
| | 22 | കണ്ടാലയ്യത്തുപടി – ലക്ഷംവീട് കോളനി | | | 2 | | |
| | 23 | ദേവരുക്ഷേത്രം – പവ്വത്തുമല | | | 6 | | |
| | 24 | കല്ലേലിൽപ്പടി – ചുരയ്ക്കൽ കുളം | | | 3 | | |

| വാർഡ് നമ്പർ | ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യ മായ സ്ഥലം | സോഡിയം വേപ്പർ ലാമ്പുകൾ | ട്യൂബ് ലൈറ്റുകൾ | ബ്രാക്കറ്റ് ലൈറ്റുകൾ | ആകെ എണ്ണം ഐറ്റം തിരിച്ച് | ആകെ എണ്ണം |
|---|---|---|---|---|---|---|---|
| | 25 | കുഴുവിളമുക്ക് – ഏലാ | | | 2 | | |
| | 26 | പോളിടെക്നിക്ക് – ഏലൂർ ഏല | | | 2 | | |
| | 27 | കിഴക്കേ വാഴപ്പള്ളിൽപടി – ശ്രീരംഗം പടി – മാവരപ്പുഞ്ച | | | 4 | | |
| | 28 | കാക്കപെറുക്കി – പമ്പേന്റയ്യത്തുപടി | | | 2 | 63 | 78 |
| IX | 1 | പറന്തൽ ജംഗ്ഷൻ | 1 | | | | |
| | 2 | മൈനാഗപ്പള്ളിക്ഷേത്രം | 1 | | | | |
| | 3 | പട്ടികജാതികോളനി ഭാഗം | 1 | | | | |
| | 4 | പട്ടികജാതി സൊസൈറ്റി | 1 | | | | |
| | 5 | പറന്തൽ പള്ളിമുക്ക് | 1 | | | | |
| | 6 | സൊസൈറ്റിപ്പടി (4202) | | 1 | | | |
| | 7 | ഹെൽത്ത്സെന്റർ | | 1 | | | |
| | 8 | വയണമൂട് | | 1 | | | |
| | 9 | കാക്കപെറുക്കി ജംഗ്ഷൻ | | 1 | | | |
| | 10 | കോനാട്ടു പടി | | 1 | | | |
| | 11 | കരിന്തകരവിള | | 1 | | | |
| | 12 | കല്ലറവിള പടിഞ്ഞാറ് | | 1 | | | |
| | 13 | കൊച്ചുമോടി | | 1 | | | |
| | 14 | കല്ലറവിളകോളനി | | 1 | | | |
| | 15 | ജസ്റ്റോർ ഭവൻപടി | | 1 | | 10 | |
| | | റോഡു ഭാഗം | | | | | |
| | 16 | കല്ലറവിളപടി – പട്ടികജാതികോളനി | | | 4 | | |
| | 17 | വയണമൂട് – കോനാട്ടുപടി | | | 2 | | |
| | 18 | ജസ്റ്റോർ ഭവൻപടി – തെങ്ങുവിളപ്പടി | | | 2 | | |
| | 19 | അയണിക്കൂട്ടം – കാവേരി കുന്ന് കോളനി ഭാഗം | | | 5 | | |
| | 20 | കോളനി റോഡുകൾ | | | 10 | 23 | 38 |

# അനുബന്ധം - B3

## പുതിയ ലൈനുകൾ വലിക്കേണ്ട പ്രദേശങ്ങൾ വാർഡടിസ്ഥാനത്തിൽ

| വാർഡ് നമ്പർ | ക്രമ നമ്പർ | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം |
|---|---|---|---|---|
| I | 1 | മലമുറ്റം -പന്നികുഴിവിളപടി | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 2 | വട്ടപ്പറമ്പിൽ - ലക്ഷംവീടു കോളനി | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 3 | നിരുവേലിൽപടി - കടലൂർപടി | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | താഴെ മുറിപടി പാറക്കര തെക്ക് | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | പട്ടോടിപ്പടി - ഹരിമന്ദിരം | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 6 | എൽ.പി.എസ്. - അമ്പാടിപ്പടി | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 7 | വെള്ളയിൽ മുക്ക് - കിഴക്കേവിളപ്പടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 8 | മടുക്കവിള കോളനി ഭാഗം | 0.800 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 9 | കടമ്പലേത്തുപടി - പൊങ്ങലടിക്കാലാ | 0.800 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 10 | പുത്തൻപുരയിൽ മുക്ക് - വെള്ളൂർപടി | 0.400 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 11 | കിഴക്ക് പഞ്ചായത്തതിർത്തി - തെക്ക് പഞ്ചായത്തതിർത്തി | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 12 | തെക്ക് പഞ്ചായത്തതിർത്തി മുതൽ പടിഞ്ഞാറോട്ട് | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 13 | കാവുള്ളയിൽ മുക്ക് - ഊരാളി പറമ്പിൽപടി | 0.400 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 14 | വളത്തുകാവ് ഉടയാൻകാവ് റോഡ് | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 5.850 കി.മീ. | |
| II | | പുതിയ ലൈനുകൾക്ക് നിർദേശമില്ല | | |
| III | 1 | കണിച്ചേരിക്കുറ്റിപ്പടി - കുഴിത്തടത്തിൽപടി | 1.100 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 2 | കണിച്ചേരിക്കുറ്റിപ്പടി - പാലവളയിൽപടി | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 3 | വേലൻ പറമ്പിൽ കോളനി ഭാഗം | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | കാവിന്റടിവശത്തുപടി - രാമവിലാസം | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | ചാത്തനൂർപടി - കുനാണ്ടിൽപടി | 0.900 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 6 | കളീയ്ക്കൽപടി - കീഴടത്തുപടി | 0.750 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 7 | മോളേത്തുപടി (തുണ്ടിൽപടി ജംഗ്ഷൻ മുതൽ തെക്കോട്ട്) | 0.100 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 4.600കി.മീ | |
| IV | 1 | പാണ്ടിയത്തുപടി - കലവറപടി | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 2 | ഉടയാന്റെ കിഴക്കേതിൽപടി - മലയുടെ തെക്കേപ്പടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |

| വാർഡ് നമ്പർ | ക്രമ നമ്പർ | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം |
|---|---|---|---|---|
| | 3 | തെങ്ങുവിളപടി - തൈത്തോണ്ടലിൽപടി | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | ചരവീട്ടിൽപടി - സേനിക | | |
| | | (മെയിൻ റോഡു ഭാഗം) | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | മാർത്താണ്ഡൻ കാലായിൽ - | | |
| | | തുണ്ടുവിളപടി ഭാഗം | 0.100 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 6 | തൈത്തോണ്ടലിൽ പടി - ഇളംപള്ളിൽ പടി | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 7 | മണ്ണാരേത്തു പടി മുതൽ വടക്കോട്ട് വയൽ വരെ | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 8 | മങ്കുഴിപടി - തച്ചൻകോട് കാവ് | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 9 | പുലിവാരത്തിൽ തെക്കേപടി - കലതിക്കാലാപടി | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 10 | തെങ്ങുംതോപ്പിൽ പടി - കീച്ചേരി വയൽ | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 11 | പറപ്പെട്ടി അയ്യപ്പ ക്ഷേത്രം - പട്ടികജാതി കോളനി | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 12 | ചരുവിള പുത്തൻവീട്ടിൽ പടി - | | |
| | | കൊരണ്ടിക്കാലാ പടി | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 13 | പാണ്ടിയേത്തുപടി - ഞാലുകിഴക്കേതിൽപടി | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 14 | മുകളിൽ പുറത്ത് - കോളനി | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 15 | തെങ്ങുവിള തെക്കേപ്പടി - താഴതുണ്ടിൽപടി | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 3.200 കിമി.. | |
| V | 1 | ചാങ്ങവീട്ടിൽ പടിഞ്ഞാറ്റേതിൽപടി - തോമ്പിൽ പടി | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 2 | കുഴിക്കാട്ട് ഹരിജൻ കോളനി ഭാഗം | 0.400 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 3 | പഴുക്കാലികുറ്റി ഭാഗം | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | പനപ്പള്ളിപടി ഭാഗം | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | തെങ്ങിൻ തോണ്ടലിൽ പടി | | |
| | | പറമ്പത്തേത്തുപടി - നെടുമ്പ്രത്തുപടി | 0.900 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 6 | മീനത്തേപടി - തെങ്ങിൻ തോണ്ടലിൽ പടി | 0.400 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 7 | നെയ്തകുളത്തുപടി - കൊല്ലന്റെ പടി | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 8 | തേക്കിനാൽ കുറ്റി - ഒരിപ്പുറത്ത് എൽ.പി.എസ്. | 0.350 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 9 | മണവത്തുപടി - തിരുമംഗലം ക്ഷേത്രം | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |

| വാർഡ് നമ്പർ | ക്രമ നമ്പർ | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം |
|---|---|---|---|---|
| | 10 | തേക്കിനാൽ കുറ്റി - കലതിവിള പടി | 0.600 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 11 | തോപ്പിൽപടി - മേനക്കാലാ കൊട്ടാരം | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 12 | മുണ്ടയ്ക്കൽപടി - പാണുവേലിൽപടി | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 5.050 കി.മീ | |
| VI | 1 | പുത്തൻ തോട്ടത്തിൽപടി - | | |
| | | പുതുമംഗലത്ത് ഏലാ | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 2 | പുന്നക്കുന്ന് ഹരിജൻ കോളനി ഭാഗം | 0.450 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 3 | മുരുപ്പേൽ ഹരിജൻ കോളനി ഭാഗം | 0.350 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | കലതിവിള ലക്ഷംവീട് കോളനി | | |
| | | മരിയപുരം സെന്റ്മേരീസ് ചർച്ച് | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | കണ്ടാളൻതറ ഹരിജൻ | | |
| | | സെറ്റിൽമെന്റ് കോളനി | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 1.300 കി.മീ | |
| VII | 1 | നിരക്കുംപാറ മംഗലശ്ശേരി - വെട്ടുകാലാ മുക്ക് | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 2 | നാറാണേത്ത് മുരുപ്പേൽ - താളിയാട്ട് കോളനി | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 3 | മാവിളപ്പടി - രണ്ടാലുംമുക്ക് | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | ആനന്ദപ്പള്ളി - ചെന്നായ്ക്കുന്ന് | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | കൊച്ചുവിളമുക്ക് - മെട്ടയ്ക്കോട്ട് മുരുപ്പ് | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 6 | വല്യത്തുകനാൽ - തെങ്ങുംവിളപടി | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 7 | വാക്കേലേത്തു ഭാഗം | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 8 | മറ്റയ്ക്കാട്ടുമുരുപ്പ് ഭാഗം | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 9 | പാലനില്ക്കുന്നതിൽ - ശ്രീനിലയം | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 10 | കണ്ടാളൻതറ പട്ടികജാതി | | |
| | | സെറ്റിൽമെന്റ് കോളനി - വള്ളിപ്പറമ്പു ഭാഗം | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 11 | തെക്കടുത്തുപടി - മുരുപ്പേൽപടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 12 | ചെറിലയം - പാലയ്ക്കൽപടി | 0.250 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 13 | കാഞ്ഞിരംതുണ്ടിൽപടി - കാഞ്ഞിരവിളപ്പടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 14 | ചരുവിളപ്പടി - പാണ്ടിയാൻവിള | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 15 | കുറവൻചിറപ്പടി - താനുവേലിൽപടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 6.750 കി.മീ | |
| VIII | 1 | മുക്കത്തുഭാഗം | 0.500 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |

| വാർഡ് നമ്പർ | ക്രമ നമ്പർ | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിന്റെ സ്വഭാവം |
|---|---|---|---|---|
| | 2 | പവ്വത്തുമല - പടിഞ്ഞാറെഭാഗം | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 3 | കുഴിവിള - പടിഞ്ഞാറെ ഭാഗം | 0.700 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 4 | പാണുവേലിൽപടി മുതൽ കാരാണ്മ വരെ | 0.100 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 5 | പുലയിരയ്യത്തു ഭാഗം | 0.100 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 6 | ചിറവയൽ മുതൽ ഏള്ളൂർ ഏലാ | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 7 | പമ്പന്റെ കിഴക്കേപടി ഭാഗം | 1.000 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 8 | കല്ലേലിൽ പടി - തടത്തിൽ മുക്ക് | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 9 | തടത്തിൽപടി - പുലയരയ്യത്തു ഭാഗം | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 10 | പോളിടെക്നിക്ക് മുക്ക് | 0.100 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 11 | കിഴക്കേ വാഴപ്പള്ളിൽ പടി | | |
| | | ശ്രീരംഗം പടിവഴി മാവര പുഞ്ച | 0.200 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 12 | കാക്കപറക്കി - പമ്പേന്റയ്യത്തുപടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 13 | വരിക്കോലിൽ മേപ്പുറത്ത് - | | |
| | | ചരിഞ്ഞകാലാപടി | 0.300 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | 14 | പാലവിളചന്ത - ഐത്തിട്ട കലുങ്കു ഭാഗം | 0.400 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 5.40കിമീ | |
| IX | 1 | ഉദയഭവനം ഭാഗം മുതൽ - മണലാടി ഭാഗം | 0.150 | സിങ്കിൾ ഫേസ് സ്ട്രീറ്റ്മെയിനോടുകൂടി |
| | | ആകെ നീളം | 0.150 | |

## പട്ടികജാതി കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ക്രമ നമ്പർ | കോളനിയുടെ പേര് | വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | പണം അടച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചത് (എണ്ണം) | സൗജന്യമായി വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | വൈദ്യുതി കരിയ്ക്കാനുള്ള വീടുകൾ (എണ്ണം) | ആകെ വീടുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| I | 1 | പാറക്കര ലക്ഷംവീട് കോളനി | 12 | 1 | 11 | 11 | 23 | ലക്ഷംവീടു കോളനി |
| | 2 | വളത്തുകാട് സെറ്റിൽമെന്റ് കോളനി | 14 | 3 | 11 | 3 | 17 | സെറ്റിൽമെന്റ് കോളനി |
| | 3 | കലതിവിളകോളനി | 11 | 4 | 7 | 12 | 23 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 4 | ഉടയാൻ മുരുപ്പ് I.H.D.P. | 1 | 1 | - | 51 | 52 | I.H.D.P കോളനി |
| | 5 | മടുക്കവിള കോളനി | 2 | - | 2 | 9 | 11 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 6 | ഒറ്റപ്പെട്ട ഹരിജൻ വീടുകൾ | 1 | - | 1 | 12 | 13 | |
| II | 1 | കീരുകുഴി | | | | | | പട്ടിജതാതി കോളനി |
| | 2 | കോയാട്ടുകുറ്റി | 49 | - | 49 | 5 | 54 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| III | 1 | ക്വയർമല അംമ്പദ്ക്കർ കോളനി | 27 | 6 | 21 | 41 | 68 | ഗവണ്മെന്റ് അംഗീകരിച്ചത് |
| | 2 | വേലുപറമ്പിൽ കോളനി | – | – | – | 18 | 18 | ഗവണ്മെന്റ് അംഗീകരിക്കേണ്ട കോളനി |
| | 3 | കൂനാണ്ടിൽ കോളനി | 1 | - | 1 | 5 | 6 | പട്ടികജാതി കോളനി, ഗവണ്മെന്റ് അംഗീകരിക്കേണ്ടത് |
| | 4 | കുഴിത്തടത്തിൽപടി കോളനി | 3 | 1 | 2 | 3 | 6 | പട്ടികജാതി കോളനി, ഗവണ്മെന്റ് അംഗീകരിക്കേണ്ടത് |
| | 5 | കളമിട്ടതിൽ ലക്ഷം വീട് കോളനി | 16 | 1 | 15 | 2 | 18 | ഗവണ്മെന്റ് അംഗീകരിച്ചത് |

| വാർഡ് നമ്പർ | ക്രമ നമ്പർ | കോളനിയുടെ പേര് | വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | പണം അടച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചത് (എണ്ണം) | സൗജന്യമായി വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | വൈദ്യുതി കരിയ്ക്കാനുള്ള വീടുകൾ (എണ്ണം) | ആകെ വീടുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| IV | 1 | മല്ലിക പട്ടികജാതി കോളനി | 3 | 2 | 1 | 13 | 16 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 2 | മൂർത്തിവിള കോളനി | – | – | – | 8 | 8 | പട്ടികജാതി കോളനി, വൈദ്യുതിയെത്താത്ത പ്രദേശം (സെറ്റിൽമെന്റ് കോളനി) |
| | 3 | ഉടയാൻ മുരുപ്പ് കോളനി | – | – | – | 6 | 6 | സെറ്റിൽമെന്റ് കോളനി (കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല) |
| | 4 | കോളനികളിൽപെടാത്ത പട്ടികജാതി കുടുംബങ്ങൾ | 1 | - | 1 | 14 | 15 | വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ട വീടുകൾ |
| V | 1 | കുമ്പഴകുറ്റി കോളനി | 15 | 3 | 12 | 9 | 24 | ലക്ഷംവീടു കോളനി |
| | 2 | കുഴിക്കാട്ട് കോളനി | – | – | – | 3 | 3 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 3 | തേവരുകുറ്റി കോളനി | 2 | 1 | 1 | 7 | 9 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി |
| | 4 | പഴുക്കാലികുറ്റി കോളനി | 2 | 1 | 1 | 5 | 7 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| VI | 1 | പുന്നക്കുന്ന് ഹരിജൻ കോളനി | 1 | - | 1 | 15 | 16 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 2 | മുരുപ്പേൽ കോളനി | – | – | – | 11 | 11 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 3 | കലതിവിള കോളനി | – | – | – | 9 | 9 | ലക്ഷംവീട് |
| | 4 | കണ്ടാളൻ തറ (വള്ളിപ്പറമ്പ്) കോളനി | 5 | - | 5 | 11 | 16 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് |

കോളനി)

| വാർഡ് നമ്പർ | ക്രമ നമ്പർ | കോളനിയുടെ പേര് | വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | പണം അടച്ച് വൈദ്യുതി കണക്ഷൻ ലഭിച്ചത് (എണ്ണം) | സൗജന്യമായി വൈദ്യുതീകരിച്ച വീടുകൾ (എണ്ണം) | വൈദ്യുതി കരിയ്ക്കാനുള്ള വീടുകൾ (എണ്ണം) | ആകെ വീടുകൾ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| VII | 1 | നാറാണത്ത് മുരുപ്പ് | 5 | - | 5 | 30 | 35 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 2 | ചെന്നായ്ക്കുന്ന് കോളനി | 25 | - | 25 | 24 | 49 | പട്ടികജാതി കോളനി (സെറ്റിൽമെന്റ് കോളനി) |
| | 3 | പാലനില്ക്കുന്നതിൽ കോളനി | 9 | - | 9 | 1 | 10 | ലക്ഷംവീട് കോളനി |
| | 4 | താളിയാട്ട് ഭൂരഹിത കോളനി | – | – | – | 9 | 9 | ഭൂരഹിത കോളനി കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല |
| | 5 | വെട്ടുകാലാ മുരുപ്പ് | – | – | – | 22 | 22 | പട്ടികജാതി കോളനി, കോളനിയിൽ വൈദ്യുതി എത്തിയിട്ടില്ല (സെറ്റിൽമെന്റ് കോളനി) |
| | 5 | മറ്റക്കാട്ട് മുരുപ്പ് | 15 | 5 | 10 | 10 | 25 | പട്ടികജാതി കോളനി, കോളനിയിൽ (സെറ്റിൽമെന്റ് കോളനി) |
| VIII | 1 | കുളവള്ളി ലക്ഷംവീട് കോളനി | – | 1 | 1 | 9 | 11 | ലക്ഷംവീട് കോളനി |
| | 2 | മുക്കം സെറ്റിൽമെന്റ് കോളനി | – | – | – | 5 | 6 | പട്ടികജാതി കോളനി ഗവണ്മെന്റ് അംഗീകരിക്കേണ്ടത് |
| | 3 | ഇഴയന്നൂർ (സർപ്പത്തിൽ) | – | – | 1 | 7 | 8 | പട്ടികജാതി, ഗവണ്മെന്റ് അംഗീകരിക്കേണ്ടത് |
| | 4 | കാവേരികുന്ന് കോളനി | – | – | 1 | 6 | 7 | പട്ടികജാതി കോളനി, ഗവണ്മെന്റ് അംഗീകാ |
| | | അംബേദ്കർ | | | | | | രമില്ലാത്തത് |
| | 5 | ഒറ്റപ്പെട്ട പട്ടികജാതി കുടുംബങ്ങൾ | – | – | 2 | 14 | 16 | സൗജന്യമായി വൈദ്യുതികരിക്കണം |
| IX | 1 | അയണിക്കുട്ടം കാവേരിക്കുന്ന I.H.D.P. | 93 | 21 | 72 | 31 | 124 | I.H.D.P. കോളനി |



## 5.20

# മാർക്കറ്റ്

നമുക്ക് യഥേഷ്ടം ലഭ്യമായിരുന്ന പല കാർഷികോല്പന്നങ്ങളും ഇന്ന് മാർക്കറ്റുകളിൽ ലഭ്യമല്ലാതായിത്തീർന്നിരിക്കുന്നു. നാളികേരം, കശുവണ്ടി, അടയ്ക്ക, കുരുമുളക് തുടങ്ങിയ നാണ്യ വിളകൾ ഇന്ന് മാർക്കറ്റിൽ പഴയതുപോലെ വന്നു ചേരുന്നില്ല. നെല്ല്, മരച്ചീനി, നേന്ത്രക്കായ്, മുളക്, വഴുതന, ചീര, മുരിങ്ങക്കാ, വെള്ളരിക്കാ തുടങ്ങിയ സാധനങ്ങളും മാർക്കറ്റിൽ ആവശ്യത്തിന് വന്നെത്തുന്നില്ല. കൃഷി ഭൂമികൾ ഹ്രസ്വകാല വിളകളിൽ നിന്ന് ദീർഘകാല വിളകളിലേക്ക് മാറ്റപ്പെട്ട സാഹചര്യത്തിൽ മറ്റ് അവശ്യസാധനങ്ങളുടെ ഉല്പാദനം ഗണ്യമായ തോതിൽ കുറഞ്ഞു. ഇന്ന് ഈ ആവശ്യങ്ങളിലേക്ക് നാം മറ്റു സ്റ്റേറ്റുകളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. തന്മൂലം വികാസം പ്രാപിക്കേണ്ടിയിരുന്ന നമ്മുടെ മാർക്കറ്റുകൾ ശോഷിച്ചു പോയിരിക്കുന്നു. റബർ, നാളികേരം, നെല്ല്, കിഴങ്ങുവർഗങ്ങൾ, കുരുമുളക്, കശുവണ്ടി, വെറ്റില, ഇഞ്ചി, പച്ചക്കറി സാധനങ്ങൾ ഇവയാണ് പഞ്ചായത്തിൽ ലഭ്യമാകുന്ന കാർഷികോല്പന്നങ്ങൾ. ഇവയിൽ റബർ കഴിഞ്ഞാൽ പ്രധാന ഉല്പന്നയ നാളികേരത്തിനുതന്നെ ഒരു പൊതു വിപണിയോ വിശ്വസിക്കാവുന്ന സ്വകാര്യ വിപണിയോ പഞ്ചായത്തിലില്ല.

പഞ്ചായത്തിൽ രണ്ടു പബ്ലിക് മാർക്കറ്റുകൾ നിലവിലുണ്ട്. ഒന്നാം വാർഡിലെ തോലുഴം മാർക്കറ്റും രണ്ടാം വാർഡിലെ കീരുകുഴി മാർക്കറ്റുമാണവ. ഏഴാം വാർഡിലെ മാമ്മൂട്, ഒൻപതാം വാർഡിലെ പറന്തൽ

എന്നീ സ്ഥലങ്ങളിൽ ഓരോ അന്തിച്ചന്തയും പ്രവർത്തിക്കുന്നുണ്ട്. ഇവ രണ്ടും സ്വകാര്യ മാർക്കറ്റുകളുമാണ്. നിലവിലുള്ള മാർക്കറ്റുകൾ ദശാബ്ദങ്ങൾ പഴക്കം ചെന്നവയാണെങ്കിലും അവ വേണ്ടത്ര വികാസം പ്രാപിച്ചവയല്ല. മറ്റു വാർഡുകളിലുള്ള ജനങ്ങളെ സംബന്ധിച്ചിടത്തോളം മാർക്കറ്റു സൗകര്യങ്ങൾ ഇല്ലാത്തതിനാൽ കിലോമീറ്ററുകൾ താണ്ടി വേണം നിത്യോപയോഗ സാധനങ്ങൾ പ്രത്യേകിച്ചും പച്ചക്കറി സാധനങ്ങൾ സംഭരിക്കാൻ.

## പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

നിലവിലുള്ള തോലുഴം പബ്ലിക് മാർക്കറ്റ് ശനി ബുധൻ എന്നീ ദിവസങ്ങളിലേ പ്രവർത്തിക്കുന്നുള്ളു. മാർക്കറ്റ് വേണ്ട വിധത്തിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല. ആവശ്യമായ സ്റ്റാളുകളില്ല. ഇറച്ചി, മത്സ്യം ഇവയുടെ വിപണനത്തിനാവശ്യമായ കോൺക്രീറ്റ് തറകൾ നിർമ്മിക്കപ്പെട്ടിട്ടില്ല. മാർക്കറ്റ് സ്ഥലം വേണ്ടരീതിയിൽ നിരപ്പാക്കി വൃത്തിയാക്കി സൂക്ഷിക്കപ്പെട്ടിട്ടില്ല.

മാർക്കറ്റ് ചുറ്റുമതിലു കെട്ടി, ഗേറ്റിട്ട് സംരക്ഷിക്കണം. ആവശ്യമായ സ്റ്റാളുകൾ നിർമ്മിക്കണം. മത്സ്യവിപണനത്തിനും ഇറച്ചിവിപണനത്തിനുമുള്ള സ്ഥലങ്ങളിൽ കോൺക്രീറ്റ് തറകൾ തരപ്പെടുത്തണം. മാർക്കറ്റ് സ്ഥലം നിരപ്പാക്കി ചരൽ വിരിച്ച് വൃത്തിയാക്കി സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്. ഒന്നാം വാർഡിൽ നിലവിലുള്ള മാർക്കറ്റിന് പുറമെ ഐ.എച്ച്.ഡി.പി കോളനി കേന്ദ്രമാക്കി ഒരു മാർക്കറ്റുണ്ടാകണമെന്ന നിർദേശവും ഉണ്ടായിട്ടുണ്ട്.

നിലവിലുള്ള കീരുകുഴി പൊതുമാർക്കറ്റ് ചൊവ്വ വെള്ളി എന്നീ ദിവസങ്ങളിൽ പ്രവർത്തിക്കുന്നു. കൂടാതെ എല്ലാ മലയാള മാസവും 30-ാം തീയതി കന്നുകാലിച്ചന്തയും നടന്നു പോരുന്നുണ്ട്. ചുറ്റുമതിലുകളില്ല. ആവശ്യത്തിനുള്ള സ്റ്റാളുകളില്ല. മാലിന്യങ്ങൾ ഒഴുക്കിക്കളയുന്നതിനാവശ്യമായ ഓടകളില്ല. ഇവയ്ക്കെല്ലാം പരിഹാരം ആവശ്യമാണ്.

ചന്തയുടെ വിസ്തൃതി വർധിപ്പിക്കയ്ക്കണം. മാലിന്യങ്ങൾ ഒഴുക്കിക്കളയുന്നതിനുള്ള ഓടകൾ നിർമ്മിക്കണം. ഇറച്ചി, മത്സ്യം ഇവയുടെ വിപണനത്തിനാവശ്യമായ കോൺക്രീറ്റു തറകൾ നിർമ്മിച്ച് സംരക്ഷിക്കപ്പെടണം. മറ്റുഭാഗങ്ങൾ നിരപ്പാക്കി ചരൽ വിരിച്ച് വൃത്തിയാക്കി സൂക്ഷിക്കണം. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് ഓഫീസ്, കമ്മ്യൂണിറ്റിഹാൾ എന്നിവ പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. ആവശ്യമായ സ്റ്റാളുകൾ നിർമ്മിക്കണം. അതുവഴിയുള്ള ബസ് സർവീസ് വർധിപ്പിച്ച് മാർക്കറ്റിന്റെ വികസനത്തിന് ആക്കം കൂട്ടണം.

മൂന്നാം വാർഡിൽ ഇന്ന് നിലവിൽ മാർക്കറ്റില്ല. ഒരു ആഴ്ചച്ചന്തയുടെ ആവശ്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. മാർക്കറ്റനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്. കയർമല ഭാഗത്ത് ഒരു അന്തിച്ചന്തക്കുള്ള നിർദ്ദേശവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നാലാം വാർഡിലും മാർക്കറ്റില്ല. പറപ്പെട്ടി പഞ്ചായത്താസ്ഥാനത്തിൽ ഒരു മാർക്കറ്റിന്റെ ആവശ്യം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ മാർക്കറ്റ് നിലവിൽ വന്നാൽ മറ്റ് വാർഡുകൾക്കും അത് പ്രയോജനപ്രദമായിരിക്കും. ആയതിനാൽ ഈ നിർദ്ദേശം അംഗീകരിക്കുകയും പ്രാധാന്യം കൊടുത്ത് നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ വരട്ടു ചിറയിൽ ഒരു അന്തിച്ചന്തയ്ക്കുള്ള നിർദേശം ഉണ്ടാവുകയും അത് ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

അഞ്ചാംവാർഡിൽ നിലവിൽ മാർക്കറ്റില്ല. നിലവിലുള്ള പാറക്കര വാർഡിലെ തോലൂഴം പബ്ലിക് മാർക്കറ്റും ഭഗവതിയ്ക്കും പടിഞ്ഞാറു കരയിലെ കീരുകുഴി പൊതു മാർക്കറ്റും അഞ്ചാം വാർഡുകാർക്ക് പ്രയോജനപ്രദമാണ്. കൂടാതെ നാലാംവാർഡിൽ നിർദേശിച്ചി

ട്ടുള്ള മാർക്കറ്റും അഞ്ചാംവാർഡിലെ നിവാസികൾക്ക് പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ട് അഞ്ചാം വാർഡിൽ നിന്ന് ഒരു മാർക്കറ്റിനുള്ള നിർദേശം ഉയർന്നു വന്നിട്ടില്ല. ആറാം വാർഡിൽ നിന്ന് മാർക്കറ്റിനുള്ള നിർദേശം ഉണ്ടായിട്ടില്ല.

7-ാം വാർഡിൽ ഒരു മാർക്കറ്റിന്റെ ആവശ്യം ഊന്നിപ്പറഞ്ഞിരിക്കുന്നു. ഈ വാർഡിലെ താമസക്കാർക്ക് അവശ്യ സാധനങ്ങൾ സംഭരിക്കുവാൻ ബഹുദൂരം യാത്ര ചെയ്യണം. ആയതിനാൽ ഈ ആവശ്യത്തിനു പ്രത്യേകം ഊന്നൽ കൊടുത്തിരിക്കുന്നു.

8-ാം വാർഡിൽ നിന്ന് ആഴ്ചച്ചന്തയ്ക്കുള്ള നിർദേശം ഉണ്ടായിട്ടുണ്ട്. ആയതിനാൽ നിർദേശം റിപ്പോർട്ടിൽ ഉൾക്കൊള്ളിയ്ക്കുന്നു. മന്നംനഗർ ജംഗ്ഷനിൽ നിന്ന് ദൂരെയല്ലാത്ത ഒരു സ്ഥലം ഈ ആവശ്യത്തിനുവേണ്ടി കണ്ടെത്തി ഒരു പൊതു മാർക്കറ്റ് ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

9-ാം വാർഡിൽ നിലവിലുള്ള മാർക്കറ്റ് പഞ്ചായത്തതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ വാർഡിലെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്രദമായ വിധത്തിൽ പ്രവർത്തിപ്പിക്കാവുന്ന ഒരു പൊതു മാർക്കറ്റിനുള്ള സ്ഥലം കണ്ടെത്തുന്നതിനും മാർക്കറ്റ് തുടങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സഹകരണാടിസ്ഥാനത്തിൽ നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിയ്ക്കാവുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റിന്റെ സാധ്യതകൾ ആരായേണ്ടതും അത് നടപ്പിൽ വരുത്തുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതുമാണ്.

പഞ്ചായത്തിലെ കാർഷികോല്പന്നങ്ങൾ ന്യായവിലയ്ക്കെടുത്ത് സമാഹരിക്കുന്നതിനും അത് വിപണനം നടത്തുന്നതിനും ആവശ്യമായ ഒരു ഉല്പന്ന വിപണന ശൃംഖല സഹകരണാടിസ്ഥാനത്തിൽ ഉണ്ടാകണം. പഞ്ചായത്താസ്ഥാനം കാര്യത്തിലേക്ക് തെരഞ്ഞെടുക്കുന്നതു നന്നായിരിക്കും.

പഞ്ചായത്തിൽ കശാപ്പുശാല നിലവിലില്ല. ഒരു കശാപ്പുശാലയുടെ ആവശ്യം ഗ്രാമസഭയിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ നിർദേശം അടിയന്തിര ശ്രദ്ധ അർഹിക്കുന്നു.

പഞ്ചായത്തടിസ്ഥാനത്തിൽ വാർഡുകളിൽ നിലവിലുള്ളതും ഉണ്ടാകേണ്ടതുമായ മാർക്കറ്റുകളെ സംബന്ധിച്ച് വിവരങ്ങൾ പട്ടികപ്പെടുത്തി ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ മാർക്കറ്റുകളിൽ നിന്ന് ഒരു വർഷം ലഭിക്കുന്ന ശരാശരി വരുമാനം രൂ. 20,786/- ആണ്.

**പട്ടിക**

**നിലവിലുള്ള മാർക്കറ്റുകൾ**

| വാർഡ് നമ്പർ | ക്രമ നമ്പർ | മാർക്കറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം | സ്വഭാവം | റിമാർക്ക്സ് |
|---|---|---|---|---|
| I | 1 | പാറക്കര - തോലുഴം മാർക്കറ്റ് | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |
| II | 2 | ഭഗവതിയ്ക്കും പടിഞ്ഞാറ് - കീരുകുഴി മാർക്കറ്റ് | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |
| VII | 3 | പൊങ്ങലടി - തെക്കേമാമ്മൂട് മാർക്കറ്റ് | സ്വകാര്യ മാർക്കറ്റ് | അന്തിച്ചന്ത |
| IX | 4 | പറന്തൽ | സ്വകാര്യ മാർക്കറ്റ് | അന്തിച്ചന്ത |

## പട്ടിക

| വാർഡ് നമ്പർ | ക്രമ നമ്പർ | മാർക്കറ്റിനു വേണ്ടി നിർദേശിക്കുന്ന സ്ഥലം | സ്വഭാവം | റിമാർക്ക്സ് |
|---|---|---|---|---|
| I | 1 | പാറക്കര ഐച്ച്.ഡി.പി. കോളനി | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |
| III | 2 | കയർമല | | അന്തിച്ചന്ത |
| IV | 3 | പറപ്പെട്ടി | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |
| | 4 | വരട്ടുചിറ | | അന്തിച്ചന്ത |
| VII | 5 | സ്ഥലം ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |
| VIII | 6 | മന്നംനഗർ ജംഗ്ഷനു സമീപം | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |
| XI | 7 | സ്ഥലം ചൂണ്ടികാണിക്കപ്പെട്ടില്ല | പൊതുമാർക്കറ്റ് | ആഴ്ചച്ചന്ത |

## പട്ടിക

### (അഞ്ചു വർഷത്തെ വരുമാനം ഉൾക്കൊള്ളിച്ചിരിക്കുന്നു)

| വാർഡ് നമ്പർ | ക്രമ നമ്പർ | മാർക്കറ്റിന്റെ പേര് | വരുമാനം | | | | | ശരാശരി വരുമാനം |
|---|---|---|---|---|---|---|---|---|
| | | | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | |
| II | 1 | കീരുകുഴി മാർക്കറ്റ് | 38,085 | 27,252 | 29,132 | 27,645 | 29,110 | 30,245 |
| I | 2 | തോലുഴം | - | 12,600 | 11,036 | 9,631 | 12,040 | 11,327 |
| | | ആകെ | | | | | | 41,572 |





## 5.2 E

# പാർപ്പിടം

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാർപ്പിടം. ഈ പഞ്ചായത്തിലെ പാർപ്പിട സൗകര്യം തൃപ്തികരമല്ല. ഗൾഫ് പണവും അന്യസംസ്ഥാന വരുമാനവും പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയെയും ഭവന നിർമാണ രംഗത്തെയും നിർണായകമായി സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ ഈ പണം ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കർഷകരും കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരുമാണ്. എട്ട് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും ഭവന നിർമാണ രംഗത്ത് ഉച്ചനീചത്വങ്ങൾ നില നിൽക്കുന്നു. ഒരു ഭാഗത്ത് കൂറ്റൻ മണിമാളികകൾ നിർമിക്കുമ്പോൾ മറുഭാഗത്ത് തലചായ്ക്കാനിടമില്ലാത്തവരുടെ എണ്ണം വർധിക്കുന്നു.

സെൻസസ് 1991 അനുസരിച്ച് പഞ്ചായത്തിൽ ആകെയുള്ള 5223 വീടുകളിൽ 249 എണ്ണം ഒഴികെ എല്ലാ വീടുകളിലും ആൾ താമസം ഉണ്ട്. ഇതിൽ3095വീടുകളുടെ മേൽപ്പുര ഓട് മേഞ്ഞതും 980 എണ്ണം കോൺക്രീറ്റും 100 എണ്ണം ബഹുനില കെട്ടിടങ്ങളും 771 എണ്ണം ഓലമേഞ്ഞതോ കുടിലുകളോ ആണ്. കെട്ടിടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക ഒന്നിൽ കൊടുക്കുന്നു.

പട്ടിക - 1

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരുനില കെട്ടിടങ്ങൾ മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 746 | 6 | 152 | 416 | 145 | 27 |
| II | 502 | 9 | 141 | 316 | 25 | 31 |
| III | 552 | 16 | 124 | 352 | 44 | 16 |
| IV | 604 | 12 | 119 | 379 | 70 | 24 |
| V | 557 | 5 | 102 | 361 | 52 | 37 |
| VI | 496 | 7 | 72 | 326 | 77 | 14 |
| VII | 586 | 7 | 105 | 289 | 163 | 22 |
| VIII | 566 | 7 | 89 | 330 | 110 | 30 |
| IX | 614 | 31 | 76 | 326 | 85 | 96 |
| ആകെ | 5223 | 100 | 980 | 3095 | 771 | 297 |

**കഴിഞ്ഞ അഞ്ച് വർഷത്തെ ഈ പഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം**

പട്ടിക - 2

| വർഷം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| വീടുകളുടെ എണ്ണം | 4736 | 4806 | 4981 | 5078 | 5289 |

പഞ്ചായത്തിലെ60%കെട്ടിടങ്ങളുടെ ചുമർ വെട്ടുകല്ലോ ഇഷ്ടികയോ ആണ്. കൂടുതൽ വീടുകളുടെയും തറ മണ്ണും ചാണകവും ഉപയോഗിച്ച് നിർമിച്ചിരിക്കുന്നു.30%വീടുകളുടെ തറ സിമിന്റും 15% മൊസൈക്കും ഇട്ടതാണ്. ചുമർ, മേൽപ്പുര, സ്ഥല സൗകര്യം എന്നീ ഘടകങ്ങൾ പരിശോധിച്ചാൽ തൃപ്തി കരമല്ലാത്ത വീടുകൾ35% മാണ്. കുടിലിൽ താമസിക്കുന്നവർ വിവിധ വിഭാഗത്തിൽപ്പെടുന്നു. പാറക്കര പൊങ്ങലടി ബി. വാർഡു കളിൽ കുടിലുകൾ താരതമ്യേന കൂടുതലുണ്ട്. ഗതാഗത സൗക ര്യമുള്ള പ്രദേശങ്ങളിൽ വീടുകൾ കൂടുതലായി നിർമിക്കുന്നു. ആർഭാടമായി വൻതുകകൾ മുടക്കി വീടുകൾ നിർമിക്കുന്ന പ്രവണത പഞ്ചായത്തിലുണ്ട്. വരുമാനത്തിന്റെ സിംഹഭാഗവും കോൺക്രീറ്റ് സൗധങ്ങളിലേക്ക് നിക്ഷേപിക്കുവാനുള്ള ത്വര ദൈനന്ദിനം വർധിച്ചുവരുന്നു.

ഭവന നിർമാണ സഹകരണ സംഘം ഈ പഞ്ചായ ത്തിൽ പ്രവർത്തിക്കുന്നില്ല. നൂറനാട് ഭവന നിർമാണ സഹക രണ സംഘത്തിന്റെ പ്രവർത്തന മേഖലയിലാണ് പഞ്ചായത്ത്. ഈ സഹകരണ സംഘത്തിന്റെ സേവനം തൃപ്തികരമല്ല. അമി തമായ പലിശയും സങ്കീർണമായ ജാമ്യ വ്യവസ്ഥയും യഥാസ മയം വായ്പ ലഭിക്കായ്കയും കാരണം ഇതിന്റെ പ്രയോജനം സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയുണ്ട്. പാർപ്പിട പ്രശ്നം

ഈ പഞ്ചായത്തിൽ വിവിധ വിഭാഗങ്ങളിലായി 1200 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്. എന്നാൽ സർക്കാർ ഏജൻസികൾ മുഖേനയും ഭവന നിർമാണ ബോർഡ് വഴിയും ലഭ്യമായ വീടുകളുടെ എണ്ണം കുറവാണ്. ദുർബല വിഭാഗക്കാർക്കും ഇടത്തരക്കാർക്കും വീട് നിർമിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമല്ല. വിവിധ പദ്ധതികളിലൂടെ പഞ്ചായത്തിൽ നിർമിച്ചിട്ടുള്ള വീടുകളുടെ എണ്ണം പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

പരിഹരിക്കുന്നതിന് ഈ പഞ്ചായത്തിൽ ഒരു ഭവന നിർമാണ സഹകരണസംഘം സ്ഥാപിക്കേണ്ടതുണ്ട്. ഏറ്റവും കുറഞ്ഞ പക്ഷം ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു സഹകരണ സംഘം എങ്കിലും ഉണ്ടാകണം. നിർമിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുകയും പലിശ നിരക്ക് 12%മായി നിജപ്പെടുത്തുകയും ചെയ്ത് സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

പട്ടിക - 3

| വർഷം | IAY | | | MWS | | IBS | |
|---|---|---|---|---|---|---|---|
| | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തിയാകുവാനുള്ള വീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ |
| 89 - 90 | 9 | 8 | 1 | - | - | - | - |
| 90 - 91 | 12 | 12 | - | 55 | 55 | - | - |
| 91 - 92 | - | - | - | 9 | 9 | - | - |
| 92 - 93 | - | - | - | 13 | 13 | 1 | 1 |
| 93 - 94 | 12 | 12 | - | - | - | 10 | 10 |
| 94 - 95 | 1 | 1 | - | 1 | 1 | - | - |
| 95 - 96 | 12 | 10 | 2 | - | - | - | - |

**പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം**

പട്ടിക - 4

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | ആകെ |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 200 | 100 | 75 | 75 | 150 | 200 | 200 | 100 | 100 | 1200 |

ഭവന നിർമാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലിനിരക്കിലെ ക്രമാതീതമായ വർധനവുമൂലം പാവപ്പെട്ടവന് സ്വന്തമായൊരു വീട് നിർമിക്കാൻ കഴിയുന്നില്ല. കിട്ടുന്ന ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമാണം പൂർത്തിയാക്കാൻ കഴിയുന്നില്ല. അതിനാൽ വിവിധ ഭവന നിർമാണ ധനസഹായങ്ങളുടെയും വായ്പകളുടെയും തുക വർധിപ്പിക്കേണ്ടതാണ്.

## നിർമാണ രംഗത്തെ കൂലിനിരക്ക്

**പട്ടിക - 5**

| ഇനം | 1991 - 93 | 94 - 95 | 95 - 96 |
|---|---|---|---|
| വിദഗ്ധതൊഴിലാളി | 70 - 80 രൂപ | 100 - 125 രൂപ | 110 - 130 രൂപ |
| അവിദഗ്ധതൊഴിലാളി (പുരുഷൻ) | 50 - 60 രൂപ | 70 - 90 രൂപ | 80 - 100 രൂപ |
| അവിദഗ്ധതൊഴിലാളി (സ്ത്രീ) | 45 - 50 രൂപ | 75 - 80 രൂപ | 80 - 90 രൂപ |

കെട്ടിട നിർമാണ തൊഴിലാളികളുടെ ലഭ്യത പഞ്ചായത്തിൽ കുറവാണെങ്കിലും സ്ഥിതി രൂക്ഷമല്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന്, പ്രത്യേകിച്ച് തമിഴ്നാട്ടിൽ നിന്ന് 33 തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു. കർഷകത്തൊഴിലാളി മേഖലയിൽ നിന്ന് ധാരാളം തൊഴിലാളികൾ നിർമാണ രംഗത്തേക്ക് എത്തുന്നുണ്ട്. സ്ത്രീ തൊഴിലാളികളെ വിദഗ്ധതൊഴിലാളികളായി കണക്കാക്കുന്നില്ല. പുരുഷ തൊഴിലാളികളെക്കാൾ സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് കുറവാണ്. ''തുല്യ ജോലിക്ക് തുല്യ വേതനം'' നടപ്പാക്കിയാൽ സ്ത്രീ തൊഴിലാളികളുടെ ഇന്നത്തെ സ്ഥിതി മെച്ചപ്പെടും.

മെറ്റൽ ഒഴികെ മറ്റ് കെട്ടിട നിർമാണ സാമഗ്രികൾ ഒന്നുംതന്നെ പഞ്ചായത്തിൽ നിർമിക്കുന്നില്ല. ചന്ദ്രവേലിൽ പടിയിൽ ഒരു ഇഷ്ടിക നിർമാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പണി നടന്നു വരുന്നു. ഹോളോ ബ്രിക്സ്, പാറ, ഇഷ്ടിക, വെട്ടുകല്ല് തുടങ്ങിയവ നിർമിക്കുന്നതിനുള്ള സാധ്യതകൾ പഞ്ചായത്തിന്റെ ചില ഇടങ്ങളിൽ ഉണ്ട്. കടത്ത് കൂലി വർധിച്ച് വരുന്നു. തടി (ആഞ്ഞിലി, പ്ലാവ്, തേക്ക്) വേണ്ടത്ര ലഭ്യമല്ല. കമ്പനി ഇഷ്ടിക, ഹോളോ ബ്രിക്സ് എന്നിവയ്ക്ക് പ്രിയം ഏറിവരുന്നു. ഭവന നിർമാണത്തിൽ കോൺട്രാക്ട് സമ്പ്രദായം നിലവിലുണ്ട്. കെട്ടിട നിർമാണ സാമഗ്രികളുടെ ഇപ്പോഴത്തെ വില പട്ടിക - 6ൽ ചേർത്തിരിക്കുന്നു.

**പട്ടിക - 6**

| ഇനം | അളവ് | വില (Rs.) |
|---|---|---|
| സിമന്റ് | 1 പായ്ക്കറ്റ് | 180 |
| ഇഷ്ടിക (നാടൻ) | 1000 എണ്ണം | 1400 |
| ഇഷ്ടിക (കമ്പനി) | 1000 എണ്ണം | 2200 |
| ഓട് | 1000 എണ്ണം | 5500 |
| മണൽ | ഒരു ലോഡ് | 1500 |
| കരിങ്കല്ല് | ഒരു ലോഡ് | 950 |
| കമ്പി | 1 കി.ഗ്രാം | 16.50 |
| ഹോളോബ്രിക്സ് | 1 എണ്ണം | 12.00 |
| തടി ആഞ്ഞിലി | 1 ക്യുബിക് അടി | 600.00 |
| പ്ലാവ് | 1 ക്യുബിക് അടി | 1000.00 |
| തേക്ക് | 1 ക്യുബിക് അടി | 1750 |
| തെങ്ങ് | 20 മീറ്റർ | 1000 |
| വെട്ടുകല്ല് | 1 എണ്ണം | 3.00 |

പഞ്ചായത്തിൽ ആകെയുള്ള 38 കോളനികളിൽ 10 കോളനികൾ അംഗീകരിക്കപ്പെട്ടിട്ടില്ല. കോളനികളുടെ ഇന്നത്തെ നില ശോചനീയമാണ്. പാർപ്പിടം, ഗതാഗതം, വൈദ്യുതി, കുടിവെള്ളം, കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾ വർധിപ്പിക്കണം. കുടിലിനുള്ളിലെ ജന ബാഹുല്യം, വീടുകൾ തൊട്ട് തൊട്ട് കിടക്കുക, തുടങ്ങിയവ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. കോളനി നിവാസികളുടെ ആരോഗ്യത്തിനും ശുചിത്വത്തിനും കോളനികളുടെ നിലവിലുള്ള സൗകര്യം വർധിപ്പിക്കണം. പുതിയ കോളനികൾ സ്ഥാപിക്കാനുള്ള സാധ്യത പഞ്ചായത്തിൽ ഇല്ല. നിലവിലുള്ള കോളനികളുടെ വിവരം പട്ടിക-7ൽ ചേർക്കുന്നു.

**പട്ടിക - 7**

| വാർഡ് | ലക്ഷംവീട് കോളനി പേര് | ഹരിജൻ കോളനി പേര് |
|---|---|---|
| I | പാറക്കര ലക്ഷംവീട് | വലത്തുകാട്, കലതിവിള, മടുക്കുവിള |
| II | | കോയാട്ട്കുറ്റി, കീരുകുഴി |
| III | | കുഴിത്തടത്തിൽ, വാറുവേൽ, കാട്ടുപറമ്പിൽ |
| IV | | മല്ലിക, മൂർത്തിവിള, ഉടയാൻ മുരുപ്പ് |
| V | കുമ്പഴക്കുറ്റി | പഴുക്കാലിക്കുറ്റി, തേവരുകുറ്റി, കുഴിക്കാട്ട് |
| VI | കലതിവിള | പുന്നക്കുന്ന് - കണ്ടാളത്തറ, കരിമുരുപ്പേൽ, മുരുപ്പേൽ, പുതുമംഗലം |
| VII | പാലനിൽക്കുന്നതിൽ | ചെന്നായ്കുന്ന്, നാറാണത്തുമരുപ്പ്, വെട്ടുകാലമുരുപ്പ്, മറ്റക്കാട് മുരുപ്പ്, കുണ്ടു മുരുപ്പ് |
| VIII | ഒ.എൽ.എച്ച് | മുക്കത്ത്, കിണറുവിള, ഇഴയന്നൂർ, പമ്പേന്റയ്യത്ത്, അംബേദ്കർ കോളനി |
| IX | | കാവരിക്കുന്ന് |

പാറക്കരയിലെ ഉടയാൻ മുരുപ്പ് കോളനിയും പറന്തലിലെ അയണിക്കൂട്ടം കോളനിയും I.H.D.P. കോളനികളാണ്. പൊങ്ങലടി ബി.യിലെ താളിയാട്ട് കോളനി ഭൂരഹിത കർഷക ത്തൊഴിലാളി കോളനിയാണ്. പടുക്കൊട്ടുക്കൽ വാർഡിലെ രണ്ട് ഹരിജൻ കോളനികൾ ചേർത്ത് ഒരു അംബേദ്കർ ഗ്രാമം രൂപീകരിച്ചിട്ടുണ്ട്.

നിലം നികത്തി വീട് വയ്ക്കുന്ന പ്രവണത ഈ പഞ്ചായത്തിന്റെ പല മേഖലകളിലും കണ്ടുവരുന്നു. കാർഷിക മേഖലയെയും പരിസ്ഥിതിയെയും ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനം നിലവിലുള്ള നിയമം കർശനമാക്കി നിരോധിക്കണം. പഞ്ചായത്തിലെ പ്രധാന റോഡുകൾക്ക് സമീപമായി ലക്ഷങ്ങൾ മുടക്കി ആർഭാടമായി വീടുകൾ നിർമിക്കുന്നു. നിർമിതി കേന്ദ്രത്തിന്റെ വീടുകൾ പഞ്ചായത്തിൽ നാമമാത്രമാണ്. ചെലവ് കുറഞ്ഞ വീടുകളുടെ പ്രചാരം വർധിപ്പിച്ച് ഭവന നിർമാണ രംഗത്തെ പാഴ്ചെലവ് നിയന്ത്രിക്കാം. ചെലവ് കുറഞ്ഞ വീട് നിർമിക്കുന്നതിനും നിർമാണ തൊഴിലാളികളുടെ ലഭ്യത വർധിപ്പിക്കുന്നതിനും തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്തിൽ നിർമിതി കേന്ദ്രത്തിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കണം. വാസ്തു ശില്പ മാതൃകയിലുള്ള പുതിയ വീടുകൾ പഞ്ചായത്തിൽ ഇല്ല. ഇത്തരം വീടുകളുടെ നിർമാണ ചെലവ് കൂടുതലും വൈദഗ്ധ്യമുള്ള തൊഴിലാളികൾ കുറവുമാണ്. ഭൂരിപക്ഷം വീടുകൾക്കും ചുറ്റു മതിലുകളില്ല. ജൈവവേലികൾ അപൂർവമായികാണുന്നു.

പ്രകൃതിക്ഷോഭത്താൽ നശിക്കപ്പെടുന്ന വീടുകളുടെ പുനർ നിർമാണത്തിന് നൽകുന്ന സർക്കാർ ധനസഹായം തീരെ അപര്യാപ്തമാണ്. ഭൂരഹിത ഭവനരഹിതർക്ക് പ്രാഥമികമായി ഭൂമി നൽകേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും പുറമ്പോക്ക് ഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താം.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകളും സഹായങ്ങളും കൊണ്ട് മാത്രം കഴിയാത്ത സാഹചര്യത്തിൽ, വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും, സന്നദ്ധസംഘടനകളുടേയും സംയുക്താഭിമുഖ്യത്തിൽ സാധനങ്ങളും അധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണേണ്ടതാണ്. അടിസ്ഥാനാവശ്യമായ പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കേണ്ടതും അതുവഴി പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തേണ്ടതുമാണ്.

## പ്രശ്നങ്ങൾ

1. ഭവന നിർമാണ സഹകരണസംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. അമിതപ്പലിശയും സങ്കീർണമായ ജാമ്യ വ്യവസ്ഥയും കാരണം സാധാരണക്കാരന് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല
2. ഇടത്തരക്കാർക്ക് വീട് നിർമിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമല്ല
3. പഴയ വാസ്തുശില്പ മാതൃകയിലുള്ള കെട്ടിടങ്ങൾ ഇല്ലാതാക്കുന്നു
4. കെട്ടിട നിർമാണ സാമഗ്രികളുടെ അമിത വിലക്കയറ്റവും കൂലിനിരക്കിലെ വർധനവും പാവപ്പെട്ടവന് സ്വന്തമായി ഒരു വീട് നിർമിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാക്കുന്നു
5. ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്നു
6. നിർമാണത്തൊഴിലാളികളുടെ ദൗർലഭ്യം
7. ഭൂമിയുടെ അമിതമായ വില
8. ഭൂരഹിത ഭവനരഹിതർക്ക് പ്രാഥമികമായി ഭൂമി നൽകേണ്ടതുണ്ട്
9. കോളനികളുടെ ഇന്നത്തെ സ്ഥിതി ശോചനീയമാണ്. പാർപ്പിടം, ഗതാഗതം, വൈദ്യുതി, കുടിവെള്ളം, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണം
10. നിലം നികത്തി വീട് വയ്ക്കുന്നത് കാർഷിക മേഖലയെയും പരിസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു
11. ദുർവ്യയമില്ലാത്ത വീട് നിർമിക്കുന്നതിന് വിദഗ്ധരുടെ അഭാവം പഞ്ചായത്തിലുണ്ട്. ചെലവ് കുറഞ്ഞ വീടുകളുടെ പ്രചാരം കുറവാണ്
12. പ്രകൃതിക്ഷോഭത്താൽ നശിക്കുന്ന വീടുകളുടെ പുനർനിർമാണത്തിന് നൽകുന്ന സർക്കാർ ധനസഹായം അപര്യാപ്തമാണ്.
13. സർക്കാർ ഏജൻസികൾ മുഖേനയും ഭവന നിർമാണ ബോർഡ് വഴിയും ലഭ്യമാകുന്ന ധനസഹായം കൊണ്ട് മാത്രം ഭവനനിർമാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.
14. വീടുകൾക്ക് കക്കൂസ്, കുളിമുറി, കിണർ തുടങ്ങിയവയുടെ അഭാവം

## സാധ്യതകളും പരിഹാര നിർദേശങ്ങളും

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമാണ സഹകരണ സംഘം രൂപീകരിക്കുക.
2. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക. കാലതാമസം ഒഴിവാക്കുക.
3. ഭവനം നിർമിച്ചു കൊടുക്കുന്നതോടൊപ്പം കക്കൂസ് നിർമാണത്തിനും തുക അനുവദിക്കുക
4. വീടു വയ്ക്കുന്നതിന് കൈവശഭൂമിയുടെ പട്ടയത്തിന്റെ പ്രശ്നമുണ്ട്. പട്ടയം ഇല്ലാതെ താമസിക്കുന്ന മുഴുവൻ ആളുകൾക്കും പട്ടയം നൽകണം.
5. ചെലവ് കുറഞ്ഞവീട് നിർമിക്കുന്നതിനും വിദഗ്ധതൊഴിലാളികളുടെ ലഭ്യത വർധിപ്പിക്കുന്നതിനും തൊഴിലാളികളെ പരിശീലിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്തിൽ നിർമിതി കേന്ദ്രത്തിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കണം. ചെലവ് കുറഞ്ഞ വീടുകളുടെ പ്രചാരം വർധിപ്പിക്കണം.
6. കെട്ടിട നിർമാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇടപെടുക.
7. വീടുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി ദുർബല വിഭാഗക്കാർക്ക് ധനസഹായം അനുവദിക്കുക.
8. നിലം നികത്തി വീട് വയ്ക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

9. സർക്കാർ ആനുകൂല്യം ലഭ്യമാക്കുമ്പോൾ സർക്കാരിനും ഉപഭോക്താക്കൾക്കും ഇടയിലുള്ള മധ്യവർത്തികളെ ഒഴിവാക്കുക.

10. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക.

11. ഭവനനിർമാണ സാമഗ്രികൾ നിർമിക്കാൻ സാധ്യമായ പ്രദേശങ്ങളിൽ അവ നിർമിക്കാൻ സാഹചര്യമൊരുക്കുക.

12. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പു വരുത്തുക.

13. വൻതുകകൾ മുടക്കി ആർഭാടമായി നിർമിക്കുന്ന വീടുകൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തുക.

14. പരമ്പരാഗത വാസ്തുശില്പ മാതൃകയിലുള്ള വീടുകൾ നിർമിക്കുകയും സംരക്ഷിക്കുകയും ചെയ്യുക.

15. ജൈവവേലി പ്രചരിപ്പിക്കുക.

16. "മൈത്രി ഭവന നിർമാണ പദ്ധതി" ഗ്രാമപഞ്ചായത്തിലൂടെ നടപ്പാക്കുക.

17. JRYയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക. ധന സഹായത്തിന്റെ തുക വർധിപ്പിക്കുക.

18. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമാണ വായ്പകളുടെ സംഖ്യ വർധിപ്പിക്കുക.

19. വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ സാധനങ്ങളും അധ്വാനവും സംഭാവന വഴി സമാഹരിക്കുക.

20. ഒരു വീട്ടിൽ കഴിയുന്ന അധിക കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ നടപടികൾ സ്വീകരിക്കുക.

21. വായ്പയെടുക്കുന്നവർ കൃത്യതയോടെ വീട് പണി പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തുക.

22. വൻ കെട്ടിടങ്ങൾ നിർമിക്കുന്നതിനുള്ള പ്രവണതയ്ക്ക് മാറ്റം വരുത്തുന്നതിനായി കെട്ടിട നിർമാണത്തിന് പരിമിതിയും പരിധിയും നിശ്ചയിക്കണം.

23. പുകയില്ലാത്ത അടുപ്പിന്റെ പ്രചാരണം വർധിപ്പിക്കണം.

24. ഭവനനിർമാണ രംഗത്തെ വിദഗ്ധരെ ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ ഒരു ഉപദേശക സമിതി രൂപീകരിക്കണം.





എൻ. എസ്. എസ്. പോളീടെക്നിക്ക്



# 5.3 A

# വിദ്യാഭ്യാസം

സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പു തന്നെ പഞ്ചായത്തിൽ പാശ്ചാത്യമാതൃകയിലുള്ള സ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യമുണ്ടായിരുന്നു. പഞ്ചായത്തിലെ പ്രഥമസ്കൂൾ 1068-ൽ സ്ഥാപിതമായ തട്ട (പറപ്പെട്ടി)യിലെ ഗവണ്മെന്റ് എൽ.പി. സ്കൂൾ ആണ്. ആദ്യത്തെ ബിരുദ (ബി.എ.) ധാരി പാണ്ടിയത്തെ കൃഷ്ണപിള്ള സാർ ആയിരുന്നു. ഉന്നത വിദ്യാഭ്യാസത്തിനുള്ള താല്പര്യവും അവസരവും വർധിപ്പിച്ചത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ്. പ്രഥമ ഹൈസ്കൂളായ (മങ്കുഴി)യിലെ എൻ.എസ്.എസ്. ഹൈസ്കൂൾ സ്ഥാപിതമായതോടെ ഇതിനുള്ള അവസരം വർധിച്ചു. ഈ സ്കൂളിലെ പ്രഥമ വിദ്യാർഥിയായിരുന്ന പ്രശസ്ത ചരിത്ര പണ്ഡിതനായ അടൂർ രാമചന്ദ്രൻ നായർ എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പന്തളത്ത് എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ കോളേജ് തുടങ്ങിയത് ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വളർച്ചയ്ക്ക് ഏറെ സംഭാവന നൽകിയിട്ടുണ്ട്.

എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളായി പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം പ്രശ്നങ്ങൾ നിറഞ്ഞതാണ്. ഇവ വിശദമായ ചർച്ചയും സത്വര പരിഹാരവും അർഹിക്കുന്നു.

## വിദ്യാലയങ്ങൾ

പഞ്ചായത്തിൽ ഒമ്പതു വാർഡുകളിലായി ഒമ്പതു എൽ.പി. സ്കൂളുകളും, നാലു യു.പി. സ്കൂളുകളും, മൂന്നു ഹൈസ്കൂളുകളും, പടുക്കോട്ടുക്കൽ വാർഡിൽ ഒരു പോളിടെക്നിക്കും ഉണ്ട്.

പട്ടിക - 1

## പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | HSS/HS | | | | | UPS | | | | | LPS | | | |
| | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | |
| 1 | | | | | | | | | | | | 1 | | |
| 2 | | | | | | | | | | | 1 | | 1 | |
| 3 | | | | | | | | | | | | | 1 | |
| 4 | | | 1 | | | | 2 | | | | 1 | 1 | | |
| 5 | | | | | | | | | | | 1 | | | |
| 6 | | | | | | | | | | | 1 | | | |
| 7 | | | 1 | | | | | | | | | | | |
| 8 | | | 1 | | | | 1 | | | | | 1 | | |
| 9 | | | | | | | | | | | 1 | 1 | | |
| ആകെ | | | 3 | | | | 3 | | | | 5 | 4 | 2 | |

പാറക്കര, പടുക്കൊട്ടുക്കൽ, പൊങ്ങലടി എ, പൊങ്ങലടി ബി, പെരുമ്പുളിക്കൽ എന്നീ വാർഡുകളിൽ നഴ്സറി സ്കൂളുകൾ ഇല്ല. അതുപോലെ, ഭഗവതിക്കും പടിഞ്ഞാറ്, പടുക്കൊട്ടുക്കൽ, മല്ലിക, പൊങ്ങലടി എ എന്നീ വാർഡുകളിൽ അങ്കണവാടികളില്ല. ഒരു എൽ.പി. സ്കൂളുപോലുമില്ലാത്ത വാർഡാണ് പടുക്കൊട്ടുക്കൽ വാർഡും. തന്മൂലം ഈ വാർഡുകളിലെ കുട്ടികൾക്ക് ഒന്ന് ഒന്നര കിലോമീറ്റർ യാത്ര ചെയ്തു മാത്രമേ ഇതര വാർഡുകളിലെയോ ഇതര പഞ്ചായത്തുകളിലെയോ സ്കൂളുകളിൽ എത്തിച്ചേരാൻ സാധിക്കുന്നുള്ളു. ഭഗവതിക്കും പടിഞ്ഞാറ്, പടുക്കൊട്ടുക്കൽ, പറന്തൽ എന്നീ വാർഡുകളിലെ നഴ്സറികളിൽ പഠനഭാഷ ഇംഗ്ലീഷ് ആണെന്നത് വികലമായ വിദ്യാഭ്യാസ സംസ്കാരം നമ്മുടെ ഗ്രാമങ്ങളിൽ ആഴ്ന്നിറങ്ങിക്കഴിഞ്ഞിരിക്കുന്നുവെന്ന് കാണിക്കുന്നു.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽപ്പെട്ട കുട്ടികൾക്ക് സ്കൂളിലെത്താൻ രണ്ടു കിലോ മീറ്ററിലധികം യാത്ര ചെയ്യേണ്ടി വരുന്നുണ്ട്. വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക രണ്ടിൽ കൊടുക്കുന്നു.

| | | | നഴ്സറി | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ: വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസ്സുകൾ | കോളേജ് | സ്കൂൾ - കോളേജ് ക്ലാസ്സുകൾക്ലാസ്സുകൾ നടത്തുന്നവ |
| 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| | | | | | | | | | | | | | | |
| | | | | 1 | | | | | | | | 1 | | |
| | | | | 1 | | | 1 | | | | | | | |
| | | 1 | | | | | | | | | | 1 | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | | | |
| | | | | | | | | | | | | 3 | | |
| | | | | | | | | | | | | | | |
| | | 1 | | 2 | | | 1 | | | | | 5 | | |

| വാർഡ് | യാത്ര ചെയ്യേണ്ടി വരുന്ന ദൂരം |
|---|---|
| 1. പാറക്കര | 1 കി.മീ. മുതൽ 2 കി.മീ. വരെ |
| 2. ഭഗവതിക്കും പടിഞ്ഞാറ് | 1 കി.മീറ്ററിൽ കൂടുതൽ |
| 3. പടുക്കൊട്ടുക്കൽ | 1 കി. മീറ്ററിൽ കൂടുതൽ |
| 4. മല്ലിക എ | 1 കി. മീറ്ററിൽ കുറവ് |
| 5. ഇടമാലി (മല്ലിക ബി) | 2 കി. മീറ്ററിൽ കൂടുതൽ |
| 6. പൊങ്ങലടി എ | 1 കി. മീറ്ററിൽ കൂടുതൽ |
| 7. പൊങ്ങലടി ബി | 1 കി. മീറ്ററിൽ കൂടുതൽ |
| 8. പെരുമ്പുളിക്കൽ | 1 കി. മീറ്ററിൽ കൂടുതൽ |
| 9. പറന്തൽ | 1 കി.മീറ്ററിൽ കൂടുതൽ |

സ്കൂളുകളൊന്നും വാർഡുകളുടെ കേന്ദ്രഭാഗത്തല്ലാത്തതിനാൽ, സമീപസ്ഥങ്ങളായ പഞ്ചായത്തുകളിലെ സ്കൂളുകളെ വിദ്യാർഥികൾ ആശ്രയിക്കുന്നു.

അധ്യയന നിലവാരം

കഴിഞ്ഞ ഏതാനും വർഷങ്ങളായി പഞ്ചായത്തിലെ സ്കൂളുകളിൽ വിദ്യാർഥികളുടെ എണ്ണം വളരെയധികം കുറഞ്ഞിരിക്കുന്നു. ഇതിന്റെ വിശദമായ കണക്കുകൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ശൂന്യമായി കിടക്കുന്ന ക്ലാസ്സുമുറികളും കുറഞ്ഞുകൊണ്ടിരിക്കുന്ന ഡിവിഷനുകളും ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു. ഇതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് ജനനിരക്കിലുണ്ടായ കുറവാണ്. എന്നാൽ സർക്കാർ/

**പട്ടിക - 3**

**പഞ്ചായത്തിലെ വിദ്യാർഥികളുടെ വിവരങ്ങൾ**

| | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ | |
|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| N.S.S. L.P.S., | 55 | 47 | 102 | 22 | 11 | 33 | 2 | 3 |
| Govt. L.P.S. | 78 | 55 | 133 | 19 | 21 | 40 | 3 | 47 |
| Govt. L.P.S. Thatta | 61 | 45 | 106 | 12 | 7 | 19 | 2 | 2 |
| N.S.S. L.P.S. Thatta | 66 | 43 | 109 | 21 | 12 | 33 | 3 | 1 |
| Govt. L.P.S. Paranthal | 47 | 38 | 85 | 28 | 25 | 53 | 2 | 1 |
| M.S.C. L.P.S. | 43 | 37 | 80 | 12 | 10 | 22 | 1 | - |
| S.K.V. U.P.S | 96 | 116 | 214 | 33 | 43 | 76 | 6 | 5 |
| S.V. L.P.S. | 45 | 48 | 93 | 11 | 5 | 16 | 2 | 1 |
| S.R.V. U.P.S. | 159 | 154 | 313 | 55 | 53 | 108 | 19 | 12 |
| Govt. L.P.S. | 83 | 66 | 149 | 39 | 24 | 63 | 5 | 2 |
| Govt. L.P.G.S., Thatta | 55 | 48 | 103 | 13 | 15 | 28 | - | 4 |
| N.S.S. H.S. Thatta | 264 | 223 | 487 | 81 | 63 | 144 | 6 | 4 |
| N.S.S. H.S. Perumpulickal | 237 | 194 | 431 | 63 | 53 | 116 | 31 | 13 |
| S.V.H. Pongalady | 213 | 179 | 392 | 68 | 76 | 144 | 8 | 6 |
| ആകെ | 1502 | 1293 | 2795 | 477 | 418 | 895 | 90 | 58 |

എയ്ഡഡ് സ്കൂളുകളെ തകർച്ചയിലേക്ക് തള്ളിവിട്ടുകൊണ്ടിരിക്കുന്നത് അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങൾ വ്യാപകമായതാണ്. ഭൂരിഭാഗം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും യോഗ്യതയുള്ള അധ്യാപകരല്ല പഠിപ്പിക്കുന്നത്. എന്നാൽ, ഉന്നത വിദ്യാഭ്യാസ മാധ്യമം ഇംഗ്ലീഷ് ആയിത്തുടരുന്ന സാഹചര്യവും, ഇംഗ്ലീഷ് ഭാഷയോടുള്ള അന്ധമായ ആരാധനയും അൺ-എയ്ഡഡ് സ്കൂളുകളിലെ പുറംമോടിയും സാധാരണക്കാരെപ്പോലും ചെലവേറിയ ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസം തേടിപ്പോകാൻ പ്രേരിപ്പിക്കുന്നു.

ഇന്ന് പഞ്ചായത്തിലെ 14 സ്ത്രീകളിലുമായി ആകെ 2795 വിദ്യാർഥികളാണുള്ളത്. (പട്ടിക 3 കാണുക).

| | | | | പഠനം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | മറ്റുള്ളവർ | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | പഠനം നിർത്തിയവരുടെ മൊത്തം എണ്ണം |
| ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| 5 | 1 | 1 | 2 | - | - | - | 1 | - | 1 | |
| - | - | - | 1 | -1 | 1 | 3 | 4 | | | |
| 4 | 2 | 1 | 3 | - | - | - | - | - | - | |
| 4 | 1 | 2 | 3 | - | - | - | - | - | - | |
| 3 | 19 | 13 | 32 | 1 | 1 | 2 | - | - | - | |
| 1 | 1 | 1 | 2 | - | - | - | - | - | - | |
| 11 | 1 | 2 | 3 | - | - | - | - | - | - | |
| 3 | - | 1 | 1 | - | - | - | 1 | 1 | 2 | |
| 31 | 135 | 101 | 205 | - | - | - | - | 3 | 3 | |
| 7 | - | 2 | 2 | - | - | - | - | 1 | | |
| 4 | - | - | 1 | | | | | | | |
| 10 | 5 | 2 | 7 | | | | | | | |
| 44 | 14 | 10 | 24 | 5 | 3 | 8 | 2 | 3 | 5 | 13 |
| 14 | 12 | 7 | 19 | 4 | - | 4 | - | - | - | 4 |
| 148 | 191 | 154 | 345 | 11 | 4 | 16 | 5 | 15 | 17 | |

ഇവരിൽ 1502 പേർ ആൺകുട്ടികളും 1293 പേർ പെൺകുട്ടികളുമാണ്. പഞ്ചായത്തിലെ മൊത്തം 895 പട്ടിക ജാതി വിദ്യാർഥികളിൽ (ആകെ വിദ്യാർഥികളുടെ 32 ശതമാനം) 477 പേർ ആൺകുട്ടികളും 418 പേർ പെൺകുട്ടികളുമാണ്. പെൺകുട്ടികളേക്കാൾ59 ആൺകുട്ടികൾ കൂടുതലുണ്ട്. തോറ്റു പഠിക്കുന്ന വിദ്യാർഥികളിൽ SC വിഭാഗത്തിൽ മാത്രം 148പേർ വരും. ഇത് ആ വിഭാഗത്തിൽ പഠിക്കുന്ന മൊത്തം വിദ്യാർഥികളുടെ 16.5 ശതമാനമാണ്. എന്നാൽ, മറ്റു വിഭാഗങ്ങളിൽ തോറ്റു പഠിക്കുന്നവർ ആകെ 191 പേർ മാത്രമേ ഉള്ളൂ. 6.8 ശതമാനം. തോൽവിയിൽ പട്ടികജാതിയിൽ പെട്ടവരും മറ്റുള്ളവരും തമ്മിലുള്ള അന്തരം സാമൂഹ്യ സാമ്പത്തിക കാരണങ്ങളാലാണ്. ഇതര വിഭാഗങ്ങളിൽ പെട്ടവർക്ക് പ്രത്യേകമായ ട്യൂഷനും മറ്റും പോകാൻ സൗകര്യമുണ്ട്. എന്നാൽ, സാമ്പത്തിക കാരണങ്ങളാൽ പട്ടികജാതി വിഭാഗക്കാർക്ക് അതിന് സാധിക്കുന്നില്ല. സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്കുവെച്ച് നിർത്തി പോകുന്നവരും ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ ഇങ്ങിനെയുള്ളവരുടെ എണ്ണം താരതമ്യേന കൂടുതലാണ്. സൗജന്യമായ സ്കൂൾ വിദ്യാഭ്യാസം പോലും എന്തുകൊണ്ട് വേണ്ടെന്നു വെയ്ക്കുന്നുവെന്നത് അന്വേഷണവിധേയമാക്കേണ്ടതുണ്ട്.

വിജയശതമാനത്തിന്റെയും മാർക്കറ്റിന്റെയും അടിസ്ഥാനത്തിൽ (പട്ടിക നാല് എ,ബി,സി നോക്കുക). അധ്യയന നിലവാരം തൃപ്തികരമെന്നു പറയാം. എൽ.പി. വിഭാഗത്തിൽ വിവിധ ക്ലാസ്സുകളിലെ 30 ശതമാനത്തോളം വിദ്യാർഥികൾ 60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്നവരാണ്. എന്നാൽ യു.പി. വിഭാഗത്തിൽ60 ശതമാനത്തിൽ കൂടുതൽ മാർക്കു നേടാൻ22 ശതമാനം വിദ്യാർഥികൾക്കു മാത്രമേ കഴിയുന്നുള്ളൂ. പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകളിലേയും എസ്.എസ്.എൽ.സി. വിജയശതമാനം ഇതിനേക്കാൾ വർധിപ്പിക്കാൻ കഴിയേണ്ടതാണ്. ആകെ 90 ശതമാനത്തിൽ കൂടുതൽ മാർക്കു ലഭിക്കുന്ന വിദ്യാർഥികൾ പഞ്ചായത്തിൽ വിരളമാണ്. എസ്.എസ്.എൽ.സിയ്ക്ക്60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർഥികളുടെ ശതമാനം 8.72 മാത്രമാണെന്നത് പ്രത്യേകം പരിഗണനയർഹിക്കുന്നു. പാഠ്യവും പാഠ്യാനുബന്ധവുമായ മേഖലകളിൽ വിദ്യാർഥികളുടെ നേട്ടം പരിതാപകരമാണ്. കലാകായിക മത്സരങ്ങളിൽ മുൻനിരയിൽ എത്തിയവർ ഇല്ലെന്നു തന്നെ പറയാം. പരിശീലനത്തിനുള്ള അവസരമില്ലായ്മയും പ്രോത്സാഹനത്തിന്റെ കുറവും ഇതിനു കാരണങ്ങളാകാം.



ആദ്യത്തെ സ്കൂൾ

## പട്ടിക - 4 എ

## പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം

| | | കുട്ടികളുടെ പൊതു നിലവാരം | | | | | |
|---|---|---|---|---|---|---|---|
| പേര് | ആകെ | 30% താഴെ കുട്ടികൾ | 30-40 മാർക്കു നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60%ത്തിൽ ശതമാനം നേടുന്നവർ | 91-92 കൂടുതൽ നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| N.S.S. L.P.S. Parakkara | 61 | 9 | 8 | 8 | 13 | 23 | - |
| Nombizhi Govt. L.P.S. Keerukuzhi | 68 | 10 | 24 | 7 | 9 | 18 | - |
| G.L.P.S. Thatta | 58 | 19 | 6 | 6 | 7 | 20 | - |
| N.S.S. L.P.S. Thatta | 57 | 8 | 10 | 7 | 7 | 25 | - |
| N.S.S. L.P.S. Perumpulickal | 40 | 8 | 8 | 6 | 10 | 8- | - |
| M.S.C.L.P.S. Pongalady | 35 | 7 | 9 | 8 | 4 | 5 | 2 |
| S.V.L.P.S. Perumpulickal | 54 | 4 | 10 | 11 | 6 | 23 | - |
| Govt. L.P.S. Pongalady | 64 | 19 | 5 | 6 | 10 | 24 | - |
| Govt. L.P.G.S. Thatta | 57 | 16 | 16 | 12 | 5 | 8 | - |

## പട്ടിക – 4 ബി

### പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർഥികളുടെ അക്കാദമിക് നിലവാരം (യു.പി. & എച്ച്.എസ്.)

| പേര് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | | |
|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 മാർക്കു നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60%ത്തിൽ ശതമാനം നേടുന്നവർ | 91-92 കൂടുതൽ നേടുന്നവർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| S.K.V. U.P.S. Thatta | 214 | 56 | 17 | 22 | 28 | 91 | - |
| S.R.V. U.P.S. Perumpulickal | 313 | 48 | 68 | 66 | 66 | 65 | - |
| Govt. L.P.S. Pongaladi (UP Section) | 26 | 4 | 6 | 1 | 3 | 12 | - |
| S.V.H.S. (UP) | 143 | 25 | 46 | 20 | 25 | 18 | 9 |
| N.S.S. H.S. Thatta | 175 | 56 | 54 | 33 | 21 | 11 | - |
| S.V.H.S. H.S. Pongalady | 249 | 30 | 55 | 71 | 41 | 40 | 14 |
| N.S.S. H.S. Thatta | 312 | 134 | 58 | 52 | 36 | 32 | - |
| N.S.S. H.S. Perumpulickal | 431 | 215 | 130 | 60 | 14 | 12 | - |
| S.S.L.C. | 298 | 112 | 85 | 56 | 25 | 26 | - |

## പട്ടിക – 5

## പഞ്ചായത്തിലെ സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസംഗ്രാന്റ് | മുസ്ലിം പെൺ കുട്ടികളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം | ബീഡി തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർ ഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർ ഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | N.S.S. L.P.S. Parakkara | - | 33 | - | - | 2 | - | - | - |
| 2 | Nombizhi L.P.S. Keerukuzhy | - | 41 | - | 1 | - | - | - | - |
| 3 | G.L.P.S. Thatta | - | 10 | - | - | - | - | - | - |
| 4 | N.S.S. L.P.S. Parakkara | 1 | 33 | - | - | - | - | - | - |
| 5 | G.W. L.P.S. Perumpulickal | - | 43 | - | - | - | - | - | - |
| 6 | M.S.C. L.P.S. Pongalady | - | 22 | - | - | - | - | - | - |
| 7 | S.V.L.P.S. Perumpulickal | - | | - | - | - | - | - | - |
| 8 | Govt. L.P.G.S. Thatta | - | 28 | - | - | - | - | - | - |
| 9 | S.K.U.P.S. Thatta | 2 | 76 | - | 1 | - | - | - | - |
| 10 | S.R.V.U.P.S. Perumpulickal | 23 | 108 | - | 1 | 4 | - | - | - |
| 11 | Govt. L.P.S. Pongalady | - | 63 | - | - | 1 | - | - | - |
| 12 | S.V.H.S. Pongalady | 4 | 144 | 4 | 2 | 2 | - | - | - |
| 13 | N.S.S. H.S. Perumpulickal | 6 | 115 | - | - | - | - | - | - |
| 14 | N.S.S. H.S. Thatta | - | 146 | - | 1 | 4 | - | - | - |
| | | 36 | 852 | 4 | 6 | 13 | | | |

## പഞ്ചായത്തിലെ അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല, പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ ഇല്ല, പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | റേഡിയോ | ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ ടേപ്പ്റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ/വി.സി.പി. |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| N.S.S. L.P.S. Parakkara | ഉണ്ട് | ഇല്ല | ഉണ്ട് | | | | |
| Govt. L.P.S. Nombizhi, | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| Keerukuzhi | | | | | | | |
| Govt. L.P.S. Thatta | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| N.S.S. L.P.S. Thatta | ഇല്ല | ഇല്ല | ഇല്ല | ഇല്ല. | ഇല്ല | ഇല്ല | ഇല്ല |
| Govt. W. L.P.S. | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| Perumpulickal | | | | | | | |
| M.S.C. L.P.S. Pongalady | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| S.K.V.U.P.S. Thatta | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| S.V.L.P.S. Perumpulickal | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| S.R.V.U.P.S. Perumpulickal | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| Govt. L.P.S. Pongalady | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല. | ഇല്ല |
| Govt. L.P.G.S. Thatta | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| N.S.S. H.S. Thatta | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| N.S.S. H.S. Perumpulickal | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| S.V.H.S. Pongalady | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |

| – എണ്ണം | | | | ബ്ലാക്ക് ബോർഡ് | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96ൽ ലഭിച്ച അദ്ധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് പി.ടി.എ.കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
| 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| | | | | 5 | 4 | 197 | - | 11 | സജീവം | ഇല്ല |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 5 | 195 | ഇല്ല | 8 | സജീവം | ഉണ്ട് |
| | | | | | | | | | | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 194 | 1 | 5 | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 4 | 195 | 2 | 15 | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 189 | 2 | 1 | സജീവം | ഉണ്ട് |
| | | | | | | | | | | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | - | 193 | 1 | 21 | ഉണ്ട് | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 10 | 195 | - | 3 | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 3 | 195 | ഇല്ല | 7 | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 10 | 195 | ഇല്ല | 12 | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 6 | 192 | - | - | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 3 | 195 | 4 | 16 | സജീവമല്ല | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 15 | 194 | ഇല്ല | 3 | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | 11 | 11 | 197 | ഇല്ല | ഇല്ല | സജീവം | ഉണ്ട് |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | 18 | 194 | 1 | 1 | സജീവം | ഉണ്ട് |

# പട്ടിക

## പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി/എൽ.പി. പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം | മറ്റകുറ്റപ്പണികൾ ചുറ്റുമതിൽ, അറ്റകുറ്റ പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. N.S.S. L.P.S. Parakkara | LP | - | | - | - | 55 | 47 | 102 | 4 | 4 | - | - | 50 സെന്റ് | 35 സെന്റ് | - | ചുറ്റുമതിലും വേലിയും ഇല്ല |
| 2. Nombizhi L.P.S. Keerukuzhi | LP | | - | - | - | 76 | 52 | 128 | 4 | 4 | - | - | 100 സെന്റ് | 25 സെന്റ് | 20സെന്റ് | ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ നടത്തണം |
| 3. Govt. L.P.S. Thatta | LP | | - | - | - | 61 | 45 | 106 | 4 | 4 | - | | | - | | ചുറ്റുമതിൽ, അറ്റകുറ്റപ്പണി, ഫർണിച്ചർ എന്നിവ വേണം |
| 4. N.S.S. L.P.S., Thatta | LP | - | | - | - | 66 | 43 | 109 | 4 | 4 | - | - | 1 ഏക്കർ | 80 സെന്റ് | - | - |
| 5. M.S.C. L.P.S. Pongalady | LP | - | | - | - | 43 | 37 | 80 | 4 | 4 | - | - | 50 സെന്റ് | 20 സെന്റ് | 10 സെന്റ് | - |
| 6. G.W. L.P.S. Perumpulickal | LP | | - | - | - | 47 | 38 | 85 | 4 | 4 | - | - | 25 സെന്റ് | ഇല്ല | 10 സെന്റ് | ചുറ്റുമതിൽ പൂർത്തിയാക്കണം, ഫർണിച്ചർ റിപ്പയർ ചെയ്യണം |
| 7. S.V.L.P.S. | - | | - | - | - | 44 | 46 | 90 | 3 | 3 | - | - | | - | - | |
| 8. S.R.V.U.P.S Perumpulickal | - | | - | - | - | 155 | 154 | 313 | 10 | 10 | | 6 ഏക്കർ 50 സെന്റ് | 60 സെന്റ് | 2ഏക്കർ | | കളിസ്ഥലത്തിന് ചുറ്റുമതിൽ, ഫർണിച്ചർ വേണം |
| 9. Govt. L.P.S. Pongalady | LP | | - | - | - | 83 | 63 | 149 | 5 | 5 | | | 1 ഏക്കർ | 40 സെന്റ് | 40 സെന്റ് | ചുറ്റുമതിൽ അറ്റകുറ്റപ്പണി |
| 10. Govt. L.P.S. Thatta | LP | | - | - | - | 55 | 48 | 102 | 4 | 4 | - | - | 34.5 സെന്റ് | - | - | ചുറ്റുമതിൽ അറ്റകുറ്റപ്പണി, ഫർണിച്ചർ |

## പട്ടിക 6 ബി

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി/എൽ.പി. പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകപരുടെ എണ്ണം | | | | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നിനും ഉപയോഗിക്കാതെ കിട ക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം | അറ്റകുറ്റപ്പണികൾ ചുറ്റുമതിൽ, അറ്റകുറ്റ പണികൾ, ഫർണിച്ചർ റിപ്പയർ തുട ങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. N.S.S. H.S | H.S | | - | - | 264 | 223 | 487 | 22 | 22 | - | - | 3 ഏക്കർ | 80 സെന്റ് | 50 സെന്റ് | ചുറ്റുമതിൽ | |
| Thatta | | | | | അറ്റകുറ്റപ്പണി, ഫർണിച്ചർ റിപ്പയർ | | | | | | | | | | | |
| 2. N.S.S. H.S. | H.S | | - | - | 237 | 194 | 431 | 19 | 19 | - | - | 3 ഏക്കർ | 1 ഏക്കർ | - | - | |
| Perumpulickal | | | 36 സെന്റ് | | | | | | | | | | | | | |
| 3. S.V.H.S. | H.S | | - | - | 213 | 179 | 392 | 22 | 22 | - | 1 | 3 ഏക്കർ | 2 ഏക്കർ | - | - | |
| | | | | | 66 സെന്റ് | 50 സെന്റ് | | | | | | | | | | |
| 4. N.S.S. Polytechnic | Poly. | | - | - | 545 | 74 | 619 | 87 | 79 | 8 | - | 30 ഏക്കർ | 1 ഏക്കർ | 5ഇല്ല | - | |

എൻ.എസ്.എസ്. എൽ.പി.എസ് പാറക്കര, നോമ്പിഴി എൽ.പി.എസ്. കീരുകുഴി, ഗവ: എൽ.പി.എസ്. തട്ടയിൽ, G.W.L.P.S. പെരുമ്പുളിക്കൽ, S.R.V.U.P.S. പെരുമ്പുളിക്കൽ, ഗവ: എൽ.പി.എസ്. പൊങ്ങലടി, ഗവ: എൽ.പി.എസ്. തട്ടയിൽ, എൻ.എസ്.എസ്. എച്ച്.എസ്. തട്ടയിൽ എന്നിവയ്ക്ക് ചുറ്റുമതിലുകളില്ല. ഇവിടെയെല്ലാം സ്കൂൾ കെട്ടിടങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുകയും ആവശ്യമായ ഫർണിച്ചർ നൽകുകയും വേണം. സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുന്നതിന് അധ്യാപക രക്ഷാകർതൃസമിതികളുടെ സന്നദ്ധസേവനം വേണ്ടത്ര ലഭിക്കുന്നില്ല.

എല്ലാ സ്കൂളുകൾക്കും ആവശ്യത്തിനു വേണ്ട സ്ഥിരം കെട്ടിടങ്ങൾ ഉണ്ട്. (പട്ടിക ഏഴ് നോക്കുക.)

പട്ടിക – 7

## പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനിമുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | സ്വന്തം | അർധസ്ഥിരം | താൽക്കാലികം | സ്വന്തം | അർധസ്ഥിരം | താൽക്കാലികം | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| N.S.S. L.P.S. Parakkara | 4 | 1 | 1 | - | 4 | 1 | - | - | - | 1 |
| Nombizhy, Keerukuzhy | 4 | 1 | - | - | 4 | - | - | 2 | ഉണ്ട് | 1 |
| | | | | | | | | | | ഠാ |
| Govt. L.P.S. Thatta | 4 | 1 | - | - | - | - | - | - | - | ഇല്ല |
| N.S.S. L.P.S. Thatta | 4 | 1 | - | - | 5 | - | - | - | - | - |
| M.S.C. L.P.S. Pongalady | 4 | 1 | - | 3 | - | - | - | - | 2 | 6 |
| Govt. W. L.P.S. Perumpulickal | 4 | 1 | - | - | 1 | - | - | 3 | ഉണ്ട് | 1 |
| | | | | | | | | | | |
| S.K.V. U.P.S. Thatta | 7 | 3 | - | - | 13 | - | - | - | ഉണ്ട് | 3 |
| S.V. L.P.S. | 4 | 1 | 1 | - | 2 | 1 | - | 1 | ഉണ്ട് | ഇല്ല |
| Perumpulickal | | | | | | | | | | |
| S.R.V. U.P.S. Perumpulickal | 9 | 3 | - | - | 9 | - | - | 1 | 1 | 1 |
| Govt. L.P.S., Pongaladay | 5 | 5 | - | - | 5 | - | 3 | ഉണ്ട് | ഇല്ല | - |
| Govt. L.P.G.S. Thatta | 4 | - | - | - | 1 | - | - | 4 | 2 | 2 |
| N.S.S. H.S. Thatta | 15 | 3 | 2 | - | 23 | 9 | - | - | - | 2 |
| N.S.S. H.S. Perumpulickal | 11 | 11 | - | - | 11 | - | - | - | - | 2 |
| S.V. H.S. Pongalady | 12 | 3 | - | - | 22 | - | - | - | -2 | 15 |

| മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല, കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 25 | - | - | - | കിണർ | ഇല്ല | താൽക്കാലികം | 1 | ഇല്ല | 20 | 10 | 2 | 5 | മേശ 1<br>കസേര - 3 |
| ഇല്ല | 1 | 1 | ഇല്ല | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 13 | 10 | 2 | 5 | ഷെൽഫ് - 2 |
| | | | | | | | | | | | | | അലമാര - 2 |
| ഇല്ല | 2 | ഇല്ല | ഇല്ല | പൈപ്പ് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 15 | 8 | 4 | 3 | ഷെൽഫ് - 2 |
| ഇല്ല | 2 | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 | - | 2 | - |
| 1 | ഇല്ല | - | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 16 | - | - | 2 | | ഷെൽഫ് - 2 |
| 5 | - | - | 1 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 4 | 8 | 2 | - | ഷെൽഫ് - 1 |
| | | | | | | | | | | | | | മാപ്പ് സ്റ്റാന്റ് |
| 10 | ഇല്ല | 1 | ഇല്ല | പൈപ്പും | കിണറും | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | - | - - |
| - | 1 | ഇല്ല | - | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | - | - | അലമാര-1 |
| | | | | | | | | | | | | | |
| ഇല്ല | 2 | 1 | - | കി.പൈപ്പ് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 30 | 30 | 12 | 5 | മേശ -2<br>സ്റ്റാൻഡ് - 1<br>കസേര -5 |
| കിണർ | - | ഉണ്ട് | - | ഇല്ല | 5 | ഉണ്ട് | 1 | 2 | | | | | ഷെൽഫ് - 1 |
| 4 | 2 | 2 | ഇല്ല | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 30 | 5 | 5 | ഷെൽഫ് - 5<br>കസേര - 4 |
| 10 | 2 | 1 | 1 | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 10 | 15 | മേശ - 4 |
| - | 1 | 1 | - | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 50 | 50 | 10 | 10 | |
| - | 1 | - | - | ഉണ്ട് | ഇല്ല | ഉണ്ട് | മതി | - | - | - | - | - | |

കീരുകുഴിയിലെ നോമ്പിഴി ഗവ: എൽ.പി.എസിന് രണ്ടും, പെരുമ്പുളിക്കലെ G.W.L.P.S.ന് മൂന്നും. ഗവ: എൽ.പി.എസ് പൊങ്ങലടിക്ക് മൂന്നും, S.R.V.U.P.S.ന് ഒന്നും, തട്ടയിലെ ഗവ: എൽ.പി.ജി.എസ്സിന് നാലും എന്ന ക്രമത്തിൽ കൂടുതലായി മുറികൾ ആവശ്യമാണ്. പൊങ്ങലടി വാർഡിൽ പഞ്ചായത്തുവക മുപ്പതുസെന്റ് സ്ഥലത്ത് നഴ്സറി സ്കൂൾ സ്ഥാപിച്ചു കിട്ടണമെന്ന ആവശ്യമുയർന്നിട്ടുണ്ട്. S.K.V.U.P.S.ൽ 80 അടി നീളത്തിൽ ഒരു ഹാൾ വേണമെന്ന നിർദേശവുമുയർന്നിട്ടുണ്ട്. മൂത്രപ്പുരകൾ ഇല്ലാത്ത മൂന്നു സ്കൂളുകൾ പഞ്ചായത്തിലുണ്ട്. ഗവ: എൽ.പി.എസ്. തട്ടയിൽ, എസ്.വി.എൽ.പി.എസ്. പെരുമ്പുളിക്കൽ, ഗവ: എൽ.പി.എസ്. പൊങ്ങലടി എന്നിവയാണവ. വിവിധ സ്കൂളുകളിലായി16 മൂത്രപ്പുരകൾ കൂടി വേണ്ടതാണ്. അഞ്ചു സ്കൂളുകൾക്ക് കക്കൂസ് സൗകര്യങ്ങൾ ഉണ്ടാവേണ്ടതുണ്ട്. ഭഗവതിക്കും പടിഞ്ഞാറ് വാർഡിൽ സ്കൂൾ കോമ്പൗണ്ടിന്റെ മതിൽ കെട്ടി ഒരു ഓപ്പൺ എയർ തീയേറ്റർ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഇങ്ങനെ പുതുതായി വേണ്ടിവരുന്ന നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ സ്കൂളുകൾക്കും സ്ഥല സൗകര്യങ്ങൾ ഉണ്ട്.

പഞ്ചായത്തിലെ അഞ്ചു സ്കൂളുകളിൽ മാത്രമേ വൈദ്യുതി സൗകര്യമുള്ളു. പൈപ്പോ കിണറോ ആണ് കുടിവെള്ളത്തിന് കുട്ടികൾ ആശ്രയിക്കുന്നത്. എന്നാൽ പൊങ്ങലടി എം.എസ്.എൽ.പി.എസിൽ ഇതു രണ്ടും ഇല്ല. എട്ടു സ്കൂളുകളിൽ സ്ഥിരമായ പാചകമുറികൾ ഇല്ല. അതുപോലെ അധ്യാപകർക്കുള്ള സ്റ്റാഫ് റൂമുകളും ഇല്ല. എൽ.പി. സ്കൂളുകളിൽ പലതിലും കുട്ടികൾക്ക് ഡസ്ക്കുകൾ ഇല്ല. പഞ്ചായത്തിലെ സ്കൂളുകളിലേക്ക് മൊത്തം 178 ഡസ്ക്കുകളും, 161 ബഞ്ചുകളും, 55 മേശകളും,66 കസേരകളും,16 ഷെൽഫുകളും ആവശ്യമാണ്. (പട്ടിക ഏഴ് നോക്കുക).

ആധുനിക പഠനോപകരണങ്ങളുടെ അഭാവം പഞ്ചായത്തിലെ സ്കൂളുകളിൽ അനുഭവപ്പെടുന്നുണ്ട്. തട്ടയിലെ എൻ.എസ്.എസ്. എൽ.പി.എസ് ഒഴികെ എല്ലാ സ്കൂളുകളിലും ലൈബ്രറികൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം വേണ്ട രീതിയിൽ നടക്കുന്നില്ല. ഒമ്പതു സ്കൂളുകളിൽ ലബോറട്ടറി സൗകര്യങ്ങൾ ഉണ്ട്. ബാക്കിയുള്ളവയിൽ പ്രാഥമികമായ ലാബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തണം. ആറു സ്കൂളുകളിൽ മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ തുടങ്ങിയ പഠനോപകരണങ്ങളില്ല. നാല് സ്കൂളുകളിൽ മാത്രമേ റേഡിയോ ഉള്ളു. ഇവ മുടങ്ങാതെ പ്രവർത്തിപ്പിക്കുന്നുണ്ടോയെന്ന കാര്യം സംശയാസ്പദമാണ്. ആധുനിക അധ്യയനോപാധികളായ ടി.വി., ടേപ്പ് റിക്കാർഡർ, വി.സി.പി., സിനിമ പ്രൊജക്ടർ, ഓവർ ഹെഡ് പ്രൊജക്ടർ, കമ്പ്യൂട്ടർ എന്നിവ ഒരു സ്കൂളിലുമില്ല. വിജ്ഞാനരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വമ്പിച്ച മാറ്റങ്ങൾ ഇവയുടെ അഭാവം മൂലം നമ്മുടെ വിദ്യാർഥികൾക്ക് ലഭ്യമല്ലാതെ വരുന്നു. വേണ്ടത്ര ബ്ലാക്കുബോർഡു പോലും സ്കൂളുകളിൽ ഇല്ല. പുതുതായി 15 ബ്ലാക്ക് ബോർഡുകൾ ആവശ്യമാണ്.

പഞ്ചായത്തിലെ സ്കൂളുകളിൽ ശരാശരി 190 ഓളം സാധ്യായ ദിവസങ്ങൾ കഴിഞ്ഞ വർഷം ലഭിച്ചിട്ടുണ്ട്. സമരങ്ങളിലൂടെ നഷ്ടപ്പെട്ട ദിവസങ്ങൾ വളരെക്കുറവാണ്. എന്നാൽ, അതിനേക്കാൾ കൂടുതൽ ദിവസങ്ങൾ പ്രത്യേക അവധികൾ മൂലം നഷ്ടപ്പെടുകയുണ്ടായി. എൻ.എസ്.എസ്. എൽ.പി.എസ്. പാറക്കര, ഗവണ്മെന്റ് എൽ.പി.ജി.എസ് തട്ടയിൽ എന്നിവയൊഴിച്ച് എല്ലാ സ്കൂളുകളിലും മാതൃസംഗമം നടക്കാറുണ്ട്. എല്ലാ സ്കൂളുകളിലും അധ്യാപക രക്ഷാകർത്തൃസമിതികൾ പ്രവർത്തിക്കുന്നില്ലെന്നാണ് ഗ്രാമസഭകളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്. പടുക്കൊട്ടുക്കൽ, മല്ലിക ബി വാർഡുകളിലെ സ്കൂളുകളിലാണ് പി.ടി.എ.കൾ പ്രവർത്തിക്കാത്തത്. സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പി.ടി.എ.കൾ ശക്തിപ്പെടുത്തേണ്ടതാവശ്യമാണ്. എയ്ഡഡ് സ്കൂളുകളുടെ പി.ടി.എ. കളിൽ മാനേജ്മെന്റിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന നിർദേശം ഗ്രാമസഭയിൽ നിന്നു വന്നിട്ടുണ്ട്.

വിവിധ കാരണങ്ങളാൽ കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നതുകൊണ്ട് എല്ലാ പ്രൈമറി യു.പി. സ്കൂളുകളിലും ഓരോ സ്റ്റാൻഡേർഡും ഓരോ ഡിവിഷനും മാത്രമേയുള്ളു. തന്മൂലം സ്ഥലപരിമിതി അനുഭവപ്പെടുന്നില്ല. അതുപോലെ, ക്ലാസ്സിനുള്ളിലെ കുട്ടികളുടെ എണ്ണം ക്രമാതീതമായി ഉയരുന്നുമില്ല. എന്നാൽ, എത്ര ഡിവിഷനുണ്ടോ അത്രയും അധ്യാപകരെ മാത്രമേ ഹെഡ്മാസ്റ്റർ ഉൾപ്പടെ നിയമിക്കുന്നുള്ളു. ഹെഡ്മാസ്റ്റർക്ക് ഔദ്യോഗികമായി പല ആവശ്യങ്ങൾക്കും പോകേണ്ടിവരുമ്പോഴും ഏതെങ്കിലും അധ്യാപകർ അവധിയെടുക്കുമ്പോഴും അധ്യയനം നടക്കുന്നില്ല. ഈ സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി ഓരോ സ്കൂളിലും അഡീഷണൽ ആയി ഒരു തസ്തിക കൂടി അനുവദിക്കേണ്ടതാണ്.

## ആവശ്യങ്ങൾ നിർദേശങ്ങൾ

1. വിദ്യാഭ്യാസ സൗകര്യങ്ങൾ കുറവുള്ള വാർഡുകൾ കണ്ടുപിടിച്ച് അവിടങ്ങളിലെ എൽ.പി. സ്കൂളുകൾ, യു.പി. സ്കൂളുകൾ ആയി ഉയർത്താൻ വേണ്ട നടപടികൾ കൈക്കൊള്ളണം.
2. സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുകയും, കുടിവെള്ളം വൈദ്യുതി എന്നിവ എത്തിച്ചു കൊടുക്കുകയും വേണം. കൂടുതലായി വേണ്ടിവരുന്ന മുറികൾ, ഹാളുകൾ, മൂത്രപ്പുര, കക്കൂസ്. ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവ നിർമിക്കണം.
3. IHDP കോളനികളിലും ലക്ഷംവീട് കോളനികളിലും അങ്കണവാടികൾ സ്ഥാപിക്കണം. അതുപോലെ അങ്കണവാടികൾ ഇല്ലാത്ത വാർഡുകളിലും അവ തുടങ്ങേണ്ടതാണ്.
4. ആധുനിക പഠനോപകരണങ്ങളായ ടി.വി., കമ്പ്യൂട്ടർ, ഫിലിം പ്രൊജക്ടർ തുടങ്ങിയവയും കായിക പരിശീലനത്തിനുള്ള ഉപകരണങ്ങളും സ്കൂളുകളിൽ ലഭ്യമാക്കണം. അവയുടെ ഉപയോഗം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണം.
5. കലാ–കായിക പരിശീലനത്തിന് പഞ്ചായത്തടിസ്ഥാനത്തിൽ പരിശീലനം ലഭിച്ച സ്പെഷ്യൽ അധ്യാപകരെ നിയമിക്കണം.
6. പഞ്ചായത്തുകളിൽ കുടിപ്പള്ളിക്കൂടം നടത്തുന്ന അധ്യാപകർക്കുള്ള ഗ്രാന്റ് വർധിപ്പിക്കണം.
7. എസ്.എസ്.എൽ.സി. പാസ്സായി വരുന്ന വിദ്യാർഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുന്നതിന് പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥാപിക്കണം.
8. വിദ്യാർഥികളുടെ പഠനപ്രവർത്തനത്തിൽ അമ്മമാരുടെ പങ്കാളിത്തം വർധിപ്പിക്കാൻ ക്ലാസ് അടിസ്ഥാനത്തിലോ, സ്കൂൾ അടിസ്ഥാനത്തിലോ, മാതൃസംഗമം സംഘടിപ്പിക്കേണ്ടതാണ്.
9. ബഹുജനപങ്കാളിത്തത്തോടെയും പഞ്ചായത്തിന്റെ മേൽനോട്ടത്തിലും സ്കൂൾ കോംപ്ലക്സുകൾ സംഘടിപ്പിക്കണം.
10. ഉച്ചക്കഞ്ഞി കൂടുതൽ പോഷകവും രുചിപ്രദവുമാക്കാൻ നടപടികൾ കൈക്കൊള്ളുകയും അതിനുള്ള സാമ്പത്തിക വിഹിതം വർധിപ്പിക്കുകയും വേണം.
11. നിലച്ചുപോയ സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ കൊക്കൊള്ളണം. ഇതിന് പഞ്ചായത്തിൽ സൂപ്പർവൈസറി കമ്മിറ്റി രൂപീകരിക്കണം.
12. പട്ടികജാതി വിദ്യാർഥികൾക്കും തോറ്റുപഠിക്കുന്ന വിദ്യാർഥികൾക്കും പ്രത്യേകമായ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തണം.
13. എല്ലാ സ്കൂളുകളിലും പ്രഥമ ശുശ്രൂഷാസൗകര്യം ഏർപ്പെടുത്തണം.
14. കേരളശാസ്ത്ര സാഹിത്യ പരിഷത്ത് നേതൃത്വം നല്കി നടത്തുന്ന വിജ്ഞാനോത്സവം എല്ലാ സ്കൂളിലും മുടങ്ങാതെ നടത്തണം.
15. എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ.കളിൽ മാനേജ്മെന്റ് പ്രതിനിധിയെ ഉൾപ്പെടുത്തണം.
16. വർധിച്ചുവരുന്ന ഇംഗ്ലീഷ് മാധ്യമഭ്രമം അവസാനിപ്പിക്കുന്നതിനായി ശക്തമായ ബോധവൽക്കരണപ്രവർത്തനവും, എയ്ഡഡ്/സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ക്രമമായ ശ്രമവും ഉണ്ടാകണം.
17. എസ്.എസ്.എൽ.സി. പാസാകുന്ന വിദ്യാർഥികൾക്ക് അധ്യാപക പരിശീലനത്തിനും, അധ്യാപകർക്ക് റിഫ്രഷർ കോഴ്സ്/ഇൻസർവീസ് കോഴ്സ് എന്നിവയ്ക്കുമായി പഞ്ചായത്തിൽ ഒരു ടീച്ചേഴ്സ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം.
18. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കും ഉന്നത വിദ്യാഭ്യാസം കൂടുതൽ നീതിപൂർവമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ആധുനിക വിഷയങ്ങളിൽ അധ്യയനം നൽകുന്ന ഒരു ഗവൺമെന്റ് കോളേജ് സ്ഥാപിക്കണം. പത്തനംതിട്ട ജില്ലയിൽ സർക്കാർ മേഖലയിൽ കോളേജുകളൊന്നുമില്ലെന്നത് ഇതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു.

## സാധ്യതകൾ

1. സ്കൂളുകളുടെ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്ക് വാർഡടിസ്ഥാനത്തിൽ കായികാധ്വാനം

സന്നദ്ധസേവനമായി സമാഹരിയ്ക്കാവുന്നതാണ്. സ്കൂൾ പി.ടി.എ. കൾക്കും, വാർഡു മെമ്പർമാർക്കും ഇതിനു വേണ്ട പ്രേരണയും പ്രചോദവും നൽകാവുന്നതാണ്.

2. IHDP കോളനികളിലും ലക്ഷംവീടു കോളനികളിലും അംബ്ദേക്കർ കോളനിയിലും അങ്കണവാടികൾ സ്ഥാപിക്കുന്നതിനും, പട്ടികജാതി വിദ്യാർഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ (Remedial Teaching) നൽകുന്നതിനും പഞ്ചായത്ത് ബഡ്ജറ്റിൽ വകയിരുത്തണം.

3. സാക്ഷരതാ പ്രവർത്തനം തുടർന്നും നടത്തുന്നതിന് പഞ്ചായത്തിലെ കലാ സാംസ്കാരിക സംഘടനകളിലെ പ്രവർത്തകരുടെ സന്നദ്ധസേവനം ഉപയോഗിക്കാവുന്നതാണ്.

4. സ്കൂൾ കോമ്പൗണ്ടിൽ "ഒരു കുട്ടി, ഒരു മരം" എന്ന തരത്തിൽ ഫലവൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും വിദ്യാർഥികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

5. സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പി.ടി.എ.കൾ ജനകീയ സമിതികളായി വിപുലീകരിക്കാവുന്നതാണ്.

6. വിദ്യാർഥികൾക്ക് പ്രോത്സാഹനത്തിനായി ക്യാഷ് അവാർഡുകൾ നൽകുകയും അതിന് പഞ്ചായത്തടിസ്ഥാനത്തിൽ എൻഡോവുമെന്റുകൾ ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

7. തട്ടയിൽ (മങ്കുഴി) എൻ.എസ്.എസ്. ഹൈസ്കൂൾ കേന്ദ്രമാക്കി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ (VHSS) തുടങ്ങാവുന്നതാണ്. അതിനുവേണ്ട സ്ഥല സൗകര്യവും ഉപകരണങ്ങളും സ്കൂളിൽ ലഭ്യമാണ്.

8. ഉച്ചക്കഞ്ഞി വിതരണം കൂടുതൽ പോഷകവും രുചികരവും ആക്കുന്നതിന് സ്കൂൾ പി.ടി.എ. ജനകീയ സംരക്ഷണ സമിതിയുടെ അടിസ്ഥാനത്തിൽ കാർഷികോല്പന്നപ്പിരിവും വിഭവസമാഹരണവും വാർഡ് അടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

9. പഞ്ചായത്തിലെ ഏതെങ്കിലും ഒരു എൽ.പി./യു.പി. സ്കൂൾ കേന്ദ്രമാക്കി ഒരു ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യം ലഭ്യമാണ്.

10. പത്തനംതിട്ട ജില്ലയിൽ ഒരു ഗവണ്മെന്റ് കോളേജ് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ ചുട്ടിപ്പാറ ഗവണ്മെന്റ് ഹൈസ്കൂളിൽ ലഭ്യമാണ്. പത്തനംതിട്ടയിലെ പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇതിനു വേണ്ടി വിഭവസമാഹരണം നടത്താവുന്നതാണ്.



ആദ്യത്തെ ഹൈസ്കൂൾ



5.38

# കുടിവെള്ളം

ജീവന്റെ ആവിർഭാവം തന്നെ ജലത്തിലാണെന്നാണ് ശാസ്ത്രീയ മതം. ജീവജാലങ്ങളുടെ നിലനില്പിന് ജലം ഒരു അവശ്യഘടകമാണ്. മനുഷ്യ സംസ്കാരം തന്നെ ഉടലെടുത്തിട്ടുള്ളത് വൻ ജലാശയങ്ങളുടെ കരകളിലാണ്.

ശുദ്ധജലം ആരോഗ്യസംരക്ഷണത്തിന് അത്യാവശ്യമാണ്. പന്തളം തെക്കേക്കര പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലദൗർലഭ്യം വളരെ രൂക്ഷമാണ്. ഉദ്ദേശം അരകിലോമീറ്റർ മുതൽ ഒരു കിലോമീറ്റർ വരെ അകലെ നിന്നുമാണ് ആളുകൾ അപ്പോൾ വെള്ളം കൊണ്ടുവരുന്നത്. പഞ്ചായത്തിലെ ഒന്നാംവാർഡിൽ സർക്കാർ ചെലവിൽ ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുകയും പതിവാണ്. വരൾച്ച പ്രദേശങ്ങളിൽ പത്ത് കുഴൽക്കിണറുകൾ നിർമിച്ചവയിൽ പകുതിയും പ്രയോജനരഹിതമാണ്.

## ജലവിതരണ പദ്ധതിയും അതിന്റെ പോരായ്മകളും

1981ൽ പഞ്ചായത്തിൽ ആരംഭിച്ച ജലവിതരണ പദ്ധതി 1991ൽ പൂർത്തിയായി. ഇവിടെനിന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പൈപ്പുലൈൻ വഴി ജലവിതരണം നടക്കുന്നുണ്ട്. എന്നാൽ എല്ലായ്പ്പോഴും വെള്ളം കിട്ടാറില്ല. ഉയർന്ന പ്രദേശങ്ങളിൽ പ്രത്യേകിച്ചും ജലവിതരണം തകരാറിലാണ്. രണ്ടാം വാർഡിലെ ഉയർന്ന പ്രദേശങ്ങളിൽ നേരത്തെ വെള്ളം ലോറിയിൽ എത്തിച്ചിരുന്നു. ജലവിതരണ പദ്ധതി നിലവിൽ

വന്നതോടുകൂടി അതു നിർത്തുകയുണ്ടായി. പൈപ്പുലൈനിൽക്കൂടിയും ജലം കിട്ടാതെ വരുന്ന അവസ്ഥ ആളുകളെ വിഷമത്തിലാക്കാറുണ്ട്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പൈപ്പും ടാപ്പുകളും കേടാകുകയും വമ്പിച്ച ജലനഷ്ടം ഉണ്ടാകുകയും ചെയ്യുന്നത് ഒരു സാധാരണ സംഭവമാണ്. ഇതിനു പുറമെ പൈപ്പുവെള്ളത്തിന്റെ വമ്പിച്ച ദുരുപയോഗവും ഇവിടെ നടക്കുന്നുണ്ട്.

## പരിഹാര നിർദേശങ്ങൾ

1. പഞ്ചായത്തിൽ പുതിയ കിണറുകൾ കുഴിക്കുക, സൈഡുഭിത്തി കെട്ടുക, പഴയകിണർ ഉദ്ധരിക്കുക എന്നിവയ്ക്കു മുൻതൂക്കം നല്കി അർഹരായവർക്ക് സാമ്പത്തികസഹായം നല്കുവാൻ പഞ്ചായത്തിൽ നിന്ന് നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു.

2. പഞ്ചായത്തിലെ ഉപയോഗശൂന്യമായ കുഴൽക്കിണറുകൾ വീണ്ടും പ്രവർത്തിപ്പിക്കാമോ എന്ന് ജില്ലാ ഹൈഡ്രോളജിസ്റ്റിനെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്. ഹൈഡ്രോളജിസ്റ്റിന്റെ നിർദേശപ്രകാരം മാത്രമേ കുഴൽക്കിണറുകൾ നിർമിക്കേണ്ടതായിട്ടുള്ളു.

3. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ പൈപ്പു വെള്ളം ലഭിക്കത്തക്ക നിലയിൽ പുതിയ ജലസംഭരണികൾ ഉണ്ടാകേണ്ടിരിക്കുന്നു. താളിയാട്ടു മലയിൽ ടാങ്ക് നിർമിക്കുകയും താളിയാട്ടു കുളത്തിനു സമീപം കിണറുണ്ടാക്കി അതിൽ നിന്നു വെള്ളമെത്തിച്ച് സമീപ പ്രദേശങ്ങളിൽ പൈപ്പു ലൈൻ വഴി വിതരണം ചെയ്യണമെന്നും ഉള്ള നിർദേശവും പരിഗണിക്കേണ്ടതാണ്. കുളവള്ളിയിൽ ഒരു കുഴൽക്കിണറും ടാങ്കും നിർമിച്ച് സമീപ പ്രദേശങ്ങളിൽ ജലവിതരണം നടത്തണമെന്ന മറ്റൊരു നിർദേശവും പരിഗണിക്കേണ്ടതായിട്ടുണ്ട്.

4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേടാകുന്ന പൈപ്പുകളും ടാപ്പുകളും സത്വരം നന്നാക്കുന്നതിനുള്ള സംവിധാനവും ഉണ്ടാക്കേണ്ടതാണ്.

5. പൈപ്പു വെള്ളത്തിന്റെ ദുരുപയോഗം കർശനമായി തടയേണ്ടതാണ്.

6. ജലവിതരണവും ഉപഭോഗവും സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുവാനും പ്രശ്ന പരിഹാരം കൈക്കൊള്ളുവാനും പഞ്ചായത്തു തലത്തിൽ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.

7. മഴവെള്ളം ഭൂമിയിൽ താണെങ്കിൽ മാത്രമേ നീരുറവയായി കുടിവെള്ളം ലഭിക്കൂ. മഴവെള്ളം സംഭരിച്ചു നിർത്തുന്നതിനാവശ്യമായ ജലസംരക്ഷണ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുക.

പന്തളം തെക്കേക്കര പഞ്ചായത്തിലെ ജലവിതരണ പദ്ധതിയോടനുബന്ധിച്ച് പുതുതായി നീട്ടേണ്ട പൈപ്പു ലൈനുകൾ, സ്ഥാപിക്കേണ്ട ടാപ്പുകൾ എന്നീ ആവശ്യങ്ങൾ ഒരു പട്ടികയായി താഴെകൊടുക്കുന്നു.

## പട്ടിക

### പന്തളം തെക്കേക്കര പഞ്ചായത്തിൽ ആവശ്യമായ പൈപ്പുലൈനുകളും പൊതുടാപ്പുകളും

| വാർഡ് | കുടവെള്ളക്ഷാമ പ്രദേശങ്ങൾ | പൈപ്പ്ലൈൻ നീട്ടേണ്ട പാത | പാതയുടെ നീളം കി.മീ. – മീറ്റർ | ആവശ്യമായ പൊതു ടാപ്പുകളുടെ എണ്ണം |
|---|---|---|---|---|
| I | പാറക്കരതെക്ക്, കണ്ണാടിവയൽ പ്രദേശം, പാറക്കര ലക്ഷംവീട്, കിഴക്കേക്കര എൽ.പി.എസ്., റോഡിന്റെ ഇരുഭാഗങ്ങൾ, മണിവിളപ്പടി, വെള്ളൂർപടി റോഡിന്റെ ഇരു ഭാഗങ്ങൾ | 1. പനവിള – ഐക്കാട് റോഡ് | 1 | 6 |
| | | 2. കിഴക്കേക്കരപ്പടി – എൽ.പി.എസ്. | 1.250 | 8 |
| | | 3. പട്ടോടിപ്പടി – എൽ.പി.എസ് | 1 | 6 |
| | | 4. വട്ടപ്പറമ്പിൽപടി – പന്നിക്കുഴുവിളപടി | 1 | 6 |
| | | 5. വളത്തുകാട് – ഉടയാൻകാവ് | 1 | 6 |
| | | 6. മണിവിള മുക്ക് – വെള്ളൂർപടി | 1 | 6 |
| | | 7. മുകളേത്തുപടി – മഞ്ചേരിക്കുളം | .400 | 3 |
| II | കല്ലുഴത്തിൽ, മോടിയിൽ, വടശ്ശേരിൽ, കോയാട്ടുകുറ്റി, മണ്ണാരേത്ത്, ആലപ്പടേത്ത്കുറ്റി, മുകളേത്തുമുരിപ്പ് | 1. കുഴിയുഴത്തിൽപടി – ചത്തിയേത്തുപടി | .250 | 2 |
| | | 2. കോയാട്ടുകുറ്റി – തട്ടാരേത്തുപടി | .250 | 2 |
| | | 3. മേമുറി ജംഗ്ഷൻ – അടീക്കലേത്തുപടി, വടശ്ശേരിപ്പടി | .900 | 3 |
| | | 4. വാട്ടർ ടാങ്ക് – കുറ്റിയിൽപടി | .270 | 2 |
| | | 5. വിളവിനാൽപടി – ആനക്കുഴിപടി | .350 | 2 |
| | | 6. കല്ലോഴത്തിൽപടി – മുകടിയിൽപടി കുറ്റിക്കാട്ടിൽപടി | .500 | 3 |
| | | 7. മുരുപ്പേൽ താഴേത്തുതുണ്ടിൽപടി – മുരുപ്പേൽ വടക്കേതിൽ | .200 | 2 |

| | | | | |
|---|---|---|---|---|
| | | 8. കീരുകുഴി – വല്ലഭത്തിനാൽപടി | .100 | 1 |
| | | 9. മുരുപ്പേൽപടി – മണ്ണാരേത്തുപടി | .100 | 1 |
| | | 10. വിളവിനാൽപടി – കുന്നുംപള്ളിപടി | 1 | 4 |
| III | കീരുകുഴി, കുരിശുംമൂടിന് കിഴക്ക്, മോസ്കോമുക്കിന് വടക്ക്, തോട്ടത്തിൽപടിക്ക് കിഴക്ക്, കാവിൻപുറം ഭാഗം, പോളിടെക്നിക്ക് ഭാഗം | 1. കീരുകുഴി കുരിശുംമൂട് – കണിച്ചേരിപടി | .750 | 4 |
| | | 2. കിളിക്കാലാപടി – കൊച്ചീരവിളപ്പടി | .940 | 4 |
| | | 3. കൊച്ചിരവിള – കണ്ണമംഗലത്തുപടി | .325 | 3 |
| | | 4. തോട്ടത്തിൽപടി – കോട്ടാശ്ശേരിപടി, പുലിവാരത്തിൽപടി | 2 | 10 |
| | | 5. പോളിടെക്നിക്ക് – പാണ്ടിയാൻവിള | 1 | 6 |
| | | 6. കുഴിത്തടത്തിൽപടി – വെള്ളയിൽപടി | .800 | 6 |
| | | 7. കളീക്കൽപടി – കാവിൻപുറം | 1 | 6 |
| | | 8. കുമ്പഴവിളപടി – ഏലാന്തറ | .500 | 3 |
| | | 9. കൊച്ചാലുവിളപടി – കേളന്റയ്യം പടി | .250 | 3 |
| IV | മൂർത്തിവിളക്കോളനി, ലൂർദു ഗിരിപള്ളി ഭാഗം | 1. ചാങ്ങവീട്ടിൽ പടിഞ്ഞാറേതിൽപടി – നോമ്പിൽപടി | 1 | 3 |
| | | 2. ലൂർദുഗിരിപള്ളി – കിഴക്കേക്കരപടി | 2.500 | 5 |
| | | 3. കാണിക്കൽപടി – പാലവിളപടി | .750 | 4 |
| | | 4. കാഞ്ഞിക്കൽപടി – പൂണിച്ചൻകാലാപടി | .750 | 4 |
| | | 5. പുലിവാരത്തിൽപടി – കാഞ്ഞിരവിളപടി | 1.500 | 6 |
| | | 6. മൂർത്തിവിള കോളനി റോഡ് | .500 | 3 |
| | | 7. പന്തപ്ലാവിളപടി – കലവറപടി | 1.500 | 10 |
| | | 8. ചാങ്ങവീട്ടിൽ പടിഞ്ഞാറേപടി – മേനക്കാലാപടി | 1 | 4 |

| | | | | |
|---|---|---|---|---|
| | | 9. കളീക്കൽ പടിഞ്ഞാറ്റേതിൽപടി – വരട്ടുചിറ | 1 | 4 |
| | | 10. വല്യത്തുപടി – പുലിവാരത്തിൽ പടി | 1.500 | 6 |
| | | 11. കൃഷ്ണനമ്പലം – തൈതോണ്ടലിൽപടി | 1 | 5 |
| | | 12. പറപ്പെട്ടിമൈതാനം – കിഴക്കേവീട്ടിൽപടി | .650 | 3 |
| | | 13. ശങ്കരമംഗലം – മുകളേത്തുപടി, മഠത്തിൽപടി | .250 | 2 |
| | | 14. പനച്ചിവിളപടി – മങ്കുഴിജംഗ്ഷൻ | .350 | 3 |
| | | 15. കാഞ്ഞിക്കൽപടി – കുളത്തിന്റെ മേലേപടി | 1 | 5 |
| | | 16. ചാങ്ങവീട്ടിൽ കിഴക്കേപടി – ആമ്പാടിറോഡ് | 1 | 5 |
| | | 17. കിഴക്കേക്കരപടി – കാഞ്ഞിരവിളപടി | .800 | 4 |
| | | 18. കൃഷ്ണനമ്പലം – വെള്ളാരംപാറ | .675 | 3 |
| | | 19. പന്തപ്ലാവിളപടി – നെല്ലിമുകളിൽപടി | .300 | 2 |
| V | ഒരിപ്പുറത്ത്, പറമ്പേത്തുള്ള പ്രദേശങ്ങൾ | 1. ഒരിപ്പുറത്ത് – മണവത്തുപടി – തേവർകുറ്റി | 1 | 6 |
| | | 2. താമരവേലിൽപടി – ആര്യാട്ടുപടി | 2 | 10 |
| | | 3. പേരൂർ കിഴക്കേതിൽ പടി – കല്ലുപാലം റോഡ് | 1 | 4 |
| | | 4. വെള്ളയിൽപടി – പ്ലാവിളയിൽപടി | .850 | 5 |
| VI | ഉടയാന്റെ തടംഭാഗങ്ങൾ | 1. ആര്യപൊയ്ക – പെരുംപുളിക്കൽ എച്ച്.എസ്. ജംഗ്ഷൻ | .700 | 5 |
| | | 2. കരൂർ മുരപ്പേൽപടി – ഏലേതിൽപടി | 2 | 7 |
| | | 3. കാഞ്ഞിരവിളപടി – ചാമക്കാലാപടി | 1.400 | 7 |
| | | 4. ആനടേത്തു കിഴക്കേതിൽപടി – ഉടയാന്റെ തെക്കേതിൽപടി | 1.600 | 8 |
| | | 5. ചാരുവിളപടി – ഉടയാന്റെ തെക്കേതിൽപടി | .400 | 3 |
| | | 6. ചാമക്കാലാപടി – കലതിവിള – ലക്ഷംവീട് | .800 | 2 |
| | | 7. താനുവേലിൽപടി – കുറവിൻചിറപടി | .660 | 4 |

| | | | | |
|---|---|---|---|---|
| | | 8. വല്യത്തുപടി – കരുവാറ്റാറോഡ് | 1.700 | 7 |
| | | 9. ചെറിലയ്യം – മോസ്കോ | .800 | 2 |
| | | 10. മുരുപ്പേൽപടി – കുളത്തിൻകരോട്ടുപടി | .900 | 4 |
| | | 11. എസ്.എൻ.ഡി.പി. ജംഗ്ഷൻ – പുഷ്പവിലാസം റോഡ് | .700 | 4 |
| | | 12. ചരുവിളപടി – മുരുപ്പേൽപടി | .300 | 2 |
| | | 13. പൊന്നിൻതോട്ടത്തിൽപടി – പുതുമംഗലം ഏലാ | .400 | 2 |
| | | 14. കണ്ടമുരുപ്പേൽപടി – പുന്നക്കുന്നു വഴി പള്ളിപറമ്പിൽപടി | .800 | 3 |
| VII | താളിയാട്ടു കോളനി, നാരായണത്തു മരുപ്പ്, ചെന്നായ്ക്കുന്ന് മുരുപ്പ്, വെട്ടുകാലാ മുരുപ്പ് | 1. കൊച്ചുവിളമുക്ക് – മൊട്ടക്കോട്ടുമുക്ക് | 1 | 5 |
| | | 2. എസ്.വി.എച്ച്.എസ് – മേനേത്തുപടി | 1.100 | 6 |
| | | 3. ശ്രീനിലയംപടി – പാലനിൽക്കുന്നതിൽ ലക്ഷംവീട് | .450 | 3 |
| | | 4. മുടപ്പള്ളിമുക്ക് – തിരുവിനാൽപടിമുക്ക് | .500 | 3 |
| | | 5. പള്ളിമുക്ക് – നിരക്കംപാറ കുരിശുംമൂട് | 1 | 5 |
| | | 6. ആനന്ദപ്പള്ളി – ചെന്നായ്ക്കുന്ന് റോഡ് | 2 | 7 |
| | | 7. കുറവിൻചിറപടി – തടത്തിൽപടി റോഡ് | .300 | 2 |
| | | 8. എസ്.വി.എച്ച്.എസ് ജംഗ്ഷൻ – പുല്ലംവിളപടി റോഡ് | 1 | 4 |
| | | 9. പുല്ലാംവിളപ്പടി – താളിയാട്ട് കോളനി | .300 | 3 |

| | | | | |
|---|---|---|---|---|
| VIII | മാന്തുക്കൂട്ടത്തിൽ, പുലിയം മഠം, നരിയാരത്തുപടി ഭാഗങ്ങൾ | 1. മാന്തുകൂട്ടത്തിൽപടി – മാവരപുഞ്ച | 1 | 7 |
| | | 2. പുലിയംമഠം – ചൂരക്കൂൽകുളം | .700 | 3 |
| | | 3. നരിയാരത്തുപടി – മാവരപുഞ്ച | .800 | 4 |
| | | 4. കളീക്കൽപടി – വരിക്കോലിൽപടി, മാവരപുഞ്ച | .700 | 4 |
| | | 5. കുളവള്ളി – ലക്ഷംവീട് കോളനി | 1 | 5 |
| | | 6. വായനശാല – മാവരപുഞ്ച് | 1.200 | 6 |
| | | 7. കിണറുവിളപടി – മാവരപുഞ്ച | 1 | 5 |
| | | 8. പമ്പേന്റയ്യത്തുപടി – കാക്കവർക്കിറോഡ് | 1.600 | 8 |
| | | 9. പാലവിളച്ചന്ത – പോളിടെക്നിക്ക് | .700 | 3 |
| | | 10. കല്ലേലിൽപടി – ചൂരക്കൽപടി | .500 | 2 |
| | | 11. പന്നിവിഴേത്തുപടി – ലക്ഷംവീട് കോളനി | .750 | 4 |
| | | 12. തെക്കേമോടിയത്തുപടി – വല്ലിയേത്തുപടി – ഐത്തിട്ട റോഡ് | .400 | 2 |
| | | 13. കിഴക്കേവാഴപ്പള്ളിൽപടി – ശ്രീരംഗംപടി, മാവരപുഞ്ച | .350 | 2 |
| IX | ആലുംമൂട്ടിൽ പടി, കല്ലിരിക്കുന്നതിൽ ഭാഗം, കല്ലാർവിള ഭാഗം, കണ്ണൻകുന്നിൽ ഭാഗം | 1. പറന്തൽ – പള്ളിമുക്ക് – നിരക്കംപാറ റോഡ് | 2 | 8 |
| | | 2. കല്ലാറവിളപടി – അയണിക്കൂട്ടത്തിൽപടി റോഡ് | .300 | 2 |
| | | 3. പള്ളിമുക്ക് – കാഞ്ഞിരമോളിൽപടി | 1.750 | 10 |
| | | 4. കുഴിവിളമുക്ക് – പറന്തൽ എം.സി. റോഡ് | 1 | 4 |
| | | 5. തേവരത്തുപടി – തേവരുവിളപടി | 1.500 | 7 |
| | | 6. ആലുംമൂട്ടിൽപടി – പൊന്നുംതോട്ടത്തിൽപടി | .700 | 4 |
| | | 7. കൊച്ചുതുണ്ടിൽപടി – നിരപ്പുതുണ്ടിൽപടി | .200 | 1 |
| | | 8. ആലുംമൂട്ടിൽപടി – തേവരുവിളപടി | .700 | 7 |
| | | 9. കുഴിയത്തുപടി – പറന്തൽ | 1.700 | 7 |

NB: അഞ്ചാംവാർഡിൽ ആര്യാട്ടുപടി വായനശാലാ റോഡിൽ ഇപ്പോഴുള്ള പൈപ്പ്ലൈനിൽ കൂടുതൽ പൊതു ടാപ്പുകൾ ഇടാനും നിർദേശമുണ്ട്.



താളിയാട്ടു ചിറ

5.3 C

# പൊതുജനാരോഗ്യം

ശാരീരികവും, മാനസികവും, സാമൂഹ്യവുമായ സുസ്ഥിതിയെ ആരോഗ്യമെന്ന് ലോകാരോഗ്യസംഘടന നിർവചിച്ചിരിക്കുന്നു. രോഗചികിത്സയ്ക്കും, രോഗ പ്രതിരോധവും കൊണ്ടുമാത്രം ആരോഗ്യം സംരക്ഷിക്കപ്പെടുകയില്ല. പോഷകാഹാരം, പാർപ്പിടം, പരിസര ശുചീകരണം, കായികവിനോദം, സാമ്പത്തികവും സാംസ്കാരികവും സാമൂഹ്യവുമായ ഉന്നമനം തുടങ്ങിയവക്ക് അനുബന്ധ വസ്തുതകളാണ്.

ഒരു ജനതയുടെ ആരോഗ്യത്തിന്റെ അളവുകോൽ ജനനമരണ നിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, പ്രതിശീർഷ ആയുസ്സ് മുതലായവയാണ്. ജനനമരണ നിരക്കുകൾ കൂടുതലുള്ള സമൂഹം അനാരോഗ്യത്തിന്റെ പിടിയിലാണ്. ജനനനിരക്ക് കൂടുകയും, മരണനിരക്ക് കുറയുകയും ചെയ്യുന്നതും അഭിലഷണീയമല്ല. ഇതിന്റെ അർഥം കുട്ടികളും വൃദ്ധരും സമൂഹത്തിൽ വർധിക്കുകയും. അധ്വാനശേഷിയുള്ളവർ കുറയുകയും ചെയ്യുന്നു എന്നുള്ളതാണ്. ജനനമരണ നിരക്കിലുള്ള സന്തുലിതാവസ്ഥയാണ് ഏറെ സ്വാഗതാർഹം. കേരളം ഈ നിലയിൽ പല വികസന രാഷ്ട്രങ്ങളുടെയും അടുത്ത് എത്തിക്കഴിഞ്ഞു എന്നുപറയാം. പന്തളം തെക്കേക്കര പഞ്ചായത്തിലെ ജനനമരണ നിരക്ക് സംസ്ഥാന നിരക്കിനേക്കാൾ താഴെയാണ്.

## ആരോഗ്യ സ്ഥാപനങ്ങൾ

പന്തളം തെക്കേക്കര പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രം 1986ൽ സ്ഥാപിതമായി. ഒൻപത് വാർഡുകളുള്ള ഈ പഞ്ചായത്തിൽ താരതമ്യേന കിഴക്കുമാറി നാലാം വാർഡിലുള്ള ഒരു വാടകക്കെട്ടിടത്തിലാണ് ഇതു പ്രവർത്തിച്ചുവരു

ന്നത്. നാലാം വാർഡിൽത്തന്നെ പഞ്ചായത്തിൽ നിന്ന് വാങ്ങിയ ഒരേക്കർ സ്ഥലത്ത് പണി നടന്നു കൊണ്ടിരിക്കുന്ന കെട്ടിടം പൂർത്തിയാകുന്നതോടുകൂടി ഈ സ്ഥാപനം അവിടേക്കു മാറ്റുന്നതായിരിക്കും. പ്രഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിലായി ഒന്ന്, മൂന്ന്, ഒൻപത് എന്നീ വാർഡുകളിൽ ഓരോ സബ്സെന്ററുകളും ഉണ്ട്. ഒന്നും, മൂന്നും വാർഡുകളിലുള്ളവ വാടകകെക്കട്ടിടത്തിലും ഒൻപതാം വാർഡിലുള്ളത് സ്വന്തം കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്.

ആയിരത്തിതൊള്ളായിരത്തി അൻപത്താറിൽ സ്ഥാപിതമായ പന്തളം തെക്കേക്കര ഗവ: ആയുർവേദ ഡിസ്പെൻസറി ഒന്നാംവാർഡിലുള്ള ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

ഈ പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ നാല് ആരോഗ്യ സ്ഥാപനങ്ങളുണ്ട്. ഒന്നാം വാർഡിൽ തോലൂഴം ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്ന 'ഉദയഗിരി അക്യുപംങ്ചർ ആന്റ് ഹോസ്പിറ്റൽ' എന്ന സ്ഥാപനത്തിൽ അക്യുപങ്ചറിന് പുറമേ ആഴ്ചയിൽ രണ്ടു ദിവസം അലോപ്പതി ചികിത്സയും നടക്കുന്നുണ്ട്. രണ്ടാംവാർഡിൽ ഭഗവതിക്കും പടിഞ്ഞാറു ഭാഗത്ത് 'വിജയ് നഴ്സിംഗ് ഹോം' എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. ഇവിടെ അലോപ്പതി ചികിത്സയാണ് ഉള്ളത്. ഇവിടെയുള്ള ഡോക്ടർ ഏഴാം വാർഡിൽ മാമ്മൂട് ജംഗ്ഷനിൽ എല്ലാ ദിവസവും ഉച്ചക്കഴിഞ്ഞ് ചികിത്സിക്കാറുണ്ട്. രണ്ടാം വാർഡിൽത്തന്നെയുള്ള 'മനു ഫാർമസി'യിൽ ഹോമിയോ ആയുർവേദം എന്നീ വിഭാഗങ്ങളിലുള്ള ചികിത്സയാണ് നടക്കുന്നത്. മൂന്നാം വാർഡിൽ കീരുകുഴി കുരിശ്ശിനു സമീപം 'ശ്രീ ജയന്തി ഹോമിയോ ഡിസ്പൻസറി' എന്ന സ്ഥാപനവും ഉണ്ട്. ഈ പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ ഒരു പട്ടികയായി താഴെ കൊടുക്കുന്നു.

**പട്ടിക - 1**

**പന്തളം തെക്കേക്കര പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | വാർഡ് | സ്ഥാപനത്തിന്റെ പേര് | സർക്കാർ കെട്ടിടം വാടക കെട്ടിടം സ്വന്തം കെട്ടിടം | ആകെ ജോലി ചെയ്യുന്നവർ | സ്ഥാപിച്ച വർഷം | റിമാർക്കുകൾ |
|---|---|---|---|---|---|---|
| 1 | IV | പ്രാഥമികാരോഗ്യ കേന്ദ്രം പന്തളം തെക്കേക്കര | വാടക കെട്ടിടം | | 31.3.86 | പുതിയ സർക്കാർ കെട്ടിടത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു |
| | I | സബ്സെന്റർ, പാറക്കര | വാടക കെട്ടിടം | | | |
| | III | സബ്സെന്റർ, പടിക്കൊട്ടുക്കൽ | വാടക കെട്ടിടം | | | |
| | IX | സബ്സെന്റർ, പറന്തൽ | സർക്കാർ കെട്ടിടം | | | |
| 2 | I | ഗവ: ആയുർവൈദ ഡിസ്പൻസറി പന്തളം തെക്കേക്കര | വാടക കെട്ടിടം | 4 | 1956 | |

സ്വകാര്യ സ്ഥാപനങ്ങൾ

| | | | | | | |
|---|---|---|---|---|---|---|
| 1 | I | ഉദയഗിരി അക്യുപങ്ചർ സെന്റർ ആന്റ് ഹോസ്പിറ്റൽ | വാടക കെട്ടിടം | | | |
| | | a) അക്യുപങ്ചർ വിഭാഗം | | 1 | 1986 | ഒരു കെട്ടിടത്തിൽ തന്നെ രണ്ടും പ്രവർത്തിക്കുന്നു |
| | | b) അലോപ്പതി വിഭാഗം | | 1 | 1976 | |
| 2 | II | വിജയ് നേഴ്സിംഗ് അലോപ്പതി | വാടക കെട്ടിടം | 5 | 1986 | എല്ലാ ദിവസവും ഉച്ചകഴിഞ്ഞ് ഉച്ചകഴിഞ്ഞ് ഈ സ്ഥാപന ത്തിൽ നിന്നും ഏഴാം വാർഡിൽ ക്ലിനിക്കു നടത്തുന്നു |
| 3 | II | മനു ഫാർമസി | | | | |
| | | a. ഹോമിയോ വിഭാഗം | സ്വന്തം കെട്ടിടം | 1 | 1964 | ഇരു വിഭാഗങ്ങളും ഒരു കെട്ടിട ത്തിൽ |
| | | b. ആയുർവേദ വിഭാഗം | സ്വന്തം കെട്ടിടം | 1 | 1977 | പ്രവർത്തിക്കുന്നു |
| 4 | III | ശ്രീ ജയന്തി ഹോമിയോ ഡിസ്പൻസറി | വാടക കെട്ടിടം | 1 | 1967 | |

അവലംബം: പ്രാഥമിക വിവരശേഖരണം

## രോഗാതുരത

രോഗത്തിനു നിദാനമായ രോഗാണു അല്ലെങ്കിൽ വസ്തു, (ഏജന്റ്) രോഗമുണ്ടാകുന്ന പരിസ്ഥിതി (Environment), രോഗാണു വാഹി അല്ലെങ്കിൽ രോഗ വസ്തുവാഹി (Host) എന്നിവ മൂന്നും പരസ്പരം പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് രോഗമുണ്ടാകുന്നത്. പകരുന്ന രോഗങ്ങളെ പരിസ്ഥിതി അടിസ്ഥാനമാക്കി വിഭജിച്ച് ഈ പഞ്ചായത്തിൽ അവ എത്രയെന്നു പരിശോധിക്കാം.

### ജലജന്യരോഗങ്ങൾ (Water borne diseases)

ജലം, ആഹാരം എന്നിവയിൽക്കൂടി പകരുന്ന ഛർദി, അതിസാരം, എന്നിവ മഴക്കാലത്താണ് അധികം കണ്ടുവരാറുള്ളത്. മുലയൂട്ടിനു പകരം കുപ്പിപ്പാൽ കഴിക്കുന്ന കുട്ടികളിൽ ഇത് പലപ്പോഴും കണ്ടുവരുന്നു.

### വായുജന്യ രോഗങ്ങൾ (Air borne diseases)

ഈ വിഭാഗങ്ങളിൽ ജലദോഷമാണ് ഇവിടെ സാധാരണ കണ്ടുവരാറുള്ളത്. ചിക്കൻപോക്സ്, അഞ്ചാംപനി, മുണ്ടിനീര് എന്നിവ വരണ്ട കാലാവസ്ഥയിൽ കണ്ടുവരുന്നു. ശ്വാസകോശ സംബന്ധമായ ക്ഷയരോഗം വളരെ ചുരുക്കമായിട്ടായാലും ഇവിടെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

## സഹവാസം മൂലമുണ്ടാകുന്ന രോഗങ്ങൾ (Contact diseases)

രോഗി ഉപയോഗിക്കുന്ന വസ്തുക്കൾ മൂലവും രോഗിയുമായി നേരിട്ടുള്ള ബന്ധം മൂലവുമാണ് ഇവ പകരുന്നത്. ചെങ്കണ്ണുരോഗം പലപ്പോഴും ഈ വിധത്തിൽ ഇവിടെ പടർന്നു പിടിക്കാറുണ്ട്. ചൊറി, ചിരങ്ങുകളും കുറവല്ല. ലൈംഗികരോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും അവ പൂർണമായും ഇല്ലെന്ന നിഗമനത്തിലെത്താൻ പറ്റുകയില്ല. എയ്ഡ്സ് റിപ്പോർട്ടു ചെയ്തിട്ടില്ലെങ്കിലും അതിന്റെ ഭീഷണിയിൽ നിന്ന് പഞ്ചായത്ത് വിമുക്തമല്ല.

## പ്രാണിജന്യം

ചില പ്രത്യേക ഇനം കൊതുകുകൾ മൂലമാണ് മലേറിയ ഉണ്ടാകുന്നത്. ഇവിടെയെത്തിയിട്ടുള്ള രോഗികൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്നിട്ടുള്ളവരാണ്. ഇവിടെ രോഗപ്പകർച്ച ഉണ്ടായിട്ടില്ല. എങ്കിലും അതിനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല. ഡംഗുഫീവർ എന്ന രോഗം വടക്കേ ഇൻഡ്യയിൽ മാത്രമേ ഇപ്പോൾ കാണാറുള്ളു. അതു പിടിപെട്ട രോഗികൾ ഇവിടെ എത്തിയാൽ രോഗം അതിവേഗം പരത്തുവാൻ കഴിവുള്ള കൊതുകുകൾ ഇവിടെ ധാരാളമാണ്. അതിനാൽ പ്രാണിജന്യരോഗങ്ങൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്.

## ജന്തുജന്യം

പേപ്പട്ടി മൂലമുള്ള വിഷബാധയാണ് ഈ ഇനത്തിൽ ഇവിടെ കണ്ടുവരാറുള്ളത്.

## മറ്റുരോഗങ്ങൾ

ശരീരത്തിലെ ഉപാപചയ പ്രവർത്തനങ്ങളുമായി (Metabolism) ബന്ധപ്പെട്ട രോഗങ്ങൾ ഇവിടെ കുറവല്ല. രക്തസമ്മർദം, ഹൃദ്രോഗം, ഡയബറ്റിസ്, ക്യാൻസർ, ആസ്തമ, അലർജി എന്നിവയാണ് സാധാരണ കാണാറുള്ളത്.

പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ (Deficiency deseases)

പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾ അധികവും കോളനിപ്രദേശങ്ങളിലും, കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലുമാണ് കണ്ടു വരാറുള്ളത്.

## ചികിത്സ

പന്തളം തെക്കേക്കര പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ 92-93 മുതൽ 95-96 വരെയുള്ള നാലുവർഷങ്ങളിൽ ചികിത്സിച്ച രോഗികളുടെ വിവരം ഒരു പട്ടികയായി താഴെ ചേർക്കുന്നു.

പട്ടിക - 2

### പന്തളം തെക്കേക്കര പഞ്ചായത്തിലെ ചികിത്സാ വിവരങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രം

| വർഷം | ഐ.പി. | ഒ.പി | ത്വക്‌രോഗം (എല്ലാ വിഭാഗവും) | വാതം വ്യാധി | പകർച്ച (പാമ്പു കടി) | വിഷചികിത്സ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|
| 92 - 93 | - | 8651 | 112 | 43 | 343 | - | 8153 | 8651 |
| 93 - 94 | - | 9415 | 87 | 105 | 313 | - | 8910 | 9415 |
| 94 - 95 | - | 9849 | 200 | 70 | 420 | - | 9153 | 9849 |
| 95 - 96 | - | 9440 | 161 | 40 | 317 | - | 8922 | 9440 |
| | | | ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി | | | | | |
| 92 - 93 | - | 3721 | രോഗം തരം തിരിച്ചിട്ടില്ല 3721 | | | | | |
| 93 - 94 | - | 3651 | | | | | 3651 | |
| 94 - 95 | - | 3102 | | | | | 3102 | |
| 95 - 96 | - | 1537 | | | | | 1537 | |

അവലംബം: സെക്കൻഡറി ഡേറ്റാ

ഈ പഞ്ചായത്തിലുള്ള പ്രധാന ചികിത്സാ കേന്ദ്രങ്ങളാണ് പ്രഥമികാരോഗ്യ കേന്ദ്രവും ഗവ: ആയുർവേദ ഡിസ്പെൻസറിയും ഇവിടെ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ (OP) മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഈ രണ്ടു സ്ഥാപനങ്ങളും പഞ്ചായത്തിന്റെ കിഴക്കു ഭാഗത്തു സ്ഥിതി ചെയ്യുന്നതിനാൽ മറ്റു ഭാഗങ്ങളിലുള്ള വർക്ക് ഇവിടെ നിന്നുള്ള സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഈ പഞ്ചായത്തിലുള്ള രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് നാലു മുതൽ പത്തുവരെ കിലോമീറ്റർ അകലെ പഞ്ചായത്തിനു വെളിയിലുള്ള ആരോഗ്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു.

## രോഗ പ്രതിരോധം

രോഗം വന്നതിനു ശേഷമുള്ള ചികിത്സയെക്കാൾ നല്ലത് രോഗം വരുന്നതിനെ തടയുക എന്ന തത്വം അനുസരിച്ച് രൂപം കൊണ്ടിട്ടുള്ളവയാണ് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ.

രോഗാണു (Agent), പരിസ്ഥിതി (Environment), രോഗാണുവാഹി (Host) എന്നിവയുടെ പരസ്പര പ്രവർത്തനഫലമായാണ് പകരുന്ന രോഗങ്ങൾ ഉണ്ടാകുന്നതെന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇവയ്ക്ക് പരസ്പരം പ്രവർത്തിക്കാൻ പറ്റാത്ത് അവസ്ഥ സൃഷ്ടിച്ചാൽ രോഗം വരാതെ തടയാൻ കഴിയും. ഒരു രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ് നടത്തിയാൽ ശരീരത്തിൽ നിർമിക്കപ്പെടുന്ന പ്രതിരോധ വസ്തു (Antibody) പിന്നീട് ശരീരത്തിൽ പ്രവേശിക്കുന്ന രോഗാണുവിനെ നശിപ്പിക്കുന്നു. ഈ തത്വം പ്രയോജനപ്പെടുത്തിയാണ് പ്രതിരോധ കുത്തിവയ്പു നടത്തുന്നത്. പന്തളം തെക്കേക്കര പഞ്ചായത്തിൽ ഒരു വയസ്സിന് താഴെയുള്ള 180 കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ് എടുത്തു കഴിഞ്ഞിരിക്കുകയാണ്. പോളിയോ നിർമാർജന പരിപാടിയുടെ ഭാഗമായി ഓറൽ വാക്സിൻ എല്ലാവർക്കും നൽകിക്കൊണ്ടിരിക്കയാണ്. കൂടാതെ DPT (ഡിഫ്തിരിയ, വില്ലൻ ചുമ, റ്റെറ്റനസ് എന്നീ രോഗങ്ങൾക്കെതിരെയുള്ള കുത്തിവയ്പ്) എല്ലാവർക്കും കൊടുത്തു കഴിഞ്ഞതോടു കൂടി പ്രതിരോധ കുത്തിവയ്പ് ഇവിടെ ഒരു വൻ വിജയമായിത്തീർന്നിരിക്കയാണ്.

## ഗൃഹ സന്ദർശനം

ഒരു സ്ഥലത്തുണ്ടാകുന്ന രോഗികളെ സത്വരം കണ്ടെത്തുക എന്നുള്ളതാണ് രോഗ നിയന്ത്രണത്തിന്റെ പ്രധാന ഘടകം. ഇതിനുണ്ടാകുന്ന താമസം രോഗ നിയന്ത്രണത്തെ പ്രതികൂലമായി ബാധിക്കും. മലമ്പനി ഇത്തരത്തിലുള്ള ഒരു രോഗമാണ്. രോഗം കണ്ടെത്തുന്നതിനായി വളരെ ബൃഹത്തായ ഒരു സംവിധാനം ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ട്. ഇത് കൃത്യമായി ഗൃഹ സന്ദർശനം നടത്തുക എന്നുള്ളതാണ്. ഈ പഞ്ചായത്തിൽ ആരോഗ്യ പ്രവർത്തകരുടെ ഗൃഹ സന്ദർശനം വേണ്ടതുപോലെ നടക്കാത്തതിൽ ആളുകൾ അതൃപ്തരാണ്.

## കുടുംബ ക്ഷേമവും മാതൃശിശു സംരക്ഷണവും

1991 ലെ സെൻസസ് അനുസരിച്ച് പന്തളം തെക്കേക്കര പഞ്ചായത്തിലെ ജനസംഖ്യ 16526 ആണ്. ഇതിൽ 7846 പേർ പുരുഷന്മാരും 8680 പേർ സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം നോക്കിയാൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. ഇത് കേരളത്തിന്റെ തന്നെ ഒരു പ്രത്യേകതയാണ്. എന്നാൽ കഴിഞ്ഞ സെൻസസ് അനുസരിച്ച് 0-5 വയസ് വിഭാഗത്തിൽപ്പെട്ട 904 ആൺ കുട്ടികൾക്ക് 875 പെൺകുട്ടികൾ മാത്രമാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പെൺകുട്ടികളുടെ അനുപാതത്തിൽ വന്ന ഈ കുറവ് പഠനാർഹമായൊരു വിഷയമാണ്. ദമ്പതികൾ 'രണ്ടു കുട്ടികൾ മാത്രം' എന്ന തത്വം അംഗീകരിച്ചതിന്റെ ഫലമാണോ ഇതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ 1601 അമ്മമാരിൽ രണ്ടു കുട്ടികളിൽ കൂടുതലുള്ളവർ 254 പേർ മാത്രമാണ്. സ്ഥിരം കുടുംബാസൂത്രണ മാർഗങ്ങൾ സ്വീകരിച്ച 1233 ദമ്പതികളിൽ 1188 പേരും സ്ത്രീകളാണ്. താൽക്കാലിക മാർഗം അംഗീകരിച്ചവർ 28 പേരുണ്ട്. പഞ്ചായത്തിലെ 184 ഗർഭിണികൾക്കും ബോധവൽക്കരണം കിട്ടിയിട്ടുണ്ട്. ഒരു വയസിനു താഴെ പ്രായമായ 180 കുട്ടികളും പ്രതിരോധ കുത്തിവയ്പിന് വിധേയരായിട്ടുണ്ട്. അമ്മമാർക്കും കുട്ടികൾക്കും അയൺ, വിറ്റമിൻ ഗുളികകൾ നൽകുകയും അവരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## പരിസര ശുചീകരണം

എല്ലാ സസ്യജാലങ്ങളും, അണുജീവി മുതൽ മനുഷ്യൻവരെയുള്ള ജീവജാലങ്ങളും ഉൾപ്പെടുന്ന ജൈവ പരിസ്ഥിതി (Biological Environment), പാർപ്പിടം, ആഹാരം, വായു, വെള്ളം, വെളിച്ചം, ശബ്ദം, കാലാവസ്ഥ തുടങ്ങിയ ബാഹ്യവസ്തുക്കളുൾക്കൊള്ളുന്ന ബാഹ്യപരിസ്ഥിതി (Physical Environment), സ്വഭാവം, വിശ്വാസം, വിദ്യാഭ്യാസം, സംസ്കാരം, ജോലി, രാഷ്ട്രീയ സാമൂഹ്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന സാമൂഹ്യ പരിസ്ഥിതി (Social Environment) എന്നിവയെ ചുരുക്കിയാണ് പരിസ്ഥിതി എന്നു വിവക്ഷിച്ചിട്ടുള്ളത്. പരിസ്ഥിതിയും, രോഗവുമായുള്ള ബന്ധം സൂചിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിക്കപ്പെട്ടാൽ രോഗത്തെ തടയാൻ കഴിയും.

പരിസര ശുചീകരണം കൊണ്ട് സാധാരണയായി ഉദ്ദേശിക്കുന്നത് ജല മലിനീകരണം തടയുക, ഈച്ച, കൊതുക് മുതലായ പ്രാണികളെ നശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ്.

പന്തളം തെക്കേക്കര പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ് കിണറുകളാണ്. കെട്ടി സംരക്ഷിച്ചിട്ടുള്ള സാനിട്ടറി കിണറുകൾ ഇവിടെ കുറവാണ്. ഇക്കാരണത്താൽ കുടിവെള്ളം മലിനമാകാനുള്ള സാധ്യത വളരെ കൂടുന്നു. ഗ്രാമീണർ പലരും കിണറ്റുകരയിൽ നിന്ന് കുളിക്കുന്ന ശീലവും മലിനീകരണത്തിനു കാരണമാണ്. പഞ്ചായത്തിലെ കുളങ്ങളെല്ലാം ഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളവയല്ല. സംരക്ഷണഭിത്തി തകർന്നു പോയവയുമുണ്ട്. കരവെള്ളം ഒലിച്ചിറങ്ങി വെള്ളം മലിനമാക്കാൻ ഇതൊരു കാരണമായിത്തീർന്നിട്ടുണ്ട്. കന്നുകാലികളെ ഇറക്കി കുളിപ്പിക്കുന്നതും മലിനീകരണത്തിനു കാരണമാകുന്നു. റബർ റോളറുകൾ ഉപയോഗിക്കുന്നവർ ജലം ഒഴുക്കിക്കളയാൻ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഇതും പരിസര മലിനീകരണത്തിനു കാരണമായിത്തീരുന്നു.

പഞ്ചായത്തിലെ നാല്പതു ശതമാനം ആളുകൾക്കും കക്കൂസില്ല. തുറന്ന സ്ഥലത്ത് മലമൂത്ര വിസർജനം ചെയ്യുന്നതു മൂലം പരിസരവും കുടി വെള്ളവും മലിനമായിത്തീരുന്നു.

പഞ്ചായത്തിലുള്ള കീരുകുഴി മാമൂട് ചന്തകളിൽ നിന്നും ചപ്പു ചവറുകൾ നീക്കം ചെയ്യപ്പെടുന്നില്ല. കീരുകുഴി ചന്തയിലെ അനധികൃത മാംസംവെട്ടു മൂലവും മാലിന്യങ്ങൾ പെരുകുന്നു. ഹോട്ടലുകളിലെ ഇലയും ഭക്ഷ്യ അവശിഷ്ടങ്ങളും വേണ്ട നിലയിൽ മറവു ചെയ്യുന്നില്ല. ഈച്ച മുതലായ പ്രാണികൾ രപെരുകുന്നതിനും തദ്വാരാ പകർച്ചവ്യാധികൾക്കും ഇതു കാരണമായിത്തീരുന്നു.

പഞ്ചായത്തിലുള്ള ഭൂരഹിത കർഷക കോളനിയിൽ അടൂർ മുനിസിപ്പാലിറ്റിയിൽ നിന്ന് ചപ്പു ചവറുകൾ നിക്ഷേപിക്കുന്നതു മൂലം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

പഞ്ചായത്തിലുള്ള പൊതു ശ്മശാനവും മതിലുകെട്ടി സംരക്ഷിച്ചിട്ടില്ല.

**പട്ടിക**

**ആവശ്യമായ കക്കൂസുകളുടെ എണ്ണം**

**വാർഡ് ആടിസ്ഥാനത്തിൽ**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| കക്കൂസുകളുടെ എണ്ണം | 250 | 135 | 225 | 210 | 205 | 230 | 235 | 225 | 215 | 1930 |

## പ്രശ്നങ്ങൾ

1. രോഗികളെ കിടത്തി ചികിത്സിത്തുന്നതിനായി പഞ്ചായത്തിൽ ഒരു ആശുപത്രിയില്ല. വിവിധ വിഭാഗം (സിസ്റ്റം) ചികിത്സാ കേന്ദ്രങ്ങൾ സർക്കാർ വകയായി ഇവിടെയില്ല.

2. പന്തളം തെക്കേക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ഒന്ന് മൂന്ന് എന്നീ വാർഡുകളിലുള്ള സബ് സെന്ററുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.

   രോഗനിയന്ത്രണത്തിന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്ന് നടത്തുന്ന ഗൃഹ സന്ദർശന പരിപാടി തൃപ്തികരമല്ല.

3. പന്തളം തെക്കേക്കര ഗവ: ആയുർവേദ ഡിസ്പെൻസറിക്ക് സ്വന്തമായി ഒരു കെട്ടിടമില്ല.

   കൂടാതെ മരുന്നിനായി ഇവിടെ കിട്ടുന്ന വാർഷിക അലോട്ട്മെന്റ് തികച്ചും അപര്യാപ്തമാണ്.

4. പഞ്ചായത്തിലുള്ള സ്വകാര്യ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യം, ജീവനക്കാരുടെ എണ്ണം, സാങ്കേതികജ്ഞാനം, സേവനവേത വ്യവസ്ഥ, സേവന നിലവാരം എന്നിവയിൽ ഐകരൂപ്യമില്ല.

5. വിദ്യാലയ രോഗ പരിപാടി ഊർജിതമല്ല.

6. പഞ്ചായത്തു കേന്ദ്രത്തിൽ എല്ലാ ഔഷധങ്ങളും കിട്ടുന്ന ഒരു മെഡിക്കൽസ്റ്റോർ ഇല്ല.

7. ഈ പഞ്ചായത്തിൽ രോഗികളെ ചികിത്സാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും മറ്റുമായി ഒരു ആംബുലൻസ് ഇല്ല.

8. മുൻകാലങ്ങളിൽ ഇവിടെ നടത്തിയിരുന്ന മെഡിക്കൽ ക്യാമ്പ്, ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പ് എന്നിവ ഇന്ന് നടക്കുന്നില്ല.

9. ഇന്ന് അതിവേഗം പടർന്നു കൊണ്ടിരിക്കുന്ന എയ്ഡ്സ് രോഗത്തിന്റെ വ്യാപ്തി, രോഗനിർണയത്തിനും നിയന്ത്രണത്തിനുമുള്ള സൗകര്യങ്ങൾ എന്നിവയെപ്പറ്റി ആളുകൾ അജ്ഞരാണ്.

10. വർധിച്ചു വരുന്ന മദ്യപാനം കുടുംബത്തിലെ അസ്വസ്ഥതക്കും സാമ്പത്തിക തകർച്ചയ്ക്കും കാരണമായിത്തീരുന്നു. തൊഴിലാളി കുടുംബങ്ങളിൽ ഇതിന്റെ രൂക്ഷത കൂടുതലാണ്. മദ്യത്തിനും മയക്കുമരുന്നിനും യുവാക്കൾ അടിമയായിത്തീരുന്നതും ഇവിടെയുള്ള ഒരു പ്രശ്നമാണ്.

11. പഞ്ചായത്തിലുള്ള അനധികൃത കശാപ്പുമൂലം രോഗപരിശോധനയ്ക്കു വിധേയമായിട്ടില്ലാത്ത മൃഗങ്ങളുടെ മാംസമാണ് ആളുകൾക്ക് കിട്ടുന്നത്. പല മാരക രോഗങ്ങൾക്കും സാധ്യത ഇതുമൂലമുണ്ട്.

12. പഞ്ചായത്തിലെ ഹോട്ടലുകളിൽ ഭക്ഷ്യ പരിശോധനയോ ജീവനക്കാരുടെ ആരോഗ്യ പരിശോധനയോ നടക്കുന്നില്ല.

13. സാമ്പത്തികശേഷിയില്ലാത്തതിനാൽ കിണർ കുഴിക്കുവാനും കെട്ടിക്കുവാനും എല്ലാവർക്കും കഴിയുന്നില്ല.

14. പഞ്ചായത്തിലെ കുളങ്ങൾ കരവെള്ളം ഒലിച്ചിറങ്ങി മലിനമായിക്കൊണ്ടിരിക്കുന്നു.

15. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം സ്വന്തമായി കക്കൂസ് ഇല്ലാത്തവർ ഏറെയാണ്.

16. കെട്ടിനില്ക്കുന്ന വെള്ളത്തിലും വീടിന്റെ പരിസരങ്ങളിൽ കിടക്കുന്ന ചിരട്ട ഉപയോഗശൂന്യമായ പാത്രങ്ങൾ എന്നിവയിൽ കെട്ടി നില്ക്കുന്ന വെള്ളത്തിലും കൊതുകുകൾ മുട്ടയിട്ട് വർധിക്കുന്നതായി കാണുന്നു.

17. ചന്തയിലും പൊതുസ്ഥലങ്ങളിലും ചപ്പുചവറുകൾ കൂടിക്കിടക്കുന്നതു മൂലം ഈച്ച മുതലായ പ്രാണികൾ വളരെയധികം വർധിക്കുന്നു.

18. പൊതുസ്ഥലങ്ങളിൽ മല മൂത്ര വിസർജനം നടത്തുന്നതു മൂലം പരിസര മലിനീകരണം ഉണ്ടാകുന്നു.

19. പഞ്ചായത്തിലെ ശ്മശാനത്തിന് സംരക്ഷണഭിത്തിയില്ല.

20. പഞ്ചായത്തിൽ ഇന്നു നടക്കുന്ന ജനനമരണ രജിസ്ട്രേഷൻ അപൂർണമാണ്.

21. ആരോഗ്യ വിദ്യാഭ്യാസത്തിന്റെ കുറവ് അപരിഹാര്യമായി തുടരുന്നു.

## പരിഹാര നിർദേശങ്ങൾ

1. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി ഒരു ഗവ: ആശുപത്രി പഞ്ചായത്തിൽ ആവശ്യമാണ്. ഒരു ഗവ: ഹോമിയോ ആശുപത്രി ഇല്ലാത്ത കുറവ് പരിഹരിക്കേണ്ടിയിരിക്കുന്നു. കൂടാതെ സിദ്ധ, യുനാനി, പ്രകൃതിചികിത്സാ കേന്ദ്രങ്ങൾ ഉണ്ടായിരിക്കേണ്ടതും ആവശ്യമാണ്.

2. പന്തളം തെക്കേക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ഒന്ന്, മൂന്ന് എന്നീ വാർഡുകളിലുള്ള സബ് സെന്ററുകൾക്ക് പുതിയ കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യവും ഉണ്ടാകേണ്ടിയിരിക്കുന്നു. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം കുറ്റമറ്റതാക്കേണ്ടതാണ്.

3. പന്തളം തെക്കേക്കര ഗവ: ആയുർവേദ ഡിസ്പെൻസറിക്ക് പുതുതായി ഒരു കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. മരുന്നിനുവേണ്ട വാർഷിക അലോട്ട്മെന്റ് വർധിപ്പിക്കേണ്ടതാണ്.

4. സംസ്ഥാനമൊട്ടാകെയുള്ള സ്വകാര്യ ആശുപത്രികളിൽ ഉന്നത നിലവാരം പുലർത്തുന്ന പലതുമുണ്ടെങ്കിലും മിക്കതിലും ആളുകൾ ചൂഷണം ചെയ്യപ്പെടുന്നു. അതു നിയമപരമായി നിയന്ത്രിക്കുവാൻ സർക്കാർ നടപടി കൈകൊള്ളേണ്ടതാണ്. സ്വകാര്യ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ടെക്നീഷ്യൻ, നേഴ്സ് തുടങ്ങിയവരുടെ സാങ്കേതികജ്ഞാനം ഉറപ്പുവരുത്തേണ്ടതും സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കേണ്ടതാണ്.

5. വിദ്യാലയാരോഗ്യപരിപാടി ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ചെറുപ്രായത്തിൽത്തന്നെ വൈകല്യങ്ങൾ പരിഹരിക്കുന്നതിനും ശുചിത്വബോധം വളർത്തുന്നതിനും ഇത് കുട്ടികൾക്ക് ഉപകരിക്കും. ആവശ്യമായ ട്രെയിനിംഗ് അധ്യാപകർക്കും നൽകേണ്ടതാണ്.

6. പഞ്ചായത്തിന്റെ അധീനതയിൽ ഒരു മെഡിക്കൽ സ്റ്റോർ തുടങ്ങേണ്ടതാണ്.

7. രോഗികളെ ചികിത്സാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും മറ്റുമായി ഒരു ആംബുലൻസ് പഞ്ചായത്തിന് ഇന്ന് അത്യാവശ്യമാണ്.

8. പഞ്ചാത്തിൽ നടത്തി വന്നിരുന്ന മെഡിക്കൽ ക്യാമ്പും ക്യാൻസർ ഡിറ്റക്ഷൻ ക്യാമ്പും മുടക്കം വരാതെ തുടരുവാനുള്ള സംവിധാനം ആവശ്യമാണ്.

9. ജില്ലാ കേന്ദ്രങ്ങളിലുള്ള 'ഡിസ്ട്രിക്ട് എയ്ഡ്സ് സെല്ലി'ൽ ജില്ലയിലുള്ള എയ്ഡ്സ് രോഗികളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും രോഗപ്പകർച്ച തടയുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതുമാണ്. രോഗ പരിശോധനയ്ക്കുള്ള സംവിധാനത്തിന് വമ്പിച്ച സാമ്പത്തിക ബാധ്യതയുണ്ടെങ്കിലും ഒരു വൻ വിപത്തിൽ നിന്ന് സൂഹത്തെ രക്ഷിക്കാനുള്ള ബാധ്യത നിറവേറ്റുന്നതിനു വേണ്ടി 'ജില്ലാ എയ്ഡ്സ് സെല്ലിൽ രക്ത പരിശോധനാ സൗകര്യം ഉണ്ടാക്കേണ്ടതാണ്.

10. മദ്യപാനത്തിനും മയക്കു മരുന്നിനും എതിരായുള്ള ശക്തമായ പ്രചാരണവും ഇതിനടിമപ്പെട്ട രോഗികളെ ചികിത്സിക്കുന്നതിനുള്ള സംവിധാനവും ആവശ്യമാണ്.

11. അനധികൃത കശാപ്പു തടയുകയും കശാപ്പു നടത്തുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

12. ഹോട്ടലുകളിൽ ഭക്ഷ്യ പരിശോധനയും ജീവനക്കാരുടെ ആരോഗ്യ പരിശോധനയും നിർബന്ധമാക്കുകയും അതുറപ്പുവരുത്താൻ നടപടി കൈക്കൊള്ളുകയും വേണം.

13. അർഹരായവർക്ക് കിണർ കുഴിക്കാനും കെട്ടാനുമുള്ള സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്നും നൽകേണ്ടതാണ്.

14. പഞ്ചായത്തിലെ കുളങ്ങളെല്ലാം ഭിത്തികെട്ടി സംരക്ഷിക്കേണ്ടതാണ്.

15. കക്കൂസ് നിർമിക്കുവാൻ അർഹരായവർക്ക് സാമ്പത്തിക സഹായം നൽകേണ്ടതാണ്.

16. വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങളിൽ കൊതുകു നശീകരണത്തിനുള്ള മരുന്നു തളിക്കൽ സംവിധാനം പഞ്ചായത്തിനുണ്ടായിരിക്കേണ്ടതാണ്. വീടിന്റെ പരിസരങ്ങളിൽ ഉപയോഗശൂന്യമായ പാത്രങ്ങളിൽ വെള്ളം കെട്ടിനില്ക്കുന്നത് തടയുന്നതിനുള്ള ബോധവൽക്കരണം നടത്തണം.

17. ചന്തയിലും പൊതു സ്ഥലങ്ങളിലുമുള്ള ചപ്പുചവറുകൾ നീക്കം ചെയ്ത് കമ്പോസ്റ്റ് നിർമാണത്തിന് ഉപയോഗപ്പെടുത്താൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

18. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തണം.

19. പഞ്ചായത്തിലെ പൊതു ശ്മശാനം ഭിത്തികെട്ടി സംരക്ഷിക്കണം

20. ജനനമരണ രജിസ്ട്രേഷൻ സമ്പൂർണവും കുറ്റമറ്റതുമായിരിക്കേണ്ടതാണ്. ഇന്ന് ആശുപത്രികളിൽ നടക്കുന്ന ജനനമരണങ്ങളുടെ വിവരങ്ങൾ ആശുപത്രി അധികൃതർ, ബന്ധപ്പെട്ട വ്യക്തികൾ, സ്ഥിരമായി താമസിക്കുന്ന സ്ഥലത്തെ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് റിപ്പോർട്ടു ചെയ്യാൻ വേണ്ട നടപടി സർക്കാരിൽ നിന്ന് കൈക്കൊള്ളേണ്ടതാണ്.

21. എല്ലാ ആരോഗ്യ പ്രശ്നങ്ങൾക്കും ഉള്ള ശാശ്വതമായ പരിഹാരം ആരോഗ്യ വിദ്യാഭ്യാസമാണ്. ആരോഗ്യ വിദ്യാഭ്യാസം കിട്ടുകയെന്നാൽ ആരോഗ്യ മാർഗങ്ങൾ സ്വീകരിച്ചു കഴിഞ്ഞു എന്നാണർഥം. വെറും ബോധവൽക്കരണം കൊണ്ടു മാത്രം ഇതു സാധിക്കുന്നില്ല. ബോധവൽക്കരണത്തിൽ കൂടി സ്വീകരിക്കുവാനുള്ള മനോഭാവം വളർത്തിയെടുക്കുകയും അന്തിമമായി 'സ്വീകരിക്കൽ' എന്ന പ്രക്രിയയിൽ എത്തിച്ചേരുകയുമാണ് ചെയ്യുന്നത്. ഇതിന് നിരന്തരമായ പ്രചാരണം ആവശ്യമാണ്. ക്ലാസ്, സെമിനാർ, സിമ്പോസിയം, ശില്പശാല, ഗ്രൂപ്പ്ചർച്ച എന്നീ മാർഗങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അനുരൂപങ്ങളായ മാധ്യമങ്ങളുടെ സഹായവും ഉണ്ടായിരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസത്തിനുള്ള വിഭവശേഷി ഇന്നിവിടെയുണ്ട്. സർക്കാർ ഉദ്യോഗസ്ഥന്മാർ, പെൻഷനായ ജീവനക്കാർ, സന്നദ്ധസംഘടനാംഗങ്ങൾ തുടങ്ങി നാനാ വിഭാഗം ആളുകളുടേയും സേവനം ഇതിനായി തേടേണ്ടതാണ്.







5.3 D

# സാമൂഹ്യക്ഷേമം

ദാരിദ്ര്യ നിർമാർജന പദ്ധതികളും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമ പദ്ധതികളും വിവിധ പെൻഷൻ പദ്ധതികളുമാണ് ഈ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ രംഗത്ത് പ്രധാനമായും നിലവിലുള്ളത്. മാറി മാറി വരുന്ന കേന്ദ്ര – സംസ്ഥാന സർക്കാരുകളെല്ലാം സാമൂഹ്യക്ഷേമത്തിന് പരമ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടത്തിക്കൊണ്ടിരിക്കുന്നതെങ്കിലും എട്ടു പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും സാമൂഹ്യക്ഷേമ രംഗത്ത് കാതലായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

നിലവിലുള്ള പദ്ധതികൾ തീരെ അപര്യാപ്തമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ബോധവൽക്കരണക്കുറവ്, വേണ്ടസമയത്ത് കിട്ടായ്ക, സാങ്കേതിക നൂലാമാലകൾ എന്നിവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

ഈ പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമാണ തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് ക്ഷേമനിധി ഉണ്ടെങ്കിലും അർഹരായ എല്ലാവരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ബീഡിത്തൊഴിലാളികൾ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് സംസ്ഥാന തലത്തിൽ ക്ഷേമനിധി ഉണ്ടെങ്കിലും പഞ്ചായത്തിൽ ഈ മേഖലയിലുള്ള തൊഴിലാളികളെ പദ്ധതിയിൽ ചേർത്തിട്ടില്ല. തൊഴിലാളി സംഘടനകൾ മുൻകൈയെടു

ത്താണ്. തൊഴിലാളികളെ അംഗങ്ങളാക്കുന്നത്. ഈ പദ്ധതിക്ക് ധാരാളം അപാകതകളുണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമവിഹിതം കൃത്യമായി പിരിച്ചെടുക്കുന്നില്ല. അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നില്ല. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ രണ്ട് VEO സർക്കിളുകൾ ഉണ്ട്. പാറക്കര, ഭഗവതിയ്ക്കും പടിഞ്ഞാറ്, മല്ലിക. എ, മല്ലിക. ബി, പെരുമ്പുളിക്കൽ, പറന്തൽ എന്നീ വാർഡുകൾ ഉൾപ്പെടുത്തി പറന്തൽ സർക്കിളും പ്രവർത്തിക്കുന്നു.

1996IRDP സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

പട്ടിക - 1

| വാർഡ് | സർവേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST |
|---|---|---|---|---|
| 1 | 134 | 82 | 45 | 27 |
| 2 | 155 | 16 | 42 | 10 |
| 3 | 242 | 84 | 38 | 20 |
| 4 | 131 | 16 | 40 | 14 |
| 5 | 198 | 27 | 61 | 13 |
| 6 | 208 | 37 | 87 | 20 |
| 7 | 266 | 100 | 64 | 40 |
| 8 | 165 | 16 | 67 | 6 |
| 9 | 116 | 43 | 45 | 21 |
| ആകെ | 1795 | 421 | 489 | 171 |

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ കാൽ ഭാഗത്തിനുപോലും ആനുകൂല്യങ്ങൾ എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പട്ടിക സൂചിപ്പിക്കുന്നു.IRDP കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപയെങ്കിലുമാക്കി ഉയർത്തണം. ദേശ സാൽകൃത ബാങ്കുകൾ ഈ പദ്ധതിയനുസരിച്ച് വായ്പ നൽകുന്നതിന് ഗുരുതരമായ ഉദാസീനത കാണിക്കുന്നുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തുവാൻ വർഷം തോറും സർവേ നടത്തണം. വിനിയോഗം കൃത്യതയില്ലാത്തതാണ് തിരിച്ചടയ്ക്കാതെ സബ്സിഡിക്ക് അർഹതയില്ലാതാവുന്ന ചെയ്യുന്ന സ്ഥിതിയുമുണ്ട്. വായ്പത്തുകയും പലിശയും കൂടി താങ്ങാനാവാതെ വരുമ്പോൾ വായ്പ കൊടുത്ത സ്ഥാപനങ്ങൾ നടപടികളെടുക്കുന്നു. എന്നാൽ വായ്പ കൊടുക്കുന്ന സമയത്തു തന്നെ വേണ്ടത്ര ബോധവൽക്കരണം നടത്തിയ ശേഷം, നിർബന്ധബുദ്ധിയോടെ തിരിച്ചടയ്ക്കൽ നടപടിക്ക് മാനസികമായി സമീപിക്കണം.

## DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി

പത്തോ അതിലധികമോ സ്തീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഈ പദ്ധതിയുടെ പഞ്ചായത്തിലെ സ്ഥിതി വിവരം ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക - 2

| നമ്പർ | വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | IV | ഐശ്വര്യ DWCRA യൂണിറ്റ് തട്ടയിൽ (പശുവളർത്തൽ) | 1994 95 | 9 |
| 2 | III | മെറ്റൽ ക്രഷിംഗ് നവയുഗ DECRA യൂണിറ്റ് പടുക്കൊട്ടുക്കൽ | 1994 95 | 10 |
| 3 | VIII | മെറ്റൽ ക്രഷിംഗ് നവദർശന DWCRA യൂണിറ്റ് പെരുമ്പുളിക്കൽ | 1994 95 | 10 |
| 4 | IX | മെറ്റൽ ക്രഷിംഗ് ഹരിജനോദ്ധാരണ DWCRA യൂണിറ്റ് പറന്തൽ | 1994 95 | 10 |

പടുക്കൊട്ടുക്കൽ, പെരുമ്പുളിക്കൽ, പറന്തൽ എന്നിവിടങ്ങളിലെ മെറ്റൽ ക്രഷിംഗ് മല്ലിക എയിലെ പശു വളർത്തൽ കേന്ദ്രം എന്നിവ നിലവിൽ പ്രവർത്തിക്കുന്നില്ല. കൂടുതൽDWCRA യൂണിറ്റുകൾ ആരംഭിക്കണം. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനും സന്നദ്ധസംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. ഈ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

## ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം.



## ട്രൈസം പരിശീലന ലഭ്യതാ പട്ടിക

### പട്ടിക - 3

| നമ്പർ | പരിശീലനം ലഭിച്ച വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ച വരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|---|
| 1 | ഇലക്ട്രോണിക്സ് | 6 | 6 | | |
| 2 | പ്ലംബിംഗ് | 10 | 10 | | |
| 3 | പ്ലാസ്റ്റിക്കെയിൻ വർക്സ് | 15 | 5 | 10 | |
| 4 | പ്രിന്റിംഗ് കമ്പോസിംഗ് | 20 | 10 | 5 | 5 |
| 5 | ഇലക്ട്രീഷ്യൻ | 16 | 10 | 5 | |
| 6 | ഓർണമെന്റ് ഗാർഡനിംഗ് | 1 | | 1 | |
| 7 | റേഡിയോ, ടി.വി. റിപ്പയർ | 2 | 2 | | |
| 8 | വെൽഡിംഗ് | 10 | 5 | 5 | |
| 9 | ഓട്ടോമെക്കാനിസം | 2 | 2 | | |
| 10 | വയർമാൻ | 1 | 1 | | |
| | ആകെ | 83 | 51 | 26 | 5 |

ഈ പദ്ധതിയിലൂടെ വളരെ ചുരുക്കം യുവാക്കളെ മാത്രമേ തൊഴിൽ പരിശീലിപ്പിക്കുന്നുള്ളു. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർന്ന് യോഗ്യതാടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല. പരിശീലനത്തിനുള്ള സ്റ്റൈപ്പന്റ് തുക വർധിപ്പിക്കണം. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ചെയ്യാനറിയാത്ത സ്ഥിതിയുണ്ട്. പരിശീലന കാലത്തെ വേതനം മാത്രം ഉദ്ദേശിച്ച് വരുന്നവരാണ് അധികവും. യുവാക്കളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി ബോധവൽക്കരണം ആവശ്യമാണ്.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. ഓരോ വർഷവും കുറച്ച് ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതലാളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർധിപ്പിക്കുകയും വേണം. പഞ്ചായത്തിലെ 40% കുടുംബങ്ങൾക്ക് സ്വന്തമായി കക്കൂസുകൾ ഇല്ല.

## CRSP കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

### പട്ടിക - 4

| വർഷം | അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം |
|---|---|---|
| 1991 92 | 5 | 5 |
| 1992 93 | | |
| 1993 94 | 17 | 17 |
| 1994 95 | 10 | 10 |
| 1995 96 | 19 | 19 |
| ആകെ | 51 | 51 |

## പട്ടിക

## ആവശ്യമായ കക്കൂസുകളുടെ എണ്ണം

## വാർഡ് ആടിസ്ഥാനത്തിൽ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | ആകെ |
|---|---|---|---|---|---|---|---|---|---|---|
| കക്കൂസുകളുടെ എണ്ണം | 250 | 135 | 225 | 210 | 205 | 230 | 235 | 225 | 215 | 1930 |

## പട്ടിക - 5

## JRY പണികൾ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | പണിയുടെ പേര് | എസ്റ്റിമേറ്റ് തുക (രൂ.) | നൽകിയത് (രൂ.) |
|---|---|---|---|
| 1 | താമരവേലിലിൽ പടി – നെടാം പുറത്ത്പടി റോഡ് ഉദ്ധാരണം (വാർഡ് 5) | 2,50,000 | 2,50,000 |
| 2 | സാമൂഹ്യ വനവല്ക്കരണം (മാഞ്ചിയം തൈ, വാർഡ് 7) | 30,000 | 30,000 |
| 3 | ദുർബല വിഭാഗങ്ങൾക്ക് കക്കൂസ് (45 എണ്ണം) | 90,000 | 90,000 |
| 4 | SC/ST ഭവന നിർമാണം | 1,15,200 | 1,15,200 |

### പെൻഷനുകൾ

സാമൂഹ്യക്ഷേമ രംഗത്ത് വിവിധ പെൻഷൻ പദ്ധതികൾ പഞ്ചായത്തിൽ നിലവിലുണ്ട്. അർഹരായ മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ കിട്ടുന്നില്ല. എന്നാൽ അനർഹരായ കൂടുതൽ പേർ ആനുകൂല്യം കൈപ്പറ്റുകയും ചെയ്യുന്നു. അവശ വിഭാഗക്കാർക്കായുള്ള ധനസഹായവും പെൻഷനും കൃത്യമായി കിട്ടുന്നില്ല എന്നത് വലിയൊരു പ്രശ്നമാണ്. ഈ പദ്ധതിയുടെ ചുമതല പൂർണമായി ഗ്രാമ പഞ്ചായത്തിന് കൈമാറണം.

സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം നൽകിയ വിവിധ പെൻഷനുകൾ

പട്ടിക - 6

| ഇനം | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ കാല പെൻഷൻ | അവശ കലാ കാര പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മ വേതനം |
|---|---|---|---|---|---|---|
| എണ്ണം | 90 | 52 | 31 | 1 | 401 | 281 |

പഞ്ചായത്തിൽ അർഹതയുള്ള മുഴുവൻ പേർക്കും പെൻഷൻ അനുവദിക്കണം. പഞ്ചായത്ത് മെമ്പറന്മാർ ഈ ഉത്തരവാദിത്വം കൃത്യമായി പാലിക്കണം. അപേക്ഷയോടൊപ്പം ഹാജരാക്കുന്ന രേഖകളുടെ സൂക്ഷ്മത നിലനിർത്തി സങ്കേതികത്വം ഒഴിവാക്കണം.

പട്ടിക - 7

രജിസ്റ്റർ ചെയ്ത വികലാംഗരുടെ എണ്ണം

| വാർഡ് | 5 വയസ്സുള്ളവർ | | 5 10 | | 10 25 | | 25 45 | | 45 60 | | 60ന് മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| I | | | | 1 | | 3 | 2 | 6 | 3 | 1 | | 11 | 5 | |
| II | | 2 | 1 | | 3 | 3 | 3 | 9 | 9 | 5 | 3 | 18 | 20 | |
| III | | | | | 3 | 3 | 2 | 6 | 2 | | | 9 | 7 | |
| IV | | | | | 1 | 2 | 4 | 1 | 1 | | | 3 | 6 | |
| V | | | | 1 | 2 | 4 | 2 | 1 | 2 | | | 6 | 6 | |
| VI | | | | | 1 | 4 | | 2 | 1 | 1 | | 7 | 2 | |
| VII | 2 | | | 1 | 2 | 6 | 2 | 8 | 3 | | | 17 | 7 | |
| VIII | 1 | | | 11 | | 7 | 3 | 2 | 3 | | | 21 | 6 | |
| IX | 1 | | | | | 3 | 3 | 6 | 1 | | | 10 | 4 | |
| ആകെ | 4 | 2 | 1 | | 14 | 12 | 35 | 21 | 41 | 25 | 7 | 3 | 99 | 62 |

പഞ്ചായത്തിലെ 9 വാർഡുകളിലായി 161 വികലാംഗർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 52 പേർക്ക് മാത്രമേ പെൻഷനുള്ളതായികാണുന്നുള്ളൂ. ശേഷിക്കുന്നവർക്ക് പെൻഷൻ അനുവദിക്കുകയും വികലാംഗർക്ക് സ്കോളർഷിപ്പും യാത്രാബത്തയും ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയും വേണം. വികലാംഗ ക്ഷേമത്തിന് പ്രത്യേക സംവിധാനം ഉണ്ടാക്കണം.

## അങ്കണവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാന പ്രവർത്തനം

കാഴ്ചവെയ്ക്കുന്ന അങ്കണവാടികൾ ഈ പഞ്ചായത്തിൽ 3 വാർഡുകളിലായി 4 എണ്ണം മാത്രമാണ് ഉള്ളത്. 1000 ജന ങ്ങൾക്ക് ഒരു അങ്കണവാടി എന്ന കഌഉടന്റെ ലക്ഷ്യം പഞ്ചായ ത്തിൽ നിറവേറിയിട്ടില്ല. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നു കയറ്റം പഞ്ചായത്തിലും പ്രകടമാണ്. അംഗണവാടിക ളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർത്തിരി ക്കുന്നു.

**പട്ടിക - 8**

| | | പാറക്കര | പൊങ്ങലടി.ബി | പെരുമ്പുളിക്കൽ | | ആകെ |
|---|---|---|---|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 1 | 1 | 2 | | |
| 2 | അങ്കണവാടികളുടെ നമ്പർ | | | | | |
| 3 | ഒരു വയസിന് താഴെ പ്രായമുള്ള കുട്ടികൾ | 18 | 9 | 56 | 18 | 101 |
| 4 | 12 വയസുവരെ പ്രായമുള്ള കുട്ടികൾ | 38 | 15 | 27 | 18 | 98 |
| 5 | 23 വയസുവരെ പ്രായമുള്ള കുട്ടികൾ | 9 | 24 | 31 | 20 | 84 |
| 6 | 35 വയസുവരെ പ്രായമുള്ള കുട്ടികൾ | 36 | 19 | 35 | 30 | 120 |
| 7 | ഗർഭിണികളുടെ എണ്ണം | 8 | 13 | 6 | 9 | 36 |
| 8 | മുലയൂട്ടുന്ന അമ്മമാർ | 11 | 9 | 19 | 7 | 46 |
| 9 | അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ | 8 | 4 | 6 | 8 | 26 |
| 10 | അനുപൂരക പോഷകാഹാരം ലഭിക്കുന്ന അമ്മമാർ | 9 | 5 | 19 | 6 | 39 |
| 11 | അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | 8 | 4 | 6 | 8 | 26 |

നിലവിലുള്ള അങ്കണവാടികളുടെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷകർത്താക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടമില്ലായ്മ, സ്ഥലമില്ലായ്മ, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തായ്ക, കളിപ്പാട്ടങ്ങളില്ലായ്മ, വൈദ്യുതി ഇല്ലായ്മ, വിറക് ഇല്ലായ്മ, ചുറ്റുമതിലില്ലായ്മ തുടങ്ങിയവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. പുതിയ തലമുറയെ വാർത്തെടുക്കുന്ന അങ്കണവാടികളിലെ ജീവനക്കാരുടെ സ്ഥിതി ദയനീയമാണ്. 9 a.m. മുതൽ 4p.m. വരെ ജോലി ചെയ്യുന്ന ഇവരുടെ ജോലിഭാരം കൂടുതലാണ്. എന്നാൽ പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ ആറ് വാർഡുകളിൽ അങ്കണവാടികൾ ഇല്ല. ഈ വാർഡുകളിൽ അടിയന്തിര പ്രാധാന്യത്തോടെ അങ്കണവാടികൾ സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ മല്ലിക. ബി.യിൽ മാത്രമാണ് ഒരു ബാലവാടിയുള്ളത്. വാർഡിൽ ഒരു ബാലവാടി എന്ന കണക്കിന് ബാലവാടികൾ സ്ഥാപിക്കേണ്ടതാണ്. 9 വാർഡുകളിലായി 12 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. ഭഗവതിയ്ക്കുംപടിഞ്ഞാറും മല്ലിക ബി.യിലും മഹിളാ സമാജങ്ങൾ ഇല്ല. പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ആവശ്യമാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥകാരണം സാമൂഹ്യക്ഷേമ പദ്ധതികളുടെ പ്രയോജനം യഥാർഥ ഗുണഭോക്താവിന് ലഭിക്കുന്നില്ല. ജനങ്ങളുടെ അജ്ഞതയും ബോധവൽക്കരണക്കുറവും ഒരു പ്രധാന ഘടകമാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ അർഹരായവരെ കണ്ടെത്തി ഈ പദ്ധതികളുടെ സഹായം എത്തിക്കണം. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ചുമതല ഗ്രാമപഞ്ചായത്തിനെ ഏല്പിക്കണം.

- പഞ്ചായത്തിലെ റേഷൻ ഷാപ്പുകളിൽ 3253 ഉം പഞ്ചായത്തിനു പുറത്തുള്ള റേഷൻ കടകളിൽ 259 ഉം ആയി 4072 റേഷൻ കാർഡുടമകൾ ഈ പഞ്ചായത്തിലുണ്ട്. റേഷൻ കടകളുടെ വിവരണം പട്ടിക 9 – ൽ ചേർത്തിരിക്കുന്നു.

പട്ടിക 9

| ക്രമ നമ്പർ | എ.ആർ.ഡി. നം. | കാർഡ് ഉടമകളുടെ എണ്ണം | എൻ.ഇ | ഇ | മേജർ | മൈനർ | യൂണിറ്റ് |
|---|---|---|---|---|---|---|---|
| 1 | 1 | 370 | 84 | 286 | 1388 | 282 | 3058 |
| 2 | 2 | 554 | 258 | 296 | 2115 | 388 | 4618 |
| 3 | 3 | 338 | 188 | 150 | 1176 | 242 | 2594 |
| 4 | 4 | 338 | 123 | 215 | 1282 | 203 | 2767 |
| 5 | 5 | 507 | 285 | 222 | 1831 | 341 | 4003 |
| 6 | 7 | 394 | 200 | 194 | 1445 | 238 | 3128 |
| 7 | 8 | 231 | 106 | 125 | 811 | 148 | 1770 |
| 8 | 155 | 222 | 126 | 96 | 833 | 137 | 1803 |
| 9 | 166 | 290 | 91 | 199 | 1113 | 161 | 2387 |
| 10 | 168 | 197 | 104 | 93 | 727 | 126 | 1580 |
| 11 | 170 | 372 | 187 | 185 | 1307 | 298 | 2912 |
| | ആകെ | 3813 | 1752 | 2061 | 14028 | 2564 | 30620 |

എ.ആർ.ഡി. നാലാം നമ്പർ കട 1നോടും 168-ാം നമ്പർ കട 166 നോടും ചേർന്ന് പ്രവർത്തിക്കുന്നു.

പൊതുവിതരണ രംഗത്ത് ഒരു മാവേലിസ്റ്റോർ ഭഗവതിയ്ക്കുംപടിഞ്ഞാറ് കീരുകുഴിയിൽ സ്ഥിതി ചെയ്യുന്നു. പ്രവർത്തനം മോശമായിരുന്ന മാവേലിസ്റ്റോർ പൊതുവിതരണത്തിൽ ശ്രദ്ധേയമായ പ്രവർത്തനം ഇപ്പോൾ നടത്തുന്നുണ്ട്. കഴിഞ്ഞ ഓണം കാലയളവിൽ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും സാധാരണക്കാരന് സാധനങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഓണച്ചന്തകൾ നടത്താറുണ്ട്. മാവേലിസ്റ്റോറുകളുടെ ഗുണം എല്ലാ ജനവിഭാഗത്തിനും ലഭിക്കുന്നതിന്. പഞ്ചായത്തിൽ 3 മാവേലിസ്റ്റോറുകളെങ്കിലും വേണം. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയാണ് പൊതുവിതരണ കേന്ദ്രം. റേഷൻഷോപ്പുകളുടെ പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തിന് കൈമാറണം. മല്ലിക എ. യിലെ ജനങ്ങൾ റേഷൻ സാധനങ്ങൾ വാങ്ങുന്നതിനു വേണ്ടി ഭഗവതിക്കുംപടിഞ്ഞാറ് വരുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇത് പരിഹരിക്കുന്നതിന് പന്തളം തെക്കേക്കര സഹകരണ ബാങ്കിന്റെ കീഴിൽ ഒരു റേഷൻഡിപ്പോ ആരംഭിക്കണം. റേഷൻ കടകൾക്ക് ദൂര പരിധി നിർണയിക്കണം. പൊതുവിതരണ സമ്പ്രദായം കുറ്റമറ്റതാക്കാൻ ഓരോ റേഷൻകടകളോടും അനുബന്ധിച്ച് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മിറ്റി ഉണ്ടാകുകയും അവരുടെ നേതൃത്വത്തിൽ ആഴ്ചതോറും പരിശോധന നടത്തേണ്ടതുമാണ്. അതോടൊപ്പം റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ അളവിലും ഗുണത്തിലും നിലവാരത്തിലും പരിശോധന നടത്തണം.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമാർജന പദ്ധതികൾ വളരെ കുറച്ച് കുടുംബങ്ങൾക്കേ പ്രയോജനപ്പെടുന്നുള്ളു.
2. IRDP ലിസ്റ്റിൽ അനർഹ കുടുംബങ്ങൾ കയറിക്കൂടുന്നു. അതുവഴി അർഹരായവർക്ക് ആനുകൂല്യം കിട്ടുന്നില്ല.
3. ഉദ്യോഗസ്ഥ തലത്തിൽ അഴിമതി നിലനിൽക്കുന്നു.
4. പദ്ധതി നടത്തിപ്പിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിന് ഗുണഭോക്താക്കൾ വിധേയരാകുന്നു.
5. ബോധവൽക്കരണക്കുറവ്.
6. അർഹമായ ആനുകൂല്യങ്ങൾ കിട്ടുന്നില്ല.
7. ക്ഷേമനിധിയിൽ എല്ലാ വിഭാഗത്തിലെയും അർഹതപ്പെട്ട മുഴുവൻ തൊഴിലാളികളും അംഗങ്ങളായിട്ടില്ല.
8. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമവിഹിതം അടക്കുന്നില്ല.
9. സാമൂഹ്യക്ഷേമ പദ്ധതികളനുസരിച്ച് വായ്പകൾ ലഭ്യമാക്കുന്നതിൽ ദേശസാൽകൃത ബാങ്കുകൾ ഗുരുതരമായ വീഴ്ച വരുത്തുന്നു.
10. അങ്കണവാടികൾ എല്ലാ വാർഡുകളിലും ഇല്ല. നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
11. ബാലവാടികൾ എല്ലാ വാർഡുകളിലും ഇല്ല.
12. ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥയും സാങ്കേതിക നൂലാമാലയും കാരണം പദ്ധതികളുടെ പ്രയോജനം യഥാർഥ ഗുണഭോക്താവിന് കിട്ടുന്നില്ല.
13. DWCRA ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം കുറവാണ്.
14. CRSP ആനുകൂല്യം തീരെ അപര്യാപ്തമാണ്.
15. ട്രൈസം പരിശീലനം ലഭിച്ചവർക്ക് തുടർന്ന് യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല.
16. റേഷൻ ഷോപ്പിൽ നിന്നും നല്ല രീതിയിലുള്ള സേവനം ലഭ്യമല്ല.

## നിർദേശങ്ങളും പരിഹാര മാർഗങ്ങളും

1. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് വാർഡ് തല ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
2. അങ്കണവാടികൾ ഇല്ലാത്ത വാർഡുകളിലും പ്രദേശങ്ങളിലും അടിയന്തിര പ്രാധാന്യത്തോടെ അവ സ്ഥാപിക്കുക.
3. നിലവിലുള്ള അങ്കണവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക.
4. ആറാം വാർഡിൽ അനുവദിച്ചിട്ടുള്ള പുതിയ അങ്കണവാടി ഹരിജൻ കോളനിക്ക് സമീപം സ്ഥാപിക്കുക.

5. പഞ്ചായത്ത് പുറമ്പോക്ക് അങ്കണവാടി കെട്ടിടം നിർമിക്കാൻ ഉപയോഗിക്കണം.
6. അങ്കണവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന തുക വർധിപ്പിക്കണം.
7. അങ്കണവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുക.
8. ഒരു പഞ്ചായത്തിൽ കുറഞ്ഞത് മൂന്ന് മാവേലിസ്റ്റോറുകൾ സ്ഥാപിക്കുക.
9. സാമൂഹ്യക്ഷേമ പദ്ധതികളുടെ സഹായം ലഭിക്കുമ്പോൾ മധ്യവർത്തികളെ ഒഴിവാക്കുക.
10. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ട് ചെയ്യാനുള്ള സൗകര്യം അതത് വാർഡുകളിൽ തരപ്പെടുത്തുക.
11. പൊങ്ങലടി നിവാസികൾ ഒരു പോസ്റ്റോഫീസിന്റെ സേവനത്തിനായി 4 കിലോ മീറ്ററിൽ അധികം സഞ്ചരിക്കേണ്ടി വരുന്നു. പൊങ്ങലടി കേന്ദ്രമാക്കി പോസ്റ്റോഫീസിന്റെ ഒരു ബ്രാഞ്ച് ആരംഭിക്കണം.
12. വെയിറ്റിംഗ്ഷെഡ് ഇല്ലാത്ത വാർഡുകളിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ അവ സ്ഥാപിക്കണം.
13. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പൊതു കക്കൂസും മൂത്രപ്പുരയും സ്ഥാപിക്കണം.
14. വികലാംഗർക്ക് പഞ്ചായത്ത് കേന്ദ്രത്തിൽ തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.
15. സാമൂഹ്യക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ ജനകീയസമിതിയുടെ പ്രവർത്തനത്തിലൂടെ കണ്ടെത്തണം.
16. സംസ്ഥാന തലത്തിൽ ക്ഷേമനിധിയുള്ള എല്ലാ വിഭാഗത്തിലെയും അർഹതയുള്ള മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ ബന്ധപ്പെട്ട തൊഴിലാളി സംഘടനകൾ ശ്രദ്ധിക്കുക.
17. നിർമാണ തൊഴിലാളികൾ കഠിനാധ്വാനികളാകയാൽ അവരുടെ പെൻഷൻ പ്രായം 55 ആയി കുറയ്ക്കുക.
18. ക്ഷേമനിധി അംഗങ്ങൾ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യങ്ങൾ നൽകുക.
19. ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപയെങ്കിലുമാക്കി ഉയർത്തുക.
20. IRDP ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവേ നടത്തുക.
22. ട്രൈസം സ്റ്റൈപ്പന്റ് തുക വർധിപ്പിക്കുകയും പരിശീലനം കാര്യക്ഷമമാക്കുകയും ചെയ്യുക.
23. CRSP യിലൂടെ കൂടുതൽ കുടുംബങ്ങൾക്ക് കക്കൂസ് നൽകുകയും സംഖ്യ വർധിപ്പിക്കുകയും ചെയ്യുക.
24. പെൻഷൻ പദ്ധതികളുടെ ചുമതല ഗ്രാമ പഞ്ചായത്തിന് നൽകുകയും കൃത്യമായി വിതരണം നടത്തുകയും ചെയ്യുക.
25. ഒരു വാർഡിൽ ഒരു ബാലവാടിയെങ്കിലും സ്ഥാപിക്കുക.
26. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കുക.
27. പൊതുവിതരണ കേന്ദ്രങ്ങളുടെ ചുമതല ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക.
28. പഞ്ചായത്തിലെ സ്ഥല പരിമിതി ഒരു പൊതു ശ്മശാനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു. പൊങ്ങലടിയിൽ സ്ഥലം എടുത്തിട്ടുള്ള പ്രദേശത്ത് ആധുനിക സാങ്കേതിക വിദ്യാരീതിയിലുള്ള ഒരു ശ്മശാനം സ്ഥാപിക്കുക.
29. വനിതാക്ഷേമത്തിന് ചെറിയ വ്യവസായ യൂണിറ്റുകൾ ഉണ്ടാകണം.
30. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
31. അങ്കണവാടിയോട് ചേർത്ത് ജനകീയസമിതി രൂപീകരിക്കുക.
32. വികലാംഗരുടെയും മന്ദബുദ്ധികളുടെയും വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
33. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കണം.
34. അത്യാവശ്യ സന്ദർഭങ്ങളിൽ ദുർബല വിഭാഗക്കാരെ സഹായിക്കാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി സ്വരൂപിക്കുക.



## 5.3 E

# പട്ടികജാതി പട്ടികവർഗ ക്ഷേമം

കേരള ചരിത്രത്തിലെ അഭിശപ്തമായ സാമൂഹിക സാമ്പത്തിക വ്യവസ്ഥയുടെ ഇരകളാണ് "തൊട്ടുകൂടാത്തവരും, തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോരു"മായി അടിച്ചമർത്തപ്പെട്ട പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിലെ ജനങ്ങൾ. ജാതി വർണ വ്യവസ്ഥകളുടെ കാവലാളന്മാർ സ്മൃതികളുടെയും പാരമ്പര്യത്തിന്റെയും ചാട്ടവാറുകൾ ചുഴറ്റിക്കൊണ്ടിരുന്ന ആ കേരളത്തെയാണ് സ്വാമി വിവേകാനന്ദൻ "ഭ്രാന്താലയം" എന്നു വിളിച്ചത്. പാശ്ചാത്യ അടിമക്കച്ചവടക്കാരെ പിന്നിലാക്കും വിധം മനുഷ്യത്വരഹിതമായ തീണ്ടലും തൊടീലും സാമ്പത്തികമായി മാത്രമല്ല, സാംസ്കാരികമായും ബൗദ്ധികമായും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളെ ഏറെ ദരിദ്രമാക്കി. ഇക്കാര്യത്തിൽ കേരളത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി വിഭിന്നമായിരുന്നില്ല. പട്ടികജാതിക്കാരെ നുകത്തിൽ കെട്ടി നിലമുഴുതതിന്റെയും പട്ടികജാതി കുടുംബങ്ങളെ ക്രയവിക്രയം നടത്തിയതിന്റെയും ചരിത്രം ഈ മണ്ണിന് ഇപ്പോഴും മറക്കാനായിട്ടില്ല.

എന്നാൽ, സാമ്പത്തികോല്പാദന ബന്ധങ്ങളിൽ ഉണ്ടായ പരിവർത്തനങ്ങളും, സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും ഈ പഞ്ചായത്തിലെയും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപെടുന്ന ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ അധഃസ്ഥിതാവസ്ഥയ്ക്ക് കുറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ശ്രീനാരായണ പ്രസ്ഥാനവും ദേശിയ വിമോചന പ്രസ്ഥാനവും ക്ഷേത്രപ്രവേശന വിളംബരവും തൊഴിലാളി സംഘടനകളുടെ ആവിർഭാവവും ഭൂപരിഷ്കരണനിയമവും, നിർബന്ധിത സൗജന്യ വിദ്യാഭ്യാസവും സൃഷ്ടിച്ച സാമൂഹ്യ വിപ്ലവം പട്ടികജാതി/പട്ടികവർഗ ജനങ്ങളുടെ ജിവിതനിലവാരത്തെയും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ, ഇപ്പോഴും പല കാരണങ്ങളാൽ ഈ വിഭാഗം ജനങ്ങൾ സാമൂഹ്യ- സാമ്പത്തിക ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലാണ്. സംസ്ഥാനത്തെ മൊത്തം ഭൂമിയുടെ വളരെ തുച്ഛമായ ഒരംശം മാത്രമേ ഇവർക്ക് ലഭ്യമായിട്ടുള്ളു. ഇന്നും മറ്റുള്ളവരുടെ ഭൂമിയിൽ പണിയെടുക്കാൻ അവർ നിർബന്ധിതരാണ്. നൂറ്റാണ്ടുകൾ നീണ്ടുനിന്ന അടിച്ചമർത്തൽ സൃഷ്ടിച്ച മാനസികവും ബൗദ്ധികവുമായ കടമ്പകൾ പൂർണ

മായും മറികടക്കാൻ അവർക്കായിട്ടില്ല. കൂടാതെ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ച പല ക്ഷേമ പദ്ധതികളും അവയുടെ ഗുണഭോക്താക്കളായ പട്ടികജാതി/ പട്ടികവർഗക്കാരുടെ യഥാർഥ ആവശ്യങ്ങളെ പൂർണമായും കണക്കിലെടുക്കാതെയായിരുന്നു. തന്മൂലം ശാസ്ത്ര സാങ്കേതിക വളർച്ചയുണ്ടാക്കി ജീവിത പുരോഗതി വേണ്ടത്ര കൈവരിക്കാൻ അവർക്കായിട്ടില്ല.

## സാമൂഹ്യാവസ്ഥ

കഴിഞ്ഞ അരനൂറ്റാണ്ടു മുമ്പുള്ള സ്ഥിതിയിൽ നിന്നും പട്ടികജാതിക്കാരുടെ സാമൂഹ്യാവസ്ഥയ്ക്ക് വമ്പിച്ച മാറ്റമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസവും പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണത്തിന്റെ ആനുകൂല്യത്തിൽ ലഭിച്ച ഉദ്യോഗാവസരങ്ങളുമാണ് ഇതിന് കാരണം. എന്നാൽ ഇന്നും സാമൂഹികമായ വിവേചനം തുടരുന്നു. തീണ്ടലും തൊടീലും അവസാനിച്ചെങ്കിലും ജാതിപ്പേര് പറഞ്ഞുള്ള സംബോധന ഇപ്പോഴുമുണ്ട്. പഴയതലമുറയിൽപെട്ടവരിലാണ് ഈ പ്രവണത കാണപ്പെടുന്നത്. പുരോഗമനാശയങ്ങളുള്ള പുതിയ തലമുറയിൽപെട്ടവരിൽ ജാതിചിന്ത താരതമ്യേന കുറവാണ്. മിശ്രഭോജനവും മിശ്രവിവാഹവും വ്യാപകമായിട്ടില്ല. എന്നാൽ പട്ടികജാതിക്കാരുടെ വീടുകളിലെ വിവാഹങ്ങളിൽ പങ്കെടുക്കുന്ന ഇതര സമുദായങ്ങളിലെ പുരോഗമനചിന്താഗതിക്കാർ മിശ്രഭോജനത്തിനു തയ്യാറാകുന്നത് ശുഭോദർക്കമാണ്. സംഘടനാപരമായ പ്രവർത്തനങ്ങളിലൂടെ നേതൃസ്ഥാനത്തേക്കുയർന്ന പട്ടികജാതിക്കാർ പഞ്ചായത്തിൽ ഏതാണ്ട് നാല്പത്തിയഞ്ചോളം വരും. അവരിൽ നല്ലയൊരു ശതമാനം സ്വജാതി സംഘടനകളിലാണ് പ്രവർത്തിക്കുന്നത്. അവശ വിഭാഗങ്ങളുടെ പൊതു താല്പര്യങ്ങൾക്കായി വർഗപരമായി സംഘടിക്കുന്നതിന് ഇത് ഒരളവു വരെ തടസ്സമാകുന്നുണ്ട്.

## ജനസംഖ്യ

### കോളനികൾ

പഞ്ചായത്തിലെ 1055 പട്ടികജാതി/പട്ടികവർഗ കുടുംബങ്ങളിലുമായി3384 ജനങ്ങളുണ്ട്.1620 പുരുഷന്മാരും 1764 സ്ത്രീകളും. സ്ത്രീകളുടെ ജനസംഖ്യ 52.12 ശതമാനം വരും. (പട്ടിക - 1) പഞ്ചായത്തിൽ ഒരേയൊരു പട്ടികവർഗ കുടുംബമേയുള്ളു. ഭഗവതിക്കും പടിഞ്ഞാറ് വാർഡിലാണത്.

പട്ടിക - 1

പട്ടികജാതി പട്ടികവർഗ ജനസംഖ്യ

| നമ്പർ | വാർഡ് | എസ്.സി | | | എസ്. റ്റി. | | |
|---|---|---|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ | പുരു. | സ്ത്രീ | ആകെ |
| 1 | പാറക്കര | 215 | 244 | 459 | - | - | |
| 2 | ഭഗവതിക്കും പടിഞ്ഞാറ് | 147 | 129 | 276 | 1 | - | 1 |
| 3 | പടുക്കോട്ടുക്കൽ | 168 | 263 | 431 | - | - | |
| 4 | മല്ലിക. എ. | 142 | 136 | 278 | - | - | |
| 5 | മല്ലിക. ബി. | 176 | 181 | 357 | - | - | |
| 6 | പൊങ്ങലടി. എ. | 161 | 152 | 313 | - | - | |
| 7 | പൊങ്ങലടി. ബി. | 270 | 291 | 561 | - | - | |
| 8 | പെരുമ്പുളിക്കൽ | 136 | 148 | 284 | - | - | |
| 9 | പറന്തൽ | 205 | 220 | 425 | - | - | |
| | ആകെ | 1620 | 1764 | 3384 | 1 | | 1 |

(1991 സെൻസസ്)

പഞ്ചായത്തിലെ ഒമ്പതു വാർഡുകളിലുമായുള്ള 27 കോളനികളിലായാണ് ഭൂരിപക്ഷം പട്ടികജാതിക്കാരും ജീവിക്കുന്നത്. ഇവയുടെ വിശദവിവരം പട്ടിക –2ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 2

| വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. പാറക്കര | 1. ലക്ഷംവീട് കോളനി | |
| | 2. I.H.D.P. കോളനി | |
| | 3. കലതിവിള സെറ്റിൽമെന്റ് കോളനി | 168 |
| | 4. വളത്തുകാട് കോളനി | |
| | 5. മടുക്കവിള കോളനി | |
| 2. ഭഗവതിക്കും പടിഞ്ഞാറ് | 6. കീരുകുഴി കോളനി | 53 + 1 (എസ്.റ്റി) |
| | 7. കോയാട്ടുകുറ്റി കോളനി | |
| 3. പടുക്കോട്ടുക്കൽ | 8. കളമിട്ടതിൽ ലക്ഷംവീട് | |
| | 9. കയർമല അംബേദ്ക്കർ ഗ്രാമം | 150 |
| | 10. വേലംപറമ്പ് കോളനി | |
| 4. മല്ലിക. എ. | 11. മൂർത്തിവിള ഹരിജൻ കോളനി | |
| | 12. മല്ലിക ഹരിജൻ കോളനി | 80 |
| | 13. സെറ്റിൽമെന്റ് കോളനി | |
| 5. മല്ലിക. ബി. | 14. കുമ്പഴകുറ്റി കോളനി | |
| | 15. തേവർകുറ്റി കോളനി | 68 |
| | 16. ലക്ഷംവീട് കോളനി | |
| 6. പൊങ്ങലടി. എ. | 17. കലതിവിള ലക്ഷംവീട് കോളനി | |
| | 17. കുറവൻചിറ കോളനി | 72 |
| | 18. മുരുപ്പേൽ കോളനി | |
| | 19. പുന്നക്കുന്നിൽ കോളനി | |
| 7. പൊങ്ങലടി. ബി. | 20. നാറാണത്തുമുരുപ്പ് കോളനി | |
| | 21. ചെന്നായ്ക്കുന്ന് കോളനി | |
| | 22. പാലനില്ക്കുന്നതിൽ ലക്ഷംവീട് കോളനി | |
| | 23. താളിയാട്ട് ഭൂരഹിത കർഷകത്തൊഴിലാളി കോളനി | 150 |
| | 24. വെട്ടുകാലാമുരുപ്പ് & കാവരിക്കുന്ന് മുരുപ്പ് കോളനി | |
| 8. പെരുമ്പുളിക്കൽ | 25. മറ്റയ്ക്കാട്ട് മുരുപ്പ് കോളനി | ഇല്ല |
| | 26. O.L.H. കോളനി | |
| 9. പറന്തൽ | 27. അയനിക്കൂട്ടത്തിൽ കോളനി | |
| | 28. കാവരിക്കുന്ന് കോളനി (കണ്ണംകുന്ന്) | 141 |

കോളനികളിലെല്ലാം കൂടി 802 കുടുംബങ്ങൾ ഉണ്ട്. കോളനികളിൽ ഉൾപ്പെടാത്ത 253 കുടുംബങ്ങൾ ഉണ്ട്. പെരുമ്പുളിക്കൽ വാർഡിൽ60 കുടുംബങ്ങൾ ഉണ്ടെങ്കിലും കോളനികൾ ഒന്നും രൂപികൃതമായിട്ടില്ല. തന്മൂലം പട്ടികജാതിക്കോളനികൾക്കുമാത്രമായി നടപ്പാക്കുന്ന പല പദ്ധതികളുടെയും ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നില്ല. പട്ടികജാതിക്കാർക്ക് മൊത്തത്തിൽ പറയാനുള്ളത് ഇല്ലായ്മയുടെ കഥകളാണ്. പഞ്ചായത്തിലെ പട്ടികജാതിക്കാർ അനുഭവിക്കുന്ന ഇല്ലായ്മകളുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നത് നോക്കുക. വഴിവെട്ടിയും, വഴിവിളക്കുകൾ സ്ഥാപിച്ചും, പോഷകാഹാരമെത്തിച്ചും, കുടിവെള്ളം നൽകിയും, ആരോഗ്യ പരിപാലനം നടത്തിയും, കക്കൂസും കുളിമുറികളും നിർമിച്ചും, വൈദ്യുതി ലഭ്യമാക്കിയും കോളനികളുടെ വികസനം ത്വരിതഗതിയിലാക്കേണ്ടതുണ്ട്.

## ഭൂസ്വത്ത്

പഞ്ചായത്തിലെ കർഷകത്തൊഴിലാളികളിൽ ഭൂരിപക്ഷവും പട്ടികജാതിയിൽപെട്ടവരാണെങ്കിലും, മൊത്തം ഭൂവിസ്തൃതിയുടെ തുച്ഛമായ ഒരംശം മാത്രമേ അവർക്കു കൈവശമായുള്ളു. ഏതാണ്ട് അഞ്ചു ശതമാനത്തിൽ താഴെ. ഭൂപരിഷ്ക്കരണവും കുടിയൊഴിക്കൽ നിരോധന നിയമവും പട്ടികജാതിക്കാരുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ സഹായകമായിട്ടുണ്ട്. എന്നാൽ ഇന്നും പഞ്ചായത്തിൽ260 ഭൂരഹിത പട്ടികജാതിക്കാരുണ്ട്. ഭൂരിപക്ഷം കുടുംബങ്ങൾക്കും ഒരു വീടു വെയ്ക്കാനുള്ള സ്ഥലമേയുള്ളു. വളരെക്കുറച്ചു മാത്രം ഭൂമിയുള്ള കുടുംബങ്ങൾക്ക് ഭാഗം വെച്ച് വേറിട്ടു താമസിക്കാൻ സാധിക്കുന്നില്ല. തന്മൂലം ഒരേ മേൽക്കൂരയ്ക്കു കീഴിൽ കഴിയാൻ അവർ നിർബന്ധിതരാവുന്നു. ഇത് പലപ്പോഴും സമാധാനപരമായ കുടുംബജീവിതം അസാധ്യമാക്കിത്തീർക്കുകയും മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. വില ക്രമാതീതമായി വർധിച്ചിരിക്കുന്നതിനാൽ, തുച്ഛവരുമാനക്കാരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങാനും സാധിക്കുന്നില്ല.

## പാർപ്പിടം

പൊതുവെ പട്ടികജാതിക്കാരുടെ പാർപ്പിട സൗകര്യം ശോചനീയമാണ്. വേണ്ടത്ര സ്ഥലസൗകര്യമോ, വലിപ്പമോ ഉള്ളവയല്ല അവരുടെ വീടുകൾ. ഒരു മുറിയും അടുക്കളയുമാണ് വീടുകളിലെ ശരാശരി സൗകര്യം. പഞ്ചായത്തിൽ സ്വന്തമായി വീടുകളില്ലാത്ത 326 കുടുംബങ്ങൾ ഉണ്ട്. ഉള്ളവയിൽ ബഹുഭൂരിപക്ഷവും അറ്റകുറ്റപ്പണികൾ ആവശ്യമായവയാണ്. പഞ്ചായത്തിലെ അഞ്ച് ലക്ഷംവീട് കോളനികളിലെ എല്ലാ വീടുകളും ഏതു നിമിഷവും തകർന്നു വീഴാവുന്ന അവസ്ഥയിലാണ്. സ്വന്തമായി കുളിമുറിയില്ലാത്ത 1048 വീടുകൾ ഉണ്ട്. സ്ഥലപരിമിതി മൂലം കക്കൂസുകൾ473 വീടുകളോട് ചേർന്ന് നിർമിച്ചു നൽകേണ്ടതാണ്. കിണറുകൾ 465 വീടുകൾക്ക് വേണ്ടതാണ്. വൈദ്യുതി എത്താത്ത 597 വീടുകൾ ഇനിയും പഞ്ചായത്തിലുണ്ട്.



## പട്ടിക – 3

### പട്ടികജാതിക്കാരുടെ ആവശ്യങ്ങളുടെ പട്ടിക

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | ഭൂമിയി ല്ലാത്തവർ | വീടില്ലാത്തവർ | കക്കൂസ് ഇല്ലാത്തവർ | കിണർ ഇല്ലാത്തവർ | കുളിമുറി ഇല്ലാത്തവർ | വൈദ്യുതി യില്ലാത്തവർ | ബാലവാടി/ അങ്കണവാടി | ആരോഗ്യ കേന്ദ്രം | സാംസ്കാരിക നിലയം | റേഡിയോ/ ടി.വി. ഇല്ലാത്തവർ | വ്യാവസായിക സഹകരണ സംഘം | കൈത്തൊഴിലിൽ ഏർപ്പെടുന്നവർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 168 | 43 | 80 | 94 | 109 | 167 | 120 | 1 | 1 | ഇല്ല | 167 റേഡിയോ | ഇല്ല | 21 |
| 2 | 54 | 4 | 1 | 32 | 44 | 50 | 3 | ഇല്ല | ഇല്ല | വായനശാല ഇല്ല | 54 | ഇല്ല | 8 |
| 3 | 132 | 35 | 50 | 60 | 80 | 122 | 105 | ഇല്ല | ഇല്ല | ഇല്ല | 130 | പ്രവർത്തന രഹിതം | 4 |
| 4 | 50 | 21 | 30 | 32 | 32 | 49 | 50 | ഇല്ല | ഇല്ല | ഇല്ല | 50 | ഇല്ല | ഇല്ല |
| 5 | 88 | 22 | 25 | 32 | 23 | 86 | 39 | ഇല്ല | ഇല്ല | ഇല്ല | 87 | ഇല്ല | ഇല്ല |
| 6 | 118 | 24 | 28 | 54 | 38 | 116 | 68 | ഇല്ല | ഇല്ല | ഇല്ല | 118 | ഇല്ല | ഇല്ല |
| 7 | 250 | 74 | 53 | 50 | 47 | 246 | 95 | ഇല്ല | ഇല്ല | ഇല്ല | 248 | ഇല്ല | ഇല്ല |
| 8 | 57 | 7 | 25 | 27 | 45 | 56 | 29 | ഇല്ല | ഇല്ല | വായനശാല ഇല്ല | 56 | ഇല്ല | 10 |
| 9 | 138 | 30 | 34 | 92 | 47 | 126 | 88 | ഇല്ല | ഇല്ല | ഇല്ല | 135 | സഹകരണ സംഘം | ഇല്ല |
| | 1055 | 260 | 326 | 473 | 465 | 1048 | 597 | | | 1045 | | 43 | |

## കുടിവെള്ളം, ഭക്ഷണം, ആരോഗ്യപരിപാലനം

ജലദൗർലഭ്യം വേനൽക്കാലത്ത് രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. കുടിവെള്ളത്തിന്റെ അഭാവം പട്ടികജാതിക്കാരെ ഏറ്റവും കൂടുതലായി ബാധിക്കുന്നത്. കാരണം, അവരുടെ കോളനികളിൽ ഭൂരിഭാഗവും കുന്നിൻ മുകളിലോ മുരുപ്പുകളിലോ ആണ്. കൂടാതെ, സ്വന്തമായി കിണർ കുഴിക്കുന്നതിനുള്ള സാമ്പത്തിക ശേഷിയോ ഭൂമിയോ, പൊതുവേ, അവർക്കില്ല. ഇപ്പോഴും 15 കോളനികൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുള്ള സൗകര്യമില്ല. പൊതുകിണറുകൾ നിർമിച്ച് പമ്പുസെറ്റുകളും വാട്ടർടാങ്കുകളും സ്ഥാപിച്ച് ഇവർക്ക് കുടിവെള്ളം എത്തിക്കേണ്ടതാണ്.

പോഷകാഹാരക്കുറവ് പട്ടികജാതിക്കാരുടെ ഇടയിൽ കാര്യമായി അനുഭവപ്പെടുന്നുണ്ട്. കഠിനാധ്വാനവും പോഷകാഹാരക്കുറവും അവരെ അകാലത്തിൽ വൃദ്ധരാക്കുന്നു. ഭക്ഷണത്തിലെ പോഷകാഹാര ഘടകങ്ങളെ (അരി, ഗോതമ്പ്, പയർവർഗങ്ങൾ, മത്സ്യം, മാംസം, പാൽ, മുട്ട, പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയവ) സംബന്ധിച്ച് വിശദമായ കണക്കുകൾ ലഭ്യമല്ല. എങ്കിലും അരി, ഗോതമ്പ്, മരച്ചീനി തുടങ്ങിയവ കഴിഞ്ഞാൽ മറ്റൊന്നും പതിവായും ക്രമമായും അവർ ഉപയോഗിക്കുന്നില്ലെന്ന് കരുതാവുന്നതാണ്. കോളനികളിലെ ജനങ്ങളുടെ ഉപഭോഗത്തിനായി ആവശ്യമായ പാൽ, മുട്ട തുടങ്ങിയവ അവിടങ്ങളിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം.

വീടും പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള ബോധവല്ക്കരണം ഇന്ന് നടക്കുന്നില്ല. അങ്കണവാടികൾ ഒരു കോളനിയിലും ഇല്ല. അതുപോലെ ഒരു കോളനിയിലും ആരോഗ്യ കേന്ദ്രം നിലവിലില്ല. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്നുമുള്ള ആരോഗ്യപ്രവർത്തകർ കോളനികൾ മുടങ്ങാതെ സന്ദർശിക്കുന്നതിനും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഉപദേശങ്ങളും നൽകുന്നതിനും സംവിധാനമുണ്ടാകണം. ഇപ്പോൾ, ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവത്തോടനുബന്ധിച്ചുപോലും പൂർണവിശ്രമവും സൗജന്യ പോഷകാഹാരവും വൈദ്യ പരിശോധനയും ലഭിക്കുന്നില്ല. വൃദ്ധരായ പട്ടികജാതിക്കാരുടെ സ്ഥിതി ഏറെ പരിതാപകരമാണ്. വല്லപ്പോഴും ലഭിക്കുന്ന കർഷകത്തൊഴിലാളി പെൻഷൻ മാത്രമേ അവർക്ക് ആശ്രയമായിട്ടുള്ളു. വിദഗ്ധമായ വൈദ്യചികിത്സ ഇന്ന് അവർക്ക് അപ്രാപ്യമാണ്.

## തൊഴിൽ മേഖല

പരമ്പരാഗതമായി പട്ടികജാതിക്കാർ കർഷകത്തൊഴിലാളികളാണ്. ഈറ, മുള, കൈതയോല തുടങ്ങിയവ കൊണ്ട് കൈത്തൊഴിലുകൾ ചെയ്യുന്നവരും അവരുടെ ഇടയിലുണ്ട്. പൊതുവെ ഇവരുടെ ജീവിത നിലവാരം വളരെത്താണതാണ്. എന്നാൽ, സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിൽ പണിയെടുക്കാനവസരം കിട്ടിയവരുടെ ജീവിത നിലവാരം കുറെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. സ്ഥിരമായ വരുമാനമാണിതിന്റെ കാരണം.

കാർഷികരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ കർഷകത്തൊഴിലാളികളുടെ തൊഴിൽ ലഭ്യതയേയും ജിവിത നിലവാരത്തെയും പാടേ തകർത്തിരിക്കുന്നു. പഞ്ചായത്തിലെ 27 ശതമാനം കരഭൂമിയിലും ഇപ്പോൾ റബർ ആണ് കൃഷി ചെയ്തുവരുന്നത്. തെങ്ങും ഇടവിളകളായ ചേന, ചേമ്പ്, വാഴ, ഇഞ്ചി തുടങ്ങിയവയും വളരെ കുറഞ്ഞിരിക്കുന്നു. ആദായകരമല്ലത്തതിനാൽ നെൽകൃഷിയുപേക്ഷിച്ച് പാടങ്ങൾ നികത്തി തെങ്ങും റബറും വെയ്ക്കുന്നതുമൂലം കാർഷികരംഗത്തെ തൊഴിലവസരങ്ങൾ വളരെ കുറഞ്ഞുപോയിരിക്കുന്നു. തന്മൂലം ഇതര തൊഴിൽ മേഖലകളിലേക്ക് ചേക്കേറാൻ കർഷകത്തൊഴിലാളികൾ നിർബന്ധിതരായിരിക്കുന്നു. കെട്ടിട നിർമാണ മേഖലയിലാണവർ പ്രധാനമായും അഭയം കണ്ടെത്തിയിരിക്കുന്നത്. തൊഴിൽ സുരക്ഷിതത്വം തേടി റബർ ടാപ്പിംഗ്, സാങ്കേതിക തൊഴിലുകൾ എന്നിവ തേടുന്നവരും കുറവല്ല.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ വേതനമല്ല ലഭിക്കുന്നത്. ശരാശരി 30 രൂപയുടെ വ്യത്യാസം നിലവിലുണ്ട്.

പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ ഭാഗികമായെങ്കിലും പണിയെടുക്കുന്നവർ ഇപ്പോഴുമുണ്ട്. ഇവരുടെ സഹകരണ സംഘങ്ങൾ ചിലത് നിലവിലുണ്ടെങ്കിലും അവ നിർജീവമാണ്. അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വിലക്കയറ്റവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ കൈത്തൊഴിലുകൾ ചെയ്യുന്ന പട്ടികജാതിക്കാരെ സംഘടിപ്പിക്കുകയും ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയും വേണം.

## വിദ്യാഭ്യാസം, സംസ്കാരം

പട്ടികജാതിക്കാരിലെ സാക്ഷരതാനിരക്ക് വർധിപ്പിക്കു

ന്നതിൽ സാക്ഷരതാ പ്രസ്ഥാനം കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മൊത്ത പട്ടികജാതിക്കാരിൽ നിരക്ഷരരായവർ 118 പേർ മാത്രമേയുള്ളു. ഇവരെല്ലാം അറുപതു വയസു കഴിഞ്ഞവരാണ്. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനത്തിന്റെ അഭാവത്തിൽ സാക്ഷരരായവരിൽ എത്രപേർ വീണ്ടും നിരക്ഷരതയിലേക്ക് പതിച്ചുവെന്നത് കണക്കാക്കാൻ കഴിയില്ല. അനൗപചാരിക വിദ്യാഭ്യാസം തുടർന്നും ലഭിക്കാൻ കോളനികൾ കേന്ദ്രീകരിച്ച് വായനാക്ലബുകൾ രൂപീകരിക്കുകയും പ്രമുഖദിനപ്പത്രങ്ങൾ ലഭ്യമാക്കുകയും വേണ്ടതാണ്. അതുപോലെ, കോളനികൾ കേന്ദ്രീകരിച്ച് ടി.വി.കൾ സ്ഥാപിക്കുന്നതും അനൗപചാരിക വിദ്യാഭ്യാസത്തിന് സഹായിക്കും.

പഞ്ചായത്തിൽ മൊത്തം895 പട്ടികജാതി വിദ്യാർഥികളാണുള്ളത്. ഇത് മൊത്തം വിദ്യാർഥികളുടെ 32 ശതമാനമാണ്. ഇവരിൽ477 പേർ ആൺകുട്ടികളും418 പേർ പെൺകുട്ടികളുമാണ്. പെൺകുട്ടികളേക്കാൾ59 ആൺകുട്ടികൾ കൂടുതലുണ്ട്. തോറ്റു പഠിക്കുന്ന വിദ്യാർഥികൾ 148 പേരാണ്. ഇത് ആ വിഭാഗത്തിൽപെട്ട വിദ്യാർഥികളുടെ16.5 ശതമാനം വരും. ഇത് ഇതര വിഭാഗത്തിൽപെട്ട വിദ്യാർഥികളുടെ തോൽവിയേക്കാളും 9.7 ശതമാനം കൂടുതലാണ്. തോൽവിയിൽ പട്ടികജാതിയിൽപെട്ടവരും മറ്റുള്ളവരും തമ്മിലുള്ള അന്തരം സാമൂഹ്യ സാമ്പത്തിക കാരണങ്ങളാലാണ്. പട്ടിക ജാതിവിഭാഗക്കാർക്ക് സ്വകാര്യ ട്യൂഷനും മറ്റും പോകാനുള്ള സാമ്പത്തികസ്ഥിതിയില്ലെന്ന വസ്തുത കണക്കിലെടുക്കേണ്ടതാണ്. അതുപോലെ കുട്ടികൾ സ്ഥിരമായി സ്കൂളിൽ പോകാത്ത അവസ്ഥയും ഇടയ്ക്കുവെച്ച് പഠിത്തം നിർത്തുന്ന സ്ഥിതിയുമുണ്ട്. ചിട്ടയായ ഭക്ഷണം, വൃത്തിയായ വേഷവിധാനം എന്നിവയും മാതാപിതാക്കളുടെ ഇക്കാര്യത്തിലുള്ള ശുഷ്ക്കാന്തിയില്ലായ്മയും ഇതിന് കാരണങ്ങളാണ്.

പട്ടികജാതിക്കാരുടെ ഇടയിൽ പല നാടൻ കലാരൂപങ്ങളും ഒരു കാലത്ത് നിലവിലിരുന്നു. ഇവയിൽ പലതും ഇന്ന് നഷ്ടപ്രായമായിരിക്കുന്നു. മയിലാട്ടം, പരിചമുട്ടുകളി, കോൽക്കളി, അമ്മൻകുടം, കൊയ്ത്തുപാട്ടുകൾ എന്നിവ അറിയുന്ന ചില കലാകാരന്മാർ ഇന്നും അവശേഷിക്കുന്നുണ്ട്. പരിശീലനത്തിനും അവതരണത്തിനുമുള്ള അവസരമില്ലായ്മയും, സാമ്പത്തികമായ പ്രോത്സാഹനത്തിന്റെയും പിന്തുണയുടെയും അഭാവവുമാണ് ഈ രംഗത്തെ കലാകാരന്മാരുടെ പ്രധാന പ്രശ്നങ്ങൾ.

## പ്രശ്നങ്ങൾ

## ആവശ്യങ്ങൾ

1. വീടില്ലാത്ത 326 കുടുംബങ്ങൾക്ക് വീടുണ്ടാക്കണം
2. വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് 750 കുടുംബങ്ങൾക്ക് സഹായം നൽകണം
3. സ്വന്തമായി കിണർ നിർമിക്കാൻ465 കുടുംബങ്ങൾക്ക് സഹായധനം നൽകണം
4. 15 കോളനികളിൽ വാട്ടർ ടാങ്കുകൾ നിർമിച്ച് കുടിവെള്ളം വിതരണം ചെയ്യണം
5. 473 വീടുകൾക്ക് കക്കൂസ് നിർമിക്കണം
6. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് 4 സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിനോ വിലയ്ക്കുവാങ്ങി നൽകുന്നതിനോ നടപടി ഉണ്ടാകണം
7. ഭൂരഹിത കർഷക കോളനികളിൽ പട്ടയം ലഭിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം
8. 1048 വീടുകൾക്ക് കുളിമുറികൾ വേണം
9. ഇതുവരെയും വൈദ്യുതീകരിച്ചിട്ടില്ലാത്ത 597 വീടുകൾ വൈദ്യുതീകരിക്കണം
10. കോളനികളിലേക്ക് വഴിവിളക്കുകൾ സ്ഥാപിക്കണം. 11 കോളനികൾക്ക് വഴിവിളക്കുകൾ ഇല്ല
11. നിലവിൽ പട്ടികജാതി/പട്ടികവർഗ സങ്കേതങ്ങളിൽ പുതിയ കോളനികൾ രൂപീകരിക്കണം.
12. ഭൂമിയുടെ ദാരിദ്ര്യമാണ് പട്ടികജാതിത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. പാട്ടക്കൃഷിക്കുപോലും ഭൂമി ലഭ്യമല്ല. അതിനാൽ കർഷകത്തൊഴിലാളികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനോ വിലയ്ക്കുവാങ്ങി നൽകുന്നതിനോ ഉള്ള നടപടികൾ ഉണ്ടാകണം.
13. കൈത്തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് അസംസ്കൃത വസ്തുക്കളായ ഈറ്റ, മുള, ചൂരൽ എന്നിവ കുറഞ്ഞ വിലയ്ക്ക് സ്ഥിരമായി ലഭ്യമാക്കാനും, ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കിക്കൊണ്ട് വിപണനം നടത്താനുമുള്ള സൗകര്യമുണ്ടാകണം.

14. പരമ്പരാഗത കുടിൽ വ്യവസായമായ ഈറ്റ നെയ്ത്ത് സഹകരണാടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കണം.

15. കയ്യാലകെട്ടി ഭൂമി സംരക്ഷിക്കുന്നതിന് സഹായധനം നൽകണം.

16. പാറക്കര വാർഡിൽ തോലുഴം, ചന്ദനപ്പള്ളി റോഡിൽ വളത്തുകാട് മുതൽ പടിഞ്ഞാറോട്ട് റോഡിൽ ഏകദേശം ഒരു കിലോമീറ്ററോളം ഭാഗത്ത് തെക്കുവശത്തായി സൈഡ് കെട്ടി കോളനിയിലെ മണ്ണൊലിപ്പ് തടയുന്നതിന് നടപടിയുണ്ടാകണം.

17. പൊങ്ങലടി വാർഡിലെ കനകവിലാസം – മാവിളപ്പടി റോഡ് ഗതാഗതയോഗ്യമാക്കണം.

18. പൊങ്ങലടി ബി വാർഡിൽ പോസ്റ്റോഫീസ് സ്ഥാപിക്കണം.

19. പറന്തൽ വാർഡിൽ ഒരു പൊതുവിതരണ കേന്ദ്രം സ്ഥാപിക്കണം.

20. പട്ടികജാതിക്കാർക്കായി പഞ്ചായത്തിൽ പൊതു വൈദ്യുത ശ്മശാനങ്ങൾ സ്ഥാപിക്കണം.

21. പൊങ്ങലടി എ വാർഡിലെ എൽ.പി.എസിലെ സൗകര്യങ്ങൾ വർധിപ്പിക്കുകയും ഭഗവതിക്കും പടിഞ്ഞാറ് നോമ്പിഴി എൽ.പി.എസ് ഉം പെരുമ്പുളിക്കൽ വാർഡിലെ വെൽഫേർ എൽ.പി.എസ് ഉം യു.പി. സ്കൂളുകളായി ഉയർത്തുകയും വേണം.

22. പുതിയ കൈത്തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനുള്ള സൗകര്യം സൃഷ്ടിക്കണം.

23. പടുക്കൊട്ടുക്കൽ വാർഡിലെ വ്യവസായ സഹകരണ സംഘം പുന:രുദ്ധരിക്കണം.

24. കർഷകത്തൊഴിലാളി പെൻഷൻ തുക വർധിപ്പിക്കുകയും മുടങ്ങാതെ നൽകുകയും വേണം. അതോടൊപ്പം പുതിയ അപേക്ഷകർക്കും പെൻഷൻ കിട്ടാനുള്ള നടപടിയുണ്ടാവണം.

25. വൃദ്ധരായ പട്ടികജാതിക്കാർക്ക് സൗജന്യമായ വിദഗ്ധ ചികിത്സ സമീപസ്ഥമായ സ്വകാര്യ ആശുപത്രികളിൽ ഉറപ്പാക്കണം.

26. ഓരോ കോളനിയിലും കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം നിർവഹിക്കുന്നതിനായി (Residential Education കമ്മിറ്റി)കൾ രൂപീകരിക്കണം.

27. ആഹാരത്തിന്റെയും വസ്ത്രത്തിന്റെയും അപര്യാപ്തതമൂലം ഹരിജൻ വിദ്യാർഥികൾ സ്കൂളിൽ പോകാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാനുള്ള നടപടികൾ ഉണ്ടാകണം.

28. ഗർഭിണികളായ ഹരിജൻ സ്ത്രീകൾക്ക് സൗജന്യ വിദഗ്ധ വൈദ്യ പരിശോധനയും, പോഷകാഹാരവും ലഭ്യമാക്കണം. കൂടാതെ പ്രസവത്തോടടുത്ത മൂന്നുമാസക്കാലത്തേക്കെങ്കിലും കൂലിക്കു തുല്യമായ തുക പ്രസവകാല അലവൻസ് (Maternity Allowance)ആയി നൽകണം.

29. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ടി ഓരോ വാർഡിലും മാതൃശിശു സംരക്ഷണ കേന്ദ്രം തുടങ്ങണം.

30. അങ്കണവാടികൾ ഇല്ലാത്ത കോളനികളിൽ അവ ആരംഭിക്കണം.

31. കോളനികളിൽ സാക്ഷരതാ പ്രവർത്തനം നടത്തുന്നതിന് സന്നദ്ധപ്രവർത്തകരെ കണ്ടെത്തുകയും, അനൗപചാരിക വിദ്യാഭ്യാസത്തിന്റെ സദ്ഫലങ്ങൾ നിലനിർത്തുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് വായനാക്ലബുകൾ രൂപീകരിക്കുകയും, പത്രമാസികകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

32. പട്ടികജാതിക്കാരുടെ ഇടയിൽ പ്രചാരത്തിലുള്ള കലാരൂപങ്ങൾ പരിരക്ഷിക്കുന്നതിനും, ഭാവിതലമുറയെ പരിശീലിപ്പിക്കുന്നതിനുമായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ഗ്രാമീണ കലാ വികസന സമിതി (Rural Art Development Council) രൂപീകരിക്കണം.



5.37

# സഹകരണം

ഉത്തമർണന്മാരുടെ നീരാളിപ്പിടുത്തത്തിൽ നിന്ന് കർഷക സമൂഹത്തെ മോചിപ്പിക്കുന്നതിനു വേണ്ടി സർക്കാർ തലത്തിൽ 1904-ൽ പത്താം നമ്പർ കോ-ഓപ്പറേറ്റീവ് ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. മലബാർ പ്രദേശം ഉൾപ്പെട്ട മദ്രാസ് പ്രവിശ്യയിൽ 1912-ലെ 11-ാം നമ്പർ സഹകരണസംഘം ആക്റ്റ് പ്രകാരവും, നാട്ടു രാജ്യമായിരുന്ന തിരുവിതാംകൂറിൽ കൊല്ലവർഷം1089-ലെ പത്താം റഗുലേഷൻ പ്രകാരവും സഹകരണ പ്രസ്ഥാനം ഉടലെടുത്തു. ഒരു വാർഡ് മാത്രം പ്രവർത്തന പരിധിയും 1000 മുതൽ 2000 രൂപ വരെ അധികൃത മുലധനവും ക്ലിപ്ത രഹിത ബാധ്യതയോടുകൂടിയതുമായ ചെറിയ ചെറിയ സാമുദായിക വായ്പാ സംഘങ്ങളാണ് അന്നു രൂപം കൊണ്ടത്.

പന്തളം തെക്കേക്കര പഞ്ചായത്തിലെ ആദ്യത്തെ സംഘം കൊല്ലവർഷം 1097 ഇടവമാസം 30-ാം തീയതി രജിസ്റ്റർ ചെയ്യുകയും1098 ചിങ്ങം25-ാം തീയതി പ്രവർത്തനം തുടങ്ങുകയും ചെയ്ത 329-ാം നമ്പർ നായർ പരസ്പര സഹായ സംഘമാണ്. ഇതിന്റെ ആദ്യകാല പ്രവർത്തകർ കിഴക്കേക്കര രാമൻപിള്ള, പാണ്ടിയത്തു നാരായണക്കുറുപ്പ്, ചരവീട്ടിൽ തെക്കേതിൽ നാരായണപിള്ള, ചാങ്ങവീട്ടിൽ കൃഷ്ണക്കുറുപ്പ്, തെങ്ങുവിളയിൽ പത്മനാഭക്കുറുപ്പ് തുടങ്ങിയവരായിരുന്നു. കൊല്ലവർഷം 1098 മേടമാസം 26-ാം തീയതി രജിസ്റ്റർ ചെയ്യുകയും

ഇടവമാസം20-ാം തീയതി പ്രവർത്തനം തുടങ്ങുകയും ചെയ്ത 442-ാം നമ്പർ തട്ടയിൽ ദേവിവിലാസം നായർ പരസ്പര സഹായസംഘമായിരുന്ന പഞ്ചായത്തു പ്രദേശത്ത് രൂപീകരിച്ച രണ്ടാമത്തെ സംഘം. പുത്തേത്തു കുഴിയിൽ ഗോവിന്ദൻനായർ, ഊട്ടുപറമ്പിൽ പുത്തൻവീട്ടിൽ എം.ആർ. ഗോവിന്ദപ്പിള്ള, ഞാട്ടുന്നൂർ കിഴക്കേതിൽ കേശവക്കുറുപ്പ്, കല്ലുഴത്തിൽ കൃഷ്ണൻ നായർ, മഴുവടിയിൽ രാമക്കുറുപ്പ്, തോമ്പിൽ കിഴക്കേതിൽ കേശവൻ നായർ, വള്ളോണിൽ ഗോവിന്ദൻ നായർ എന്നിവർ ഈ സംഘത്തിന്റെ ആദ്യത്തെ ഭരണസമിതിയംഗങ്ങളായിരുന്നു.478-ാം നമ്പർ പൊങ്ങലടി പടുക്കൊട്ടുക്കൽ നായർ പരസ്പര സഹായസംഘം,56-ാം നമ്പർ, ക്രിസ്ത്യൻ പരസ്പര സഹായസംഘം, 789-ാം നമ്പർ, എസ്.എൻ.ഡി.പി. പരസ്പര സഹായസംഘം, 111-ാം നമ്പർ, വിശ്വകർമ്മ പരസ്പര സഹായസംഘം എന്നിവയും ഈ പ്രദേശത്ത് തുടർന്നു രൂപം കൊണ്ടു.

ഈ സംഘങ്ങളിൽ ശമ്പളം പറ്റുന്ന ജീവനക്കാരോ സംഘങ്ങൾക്ക് പ്രത്യേക ആഫീസുകളോ ഇല്ലായിരുന്നു. ഭരണസമിതിയംഗങ്ങൾ, സംഘകാര്യങ്ങൾ പ്രതിഫലമില്ലാതെ നിറവേറ്റിപ്പോന്നു. ഭരണസമിതി യോഗങ്ങളും പൊതു യോഗങ്ങളും ഏതെങ്കിലും അംഗത്തിന്റെ വസതിയിൽ സൗകര്യമനുസരിച്ച് കൂടിയിരുന്നു.

സംഘാംഗങ്ങളുടെ വീടുകളിലുണ്ടാകാറുള്ള താലികെട്ട് അപരക്രിയ വിവാഹം, ഋതുശാന്തിയടിയന്തിരം, പുതു ഗൃഹ അടിയന്തിരം തുടങ്ങിയ ചടങ്ങുകൾക്ക് നിശ്ചിത ഫീസ് ഈടാക്കി സംഘത്തിന്റെ പൊതു നന്മ ഫണ്ടിൽ വരവ് വച്ച് മുതൽക്കൂട്ടിയിരുന്നു. അതുപോലെ അംഗങ്ങൾക്കിടയിലുണ്ടാകാറുള്ള തർക്കങ്ങളും വ്യവഹാരങ്ങളും രേഖാമൂലമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഭരണസമിതി പരിഹാര നടപടികൾ കൈക്കൊണ്ടിട്ടുള്ളതായി കാണുന്നു.

ഈ സംഘങ്ങൾ കാലാന്തരത്തിൽ പ്രവർത്തനരഹിതമായി. 329-ാം നമ്പർ സംഘവും 442-ാം നമ്പർ സംഘവും മാത്രമേ ഇപ്പോൾ നിലവിലുള്ളു. 478 ഉം 561-ഉം നമ്പർ സംഘങ്ങൾ 442-ാം നമ്പർ സംഘവുമായി യോജിപ്പിക്കുകയും 789-ാം നമ്പർ സംഘവും 111-ാം നമ്പർ സംഘവും ലിക്വിഡേറ്റു ചെയ്യപ്പെടുകയും ചെയ്തു.

1952-ലെ 10-ാം നമ്പർ തിരുക്കൊച്ചി സഹകരണ നിയമം പ്രാബല്യത്തിൽ വന്നതോടെ ക്ലിപ്തസഹിത ബാധ്യതയോടു കൂടിയതും ഒന്നോ അതിലധികമോ പഞ്ചായത്തു പ്രദേശങ്ങൾ പ്രവർത്തനപരിധിയോടു കൂടിയതും, ശമ്പളം പറ്റുന്ന ജീവനക്കാരോടു കൂടിയതുമായ കാർഷിക കാർഷികേതര വായ്പാ സംഘങ്ങളും വിവിധോദ്ദേശ സഹകരണ സ്ഥാപനങ്ങളും നിലവിൽ വന്നു. ജാതി സംഘങ്ങളുടെ സ്ഥാനത്ത് 18 വയസ് പൂർത്തിയായ ഏതൊരാൾക്കും അയാൾ അധിവസിക്കുന്ന പ്രദേശത്തെ സഹകരണ സ്ഥാപനത്തിൽ അംഗമാകാമെന്ന അവസ്ഥ സംജാതമായി. ഇതോടെ സഹകരണ മേഖല ജനകീയവൽക്കരിക്കപ്പെട്ടു.

1956-ൽ കേരളപ്പിറവിയ്ക്കു ശേഷം പതിനൊന്നാം നമ്പർ മദ്രാസ് സഹകരണ നിയമവും 10-ാം നമ്പർ തിരുക്കൊച്ചി സഹകരണ നിയമവും സംയോജിപ്പിച്ച്1969-ൽ 21-ാം നമ്പർ കേരള സഹകരണനിയമം നിലവിൽ വന്നു. ഇതോടെ സഹകരണ മേഖല കേരളത്തിൽ വിപുലീകൃതമായി. ഇപ്പോൾ എല്ലാ രംഗത്തും സഹകരണ മേഖല കടന്നു ചെന്നിട്ടുണ്ട്.

## പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിൽ രൂപം കൊണ്ടവയിൽ 329-ാം നമ്പർ സംഘവും 442-ാം നമ്പർ സംഘവും മാത്രമേ ഇപ്പോൾ നിലവിലുള്ളുവെന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ രണ്ടു സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ മേഖലകളിലായി 16 സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇപ്പോഴുണ്ട്. അന്യജില്ലകളിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ശാസ്താംകോട്ട കാർഷിക വികസന ബാങ്ക്, നൂറനാട് റൂറൽ ഹൗസിംഗ് സഹകരണസംഘം എന്നിവയുടെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തു പ്രദേശം കൂടി ഉൾപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽപ്പെട്ട ചിലർക്ക് വായ്പകൾ നല്കിയിട്ടുള്ളതുമാണ്. പഞ്ചായത്തു പ്രദേശം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ തരം തിരിച്ചുള്ള പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്.

കാർഷിക മേഖലയിൽ3 സർവീസ് സഹകരണ ബാങ്കു

കളും, ക്രെഡിറ്റ് മേഖലയിലുള്ള ഒരു പട്ടികജാതി സഹകരണ സംഘവും, ഒരു ഹരിജൻ വ്യവസായ സഹകരണ സംഘവും, മൂന്നു ക്ഷീരോല്പാദക സഹകരണ സംഘങ്ങളും, ഒരു റബർ മാർക്കറ്റിംഗ് സഹകരണ സംഘവും, ഒരു വനിതാ സഹകരണ സംഘവും, രണ്ടു ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളും, നാലു സ്കൂൾ സഹകരണ സംഘങ്ങളുമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ളത്. ഇതിൽ സ്കൂൾ സഹകരണ സംഘങ്ങൾ പാഠ പുസ്തകങ്ങളും നോട്ടുബുക്കുകളും വിതരണം ചെയ്യുന്ന പ്രവർത്തനം തുടരുന്നു. രണ്ടു ഖാദി ഗ്രാമ വ്യവസായ സംഘങ്ങൾ പ്രവർത്തന രഹിതമാണ്. അവയുടെ റിക്കാർഡുകൾ ലഭ്യമല്ല.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള രണ്ട് റബർ ഉല്പാദക സംഘങ്ങൾ പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്നുണ്ട്. നെല്ലുല്പാദന രംഗത്തുള്ള 10 ഏലാ വികസന സമിതികളും ഒരു കേര വികസന സമിതിയും പഞ്ചായത്തു പ്രദേശത്തു നിലവിലുണ്ട്.

## കാർഷിക മേഖല

ഏകദേശം നാലായിരത്തിൽപരം കർഷക കുടുംബങ്ങൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് പന്തളം തെക്കേക്കര പഞ്ചായത്ത്. ഈ പ്രദേശത്തു ഹ്രസ്വകാല കാർഷിക, കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നത് പ്രധാനമായും ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന മൂന്നു സർവീസ് സഹകരണ ബാങ്കുകളാണ്. അവയുടെ പ്രവർത്തന വിവരം താഴെക്കൊടുക്കുന്നു.

### 1. പന്തളം തെക്കേക്കര സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 329

പാറക്കര, മല്ലിക എന്നീ രണ്ട് റവന്യൂ കരകളാണ് ഇതിന്റെ പ്രവർത്തന പരിധി. ഈ സംഘത്തിൽ3015അംഗങ്ങളുണ്ട്. പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 616798 രൂപയാണ്. നിക്ഷേപങ്ങൾ 7933012 രൂപയാണ്. ഗവണ്മെന്റിൽ നിന്നും കേന്ദ്ര സഹായ സ്ഥാപനത്തിൽ നിന്നും 2213396 രൂപയുടെ വായ്പയുണ്ട്. 6198027 രൂപ നില്പു വായ്പയിൽ 2701553 രൂപ കുടിശ്ശികയാണ്. ഒരു കൺസ്യൂമർ സ്റ്റോറും, വളക്കടയും, ടെക്സ്റ്റൈൽ സ്റ്റോറും, ചിട്ടിയും, ബാങ്കും നടത്തുന്നുണ്ട്.

### 2. തട്ടയിൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 442

ഇടമാലി, ഭഗവതിക്കുംപടിഞ്ഞാറ്, പടുക്കൊട്ടുക്കൽ എന്നീ റവന്യുകരകളാണ് പ്രവർത്തന പരിധി. 2430 അംഗങ്ങളിൽ നിന്ന് 496200 രൂപാ ഓഹരി പിരിഞ്ഞു കിട്ടിയിട്ടുണ്ട്. 4953892 രൂപ നിക്ഷേപവും, 808686 രൂപ വായ്പയും ഉണ്ട്. അംഗങ്ങളിൽ നില്പുള്ള 4021032 രൂപ വായ്പയിൽ 114386 രൂപ കുടിശ്ശികയാണ്. മാവേലിസ്റ്റോർ, പൊതുവിതരണ സ്റ്റോർ, വളംഡിപ്പോ, ചിട്ടി എന്നിവ നടത്തുന്നു.

### 3. പറന്തൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ A. 202

പന്തളം തെക്കേക്കര പഞ്ചായത്തിൽപെട്ട പൊങ്ങലടി, പെരുമ്പുളിക്കൽ എന്നീ റവന്യൂ കരകളും പന്തളം പഞ്ചായത്തിൽപെട്ട കുരമ്പാല 'ബി' വാർഡും പ്രവർത്തന പരിധിയാണ്. 5588 എ ക്ലാസ് അംഗങ്ങളും 2995 ബി ക്ലാസ് അംഗങ്ങളും ഉൾപ്പടെ 8583 അംഗങ്ങളുണ്ട്. 1122320 രൂപ ഓഹരിയും 15156984 രൂപയുടെ നിക്ഷേപങ്ങളും 4043049 രൂപ ഗവണ്മെന്റിൽ നിന്നും ധനസഹായസ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകളുമുണ്ട്.12460719രൂപയാണ് അംഗങ്ങളിലെ നില്പു വായ്പ. ഇതിൽ കുടിശ്ശിക 3356604 രൂപയാണ്. ചിട്ടി, വളം വിതരണം, റേഷൻ, കീടനാശിനി വിതരണം എന്നിവയും നടത്തുന്നുണ്ട്.

ഈ സ്ഥാപനങ്ങൾ എല്ലാമുണ്ടെങ്കിലും മേഖലയിലെ വായ്പാവശ്യങ്ങൾ എല്ലാം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന വകാശപ്പെടാൻ സാധിക്കുന്നില്ല. മതിയായ പ്രവർത്തന മേഖലയില്ലാത്തതിനാൽ ഈ സംഘങ്ങളെല്ലാം തന്നെ അവയുടെ പ്രവർത്തന പരിധി വിട്ട് പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങളെ ചേർക്കുക, വായ്പാവിതരണം നടത്തുക, നിക്ഷേപങ്ങൾ സമാഹരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പ്രവർത്തന മേഖലയ്ക്ക് പുറത്തും നടത്തുന്നുണ്ട്. അംഗങ്ങളായി ചേർക്കുന്നതിലും വായ്പ നൽകുന്നതിലും സ്വജനപക്ഷപാതവും വിഭാഗീയതയും കുറയൊക്കെ നിലവിലുണ്ട്.

മേഖലയിൽ പ്രവർത്തിക്കുന്ന ഒരു വാണിജ്യ ബാങ്കു ശേഖരിക്കുന്ന നിക്ഷേപം കണക്കിലെടുക്കുമ്പോൾ ഈ സ്ഥാപനങ്ങളിൽ ലഭിക്കുന്ന നിക്ഷേപം തുലോം കുറവാണ്. ഇത് ജനങ്ങൾക്കിടയിലുള്ള വിശ്വാസക്കുറവ് പ്രകടമാക്കുന്നു.

## പട്ടിക - 1
## വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ | ഓഹരി മൂലധനം | സംഘം വാങ്ങിയ വായ്പകൾ | നിക്ഷേപങ്ങൾ | പ്രവർത്തന മൂലധനം | അംഗങ്ങളിൽ നില്പു വായ്പ | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പന്തളം തെക്കേക്കര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 329 | 25.1.1098 10.9.1923 | മല്ലിക പാറക്കര റവന്യൂകരകൾ | 3015 | 616798 | 2213396 | 7933012 | 10763206 | 6198027 | നഷ്ടം | 6 |
| 2 | തട്ടയിൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 442 | 20.10.1098 3.6.1924 | ഇടമാലി, ഭഗവതിക്കും പടിഞ്ഞാറ്, പടുക്കൊട്ടുക്കൽ എന്നീ റവന്യൂ കരകൾ | 2430 | 496200 | 808686 | 4953892 | 6258778 | 4021032 | നഷ്ടം | 5 |
| 3 | പറന്തൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എ. 202 | 13.4.1964 | പന്തളം തെക്കക്കര പഞ്ചായത്തിൽപെട്ട പൊങ്ങലടി, പെരുമ്പുളിക്കൽ റവന്യൂ കരകളും, പന്തളം പഞ്ചായത്തിൽപെട്ട കുരമ്പാല 'ബി' വാർഡും ഉൾപ്പെട്ട പ്രദേശം | എ ക്ലാസ് 5588 •2995 ആകെ 8083 | 1122320 | 4043079 | 15156934 | 20322383 | 12461719 | നഷ്ടം | 12 |

## പട്ടിക - 2

## പട്ടികജാതി സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ | ഓഹരി മൂലധനം | സംഘം വാങ്ങിയ വായ്പകൾ | നിക്ഷേപങ്ങൾ | പ്രവർത്തന മൂലധനം | അംഗങ്ങളിൽ നില്പു വായ്പ | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പന്തളം തെക്കേക്കര പട്ടികജാതി സർവീസ് സഹകരണസംഘം ക്ലിപ്തം നമ്പർ എ. 738 | 31.1.1981 | പന്തളം തെക്കേക്കര പഞ്ചായത്തു പ്രദേശം | 602 | 87930 | 128983 | 4518 | 221431 | 37394 | നഷ്ടം | 3 |
| 2 | തട്ടയിൽ ഹരിജൻതടിവ്യവസായ വർക്ക്ഷോപ്പ് സഹകരണ സംഘം ക്ലിപ്തം നമ്പർ SIND (PTA) | 1984 | പന്തളം തെക്കേക്കര | 40 | 120000 | | സംഘ | വ്യവസായം | ആരംഭിച്ചിട്ടില്ല | | |

## പട്ടിക - 3

## മാർക്കറ്റിംഗ് സഹകരണ സംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ | ഓഹരി മൂലധനം | സംഘം വാങ്ങിയ വായ്പകൾ | നിക്ഷേപങ്ങൾ | പ്രവർത്തന മൂലധനം | അംഗങ്ങളിൽ നില്പു വായ്പ | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | പന്തളം തെക്കേക്കര റബർ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ P.T. 137 | 15.2.96 | അടൂർ താലൂക്ക് | 60 | 26600 | - | 150000 | 176600 | 702985 | നഷ്ടം | 2 |

## പട്ടിക - 4

## ക്ഷിരോല്പാദക സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | ദിനംപ്രതി വിതരണം ചെയ്യുന്ന പാലിന്റെ അളവ് | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| 1 | കുരുകുഴി ക്ഷീരോല്പാദക സഹകരണം സംഘം ക്ലിപ്തം നമ്പർ എ. 35 (D) Apcos | 1980 | ഭഗവതിക്കും പടിഞ്ഞാറ് പടിക്കൊട്ടുക്കൽ കരകൾ | 306 | 3456 | 50 ലിറ്റർ | നഷ്ടം | 2 | |
| 2 | തോലുഴം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ | 30.3.1986 | ഇടമാലി, പാറക്കര | 90 | 1210 | 1210 | 140 ലിറ്റർ | നഷ്ടം | 2 |
| 3 | പറന്തൽ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ P.T. 12 (D) Apcos | 1986 | പന്തളം തെക്കെക്കര പഞ്ചായത്തിലെ 6, 8, 9, വാർഡുകൾ | 232 | 2320 | 2320 | 300 ലിറ്റർ | നഷ്ടം | 3 |

## പട്ടിക - 5

## വനിതാ സഹകരണ സംഘം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | നിക്ഷേപങ്ങൾ | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| 1 | പന്തളം NES ബ്ലോക്ക് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ P.T. 8 | 1984 | പന്തളം തെക്കേതക്കര പഞ്ചായത്ത് | 213 | 59385 | 69385 | 10000 | നഷ്ടം | 5 |

## പ്രശ്നങ്ങൾ

1. പ്രദേശത്തെ എല്ലാ കുടുംബങ്ങളും ഇപ്പോഴും സർവീസ് സംഘങ്ങളിൽ അംഗങ്ങളല്ല. സഹകരണരംഗത്ത് ലഭ്യമായ ആനുകൂല്യങ്ങൾ അവർക്ക് നിഷേധിക്കപ്പെടുന്നു.

2. പ്രവർത്തന പരിധിവിട്ടു പ്രവർത്തിക്കുന്നതിനാൽ ദ്വയാംഗത്വം നിലവിലുണ്ട്. ഒരു സംഘത്തിൽ വായ്പക്കുകുടിശിക വരുത്തിയവർ മറ്റൊരു സംഘത്തിൽ നിന്ന് വായ്പ എടുക്കുന്നതിന് ഇതിടയാക്കുന്നു.

3. രാഷ്ട്രീയാതിപ്രസരം കിടമത്സരം തുടങ്ങിയ ദൗർബല്യങ്ങൾ ഈ സ്ഥാപനങ്ങൾ തമ്മിലുണ്ട്.

4. വാണിജ്യ ബാങ്കുമായി സ്ഥലത്തെ സർവീസ് സഹകരണ സ്ഥാപനങ്ങൾ കടുത്ത മത്സരത്തിലാണ്. ജനങ്ങളുടെ നിക്ഷേപങ്ങളിൽ സിംഹഭാഗവും വാണിജ്യ ബാങ്കുകളിലാണ് ലഭിക്കുന്നത്. വാണിജ്യ ബാങ്കുകൾക്ക് ലഭിക്കുന്ന നിക്ഷേപങ്ങൾ അന്യമേഖലകളിൽ മുടക്കുന്നതിനാൽ പഞ്ചായത്തു മേഖലയിൽ അവ പ്രയോജനപ്പെടുന്നില്ല. നേരെമറിച്ചു സഹകരണസ്ഥാപനങ്ങൾ ശേഖരിക്കുന്ന നിക്ഷേപം അവയുടെ പ്രവർത്തന പരിധിയിലെ കാർഷികാഭിവൃദ്ധിയ്ക്കും ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും പ്രയോജനപ്പെടുന്നു. ഈ വസ്തുത ജനങ്ങളെ മനസിലാക്കി അവിടെത്തന്നെ അവരുടെ സമ്പാദ്യം സമാഹരിക്കുന്നതിൽ സംഘങ്ങൾ പരാജയപ്പെടുന്നു.

5. രാഷ്ട്രീയ പരിഗണനകളും സ്വജനപക്ഷപാതവും സ്ഥാപനങ്ങൾ വച്ചു പുലർത്തുന്നു. ഭരണ സമിതി തെരഞ്ഞെടുപ്പുകളിൽ ഇതു പ്രകടമാണ്.

6. വായ്പകൾക്ക് ഷെയർ ലിങ്കിംഗ് നില നില്ക്കുന്നതിനാൽ ആളുകൾ വായ്പയ്ക്ക് വാണിജ്യ ബാങ്കുകളെ സമീപിക്കുന്ന ഉദാഹരണങ്ങൾ ഉണ്ട്.

7. സഹകരണബാങ്കുകളിലെ കൺസ്യൂമർ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

8. അംഗങ്ങളുടെ കാർഷികോല്പന്നങ്ങൾ ശേഖരിച്ചു വിപണനം നടത്തുന്ന രീതി നിലവിലില്ല.

9. സഹകരണ സ്ഥാപനങ്ങളിൽ ഭരണ സമിതി തെരഞ്ഞെടുപ്പിലെ രാഷ്ട്രീയാതിപ്രസരം സ്ഥാപനത്തിന്റെ ഭരണപരമായ കാര്യക്ഷമതയ്ക്കും കുറവുണ്ടാക്കുന്നു.

10. പഞ്ചായത്തിൽ ദീർഘകാല കാർഷിക വായ്പയ്ക്കുള്ള സാഹചര്യമില്ല.

11. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഉത്പാദകന് ലഭിക്കുന്ന വിലയും ഉപഭോക്താക്കൾ നല്കുന്ന വിലയും തമ്മിൽ വളരെ അന്തരമുള്ളതിനാൽ ഉല്പാദകർ ക്ഷീരസംഘങ്ങളിൽ പാൽ കൊടുക്കാൻ മടിക്കുന്നു.

12. കാലിത്തീറ്റ മുതലായവ ക്ഷീരോല്പാദക സംഘങ്ങൾ വിതരണം ചെയ്യുന്ന രീതി നിലവിലില്ല.

13. പട്ടികജാതി സഹകരണസംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

14. മേഖലയിൽ ഹൗസിംഗ് സംഘങ്ങൾ ഇല്ല.

15. റബർ മാർക്കറ്റിംഗ് സംഘത്തിൽ എല്ലാ റബർ കൃഷിക്കാരും അംഗങ്ങളല്ല.

16. മേഖലയിലെ രണ്ടു ഖാദി സംഘങ്ങൾ പ്രവർത്തന രഹിതമാണ്.

17. പാറക്കര കേന്ദ്രമായി പ്രവർത്തിക്കുന്ന സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

18. പഞ്ചായത്തിലെ എല്ലാ സഹകരണ സ്ഥാപനങ്ങളും നഷ്ടത്തിലാണ്.

## പ്രശ്ന പരിഹാര സാധ്യതകൾ

1. ഒരു പഞ്ചായത്തിന് ഒരു സർവീസ് സഹകരണ ബാങ്ക് എന്ന തത്വം പുനഃസ്ഥാപിച്ച് പ്രദേശത്തെ മൂന്നു സർവീസ് സഹകരണ ബാങ്കുകളും കൂടി സംയോജി

പ്പിച്ച് പ്രബലമായ ഒരു ബാങ്കായി ഉയർത്തി അതു പഞ്ചായത്തിന്റെ ധന വിനിമയ സ്ഥാപനമാകത്തക്ക വിധം നിലവിലുള്ള നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. ഈ നടപടി ജനങ്ങൾക്ക് ബാങ്കിനോട് വിശ്വാസമുണ്ടാകുന്നതിനും പ്രദേശത്തെ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പര്യാപ്തമാകും. വാണിജ്യ ബാങ്കുകളുടെ മത്സരത്തെ അതിജീവിക്കുന്നതിനും ഇതുമൂലം സാധിക്കും. നിലവിലുള്ള ഏതെങ്കിലും ഒരു ബാങ്ക് കേന്ദ്ര സ്ഥാപനമാക്കിയും ബാക്കി രണ്ടു സ്ഥാപനങ്ങൾ ബ്രാഞ്ചുകളായും നിലനിർത്താം. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ ആവശ്യാനുസരണം പുതിയ ബ്രാഞ്ചുകൾ തുറക്കാവുന്നതാണ്. ഈ തത്വം അംഗീകരിച്ചാൽ സ്വജനപക്ഷപാതം, പ്രാദേശിക പരിഗണന, രാഷ്ട്രീയ മത്സരം തുടങ്ങിയ അനാരോഗ്യകരമായ ദുഷ്പ്രവണതകൾ അവസാനിക്കും.

2. പഞ്ചായത്തു പ്രദേശത്തെ എല്ലാ കുടുംബത്തെയും സഹകരണ ബാങ്കിൽ അംഗങ്ങളാക്കണം.

3. സഹകരണ ബാങ്കിലെ ഓഹരി വായ്പാനുപാതം കൂടുതൽ ഉദാരവല്ക്കരിക്കുന്നതു ജനങ്ങളെ സ്ഥാപനത്തിലേക്ക് ആകർഷിക്കുന്നതിനു സഹായകമാകും.

4. സർവീസ് സഹകരണ ബാങ്കിനോടനുബന്ധിച്ചുള്ള മാവേലിസ്റ്റോറുകൾ ശക്തമാക്കി എല്ലാ നിത്യോപയോഗ സാധനങ്ങളും സഹകരണമേഖല മുഖേന വിതരണം ചെയ്യുന്ന സ്ഥിതിയുണ്ടാകണം.

5. സഹകരണ ബാങ്കിൽ വായ്പാ കുടിശ്ശിക ഭീമമായി വർധിച്ചു വരുന്നു. ഇതിന് ശാശ്വതമായ പരിഹാര മാർഗമുണ്ടാകണം.

6. അടൂർ കേന്ദ്രമാക്കി ഒരു കാർഷിക വികസന ബാങ്ക് രൂപീകരിച്ച് ജനങ്ങൾക്ക് ദീർഘകാല വായ്പ ലഭിക്കാൻ സൗകര്യമുണ്ടാക്കണം.

7. പഞ്ചായത്തിൽ ഒരു ഭവന നിർമാണ സഹകരണ സ്ഥാപനം രൂപീകരിച്ച് പ്രവർത്തിക്കണം.

8. പ്രദേശത്തെ ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ പ്രവർത്തനം പാലുല്പാദകർക്ക് പ്രയോജനകരമായ വിധം നവീകരിക്കണം.

9. സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ നിർമാണ ഫാക്ടറി സ്ഥാപിക്കുന്നതു സ്ഥലത്തെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകമായിരിക്കും.

10. പഞ്ചായത്തു പ്രദേശത്തെ ഏക വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി വനിതകൾക്ക് തൊഴിൽ നല്കുന്നതിന് സാധ്യമാക്കണം.

11. പഞ്ചായത്തിൽ ഖാദി മേഖലയിലുള്ളതും ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നതിമായ സോപ്പ് ഫാക്ടറിയുടെ പ്രവർത്തനം പുനരുദ്ധരിച്ച് തൊഴിൽ സാധ്യത വർധിപ്പിക്കാവുന്നതാണ്.

12. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പന്തളം തെക്കേക്കര പട്ടികജാതി സർവീസ് സഹകരണ സംഘത്തിൽ ഇപ്പോൾ ഒരു റേഷൻ കട പ്രവർത്തിക്കുന്നതു മാത്രമേയുള്ളു. ഒരു ടില്ലർ ഉള്ളതു ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. സംഘം വിതരണം ചെയ്തിട്ടുള്ള വായ്പകൾ എല്ലാം കാലാവധി കഴിഞ്ഞിരിക്കുകയാണ്. കുടിശ്ശിക പിരിച്ചും ടില്ലർ പ്രവർത്തിപ്പിച്ചും സാധ്യമായ മറ്റു പ്രവർത്തനങ്ങൾ ഏറ്റെടുത്തും സംഘത്തിന്റെ പ്രവർത്തനം ഊർജിതപ്പെടുത്തണം.

13. പടുക്കൊട്ടുക്കൽ കേന്ദ്രമാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള തട്ടയിൽ ഹരിജൻ തടി വ്യവസായ വർക്ക്ഷോപ്പ് സഹകരണ സംഘം ക്ലിപ്തം നമ്പർ SIND (PTA) 7നും ലഭിച്ചിട്ടുള്ള തടിയറുപ്പുമിൽ പ്രവർത്തിക്കാതെ തുരുമ്പെടുത്തു നശിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പ്രവർത്തനം പുനരുദ്ധരിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണം.

14. പ്രദേശത്തെ 4 സ്കൂൾ സഹകരണസംഘങ്ങൾ പുസ്തകങ്ങളും നോട്ടുബുക്കുകളും വിതരണം ചെയ്യുന്ന പ്രവർത്തനം മാത്രമേ നടത്തുന്നുള്ളു. കുട്ടികൾക്ക് ആവശ്യമുള്ള യൂണിഫോമുകൾ, കുട, ചെരുപ്പ്, തുടങ്ങിയ

ഉപഭോക്തൃ സാധനങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തനം കൂടി ഏറ്റെടുത്തു നല്ല രീതിയിൽ പ്രവർത്തനം അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

15. സഹകരണ മേഖലയിലല്ലെങ്കിലും പഞ്ചായത്തു പ്രദേശത്തു നിലവിലുള്ള റബർ ഉല്പാദക സംഘങ്ങളുടെയും ഏലാ വികസന സമിതികളുടെയും പ്രവർത്തനം വിപുലീകരിച്ചാൽ റബർ കർഷകർക്കും നെൽകൃഷിക്കാർക്കും കൂടുതൽ പ്രയോജനപ്രദമായിത്തീരുന്നതാണ്.

16. സർവീസ് സംഘങ്ങൾ കാർഷികോല്പന്നങ്ങൾ ശേഖരിച്ച് വിപണനം ചെയ്യുന്ന സേവനം ഏറ്റെടുക്കണം.

17. വിദേശ കറൻസികളുടെ വിനിമയം നടത്തുന്നതിനുള്ള ക്രമീകരണം സഹകരണ ബാങ്കുകളിൽ ഉണ്ടാകണം.

പഞ്ചായത്തു പ്രദേശത്തുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തിയാൽ പ്രദേശത്തു പ്രത്യക്ഷമായും പരോക്ഷമായും 1000 പേർക്ക് തൊഴിൽ ലഭ്യമാക്കാവുന്നതും അയ്യായിരത്തോളം വരുന്ന കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താവുന്നതുമാണ്. മഹാത്മജി വിഭാവന ചെയ്ത ''ഗ്രാമസ്വരാജ്'' കൈവരിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനമായ പങ്ക് വഹിക്കാവുന്നതാണ്.

## സർവീസ് സഹകരണബാങ്കുകൾ

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ഈ പഞ്ചായത്തിലെ മൂന്നു സഹകരണ ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആകെ 23 ജീവനക്കാർ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. ജനകീയാസൂത്രണ പ്രസ്ഥാനം പ്രധാനമായി ലക്ഷ്യമാക്കുന്ന സംഗതിയാണ് പ്രാദേശികവിഭവസമാഹരണം. പദ്ധതിവിഹിതം കഴിച്ച് ബാക്കി സമ്പത്തിനായി ധനകാര്യസ്ഥാപനങ്ങളെയാണ് ആശ്രയിക്കേണ്ടിവരിക. ജനകീയാടിത്തറയുള്ള ജനങ്ങളുടെ ബാങ്കിനു മാത്രമെ ഇതിനായി സമീപിക്കാൻ കഴിയൂ. ഇന്നത്തെ നിലയിൽ മൂന്നു ബാങ്കുകൾക്കും അതിനുള്ള കഴിവില്ല. സഹകരണബാങ്കിനെ പഞ്ചായത്തിന്റെ ബാങ്കാക്കി മാറ്റണം. നിക്ഷേപ സമാഹരണം പഞ്ചായത്തിന്റെ പരിപാടിയാക്കി ഏറ്റെടുക്കണം. നിലവിലുള്ള സാമ്പത്തിക രാഷ്ട്രീയ പ്രശ്നങ്ങൾ (സംയോജനമുൾപ്പെടെ) പ്രാദേശികമായി പരിഹരിച്ച് 'സഹകരണം' എന്ന പേര് സാർഥകമാക്കത്തക്ക പ്രവർത്തന പരിപാടികൾ ഏറ്റെടുക്കണം.







5.3 g

# വനിത

സ്വാതന്ത്ര്യാനന്തരകാലത്ത് സാമൂഹ്യ സാമ്പത്തിക രംഗങ്ങളിലുണ്ടായ മാറ്റങ്ങൾ ഗ്രാമത്തിലെ സ്ത്രീകളുടെ സ്ഥിതി പൊതുവെ മെച്ചപ്പെടുത്തിയിട്ടുണ്ട്. യാഥാസ്ഥിതിക മൂല്യങ്ങൾ സ്ത്രീകളിൽ അടിച്ചേല്പിച്ചിരുന്ന നിയന്ത്രണങ്ങൾ ദുർബലമായിരിക്കുന്നു. എന്നാലും സ്ത്രീകളുടെ സാംസ്കാരികവും തൊഴിൽപരവുമായ അവസ്ഥ ഇപ്പോഴും താരതമ്യേന, ശോചനീയമാണ്. ഫ്യൂഡൽ പാരമ്പര്യം വെച്ചു പുലർത്തുന്ന ഇടത്തരക്കാരായ സ്ത്രീകൾ സാമൂഹ്യപ്രശ്നങ്ങളോട് പ്രതികരിക്കുന്നതിൽ, പൊതുവെ, വിമുഖരും ഉദാസീനരുമാണ്. ഉന്നതവിദ്യാഭ്യാസം നേടിയവർ സ്വയം സംതൃപ്ത മനോഭാവം വെച്ചു പുലർത്തുന്നു. അവരിൽ പലരും ഉദ്യോഗലബ്ധിയോടെ നഗരങ്ങളിലേക്ക് ചേക്കേറുന്നു. എന്നാൽ, ഒരളവോളമെങ്കിലും രാഷ്ട്രീയാവബോധവും ബഹുജന സംഘടനാ പ്രവർത്തന താല്പര്യവും പ്രകടിപ്പിക്കുന്നത് കായികാധ്വാനം കൊണ്ട് ഉപജീവനം കഴിക്കുന്ന തൊഴിലാളി സ്ത്രീകളാണ്. എന്നാൽ, സാമ്പത്തികപ്രയാസങ്ങളും, സാമൂഹ്യ അംഗീകാരത്തിന്റെ അഭാവവും ഈ രംഗത്ത് സംവരണാനുകൂല്യങ്ങളില്ലാതെ ഉയർന്നുവരാൻ അവരെ പ്രാപ്തരാക്കുന്നില്ല.

ഏതാണ്ട് ഏഴു ദശകങ്ങളുടെയെങ്കിലും ചരിത്രം പഞ്ചായത്തിലെ ആധുനിക സ്ത്രീ വിദ്യാഭ്യാസത്തിന് അവകാശപ്പെടാനുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഉയർന്ന ജാതിയിൽപ്പെട്ട പെൺകുട്ടികളിൽത്തന്നെ ഒരു ന്യൂനപക്ഷം മാത്രമേ സ്കൂൾ വിദ്യാഭ്യാസം തേടിയിരുന്നുള്ളു. അവരുടെ കാരണവന്മാരിൽ പലരും "പെൺകുട്ടികൾ വിദ്യയഭ്യസിച്ച് ഉദ്യോഗം ഭരിച്ച് സമ്പാ

ദിക്കുന്നതു കൊണ്ട് കഴിയേണ്ട ഗതികേട്'' തങ്ങൾക്കുണ്ടായിട്ടില്ലെന്ന് ആത്മാർഥമായി അഭിമാനിക്കുന്നവരും വിശ്വസിക്കുന്നവരുമായിരുന്നു. തന്മൂലം ആദ്യകാല വിദ്യാർഥിനികളിൽ പലരും പ്രൈമറിതലത്തിൽ വച്ച് (ഏഴാംക്ലാസിൽ വച്ചോ അതിനു മുമ്പോ) വിദ്യാഭ്യാസം അവസാനിപ്പിച്ച് വിവാഹ ജീവിതത്തിൽ തളയ്ക്കപ്പെട്ടു. പിന്നോക്ക ജാതിയിൽപ്പെട്ട പെൺകുട്ടികൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കും വിദ്യാഭ്യാസാവസരം വ്യാപകമായി ലഭിക്കാൻ തുടങ്ങിയത് സ്വാതന്ത്ര്യാനന്തര കാലത്താണ്. കുടിയൊഴിക്കൽ നിരോധനവും ഭൂപരിഷ്കരണവും ഈ രംഗത്ത് ദൂരവ്യാപക സ്വാധീനമാണ് ചെലുത്തിയിട്ടുള്ളത്.

1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 8680 ആണ്. പുരുഷന്മാരുടെ എണ്ണം 7846-ഉം പുരുഷന്മാരെക്കാൾ 834 സ്ത്രീകളുണ്ട്. സ്ത്രീകളുടെ ആരോഗ്യരംഗത്തും മാതൃശുശ്രൂഷാ രംഗത്തും വിദ്യാഭ്യാസ രംഗത്തും കഴിഞ്ഞ വർഷങ്ങളിൽ ഗണ്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും പ്രശ്നങ്ങൾ അവശേഷിക്കുന്നു.

## തൊഴിൽ മേഖല

തൊഴിൽ രംഗത്ത് ഗൃഹഭരണം കഴിഞ്ഞാൽ ഏറ്റവും അധികം പേർ ജോലി ചെയ്യുന്നത് കാർഷിക മേഖലയിലാണ്. സമൂഹത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന സാമ്പത്തിക പരിവർത്തനത്തിന്റെ ഭാഗമായി എല്ലാ ജാതിയിലുംപെട്ട സ്ത്രീകൾ കർഷകത്തൊഴിലാളികളായി പണിയെടുക്കുന്നുണ്ടെങ്കിലും, ഇന്നും ഈ മേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽപെട്ട സ്ത്രീകളാണ്. എന്നാൽ ഇന്ന് കാർഷിക മേഖലയിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ ഭാഗമായി ഇതര മേഖലകളിലേക്ക് (കെട്ടിട നിർമാണം, റബർ ടാപ്പിംഗ്, പാറയുടയ്ക്കൽ തുടങ്ങിയവയിലേക്ക്) സ്ത്രീ തൊഴിലാളികൾ മാറിപ്പോകാൻ നിർബന്ധിതരായിരിക്കുന്നു.

പഞ്ചായത്തിലെ താണവരുമാനക്കാരായ സ്ത്രീകൾ സാമ്പത്തികമായി ഏറ്റവും അധികം കഷ്ടപ്പെടുന്നുണ്ട്. സ്വന്തമായി കൃഷിപ്പണി ചെയ്ത് ജീവിക്കുന്നതിനുള്ള ഭൂമി അവർക്കില്ല. സ്ഥിരമായ തൊഴിൽ കാർഷിക മേഖലയിലോ കെട്ടിട നിർമാണ മേഖലയിലോ ലഭ്യവുമല്ല. സ്ത്രീകളുടെ അധ്വാനശേഷി വേണ്ട രീതിയിൽ സംഘടിപ്പിക്കുന്നതിനും സാമ്പത്തിക ഉല്പാദനത്തിലേക്ക് വഴിതിരിച്ചു വിടുന്നതിനും നേതൃപാടവമുള്ളവർ വിരളമാണ്.

ഏറ്റവും വലിയ അനീതി സ്ത്രീതൊഴിലാളികൾ അനുഭവിക്കുന്നത് വേതന നിരക്കിലുള്ള വിവേചനത്തിന്റെ കാര്യത്തിലാണ്. സ്ത്രീതൊഴിലാളികൾക്ക് പുരുഷതൊഴിലാളികളോടൊപ്പം വേതനം ലഭിക്കുന്നില്ല. 'തുല്യജോലിക്ക് തുല്യ വേതനം' എന്ന തത്വം ഇവിടെ പ്രയോഗത്തിലില്ല. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ത്രീയ്ക്കും പുരുഷനും ലഭിക്കുന്ന വേതന നിരക്കിലുള്ള അന്തരം താഴെക്കൊടുക്കുന്നു.

പട്ടിക

| വാർഡ് | കാർഷികവൃത്തി | | കെട്ടിട നിർമാണം | |
|---|---|---|---|---|
| | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ |
| 1 | 60 | 70 | 60 | 80 |
| 2 | 60 | 80 | 60 | 90 |
| 3 | 60 | 80 | 75 | 90 |
| 4 | 60 | 80 | 70 | 90 |
| 5 | 60 | 80 | 80 | 100 |
| 6 | 60 | 80 | 70 | 90 |
| 7 | 60 | 80 | 60 | 90 |
| 8 | 60 | 80 | 60 | 90 |
| 9 | 60 | 80 | 60 | 90 |

(അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

പഞ്ചായത്തിലെ അധ്യാപനരംഗത്ത് സ്ത്രീകളാണ് കൂടുതലുള്ളത്. പെൺകുട്ടികളുടെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റാൻ ഇന്ന് നിലവിലുള്ള സ്കൂളുകൾ പര്യാപ്തമാണ്. കൂടുതൽ കൂടുതലായി ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളിലേക്കു കുട്ടികളെ വിടുന്നതിനുള്ള പ്രവണത അമ്മമാരിൽ ദൃശ്യമാണ്. തെറ്റായ മൂല്യബോധവും, സർക്കാർ സ്കൂളുകളിലെ മോശമായ

അധ്യയന നിലവാരവും, ഉന്നത വിദ്യാഭ്യാസരംഗത്ത് ഇംഗ്ലീഷ് മാധ്യമസമ്പ്രദായവും സ്വന്തം കുട്ടികൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകണമെന്ന ആഗ്രഹവുമാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലും സമീപ പഞ്ചായത്തുകളിലും ഉള്ള ഇംഗ്ലീഷ്മീഡിയം സ്കൂളുകളെ ആശ്രയിക്കാൻ അമ്മമാരെ പ്രേരിപ്പിക്കുന്നത്.

പഞ്ചായത്തിലെ എസ്.എസ്.എൽ.സി പാസാകുന്ന വിദ്യാർഥിനികളുടെ ഉന്നത വിദ്യാഭ്യാസവാശ്യങ്ങൾ പന്തളത്തും, അടൂരും, പത്തനംതിട്ടയിലുമുള്ള കോളേജുകളാണ് സഫലീകരിക്കുന്നത്. എന്നാൽ പഞ്ചായത്തിലോ സമീപസ്ഥ പഞ്ചായത്തുകളിലോ ഒരു ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇല്ലാത്ത അവസ്ഥ അധ്യാപനം ഒരു തൊഴിലായി സ്വീകരിക്കുന്ന പെൺകുട്ടികൾക്ക് വളരെ വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഒരുTTI സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം ഇന്ന് പഞ്ചായത്തിലെ സ്കൂളുകളിൽ ലഭ്യമാണ്.

പഞ്ചായത്തിൽ 550 ഓളം വീടുകളിൽ കുടുംബ നേതൃത്വം സ്ത്രീകൾക്കാണ്.

പട്ടിക

| വാർഡ് | മൊത്തം കുടുംബങ്ങൾ | സ്ത്രീകൾ നേതൃത്വത്തിലുള്ള കുടുംബങ്ങൾ | ശതമാനം |
|---|---|---|---|
| 1 | | 60 | |
| 2 | | 20 | |
| 3 | | | |
| 4 | | 10 | |
| 5 | | 27 | |
| 6 | | 75 | |
| 7 | | 150 | |
| 8 | | 20 | |
| 9 | | 160 | |

(അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ)

ഇവർ അഭിമുഖീകരിക്കുന്ന തൊഴിൽപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ പ്രത്യേകം പഠന വിഷയമാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഏഴ് മഹിളാ സമാജങ്ങളും, മൂന്ന് മാതൃശിശു സംരക്ഷണ കേന്ദ്രവും രണ്ടു ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. പാറക്കര വാർഡിൽ ഒരു വനിതാ സൊസൈറ്റിയും പെരുമ്പുളിക്കൽ വാർഡിൽ അഞ്ചുകുടുംബങ്ങൾക്കായി ഒരു മെറ്റൽ ക്രഷിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഗ്രാമസഭകളിൽ എല്ലാ വാർഡിൽ നിന്നും വനിതാ സമാജങ്ങൾ സ്ഥാപിക്കുന്നതിനും, നഴ്സറികളും ബാലവാടികളും സ്ഥാപിക്കുന്നതിനുമുള്ള ആവശ്യമുയർന്നിട്ടുണ്ട്. പ്രത്യേകം പരിഗണനയർഹിക്കുന്ന ഒരു ആവശ്യമാണ് പൊങ്ങലടി ബി. (ഏഴാം) വാർഡിൽ നിന്ന് വന്നിട്ടുള്ളത്.1971 മുതൽ അവിടെ പ്രവർത്തിച്ചുവരുന്ന വനിതാ സമാജം നിർമിച്ച് ബാലവാടിയ്ക്കായി നൽകിയ കെട്ടിടം കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാൽ അടുത്തുകൂടി കടന്നു പോകുന്നതിനാൽ, ഉറവുമൂലം ഇടിഞ്ഞു തകർന്നിരിക്കുകയാണ്. ഇത് പുനർ നിർമിക്കുന്നതിനുള്ള സാമ്പത്തിക ശേഷി വനിതാ സമാജത്തിനില്ല. പഞ്ചായത്ത് ഈ ജോലിയുടെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ടതാണ്. ഇതുപോലെ മല്ലിക (നാലാം വാർഡ്)യിലുള്ള വനിതാ സമാജത്തിന്റെ നഴ്സറി സ്കൂളിനോടൊപ്പം ഒരു കംഫർട്ട് സ്റ്റേഷൻ നിർമിക്കേണ്ടതും നഴ്സറി സ്കൂൾ ഒരു അങ്കണവാടിയായി ഉയർത്തേണ്ടതുമാണ്.

റേഷൻ കടകളിലും ചന്തകളിലും വീട്ടാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങാൻ പോകുന്നത് കൂടുതലും സ്ത്രീകളാണ്. എന്നാൽ പല വാർഡുകളിലും ചന്തകളും റേഷൻ കടകളും സൗകര്യത്തിനില്ല. മല്ലിക (നാലാം) വാർഡിൽ റേഷൻ കടയില്ലാത്തതിനാൽ അവിടെയുള്ളവർ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. പൊങ്ങലടി എ & ബി വാർഡുകൾക്കായി ഒരു റേഷൻ കടയേയുള്ളു. അരി, പഞ്ചസാര, മണ്ണെണ്ണ, ഗോതമ്പ് തുടങ്ങിയവയ്ക്കു പുറമെ മറ്റ് അത്യാവശ്യ ഭക്ഷ്യവസ്തുക്കളും പൊതുവിതരണ സംവിധാനത്തിലാക്കുന്നത് വീട്ടുചെലവ് നിയന്ത്രിക്കാൻ സ്ത്രീകളെ ഏറെ സഹായിക്കും.

സാധാരണക്കാരായ സ്ത്രീകൾ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന ഒരു വിഷയം പാചകത്തിനുള്ള ഇന്ധനം കണ്ടെത്തുന്നതിലാണ്. പാചക വാതകവും, വൈദ്യുതിയും

കൂടുതൽ ഉപയോഗിക്കുന്നത് സ്വന്തമായി ഭൂമിയും വിറകും ഉള്ളവരാണ്. വന നശീകരണം വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെക്കാലത്ത് പാചക ഇന്ധനത്തിന് പാവപ്പെട്ടവർ കൂടുതൽ ബുദ്ധിമുട്ടുന്ന സ്ഥിതി ഉണ്ടാകും. ഇത് ലഘൂകരിക്കുന്നതിനായി പാചക വാതകത്തിന്റെ വിതരണം ഗ്രാമങ്ങളിലേക്കു കൂടി വ്യാപിപ്പിക്കണം.

പഞ്ചായത്തിന്റെ പുറമ്പോക്കുകളിലും മറ്റും പാചക വിറകിനായുപയോഗിക്കുന്ന മരങ്ങൾ വച്ചുപിടിപ്പിക്കണം. അതുപോലെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡിയും സാങ്കേതിക വിജ്ഞാനവും നൽകണം.

വനിതകളുടെ ആരോഗ്യ പരിരക്ഷയ്ക്ക് ഇന്നുള്ള ഏക പബ്ലിക് ഹെൽത്ത് സെന്റർ തികച്ചും അപര്യാപ്തമാണ്. ഉയർന്ന സാമ്പത്തിക ശേഷിയുള്ളവർക്ക് പന്തളം, അടൂർ, പത്തനംതിട്ട തുടങ്ങിയ പട്ടണങ്ങളിലെ സ്വകാര്യ ആശുപത്രികളിൽ രോഗ ശുശ്രൂഷ തേടാവുന്നതാണ്. സർക്കാർ ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളില്ല. അവിടേക്കു പോകുന്നതിൽ നിന്ന് സ്ത്രീകളെ വിമുഖരാക്കുന്നു. എന്നാൽ, സാധാരണക്കാർക്ക് ഇവ സാമ്പത്തികമായി അപ്രാപ്യമാണ്. ഗ്രാമത്തിലെ രോഗികളിൽ ഭൂരിപക്ഷവും സ്ത്രീകളും കുട്ടികളുമാണ്. പോഷകാഹാരത്തിന്റെ കുറവ് തൊഴിലാളി സ്ത്രീകളിൽ വളരെ പ്രകടമാണ്. രക്തക്കുറവും, വിളർച്ചയും, ഗോയിറ്ററും, അകാല വാർധക്യവും അവരെ ബാധിക്കുന്നു. അതിനാൽ പബ്ലിക്ക് ഹെൽത്ത് സെന്ററിന്റെ സേവനം കൂടുതൽ ഫലപ്രദമാക്കണം. ഇപ്പോഴുള്ള ആശുപത്രിയിലെ സൗകര്യങ്ങൾ രക്തം, മലം, മൂത്രം എന്നിവ പരിശോധിക്കുന്നതിനുള്ള സൗകര്യങ്ങൾ, മരുന്നിന്റെ ലഭ്യത, ഡോക്ടറുടെ സാന്നിധ്യം എന്നിവ വർധിപ്പിക്കണം. 24 മണിക്കൂറും ആശുപത്രിയുടെ സേവനം ഉറപ്പാക്കണം. ആശുപത്രിയിൽ ജീവൻ രക്ഷയ്ക്കുള്ള അത്യാവശ്യ മരുന്നുകൾ നിർബന്ധമായും കരുതണം. ഇതിനു പുറമേ, പബ്ലിക് ഹെൽത്ത് സെന്റർ പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനത്തിന്റെ കേന്ദ്രമാക്കിക്കൊണ്ട് സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനായി എക്സ്റ്റൻഷൻ സെന്ററുകൾ തുടങ്ങണം.

ചില സന്നദ്ധസംഘടനകൾ പഞ്ചായത്തിലെ ചില വാർഡുകളിൽ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട്. എന്നാൽ ഇവ അപൂർണമായതിനാൽ പഞ്ചായത്തിന്റെ ആരോഗ്യപരിപാലനം സമഗ്രമാവുന്നില്ല. ഭഗവതിക്കുംപടിഞ്ഞാറു വാർഡിൽ നടന്ന ക്യാൻസർ സർവെ, പ്രാരംഭദശ കഴിഞ്ഞ് പ്രായോഗിക ഫല പ്രാപ്തിയിലെത്തിയിട്ടില്ല. സർവെ മാത്രം പോരാ, വിശദമായ രോഗ പരിശോധനയും ചികിത്സയും വേണം. കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ആരോഗ്യ പരിപാലനം ശിശുക്കൾക്കും സ്ത്രീകൾക്കും എന്നത് പഞ്ചായത്ത് സ്വന്തം ഉത്തരവാദിത്തമായി ഏറ്റെടുക്കേണ്ടതാണ്. ഓരോ വർഷവും റെഡ് ക്രോസിന്റെയും പൊതുജനാരോഗ്യ വകുപ്പിന്റെയും സഹകരണത്തോടെ പഞ്ചായത്തടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് ആരോഗ്യ പരിപാലനത്തിനും അതു സംബന്ധിച്ച അവബോധം വളർത്തുന്നതിനും സഹായിക്കും.

പുരുഷന്മാരുടെ മദ്യപാനം മൂലം സ്ത്രീകൾ ഏറെ കഷ്ടപ്പെടുന്നുണ്ട്. മദ്യപന്മാരായ കുടുംബനാഥന്മാരുടെ പീഡനത്തിന് സ്ത്രീകൾ വിധേയരാകുന്നത് സാധരണയാണ്. മദ്യപാനമെന്ന വ്യക്തിഗത ദുരന്തം ക്രമേണ ഒരു കുടുംബദുരന്തമായി കലാശിക്കുന്നു. മദ്യത്തിനടിമയാകുന്ന പുരുഷൻ സാമ്പത്തികമായി തകർന്ന് ശാരീരികാരോഗ്യം നശിച്ച് കുടുംബത്തിനൊരു ബാധ്യതയായിത്തീരുന്നു. ഇതു സംബന്ധിച്ച പരാതികൾ എല്ലാ വാർഡുകളിലെയും ഗ്രാമസഭകളിൽ ഉയർന്നിരുന്നു. മദ്യത്തിന്റെ അനായാസ ലഭ്യതയാണ് പ്രശ്നത്തിന്റെ ഒരു കാരണം. നിരോധനം ഒരു പരിഹാരമായി അനുഭവപ്പെടുന്നില്ല. വ്യാജമദ്യം സർവത്ര ലഭ്യമാണ്. മദ്യത്തിന്റെ വില വർധിപ്പിച്ചത് മദ്യപന്മാരെ അതിൽ നിന്ന് പിന്തിരിപ്പിച്ചിട്ടില്ല. കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ വഷളാക്കേനേ ഇത് സഹായിച്ചിട്ടുള്ളു. അതിനാൽ പഞ്ചായത്തിനെ മദ്യവിമുക്തമാക്കാനുള്ള നടപടികൾ ഉണ്ടാകണം. മദ്യനിരോധനത്തിനു വേണ്ടിയും, വ്യാജ മദ്യോല്പാദനത്തിനെതിരായും, വ്യാപകമായ ജന മുന്നേറ്റം, പ്രത്യേകിച്ചും സ്ത്രീകളുടേത്, ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിനു നേതൃത്വം നൽകാൻ ത്രാണിയുള്ള ശക്തമായ വനിതാ പ്രസ്ഥാനം ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. മദ്യത്തിന് അടിമകളായിട്ടുള്ളവരെ അതിൽനിന്ന് രക്ഷിച്ചെടുക്കുന്നതിനായി പഞ്ചായത്തടിസ്ഥാനത്തിൽ (മദ്യാസക്തി പരിഹാര) ഡി അഡിക്ഷൻകേന്ദ്രം തുടങ്ങുകയും നിരന്തരമായ ബോധവല്ക്കരണ പ്രവർത്തനം സംഘടിപ്പിക്കുകയും വേണം.

സ്ത്രീ പീഡനവും സ്ത്രീധന പീഡനവും പഞ്ചായത്തിൽ നിലവിലുണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നത്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ ചിലയിടങ്ങളിൽ കാണാറുണ്ട്. അതുപോലെ സ്ത്രീകൾക്കെതിരെ ഒറ്റപ്പെട്ട അതിക്രമങ്ങൾ ഉണ്ടാകാറുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന പീഡനങ്ങൾ പലതും പുറത്തുവരാറില്ല. നിശ്ശബ്ദമായി സ്ത്രീകൾ അതു സഹിക്കുകയാണ് ചെയ്യുന്നത്. ദാമ്പത്യജീവിതത്തിലെ സാമ്പത്തിക പ്രയാസങ്ങളാണ് പലപ്പോഴും സ്ത്രീധനപ്രശ്നമായി രൂപം കൊള്ളുന്നത്. തൊഴിലെടുത്ത് കുടുംബത്തിന്റെ സാമ്പത്തിക വരുമാനം വർധിപ്പിക്കാൻ സ്ത്രീയെ തയ്യാറാക്കിയാൽ ഈ പ്രശ്നത്തിന് ഒരളവുവരെ പരിഹാരം കാണാനാകും.

ബഹുജന സംഘടനകളിലെയും രാഷ്ട്രിയപ്പാർട്ടികളിലെയും സ്ത്രീ പങ്കാളിത്തം താരതമ്യേന കുറവാണ്. അവയുടെ നേതൃത്വനിരയിൽ പ്രവർത്തിക്കുന്നവരും കുറവാണ്. എന്നാൽ, കർഷകത്തൊഴിലാളി സംഘങ്ങളിലും മഹിളാ ഫെഡറേഷനുകളിലും അധ്യാപക സംഘടനകളിലും അംഗങ്ങളായ സ്ത്രീകൾ പഞ്ചായത്തിൽ ഉണ്ട്. രാഷ്ട്രീയാവബോധത്തിന്റെ അളവനുസരിച്ചാണ് സ്ത്രീകൾ ബഹുജന സംഘടനകളിൽ അംഗങ്ങളാകുന്നത്. ബഹുജനരംഗത്ത് സ്ത്രീകൾ പ്രവർത്തിക്കുന്നത് പുരുഷന്മാർ പൊതുവെ ഇഷ്ടപ്പെടുന്നില്ല. സ്ത്രീ പുരുഷ സമത്വത്തെക്കുറിച്ചുള്ള വികലമായ ധാരണകൾ സമൂഹത്തിൽ നിലനിൽക്കുന്നതാവാം ഇതിന്റെ കാരണം.

## പ്രശ്നങ്ങൾ

1. സാമൂഹ്യ - സാമ്പത്തിക രംഗത്ത് സ്ത്രീകൾ പൊതുവെ പിന്നോക്കാവസ്ഥയിലാണ്.
2. കാർഷിക മേഖലയിലെ തൊഴിൽ ദൗർലഭ്യം മൂലം കർഷകത്തൊഴിലാളി സ്ത്രീകൾ കൂടുതൽ കഠിനമായ തൊഴിൽ മേഖലയിലേക്ക് കെട്ടിടം (നിർമാണം പോലുള്ളവ) മാറാൻ നിർബന്ധിതരായിരിക്കുന്നു.
3. തുല്യജോലിക്ക് തുല്യവേതനമെന്ന തത്ത്വം സ്ത്രീകളുടെ കാര്യത്തിൽ പ്രയോഗത്തിലില്ല. സ്ത്രീപുരുഷ വേതനത്തിലെ അന്തരം വളരെ വലുതാണ്.
4. വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പിന്നിലല്ലെങ്കിലും, അഭ്യസ്ത വിദ്യർക്ക് തൊഴിൽ പരിശീലനത്തിനും തൊഴിലിനുമുള്ള അവസരം പഞ്ചായത്തിൽ ലഭ്യമല്ല.
5. സാക്ഷരതയുടെ ശതമാനം ഉയർന്നതാണെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനം നടക്കാത്തതു മൂലം ഉദ്ദേശിച്ച ഫലം സിദ്ധിച്ചിട്ടില്ല.
6. എസ്.എസ്.എൽ.സി പാസായ തൊഴിൽ രഹിതർക്ക് ആധുനിക സാങ്കേതിക വിദ്യയിൽ തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങളില്ല.
7. സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിനും പോഷകാഹാര ലഭ്യതയ്ക്കും സൗകര്യങ്ങളില്ല. പി.എച്ച്.സി. യിലെ സൗകര്യം പര്യാപ്തമല്ല.
8. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും റേഷൻ കടകൾ ഇല്ല.
9. സാധാരണക്കാരായ സ്ത്രീകൾ പാചകത്തിനുള്ള ഇന്ധനം ശേഖരിക്കാൻ വലിയ പ്രയാസമനുഭവിക്കുന്നു.
10. ബാലവാടികൾ, അങ്കണവാടികൾ എന്നിവ എല്ലാ വാർഡുകളിലും ഇല്ല.
11. പുരുഷന്മാരുടെ മദ്യപാനം സ്ത്രീകളുടെ ജീവിതം ദുരിതമയമാക്കുന്നു.
12. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നുണ്ട്. സ്ത്രീകളോടുള്ള അതിക്രമവും നടക്കാറുണ്ട്.
13. ബഹുജനരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
14. ടി.വി. യുടെ അതിപ്രസരം കാരണം സ്ത്രീകളിൽ വായനാശീലം കുറഞ്ഞു വരുന്നു.

## സാധ്യതകൾ

1. കാർഷിക മേഖലയെ പുനഃരുജ്ജീവിപ്പിച്ച് കർഷകത്തൊഴിലാളി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ

കണ്ടെത്താവുന്നതാണ്.

2. ഇന്ധന ദൗർലഭ്യം പരിഹരിക്കുന്നതിനായി സന്നദ്ധ സംഘടനകളെയും സ്കൂൾ വിദ്യാർഥികളെയും ഉപ യോഗിച്ച് പഞ്ചായത്തുവക പുറമ്പോക്കുകളിലും മറ്റും മരങ്ങൾ വെച്ചു പിടിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യാവുന്നതാണ്. അതുപോലെ പുക ശല്യമില്ലാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം.

3. സഹകരണാടിസ്ഥാനത്തിൽ Out Worker Production രീതിയിൽ റഡിമെയ്ഡ് വസ്ത്രങ്ങൾ നിർമിക്കാവുന്ന താണ്. (അനേകം വീടുകളിൽ തയ്യൽ മെഷീനുകൾ ഉപയോഗിക്കാതെ കിടപ്പുണ്ട്. ഇവയുടെ ഉടമസ്ഥരെ ഏകോപിപ്പിച്ച് ഉല്പാദനവും വിപണനവും നടത്താവു ന്നതാണ്).

4. ആവശ്യമായ തൊഴിൽ പരിശീലനം നൽകി ഔട്ട് വർക്കർ പ്രൊഡക്ഷൻ രീതിയിലോ / ഫാക്ടറി അടിസ്ഥാന ത്തിലോ ഇലക്ട്രോണിക് കാൽക്കുലേറ്ററുകൾ, ക്ലോ ക്കുകൾ, ചോക്കുകൾ തുടങ്ങിയവ സഹകരണാടിസ്ഥാ നത്തിൽ നിർമിക്കുകയും വിപണനം നടത്തുകയും ചെ യ്യാവുന്നതാണ്.

5. പഞ്ചായത്തടിസ്ഥാനത്തിൽ സ്ത്രീകൾ കുടുംബനാഥ കളായുള്ള വീടുകളെ കേന്ദ്രീകരിച്ച് പച്ചക്കറി ഉല്പാ ദനം നടത്താവുന്നതാണ്. ഇതിനാവശ്യമായ വിത്തും വളവും സൗജന്യ നിരക്കിൽ നൽകണം.

6. ഓരോ വീട്ടിലും അടുക്കളത്തോട്ടം എന്ന പദ്ധതി ആവി ഷ്കരിക്കണം. ഓരോ വീട്ടിലേക്കും വേണ്ട ഇഞ്ചി, മഞ്ഞൾ, കുരുമുളക് തുടങ്ങിയവയും പച്ചക്കറികളും ഉല്പാദിപ്പിക്കാനാവശ്യമായി വിത്തുകൾ വളം എന്നിവ വിതരണം ചെയ്യണം. മിച്ചം വരുന്ന വിളവുകൾ ശേഖ രിച്ച് വിപണനം നടത്തി ലാഭം ഉല്പാദർക്ക് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തടിസ്ഥാന ത്തിൽ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

7. പഞ്ചായത്തിൽ ലഭ്യമായ പച്ചക്കറികളും, ചക്ക, മാങ്ങ, തുടങ്ങിയ ഫലവർഗങ്ങളുപയോഗിച്ച്Food processing ഉം വിപണനവും നടത്താവുന്നതാണ്.

8. ആട്, കോഴി, താറാവ്, കാള, മുയൽ എന്നിവയെ വ്യാവ സായികടിസ്ഥാനത്തിൽ വളർത്താൻ താല്പര്യമുള്ള വീട്ടമ്മമാരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനവും സഹായവും നൽകിയാൽ ഉല്പാദനം വർധിപ്പിക്കാവു ന്നതാണ്.

9. മല്ലിക വാർഡിലെ ഖാദി ഇൻഡസ്ട്രിയൽ യൂണിറ്റ് നവീകരിച്ചാൽ കൂടുതൽ വൈവിധ്യമാർന്ന ഉല്പന്ന ങ്ങൾ (സാമ്പ്രാണി, സോപ്പ്, മെഴുകുതിരി, ചെരുപ്പ്, നോട്ടു ബുക്കുകൾ തുടങ്ങിയവ) നിർമിക്കുകയും തൊ ഴിലവസരങ്ങൾ വർധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

10. പ്രാദേശികമായി ധാരാളമായി ലഭിക്കുന്ന റബർപാലും റബറും ഉപയോഗിച്ച് ചെറുകിട വ്യവസായ യൂണിറ്റു കൾ സ്ഥാപിക്കാവുന്നതാണ്.





5.3 H

# സംസ്കാരം

ഇടത്തരം കർഷകരുടെയും കർഷകത്തൊഴിലാളികളുടേയും സർക്കാർ ഉദ്യോഗസ്ഥൻമാരുടെയും ജീവിതവൃത്തി നൽകുന്ന സാംസ്കാരിക പ്രത്യേകതയാണ് പഞ്ചായത്തിനുള്ളത്. പഴയ രീതിയിലുള്ള ഭൂ ഉടമകളും ജന്മികളും ഇന്നില്ല. അതിനാൽ, ജന്മിയുംകുടിയാനുമില്ലാത്ത, എല്ലാവിധ ജോലിയും എല്ലാവരും ചെയ്യുന്ന ഒരു പുതിയ സാംസ്കാരികപ്പിറവിക്ക് ജന്മം നൽകുന്ന സാമ്പത്തിക വ്യവസ്ഥ നിലവിൽ വന്നിരിക്കുന്നു. ഒട്ടനേകം കുടുംബങ്ങളിൽ നിന്ന് യുവാക്കൾ ഗൾഫ് നാടുകളിലും അമേരിക്കയിലും തൊഴിൽ തേടിയതുമൂലം വിദേശ പണത്തിന്റെ സ്വാധീനം സാംസ്കാരിക രംഗത്ത് പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്.

## ആരാധനാലയങ്ങൾ

നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരിപ്പുറത്തു ദേവീക്ഷേത്രവുമായി ഇവിടുത്തെ സാംസ്കാരിക ജീവിതം ഗാഢമായി ബന്ധപ്പെട്ടു കിടക്കുന്നു. ക്ഷേത്രത്തിലെ ദേവിയുടെ ജന്മനക്ഷത്രമായ മീനഭരണി മഹോത്സവം പ്രസിദ്ധമാണ്. ബൗദ്ധ പഗോഡകളെ അനുസ്മരിപ്പിക്കുന്ന തേരുകൾതടികൊണ്ടു നിർമ്മിച്ച് തുണിയും തോരണങ്ങളും കൊണ്ടലങ്കരിച്ച് എഴുന്നള്ളിക്കുന്നത് ഈ ഉത്സവത്തിന്റെ പ്രത്യേകതയാണ്. അതോടൊപ്പം എഴുന്നള്ളിക്കപ്പെടുന്ന കൂറ്റൻ കാളകളുടെ രൂപങ്ങൾ ഈ നാടിന്റെ കാർഷിക പാരമ്പര്യത്തിന്റെ നിദർശനമാണ്. ദേവിയുടെ ഭവനസന്ദർശനമെന്ന പറയ്ക്കെഴുന്നള്ളത്ത് ഈ പ്രദേശത്തിന്റെ കാർഷിക ജീവിതവും വിശ്വാസവും എത്ര മാത്രം ഇഴുകിച്ചേർന്നിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുന്നു. മീനഭരണി രാത്രിയിലെ കഥകളി, കാർത്തിക നാളിലെ ഗരുഡൻ തൂക്കം, തിരുവാതിര രാത്രിയിലെ ആപ്പിണ്ടിയും വിളക്കും എന്നിവ പ്രത്യേകം പരാമർശിക്കുന്നു. ഒരു കാലത്ത് ഊരാഴ്മക്കാരുടേതായിരുന്ന ഈ ക്ഷേത്രം ഇന്ന് തട്ടയിലെ എട്ടു കരക്കാരുടേയും പൊതു സ്വത്താണ്. ജാതിസംബന്ധമായ അനാചാരങ്ങൾ അവസാനിച്ചതോടെ ക്ഷേത്രം ഹിന്ദുമതത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം അനുവദിക്കുന്നു. ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുണ്ടായ ജനാധിപത്യവൽക്കരണം നാടിന്റെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലത്തിൽ ഉണ്ടായ ജനാധിപത്യപരമായ മാറ്റങ്ങളുടെ ഒരു സൂചികയാണ്.

ഇതിനു പുറമേ പഞ്ചായത്തിൽ ഒട്ടനവധി ക്ഷേത്ര

ങ്ങളും പള്ളികളും ഉണ്ട്. പത്തോളം ക്രിസ്ത്യൻ ആരാധനാലയങ്ങളിൽ കീരുകുഴിയിലെ ഓർത്തഡോക്സ് സിംഹാസപ്പള്ളിയും മല്ലികയിലെലൂർദ്ഗിരികാത്തലിക് പള്ളിയും പ്രമുഖങ്ങളാണ്. കൂടാതെ, മല്ലിക വാർഡിൽ അയ്യപ്പ സേവാസംഘവും പൊങ്ങലടിയും തോലുഴത്തിലും ശ്രീനാരായണഗുരു മന്ദിരങ്ങളുമുണ്ട്. ക്ഷേത്രങ്ങളിൽ വിവിധ തരത്തിലുള്ള ഉത്സവങ്ങൾ നടക്കുന്നു. കെട്ടുകാഴ്ച, വേലകളി, നൂറും പാലും, സപ്താഹം, അൻപൊലി വൃശ്ചിക മാസത്തിലെ മണ്ഡല പൂജ എന്നിവ അവയിൽ ഉൾപ്പെടുന്നു. ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ മതപരമായ പൊതു ഉത്സവങ്ങൾക്കു പുറമേ, പള്ളികളിൽ പെരുനാളുകളോടനുബന്ധിച്ച് റാസയും കുർബാനകളും നടക്കാറുണ്ട്. എല്ലാ മത സ്ഥാപനങ്ങളിലെയും ഉത്സവങ്ങൾ ജനാധിപത്യപരമായി തെരഞ്ഞെടുക്കുന്ന ഭരണസമിതികളാണ് നടത്തുന്നത്. ഏറ്റവും പ്രധാനമായ വസ്തുത വിഭിന്ന മതവിശ്വാസികളായ ജനങ്ങൾ മാതൃകാപരമായ സഹിഷ്ണുതയോടും സഹകരണത്തോടും കൂടി മതപരമായ ഉത്സവങ്ങൾ, വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയിൽ പങ്കെടുക്കുന്നുവെന്നതാണ്.

## അവലോകനം

### പുതിയ തൊഴിൽ സംസ്കാരം

ജാതിയെ അടിസ്ഥാനമാക്കിയ തൊഴിൽ വിഭജനം അതിവേഗം അന്ത്യം കണ്ടുകൊണ്ടിരിക്കുന്നു. ജാതിയെ അടിസ്ഥാനമാക്കിയ അനാചാരങ്ങൾ ഇന്ന് നിലവിലില്ലെങ്കിലും, ജാതിപരമായ വേർതിരിവുകൾ ഇന്നുമുണ്ട്. ഓരോ ജാതിക്കും അതിന്റേതായ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം സംഘടനകൾക്കു വെളിയിൽ ജീവിക്കാൻ ശ്രമിക്കുന്നവർ വിരളമാണ്. എന്നാൽ, ജാതിപരമായ സംഘടനകളിൽ അംഗങ്ങളായിരിക്കുമ്പോഴും സമാനസാമ്പത്തിക വർഗങ്ങളുമായി സഹകരിക്കാൻ ജനങ്ങൾ നിർബന്ധിക്കപ്പെടുന്നു. വ്യവസ്ഥാപിത തൊഴിലുപേക്ഷിച്ച് പുതിയ തൊഴിൽ മേഖലകളിൽ ചേക്കേറാൻ എല്ലാ ജാതിക്കാരും തയ്യാറാകുന്നു. പഴയ ജന്മി- കുടിയാൻ ബന്ധം അവസാനിക്കുകയും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വന്തമായി കിടപ്പാടം ഉണ്ടാവുകയും ചെയ്തതുമൂലം സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പരിവർത്തനത്തിന്റെ ഫലമാണിത്. തന്മൂലം, വിദ്യാഭ്യാസത്തിന്റെയും സാക്ഷരതയുടെയും കാര്യത്തിൽ പഞ്ചായത്തു മുൻപന്തിയിലാണ്. പുതിയ തലമുറയിൽപ്പെട്ടവർക്ക് കൂടുതൽ സാമൂഹ്യബോധവും, ബൗദ്ധികവും സാംസ്കാരികവുമായ വളർച്ചയ്ക്ക് മെച്ചപ്പെട്ട അവസരങ്ങളും ഒരുക്കേണ്ടതുണ്ട്. ഒപ്പം മതേതരജനാധിപത്യത്തിന്റെ ഹരിത ഭൂമിയായി ഈ ഗ്രാമത്തെ നിലനിർത്തുകയെന്ന വെല്ലുവിളി ഏറ്റെടുക്കേണ്ടതുമുണ്ട്.

### വായനശാലകൾ

ഇങ്ങനെ നോക്കുമ്പോൾ സാംസ്കാരിക വളർച്ചയ്ക്കു വേണ്ട വിപുലമായ ഒരു സംവിധാനം പഞ്ചായത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. ഒമ്പതു വാർഡുകളുള്ള ഈ പഞ്ചായത്തിൽ അഞ്ചു വാർഡുകളിൽ വായനശാലകളോ ഗ്രന്ഥശാലകളോ ഇല്ല.



| ലൈബ്രറികൾ<br>പഞ്ചായത്തുവക | വായനശാലകൾ<br>മറ്റുള്ളവ | ആകെ | പഞ്ചായത്തുവക | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| പന്തളം | ദേശീയ വായനശാല | - | പന്തളം | ദേശീയ | - |
| തെക്കേക്കര | ഭഗവതിക്കുംപടിഞ്ഞാറ് | - | തെക്കേക്കര | വായനശാല | - |
| | കീരുകുഴി (വാർഡ് II) | | പഞ്ചായത്ത് | ഭഗവതിക്കുംപടിഞ്ഞാറ് | - |
| പഞ്ചായത്ത് ലൈബ്രറി | ഗ്രാമീണ വായനശാല | - | വായനശാല | ഗ്രാമീണ | |
| തട്ടയിൽ (വാർഡ് iv) | പാറക്കര (വാർഡ് I) | | തട്ടയിൽ (വാർഡ് IV ) | വായനശാല | |
| | | | | പാറക്കര | 4 |
| | ടാഗോർ വായനശാല | - | - | ടാഗോർ വയനശാല | |
| | പെരുമ്പുളിക്കൽ | - | - | പെരുമ്പുളിക്കൽ | |
| | (വാർഡ് VIII) | | | | |

മല്ലിക വാർഡിൽ പഞ്ചായത്തു ഗ്രന്ഥശാലയുണ്ട്. എന്നാൽ, ഇവിടെ പാർട് – ടൈം ആയി പ്രവർത്തിക്കുന്ന ഒരു ലൈബ്രേറിയനേ ഉള്ളു. ഉടമാലിയിലെ വിശ്വ ഭാരതി ഗ്രന്ഥശാലയ്ക്കും സ്വന്തമായ സ്ഥലവും കെട്ടിടവും കൂടുതൽ വികസനത്തിനുള്ള വിഭവവും ആവശ്യമാണ്. ഭഗവതിക്കും പടിഞ്ഞാറുള്ള ദേശീയ വയനശാലക്ക് സ്വന്തമായ കെട്ടിടവും ഗ്രന്ഥാലയവും ടിവി. സെറ്റും റേഡിയോയുമുണ്ട്. എങ്കിലും വാർഡിലെ വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ അവ ആപര്യാപ്തമാണ്. വാർഡിന്റെ വടക്കേയറ്റത്ത് വായനശാലയുടെ സേവനം ലഭ്യമല്ലാത്തതിനാൽ അവിടെ ഒരു വായനശാല കൂടി സ്ഥാപിച്ചു കിട്ടണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

## പഞ്ചായത്തിലെ വായനശാലകളുടെ പട്ടിക

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി മാസവരുമാനം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| 1. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തു ലൈബ്രറി | 1951 | B | 7105 | Rs 300/ | 16. | |
| 2. ദേശീയ വായനശാല ഭഗവതിക്കും പടിഞ്ഞാറ് (വാർഡ് II) | 1954 | B(650)<br>1500/ | 4730<br>14 | Rs. | | |
| 3 .ഗ്രാമീണ വ[illegible]നശാല [illegible]ാറക്കര (വാർഡ് I) | 1954 | C | 4205 | Rs 300/ | 5 | TV ഉണ്ട് 1844 .. |
| [illegible]ഗോർ വായനശാല, പെരുമ്പുളിക്കൽ (വാർഡ് VIII) | 1950 | B | 4599 | Rs. 750/ | 14 | |

## സമിതികൾ

സന്നദ്ധ പ്രവർത്തകരുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളും കലാസമിതികളും പഞ്ചായത്തിൽ നിരവധിയാണ്. ഏതാണ്ട്, മുപ്പത്തിമൂന്ന് എണ്ണം. സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള ജനങ്ങളുടെ താല്പര്യമാണ് ഇതു കാണിക്കുന്നത്. ഈ സമിതികളിൽ രജിസ്ട്രേഷനും സ്വന്തമായി ആസ്ഥാനമുള്ളവയും വളരെ കുറവാണ്. സാമ്പത്തിക സഹായത്തിന്റെ പരിമിതി ഇവയിൽ പലതിന്റെയും പ്രവർത്തനം മന്ദഗതിയിലാക്കിയിരിക്കുന്നു. അമേച്ചറായി നാടകങ്ങളും കലാപരിപാടികളും സംഘടിപ്പിക്കുകയാണ്, പൊതുവെ ഇവ ചെയ്തുവരുന്നത്. ഒരിപ്പുറം കേന്ദ്രമാക്കി ഒരു കഥകളിയോഗം ഏതാനും വർഷം മുമ്പുവരം പ്രവർത്തിച്ചിരുന്നു. ബംഗാൾ വണ്ടിന്റെ തോടുകൊണ്ടലങ്കരിച്ച വിലപിടിപ്പുള്ള കിരീടങ്ങൾ ഉൾപ്പെടെയുള്ള കഥകളി ഉപകരണങ്ങൾ ഇപ്പോൾ ഒരിപ്പുറം ദേവസ്വത്തിന്റെ ഉടമസ്ഥതയിലാണ്. TPAC എന്ന പേരിൽ ഒരു നാടക സമിതി ഒരിപ്പുറം കേന്ദ്രമാക്കി ഏതാനും വർഷങ്ങൾക്കു മുമ്പുവരെ പ്രവർത്തിച്ചിരുന്നു. പ്രൊഫഷണൽ നാടകങ്ങളിൽ പങ്കെടുക്കുന്ന കലാകാരൻമാർ പഞ്ചായത്തിലുണ്ട്.

## നാടൻകലാരൂപങ്ങൾ

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നാടൻകലാരൂപങ്ങളിൽ പ്രാവീണ്യമുള്ള കലാകാരൻമാർ ഇപ്പോഴുമുണ്ട്. തലമുറകളിലൂടെ അവർക്കു ലഭിച്ച ഈ കഴിവ് വേണ്ടത്ര പരിചരണം ലഭിക്കാത്തതുമൂലം നശിച്ചുകൊണ്ടിരിക്കുകയാണ്. കാക്കാരിശ്ശി, അമ്മൻകുടം, മയിലാട്ടം, കോൽക്കളി, കൈകൊട്ടിക്കളി, വേലകളി, തിരുവാതിര, പരിശമുട്ടുകളി എന്നിവ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എന്നാൽ അവയിലെ കലാകാരൻമാർക്ക് വേദികൾ ലഭിക്കുന്നില്ല. കൂടാതെ, ഈ കലാരൂപങ്ങൾ അഭ്യസിക്കുന്നതിന് പുതിയ തലമുറയിൽപ്പെട്ടവർക്ക് താല്പര്യമോ അവസരമോ ഇല്ല.

## സ്ത്രീകളുടെ പങ്കാളിത്തം

കലാസമിതികളിലെ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. പൊതുവെ, സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും, ബഹുജന പ്രസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണം കുറവായതാണ് ഈ സ്ഥിതിവിശേഷത്തിനു കാരണം. ഒരു പക്ഷെ, പഞ്ചായത്തു സാംസ്കാരിക നിലയത്തിന്റെ ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്ക് സവിശേഷമായ കലാരൂപങ്ങളിൽ പരിശീലനം നൽകുന്നതിന് ഏർപ്പാടുകൾ ഉണ്ടാവുകയാണെങ്കിൽ കലാരംഗത്തേക്ക് കൂടുതൽ സ്ത്രീകളെ ആകർഷിക്കാൻ കഴിഞ്ഞേക്കും.

## സിനിമ, ടി. വി.

ഇന്ന് പഞ്ചായത്തിൽ ഒരേയൊരു സിനിമാതീയേറ്റർ മാത്രമേയുള്ളൂ. ആധുനിക സൗകര്യങ്ങളുള്ളതും കലാമൂല്യമുള്ളതുമായ ചിത്രങ്ങൾ മാത്രം പ്രദർശിപ്പിക്കുന്ന ഒരു സിനിമാശാലയുടെ അഭാവം വലുതായി അനുഭവപ്പെടുന്നു.

ടി. വി. പഞ്ചായത്തിൽ വ്യാപകമായ പ്രചാരം നേടിയിരിക്കുന്നു. എങ്കിൽ പോലും മൊത്തം കുടുംബങ്ങളുടെ ഒരു പത്തു ശതമാനത്തിനു മാത്രമേ സ്വന്തമായി ടി. വി. ഉള്ളൂ. ടി. വി. ഇല്ലാത്തവരിൽ നല്ലൊരു ശതമാനം അയൽപക്കങ്ങളിലെ ടി. വി. സെറ്റുകളെയാണ് ആശ്രയിക്കുന്നത്. സ്ത്രീകളും കുട്ടികളുമാണ് ടി. വി. പ്രേക്ഷകരിൽ ഭൂരിപക്ഷം. വിജ്ഞാന സമ്പാദനത്തിലുപരി വിനോദത്തിനായാണ് ഇവർ ടി. വി. കാണുന്നത്. സിനിമകളും പുരാണങ്ങളെ ആശ്രയിച്ചുള്ള സീരിയലുകളുമാണ് ഏറെ ജനപ്രിയം. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലായിപ്പോൾ കേബിൾ ടി. വി. പ്രചാരത്തിലുണ്ട്.

സ്ത്രീകളിൽ നേരത്തേതന്നെ കുറവായിരുന്ന വായനാശീലത്തെയും കുട്ടികളുടെ വിദ്യാഭ്യാസത്തെയും ടി. വി. ഒരു പരിധിവരെ ബാധിച്ചിരിക്കുന്നു എന്നത് നിസ്തർക്കമാണ്. എന്നാൽ യാഥാർഥ്യ ബോധത്തോടുകൂടിയ സമീപനം ആധുനിക ജീവിത രംഗത്തുനിന്നും ഇതിനെ പൂർണമായി ഒഴിവാക്കാൻ അനുവദിക്കുന്നില്ല. ഏറ്റവും ശക്തമായ ഒരു പ്രചരണ മാധ്യമമാണ് ടി. വി. അപക്വമനസുകളായ വിദ്യാർഥികളിൽ ഇതിന്റെ സ്വാധീനം ഒഴിവാക്കുന്നതിനു വേണ്ട നടപടികളാണുണ്ടാവേണ്ടത്.

## കായിക സംസ്കാരം

കലാ സംസ്കാരത്തോടൊപ്പം പരിശോധിക്കേണ്ടതാണ് പഞ്ചായത്തിന്റെ കായിക സംസ്കാരം. കാർഷിക സംസ്കാരത്തിന്റെ ഭാഗമായി മരമടി മത്സരങ്ങളും, ഗ്രാമീണ കായിക വിനോദങ്ങളായ കുറ്റിപ്പന്തുകളി, കിളിത്തട്ടുകളി, തലപ്പന്തുകളി, ചൂകളി (കബഡി) തുടങ്ങിയവയും നഷ്ടമായിക്കഴിഞ്ഞിരിക്കുന്നു. സ്കൂളുകളിലെ കായികാഭ്യാസം കേവലം 'ഡ്രിൽ' ആയി ചുരുങ്ങിയിരിക്കുന്നു. എന്നാൽ ഇവയ്ക്ക് ഒരു ഏകോപിത നേതൃത്വമോ, ഔദ്യോഗിക പരിരക്ഷയോ ഇല്ല. പഞ്ചായത്തിലെ സ്കൂളുകളിൽ വിശാലമായ കളിസ്ഥലങ്ങൾ ലഭ്യമാണ്. എന്നാലിവ, മതിലുകളില്ലാതെ മണ്ണൊലിച്ച് ഉപയോഗശൂന്യമായിരിക്കുന്നു. വിദ്യാർഥികൾക്ക് നീന്തൽ പരിശീലനത്തിന് ഇന്ന് പഞ്ചായത്തിൽ യാതൊരുവിധ സൗകര്യവും ലഭ്യമല്ല.

## ആവശ്യങ്ങളും സാധ്യതകളും

1. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുന്നതിനായി പഞ്ചായത്തുവക പുറമ്പോക്കു സ്ഥലം പതിച്ചു നൽകണം.

2. വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതും എന്നാൽ സ്വന്തമായി സ്ഥലം ഉള്ളതുമായ വായനശാലകൾക്ക് കെട്ടിടം പണിയുന്നതിന് പഞ്ചായത്തിൽ നിന്ന് സാമ്പത്തിക സഹായം നൽകണം.

3. വായനശാലകളെ പുസ്തകങ്ങളുടെയും അംഗങ്ങളുടെയും എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുതിരിച്ച് വാർഷിക ഗ്രാന്റു നിശ്ചയിക്കണം. ഗ്രന്ഥശാലാ സംഘത്തിൽ നിന്ന് ലൈബ്രേറിയൻ അലവൻസ് ലഭിക്കാൻ അർഹത നേടിയിട്ടില്ലാത്ത വാർഡു വായനശാലകൾക്ക് ലൈബ്രേറിയൻ അലവൻസ് പഞ്ചായത്തു നൽകണം.

4. സ്ത്രീകൾക്കായി ആഴ്ചയിൽ ഒരിക്കൽ പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തണം. ഇങ്ങനെ വീടുകളിൽ പുസ്തകങ്ങൾ എത്തിക്കുന്ന ലൈബ്രേറിയൻമാർക്ക് പ്രത്യേക അവാർഡു നൽകണം. ലൈബ്രറിയിലെ പുസ്തകങ്ങളുടെ ലിസ്റ്റ് ഓരോ അംഗത്തിനും അച്ചടിച്ചു വിതരണം ചെയ്യണം.

5. പഞ്ചായത്തു ലൈബ്രറിയിലെ പുസ്തകങ്ങളുടെയും റഫറൻസ് ഗ്രന്ഥങ്ങളുടെയും എണ്ണം വർധിപ്പിക്കുകയും, ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുകയും വേണം. പഞ്ചായത്തു ലൈബ്രറി വാർഡു ലൈബ്രറികളുടെ മോണിട്ടറിംഗ് സെന്റർ ആയി പ്രവർത്തിക്കണം.

6. പഞ്ചായത്തു ലൈബ്രേറിയിൽ സ്ഥിരമായി ഗസറ്റു ലഭ്യമാക്കണം. വിജ്ഞാനമേഖലയിലെ നൂതന സംഭവങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കാനുതകുന്ന ശാസ്ത്ര–സാമൂഹ്യശാസ്ത്ര ആനുകാലികങ്ങൾ ലഭ്യമാക്കണം.

7. നിലവിലുള്ള ഗ്രന്ഥാലയങ്ങൾക്ക് അവയുടെ ഗ്രേഡിനാനുപാതികമായി ഗ്രന്ഥശേഖര വികസനത്തിനും റഫറൻസ് വിഭാഗത്തിനുമായി സാമ്പത്തിക സഹായം ലഭ്യമാക്കണം.

8. ഓരോ വായനശാലയും ഓരോ വയോജന വിദ്യാഭ്യാസ കേന്ദ്രമായും നിരന്തര സാക്ഷരതാ പ്രവർത്തന കേന്ദ്രമായും മാറണം. ഇതിനു നേതൃത്വം നൽകുന്ന ലൈബ്രറികൾക്ക് പഞ്ചായത്തു കൗൺസിലിന്റെ മേൽനോട്ടത്തിനു വിധേയമായി പഠനോപകരണങ്ങളും സാമ്പത്തിക സഹായവും നൽകണം.

9. പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾക്ക് അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി രജിസ്ട്രേഷനും സാമ്പത്തിക സഹായവും നൽകണം. കൂണു കുരുക്കുന്നതുപോലെ ഓരോ വാർഡിലും ക്ലബ്ബുകളും സമിതികളും മുളച്ചു പൊന്തുന്നത് തടയാനും, നല്ലനിലയിൽ പ്രവർത്തിക്കുന്നവയുടെ വളർച്ചയിൽ ക്രമവും നൈരന്തര്യവും ഉറപ്പുവരുത്താനും ഇതാവശ്യമാണ്.

10. കായികസംസ്കാരത്തിന്റെ വളർച്ചക്കായി പഞ്ചായത്തുതലത്തിൽ ഒരു സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം. പഞ്ചായത്തിലെ എൽ. പി. സ്കൂളുകളിലെ വിദ്യാർഥികളുടെ കായിക പരിശീലനം ഏകോപിപ്പിക്കുന്നതിന്റെ ചുമതല ഈ സ്പോർട്സ് കൗൺസിലിനായിരിക്കണം.

11. പഞ്ചായത്തിൽ പെൺകുട്ടികളുടെ കായിക പരിശീലനത്തിന് സൗകര്യം ഉണ്ടാക്കണം.

12. പഞ്ചായത്തിൽ വിദ്യാർഥികൾക്കും യുവജനങ്ങൾക്കും നീന്തൽ പരിശീലനത്തിനായി കുളങ്ങൾ സൗകര്യപ്പെടുത്തുകയും അതിനുള്ള സംവിധാനമുണ്ടാക്കുകയും വേണം.

13. വാർഡ് അടിസ്ഥാനത്തിൽ വാർഷിക മത്സരങ്ങൾ നടത്തുകയും വിജയികൾക്കു കാഷ് അവാർഡു നൽകുകയും ഏറ്റവും കൂടുതൽ പോയിന്റുകൾ നേടുന്ന വാർഡിന് പ്രസിഡന്റിന്റെ എവർ റോളിംഗ് ട്രോഫി നൽകുകയും ചെയ്യാവുന്നതാണ്.

14. സ്കൂൾ വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമായി പഞ്ചായത്തുതലത്തിൽ നാലു വർഷത്തിലൊരിക്കൽ സ്പോർട്സ് ഒളിമ്പ്യാഡ് സംഘടിപ്പിക്കേണ്ടതാണ്.

15. സ്കൂൾ കോമ്പൗണ്ടുകളോടനുബന്ധിച്ചുള്ള കളിസ്ഥലങ്ങൾ പരിസരവാസികളുടെ സഹായത്തോടെ മതിൽ കെട്ടി പരിരക്ഷിക്കുകയും ആധുനിക സ്പോർട്സ് പരിശീലനത്തിനുള്ള വേദികളാക്കി അവയെ മാറ്റുകയും വേണം. സ്കൂൾ സമയത്തിനു ശേഷമുള്ള ഒരു നിശ്ചിതസമയം ഇവ സമീപസ്ഥരായ യുവാക്കളുടെ കായിക പരിശീലനത്തിനുള്ള സ്ഥലമായിരിക്കണം. സ്ഥലലഭ്യതയനുസരിച്ച്, അവിടങ്ങളിൽ വോളിബോൾ, ബാറ്റ്മിന്റൺ എന്നിവ പരിശീലിക്കുന്നതിനുള്ള സൗക

ര്യങ്ങൾ ഉണ്ടായിരിക്കണം.

16. വാർഡ് അടിസ്ഥാനത്തിൽ ഓരോ വർഷവും സാംസ്കാരിക സഭകളും കലാസായാഹ്നങ്ങളും നടത്തണം. ഇതിനു വേണ്ട പ്രവർത്തനങ്ങൾക്കു ഗ്രന്ഥശാലാ പ്രവർത്തകരും സാംസ്കാരിക സംഘാടകരും നേതൃത്വം നൽകേണ്ടതാണ്.

17. എല്ലാവർഷവും കേരളപ്പിറവിദിനം കേരളോത്സവദിനമായി ആഘോഷിക്കുന്നതിന് പഞ്ചായത്തുസമിതി നേതൃത്വം നൽകണം.

18. നാടോടിപ്പാട്ടുകളും ഐതിഹ്യങ്ങളും ഭാവിതലമുറക്കായി രേഖപ്പെടുത്തുന്നതിന് സാംസ്കാരിക പ്രവർത്തകർക്കും ഗ്രന്ഥശാലാ പ്രവർത്തകർക്കും സഹായം നൽകണം.

19. പ്രായാധിക്യം കൊണ്ട് അവശരായ പഞ്ചായത്തിലെ കഥകളി കലാകാരന്മാർക്കും ഇതര ക്ലാസിക് കലാകാരൻമാർക്കും പെൻഷൻ അനുവദിക്കണം.

20. ക്ലാസിക് കലാരൂപങ്ങളിൽ - കഥകളി, നൃത്തം, സംഗീതം എന്നിവയിൽ - അഭിമാനകരമായ നേട്ടം കൈവരിക്കുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കണം.

21. പട്ടികജാതി കോളനികളിൽ വായനാശീലം വളർത്തുന്നതിനായി പഞ്ചായത്തിന്റെ ചെലവിൽ എല്ലാ പ്രധാന പത്രങ്ങളും ഒരു പൊതുസ്ഥലത്ത് ലഭ്യമാക്കണം.

22. പട്ടികജാതി കോളനികളിൽ സൗകര്യമായ സ്ഥലത്ത് പൊതു ടിവികൾ സ്ഥാപിച്ചു നൽകണം.

23. ഏറ്റവും ശക്തമായ പ്രചരണ മാധ്യമമായ ടിവിയുടെ ദുഷിച്ച സ്വാധീനം അപക്വമനസായ വിദ്യാർഥികളിൽ ഏറ്റവും അധികം ഉണ്ടാകുന്നത് തരംതാണ സീരിയലുകളിലൂടെയും പരസ്യങ്ങളിലൂടെയുമാണ്. ഇതിനൊരു പരിഹാരമാർഗം കുട്ടികൾക്കായി ഉന്നത മൂല്യമുള്ള പരിപാടികൾ പരസ്യക്കമ്പനികളെ ഒഴിവാക്കിക്കൊണ്ട് ഗവണ്മെന്റ് നേരിട്ട് സംപ്രേഷണം ചെയ്യുക എന്നതാണ്.

24. പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് കമ്യൂണിറ്റിഹാൾ-കം തിയേറ്റർ സ്ഥാപിക്കണം. പഞ്ചാത്തു സാംസ്കാരിക സമിതിയുടെ ആഭിമുഖ്യത്തിൽ കഥകളി, നാടകം, സിനിമ തുടങ്ങിയവ അവതരിപ്പിക്കുന്നതിനും സാംസ്കാരിക സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനും അത് ഉപകരിക്കുന്നതാണ്.





## 5.3 i

# വിഭവസമാഹരണം

പഞ്ചായത്തു പ്രദേശത്തെ ജനജീവിതവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ നിരവധി പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, രൂപം നല്കിയ പദ്ധതികൾ വിജയപ്രദമായി നടപ്പാക്കാനുള്ള സമ്പത്ത് കണ്ടെത്തുന്ന പ്രക്രിയയാണു വിഭവസമാഹരണം. നിലവിലുള്ള പ്രകൃതി വിഭവങ്ങൾ, മാനവശേഷി, വിവിധയിനം നികുതികളിൽ നിന്നുള്ള വരുമാനം, ഗവണ്മെന്റു വിഹിതമായും ഗ്രാന്റായും ലഭിക്കുന്ന വരുമാനം, ജനങ്ങളുടെ സ്വകാര്യ സമ്പാദ്യങ്ങൾ എന്നിവയെല്ലാം വിഭവങ്ങളാണ്. ലഭ്യമായ വിഭവ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി ലക്ഷ്യം നേടുകയെന്നതാണ് ഇവിടെ കരണീയം. പഞ്ചായത്തിൽ നിലവിലുള്ള ലഭ്യത വിലയിരുത്തി അവ വർധിപ്പിക്കുന്നതിനുള്ള സാധ്യത ആരായുകയും പുതിയ വരുമാന മാർഗങ്ങൾ കണ്ടെത്തി സമാഹരിക്കുന്നതിനുള്ള ശ്രമം ഉണ്ടാവുകയും വേണം.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള വിഭവങ്ങൾ, തനതു നികുതികൾ, ഗവണ്മെന്റിൽ നിന്ന് ലഭിക്കുന്ന നികുതി വിഭവങ്ങൾ, ഗവണ്മെന്റ് ഗ്രാന്റുകൾ, പൊതു ആവശ്യങ്ങൾക്കു വേണ്ടി ഗവണ്മെന്റിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ധനസഹായങ്ങൾ എന്നിവയുൾപ്പെട്ടതാണ്. തനതു നികുതികളുടെ പട്ടികയിൽ കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി വിവിധയിനം ലൈസൻസുകൾക്കു ചുമത്തുന്ന ഫീസ്, മാർക്കറ്റു ലേലത്തുക, ലൈബ്രറി സെസ് മറ്റു വരുമാന മാർഗങ്ങൾ എന്നിവയുൾപ്പെടുന്നു. ഇവയെല്ലാം നിർണയിക്കപ്പെട്ടിട്ടുള്ളതു ശാസ്ത്രീയ രീതികൾ അവലംബിച്ചുകൊണ്ടല്ല. വർഷന്തോറും ലഭിക്കുന്ന വിവിധയിനം വരവുകൾക്ക് ഏറ്റക്കുറച്ചിലുകൾ ഉള്ളതായിക്കാണാം. അതുപോലെ തന്നെ ഗവണ്മെന്റിൽ നിന്ന് ലഭിക്കേണ്ടതുക യഥാസമയം ലഭിക്കാത്തതിനാൽ പദ്ധതികൾക്കു മുടക്കവും അനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും തനതു നികുതിയെക്കാൾ ഗവണ്മെന്റിൽ നിന്ന് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾക്ക് നേരിയ വർധനയുണ്ടെന്നുള്ളതു ആശ്വാസകരമാണ്.

പഞ്ചായത്തു മേഖലയിൽ നിന്ന് ലഭിക്കുന്ന തനതു നികുതിത്തുക പഞ്ചായത്തു ജീവനക്കാരുടെ ശമ്പളച്ചെലവു നിറവേറ്റുന്നതിനു പോലും തികയുന്നില്ല. ക്ഷാമബത്തയിൽ ആണ്ടുതോറും വർധനയുണ്ടാകുകയും, ജീവനക്കാർക്ക് കാലാകാലങ്ങളിൽ ശമ്പള പരിഷ്കരണം കൊണ്ട് ചെലവ് വർധിക്കുകയും ചെയ്യുമ്പോൾ നികുതിയിനത്തിലുള്ള വരുമാനങ്ങൾ വർധിക്കുന്നില്ലെന്നുള്ളതാണ് ഇതിന് കാരണം. ഈ സാഹചര്യത്തിൽ പോരാതെ വരുന്ന തുക ഗവണ്മെന്റിൽ നിന്ന് ഗ്രാന്റായി നല്കേണ്ടതാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ജീവനക്കാരുടെ ശമ്പളത്തിന് വേണ്ടി ഗ്രാന്റ് ലഭിക്കുന്നില്ല. തന്നിമിത്തം ഗവണ്മെന്റു വിഹിതത്തിന്റെ ഒരു ഭാഗം കൂടി ശമ്പളച്ചെലവിനു വിനിയോഗിക്കേണ്ടി വരുന്നു. ഇത് വികസന പ്രവർത്തനങ്ങളെ വിപരീതമായി ബാധിക്കുന്നു.

പഞ്ചായത്തിലെ നികുതിയിതര വരുമാനത്തിൽ ക്രമാനുഗതമായ വർധനയില്ലെന്നു മാത്രമല്ല ചിലവർഷങ്ങളിൽ അവ വളരെ കുറഞ്ഞ തോതിലാണു താനും. ഗവണ്മെന്റിൽ നിന്ന് ലഭിക്കുന്ന ഉപാധിരഹിത ഗ്രാന്റ് മൊത്തം ഗ്രാന്റിന്റെ 30% മുതൽ 50% വരെയുള്ളതായി കാണുന്നു. പൊതു ആവശ്യങ്ങൾക്കു വേണ്ടി ലഭിച്ചിട്ടുള്ള സർക്കാർ ഫണ്ടുകൾ മിക്കവാറും വളരെ പരിമിതമാണ്. എന്നാൽ 1995-96ൽ ഈ സ്ഥിതിക്കു മാറ്റം ദൃശ്യമാണ്.

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ കഴിഞ്ഞാൽ ചെലവിനത്തിൽ രണ്ടാം സ്ഥാനം പൊതുമരാമത്ത് കൈയ.ടക്കുന്നു. ഈ ഇനത്തിൽ വർഷന്തോറും വർധനയുള്ളതായിക്കാണാം. പൊതുമരാമത്തു പണികൾ കോൺട്രാക്ട് അടിസ്ഥാനത്തിലും നോമിനികൾ മുഖേനയുമാണ് നമ്മുടെ പഞ്ചായത്തിൽ നടത്തുന്നത്. മറ്റുവികസനച്ചെലവുകൾ കുളം നന്നാക്കൽ, വിദ്യാലയങ്ങൾക്ക് ചുറ്റുമതിലു തീർക്കൽ, പബ്ലിക്ക് മാർക്കറ്റ്, പാർക്കുകൾ, വെയിറ്റിംഗു ഷെഡുകൾ എന്നിവയുടെ നിർമാണം തുടങ്ങിയവയാണ്. പ്രത്യുല്പാദനപരമായ യാതൊരു പ്രവർത്തനവും പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയിട്ടില്ല. തന്നിമിത്തം പഞ്ചായത്തിന് കടബാധ്യതകൾ ഒന്നും തന്നെയില്ല.

അധികാരം താഴെ തട്ടിലേക്ക് എത്തിക്കുന്ന നിയമം നിലവിൽ വന്നതോടെ പഞ്ചായത്തുകൾക്ക് ഇന്നുവരെയുള്ള പരിമിതമായ ധനകാര്യാവകാശങ്ങൾ വിപുലീകരിക്കുന്നതിന് നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകണമെന്ന് പഞ്ചായത്തു കമ്മിറ്റിക്ക് അഭിപ്രായമുണ്ട്. (നമ്മുടെ പഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വരവു ചെലവുകൾ കാണിക്കുന്ന പട്ടിക അന്യത്ര ചേർത്തിട്ടുണ്ട്).

അടുത്തതായി പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളെ വിലയിരുത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തു മേഖലയിൽ ഒരു വാണിജ്യബാങ്കിന്റെ ശാഖയും (കാതലിക് സിറിയൻ ബാങ്ക്), മൂന്നു പ്രൈമറി സഹകരണ ബാങ്കുകളും, എട്ടു ഫൈനാൻസിയേഴ്സും ഉണ്ട്. വാണിജ്യബാങ്കിന് പഞ്ചായത്തു പ്രദേശത്തെ നിക്ഷേപങ്ങളുടെ സിംഹഭാഗവും ആകർഷിക്കാൻ സാധിക്കുന്നു. എന്നാൽ അവ ഈ പ്രദേശത്ത് വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തി നല്കുന്ന ഹ്രസ്വകാല വായ്പാസൗകര്യങ്ങളുടെ പരിധി, ലഭിക്കുന്ന നിക്ഷേപത്തുകയുടെ 15 ശതമാനത്തിൽ താഴെയാണ്. സർക്കാരിൽ നിന്ന് നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾക്കോ വികസന വ്യാവസായികാവശ്യങ്ങൾക്ക് വായ്പ നൽകാൻ അവർക്ക് നിയമവ്യവസ്ഥയില്ല. ഫൈനാൻസിയേഴ്സ് വളരെ ഉയർന്ന പലിശ നിരക്കിൽ സ്വർണപ്പണയംപോലുള്ള ഉറപ്പിന്മേൽ വ്യക്തികൾക്ക് വളരെ കുറഞ്ഞ കാലാവധിക്ക് വായ്പ നൽകി അവരെ ചൂഷണം ചെയ്യുകയാണ്. പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭ്യമല്ല. നിർധനരായ ആൾക്കാർക്കാണ് ഈ സ്ഥാപനങ്ങൾ വായ്പ നല്കുന്നത്. അവയെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തു മേഖലയിൽ പ്രവർത്തിക്കുന്ന മൂന്നു സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പഞ്ചായത്തിന്റെ പ്രബലമായ ധനകാര്യ സ്ഥാപനമായി രൂപപ്പെടുത്തിയാൽ അതിന് കൂടുതൽ വിശ്വാസ്യത ജനങ്ങൾക്കിടയിൽ ആർജിക്കാൻ സാധിക്കും. പഞ്ചായത്തിന്റെ പ്രത്യുല്പാദനപരമായ പദ്ധതികൾക്കു സാമ്പത്തിക പങ്കാളിത്തം നൽകാൻ ഈ സ്ഥാപനം പ്രാപ്തമാകുകയും തദ്വാരാ വാണിജ്യ ബാങ്കുകൾ നിക്ഷേപം ക്രമാധികം സമാഹരിക്കുന്നത് നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും. ചുരുക്കത്തിൽ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ വിഭവ സമാഹരണ പ്രക്രിയയിൽ പ്രധാന പങ്കാളിയായി

മാറ്റപ്പെടും. ഇതിലേക്ക് ആവശ്യമായ പ്രാദേശിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം വേണ്ട നിയമ ഭേദഗതികൾ സംസ്ഥാനതലത്തിലുണ്ടാകയും വേണം.

പഞ്ചായത്തു മേഖലയിൽ ഗൾഫിലേക്കും മറ്റു വിദേശ രാജ്യങ്ങളിലേക്കും കുടിയേറിയിട്ടുള്ള ആയിരത്തിൽപരം ആളുകളുണ്ട്. ഇവർ സമ്പാദിക്കുന്ന ധനം ആർഭാട ജീവിതത്തിനും അതനുസരിച്ചുള്ള ആർഭാടരീതിയിലുള്ള രമ്യഹർമ്യങ്ങൾ പണിതുയർത്തുന്നതിനും വയലു നികത്തി കരയാക്കുന്നതിനും അനിയന്ത്രിതമായ തോതിൽ ഭൂമി വാങ്ങിക്കൂട്ടുന്നതിനുമാണിപ്പോൾ വിനിയോഗിക്കുന്നത്. തന്നിമിത്തം വയലേലകളുടെ വിസ്തൃതി കുറയുന്നതിനും, കെട്ടിട നിർമാണ രംഗത്തു കൂലിനിരക്കുയരുന്നതിനും, ഭൂമിയുടെ വില അനിയന്ത്രിതമായി തോതിൽ വർധിക്കുന്നതിനും ഇടയാകുന്നു. ഈ പ്രവണത നിയന്ത്രിച്ച് അവരുടെ പക്കൽ ലഭ്യമായ സമ്പത്ത് പ്രത്യുല്പാദന രംഗത്തു മുടക്കുന്നതിന് പ്രേരിപ്പിച്ച് പ്രാവർത്തിക മാക്കിയാൽ പ്രദേശത്തെ സാമ്പത്തിക നിലവാരമുയരുന്നതിനും തൊഴിൽ സാധ്യത വർധിക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനം ഉയരുന്നതിനും സഹായകമാകും.

വിഭവസമാഹരണ പരിപാടിയിൽ അതിപ്രധാനമായി പരിഗണിക്കേണ്ട ഒന്നാണ് പഞ്ചായത്ത് പ്രദേശത്തു ലഭ്യമാകുന്ന മാനവശേഷി. പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾ നാളിതുവരെ നടത്തിയിട്ടുള്ളത് കോൺട്രാക്ട് അടിസ്ഥാനത്തിലും നോമിനിയെ ഏല്പിച്ചുമാണ്. പഞ്ചായത്തു നേരിട്ടു നടത്തുന്നതായി അവകാശപ്പെടാറുള്ള പ്രവർത്തനങ്ങളും ഫലത്തിൽ കോൺട്രാക്ട് വർക്കുപോലാണ് നടത്താറുള്ളത്. ഈ സ്ഥിതി മാറേണ്ടിയിരിക്കുന്നു. കോൺട്രാക്ട് വ്യവസ്ഥകളും നോമിനി സമ്പ്രദായവും അവസാനിപ്പിച്ച് നാട്ടിൽ തന്നെയുള്ള പ്രവർത്തന സജ്ജരായ യുവാക്കൾ ഉൾക്കൊള്ളുന്ന സന്നദ്ധ സംഘടനകളെക്കൊണ്ട് വികസന പ്രവർത്തനം നടത്തുന്ന രീതി അവലംബിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമായാൽ പ്രവർത്തനം കുറ്റമറ്റതാകുമെന്നതിനുപരി സാമ്പത്തിക ലക്ഷ്യത്തെക്കാൾ സേവനത്തിന് പ്രാധാന്യം നൽകുന്ന അവർക്ക് തൊഴിൽ ലഭിക്കുകയും പഞ്ചായത്തിന് പരിമിതമായ വിഭവങ്ങൾ കൊണ്ട് വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കയും ചെയ്യും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള വരുമാന സാധ്യതകൾ പരമാവധി നേടുന്നതിന് ഇന്നത്തെ അശാസ്ത്രീയ രീതി പര്യാപ്തമല്ല.
2. ഭരണച്ചെലവ് വരുമാനത്തിന്റെ സിംഹഭാഗവും വിനിയോഗിക്കേണ്ട സ്ഥിതി നിലവിലുണ്ട്.
3. കോൺട്രാക്ടർമാരും ഇടത്തട്ടുകാരും അമിതമായ ലാഭം തട്ടിയെടുക്കുന്നു. കൂടാതെ കോൺട്രാക്ട് രീതി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ ഗുണമേന്മ കുറയുന്നു.
4. പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങളുടെ അഭാവം.
5. പ്രാദേശികാവശ്യങ്ങൾ പരിഗണിച്ച് മുൻഗണന നൽകാത്ത രീതിയിലുള്ള വിഭവ വിനിയോഗം.
6. സന്നദ്ധ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിലെ പരാജയം.
7. ചിലയിനം നികുതികൾക്ക് പരിധി നിശ്ചയിച്ചിട്ടുള്ളതിലെ പാളിച്ചകൾ.
8. നികുതികളുടെ അനിവാര്യത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിലുള്ള വീഴ്ചകൾ.

## നിർദേശങ്ങൾ

1. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള നികുതികൾ ശാസ്ത്രീയമായി പുനരവലോകനം ചെയ്യണം. കെട്ടിട നിർമാണം തുടങ്ങുന്നതിനു മുമ്പു തന്നെ പ്ലാനും എസ്റ്റിമേറ്റും തയാറാക്കി പഞ്ചായത്തിന്റെ അനുവാദത്തിനപേക്ഷിക്കുകയും അനുവാദത്തോടു കൂടി മാത്രം കെട്ടിടങ്ങൾ നിർമിക്കുന്ന സ്ഥിതി നിർബന്ധമാക്കുകയും വേണം. പുതിയ കെട്ടിടം നിർമിക്കുമ്പോൾ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക നികുതി ചുമത്തുകയും, നിർമാണച്ചെലവിന്റെ അരശതമാനം എന്ന നിരക്കിൽ വാർഷിക നികുതി ചുമത്തുകയും വേണം. അഞ്ച് ലക്ഷം രൂപയോ അതിനു മുകളിലോ ചെലവു

വരുന്ന കെട്ടിടങ്ങളുടെ വാർഷിക നികുതി ഒരു ശതമാനം എന്ന കണക്കിൽ ഈടാക്കണം. വീട്ടിനുള്ളിൽ വരുത്തുന്ന ആർഭാട പ്രവർത്തനങ്ങൾക്കും സാമഗ്രികൾക്കും വില നിശ്ചയിച്ച് അതുകൂടി നിർമാണച്ചെലവിൽ വകവച്ച് നികുതി പുതുക്കി നിശ്ചയിക്കണം.

2. റബർകൃഷിക്കാരിൽ നിന്ന് ഈടാക്കുന്ന തൊഴിൽ നികുതി ഇപ്പോൾ പ്രതിവർഷം 1250 രൂപയെന്നു നിജപ്പെടുത്തിയിട്ടുണ്ട്. അനിയന്ത്രിതമായ തോതിൽ ഭൂമി വാങ്ങി റബർ തോട്ടം നിർമിക്കുന്നവരിൽ നിന്ന് ലഭ്യമാകേണ്ട നികുതി ഈ പരിധിനിർണയം കൊണ്ട് പഞ്ചായത്തിന് ലഭ്യമാകുന്നില്ല. അതുപോലെ തന്നെ പഞ്ചായത്തു പ്രദേശത്തുള്ള കാർഷിക വിളകളുടെ വിവരം ശേഖരിച്ച് പഞ്ചായത്തിൽ മൊത്തമുള്ള റബർതോട്ടത്തിന്റെ അടിസ്ഥാനത്തിൽ ഏക്കറൊന്നിന് 200 രൂപ ക്രമത്തിൽ നികുതി ചുമത്തുകയും നികുതിയുടെ പരിധിയെടുത്തുകളയാൻ നടപടി സ്വീകരിക്കുകയും വേണം.

3. പഞ്ചായത്തു പ്രദേശത്തുള്ള സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് പതിച്ചു കൊടുക്കുന്ന രീതി അവസാനിപ്പിക്കുകയും അവ പഞ്ചായത്തധീനതയിലാക്കുകയും ചെയ്യണം. അന്യാധീനപ്പെട്ടിട്ടുള്ള പുറമ്പോക്കു ഭൂമി കൈയേറി കൃഷി ചെയ്തിട്ടുള്ളതിലെ ആദായം ലേലം ചെയ്ത് പഞ്ചായത്തിൽ മുതൽ കൂട്ടണം.

4. പുറമ്പോക്കു ഭൂമിയിൽ പുതുതായി ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച് പരിരക്ഷിച്ച് ആദായമുണ്ടാക്കുക.

5. പഞ്ചായത്തിലുള്ള എല്ലാ സ്വകാര്യ ഭൂമിയുടെയും രജിസ്റ്റർ തയാറാക്കി അവയിലെ കൃഷിവിവരം രേഖപ്പെടുത്തുക.

6. മേൽപറഞ്ഞ രജിസ്റ്ററിൻ പ്രകാരം റബർകൃഷി ചെയ്തിട്ടുള്ള 50 സെന്റിനു മുകളിൽ ഉടമകളായ കർഷകർ വിവരം പഞ്ചായത്തിൽ നല്കി രജിസ്റ്റർ ചെയ്യാൻ നിർദേശിക്കുക.

7. ധാരാളം തൊഴിലാളികൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ നാട്ടിൽ വന്ന് ടാപ്പിംഗ്, കെട്ടിടനിർമാണം തുടങ്ങിയ മേഖലയിൽ പണി ചെയ്യുന്നുണ്ട്. ഇവരിൽ പലരും നമ്മുടെ നാട്ടിൽ സാമൂഹ്യ വിരുദ്ധവും വിധ്വംസകവുമായ പ്രവർത്തനത്തിൻ നിർബാധം ഏർപ്പെടുന്നുണ്ടെന്നറിയുന്നു. ഇവരുടെ പേരിൽ നമ്മുടെ സർക്കാരിന് യാതൊരു നിയന്ത്രണവുമില്ല. അവർ തൊഴിൽ ചെയ്യുന്ന തൊഴിലുടമകളിൽ നിന്ന് അവരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പഞ്ചായത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കുകയും അവരിൽ നിന്ന് ഒരു നിശ്ചിത തുക വർഷം തോറും തൊഴിൽകരമിനത്തിൽ ഈടാക്കുന്നതിന് നടപടി കൈക്കൊള്ളുകയും വേണം.

8. പഞ്ചായത്തിലുള്ള പാറമടയും ചെങ്കൽ ക്വാറികളും ലേലം ചെയ്തു കൊടുക്കണം.

9. പഞ്ചായത്തിന്റെ പ്രധാന മേഖലകളിൽ ഷോപ്പിങ് കോംപ്ലക്സ്/കമ്യൂണിറ്റി ഹാൾ/ഓഫീസ് കോംപ്ലക്സുകൾ എന്നിവ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തു നിർമിച്ച്, വാടകയ്ക്കു കൊടുത്ത് ആദായമുണ്ടാക്കണം.

10. നാഷണൽ സേവിംഗ്സ് സ്കീമിൽ പഞ്ചായത്തു പ്രദേശത്തെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെ ഏജന്റന്മാരാക്കുകയും അവർ പിരിക്കുന്ന തുക പഞ്ചായത്തു മേഖലയിലെ പോസ്റ്റോഫീസിൽ നിക്ഷേപിക്കുന്നതിന് നിർദേശം നൽകുകയും വേണം.

11. കേബിൾ ടി.വി. ക്ക് ലൈസൻസ് ഫീസ്, തൊഴിൽ നികുതി, വിനോദ നികുതി ഇവ ഈടാക്കുക.

12. പഞ്ചായത്തു മേഖലയിലെ വളർത്തുന്ന നായ്ക്കൾക്ക് 150 രൂപ വീതം പ്രതിവർഷം ലൈസൻസ് ഫീസ് ചുമത്തുക.

13. പഞ്ചായത്തു മേഖലയിലുണ്ടാകുന്ന പരസ്യങ്ങൾ പഞ്ചായത്തിന്റെ അനുവാദത്തോടുകൂടി നടത്തുന്നതിനും അവയ്ക്ക് നിശ്ചിത ഫീസ് ഈടാക്കുന്നതിനും വ്യവസ്ഥയുണ്ടാക്കണം.

14. പഞ്ചായത്തു പരിധിയിൽ നടക്കുന്ന സദ്യകൾക്ക് മുൻകൂട്ടി പഞ്ചായത്തിന്റെ അനുവാദം വാങ്ങേണ്ടതും

250 പേർക്കു വരെ നല്കുന്ന സദ്യകൾക്ക് 100 രൂപ ഫീസ് ഈടാക്കേണ്ടതുമാണ്. 250ന് മേൽ ആളുകളെ പങ്കെടുപ്പിക്കുന്ന പക്ഷം ഒരാളിന് ഒരു രൂപ എന്നക്രമത്തിൽ അധിക ആർഭാട നികുതി ഈടാക്കേണ്ടതാണ്.

15. പഞ്ചായത്തിന്റെ ധനവിനിമയ സാമ്പത്തിക സ്ഥാപനമെന്ന നിലയിൽ പ്രദേശത്തെ മൂന്നു സർവീസ് സഹകരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് പ്രബലമായ ഒരു സാമ്പത്തിക സ്ഥാപനമാക്കുന്നതിനും ആവശ്യമുള്ള കേന്ദ്രങ്ങളിൽ ബ്രാഞ്ചുകൾ സ്ഥാപിക്കാനും നടപടിയുണ്ടാകണം.

16. പഞ്ചായത്തു മേഖലയിലെ കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് സൗകര്യമുള്ളവ ലേലം ചെയ്തു കൊടുക്കണം.

17. വീട്ടമ്മമാർക്ക് പച്ചക്കറിക്കൃഷി, പുഷ്പക്കൃഷി, കൂൺകൃഷി, തേനീച്ച വളർത്തൽ, ഓർക്കിഡ്, ആന്തൂറിയംകൃഷി, ഗാർമെന്റ്സ് നിർമാണം മറ്റു കൈത്തൊഴിലുകൾ, അച്ചാർ, ചിപ്പ്സ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വീട്ടിൽ വച്ച് ഇടവേളകളിൽ വ്യാപരിക്കത്തക്ക വിധം സഹകരണ സംഘങ്ങൾ രൂപീകരിച്ച് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് സഹായം ലഭ്യമാക്കി നാടിന്റെ വികസനം പോഷിപ്പിക്കണം.

18. കാർഷിക രംഗത്ത് അമിതമായ കൃഷിപ്പിഴവ് പരിഹരിയ്ക്കത്തക്കവിധം കൃഷി യന്ത്രവല്ക്കരിക്കുന്നതിന് നടപടി കൈക്കൊള്ളണം.

19. പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ കോൺട്രാക്ടർ മാരെ ഏല്പിക്കുന്ന രീതി അവസാനിപ്പിച്ച് നാട്ടിലെ രജിസ്റ്റർ ചെയ്ത സന്നദ്ധ സംഘടനകളെ ഏല്പിക്കണം. അവർക്ക് പ്രൊജക്ട് അടിസ്ഥാനത്തിൽ കേന്ദ്രഗവണ്മെന്റ് ഏജൻസികളിൽ നിന്ന് ധനസഹായം ലഭിക്കുന്നതാണ്.

20. പഞ്ചായത്തു മേഖലയിൽ നിലങ്ങൾ മണ്ണിട്ടു നികത്തി പുരയിടമാക്കുന്ന രീതി വർധിച്ച് വരികയാണ്. കരഭൂമിക്കു വൻതോതിൽ വില ലഭ്യമാകുമെന്നുള്ളതാണ് ഇതിനുള്ള പ്രചോദനം. ഈ സ്ഥിതി നിരുത്സാഹപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അതിലേക്ക് നികത്തുന്നതിനുള്ള അനുവാദം നല്കുമ്പോൾ കരഭൂമിയും നിലവും തമ്മിലുള്ള വില വ്യത്യാസം കണക്കാക്കി വ്യത്യാസത്തിന്റെ 25% മുൻകൂർ പഞ്ചായത്തിൽ അടയ്ക്കാൻ വ്യവ്സ്ഥയുണ്ടാക്കണം.

21. പഞ്ചായത്തു പ്രദേശത്തെ ഭൂനികുതി പഞ്ചായത്ത് നേരിട്ടു പിരിയ്ക്കാൻ വ്യവസ്ഥയുണ്ടാക്കിയാൽ പഞ്ചായത്തിൽ ലഭിക്കേണ്ട തുകയുടെ ഗവണ്മെന്റ് വിഹിതം പഞ്ചായത്തിന് അടയ്ക്കാവുന്നതും പഞ്ചായത്തിന്റെ വിഹിതം ലഭിക്കുന്നതിന് ഉണ്ടാകാനിടയുള്ള കാലവിളംബം ഒഴിവാക്കാവുന്നതുമാണ്.

22. ഇന്നു കച്ചവട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്ന ലൈസൻസ് ഫീസ് വളരെ കുറഞ്ഞ നിരക്കിലുള്ളതാണ്. സാധനങ്ങൾക്ക് പൊതുവെ വൻവില വർധനയുള്ള ഇക്കാലത്ത് കാലാനുസൃതമായി ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

23. വാഹനങ്ങൾ പാർക്കു ചെയ്യുന്ന മേഖലകളിൽ ഓട്ടോ - ടാക്സി സ്റ്റാൻഡുകൾക്ക് അർഹതയുള്ള ഫീസ് ഈടാക്കുകയും സ്റ്റാൻഡിന് സൗകര്യമുണ്ടാക്കിക്കൊടുക്കുകയും വേണം.

മേലുദ്ധരിച്ച നിർദേശങ്ങൾ പഞ്ചായത്തിന്റെ പരിമിതമായ വരുമാനത്തിന് വ്യവസ്ഥാപിതമായ വർധനയുണ്ടാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്. നികുതിദായകർക്ക് നികുതി വർധനവിന്റെ ആവശ്യകത ബോധ്യപ്പെടത്തക്ക വിധം ആവശ്യമായ ആശയവിനിമയം നടത്തി പദ്ധതി വിജയിപ്പിക്കുന്നതിന് പ്രവർത്തകർ ഏകമനസ്സോടെ പ്രവർത്തിക്കേണ്ടതാണ്.

## പട്ടിക - 1

### വരവ്

| നമ്പർ | ഇനവിവരം | 1991-92 | | 1992-93 | | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 1,04,689 | 95 | 95,920 | 70 | 1,43,908 | - | 1,55,261 | 50 | 1,69,276 | - |
| 2 | തൊഴിൽ നികുതി | 75,910 | - | 44,225 | | 82,090 | - | 1,01,025 | | 1,67,481 | - |
| 3 | വിനോദ നികുതി | – | | – | | – | | – | | 17,456 | - |
| 4 | ലൈസൻസ് ഫീസ് | 3,049 | - | 2,920 | - | 3,693 | - | 4,178 | - | 10,325 | - |
| 5 | മാർക്കറ്റ് വരവ് | 30,350 | - | 23,643 | - | 34,177 | - | 36,485 | - | 48,271 | - |
| 6 | എസ്.ഡി. 75% | 1,73,760 | - | 1,89,855 | - | 2,58,608 | - | 8,290 | - | 5,853 | - |
| 7 | എസ്.ഡി. 25% | - | - | - | - | 13,856 | - | 61,169 | - | 1,75,000 | - |
| 8 | ഗ്രാന്റ് & കോൺട്രിബ്യൂഷൻ | 89,198 | - | 54,602 | - | 1,30,425 | - | 1,33,005 | - | 3,81,768 | - |
| 9 | ഡെപ്പോസിറ്റ് | 44,401 | - | 6,340 | - | 9,720 | - | 28,030 | - | 9,260 | - |
| 10 | ഉപാധിരഹിത ഫണ്ട് | 1,70,000 | - | 1,87,066 | - | 1,91,000 | - | 2,65,500 | - | 2,75,000 | - |
| 11 | സെയ്ൽസ് ടാക്സ് | 969 | - | 2,715 | 75 | - | | - | | - | |
| 12 | പ്രദർശന നികുതി | – | | – | | – | | – | | 1,839 | 50 |
| 13 | ലൈബ്രറി സെസ് | – | | – | | – | | – | | 10,734 | - |
| 14 | മറ്റുള്ളവ | 43,440 | 05 | 72,520 | 30 | 1,54,468 | 70 | 19,154 | 40 | 16,470 | 85 |
| | ആകെ | 7,35,767 | - | 6,97,807 | 75 | 10,21,945 | 70 | 8,12,097 | 90 | 12,89,184 | 35 |

## ചെലവ്

| നമ്പർ | ഇനവിവരം | 1991-92 | | 1992-93 | | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|---|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെന്റ് | 2,13,332 | - | 2,11,085 | - | 2,81,427 | - | 3,21,312 | - | 4,51,256 | 60 |
| 2 | പൊതുമരാമത്ത് | 1,51,442 | - | 1,48,937 | - | 52,056 | - | 1,02,390 | - | 3,94,555 | - |
| 3 | വിദ്യാഭ്യാസം | 67,636 | 60 | 19,951 | 50 | 32,686 | 50 | 14,566 | - | 14,482 | - |
| 4 | പൊതുജനാരോഗ്യം | – | – | 9,515 | - | 26,918 | - | 30,330 | - | 6,577 | - |
| 5 | കറന്റ് ചാർജ് | 63,720 | 60 | 69,022 | - | 64,729 | 45 | 73,070 | - | 73,873 | 60 |
| 6 | മറ്റു ചെലവുകൾ | 5,48,211 | 90 | 2,20,023 | 70 | 2,92,504 | 40 | 8,58,280 | 90 | 80,983 | - |
| | ആകെ | 10,44,343 | 10 | 6,78,534 | 20 | 7,50,321 | 35 | 13,99,948 | 90 | 10,21,727 | 20 |







# 6

# ഉപസംഹാരം

നമ്മുടെ ഗ്രാമക്കൂട്ടായ്മയുടെ സൃഷ്ടിയാണ് ഈ സമഗ്രവികസന രേഖ – ജനകീയാസൂത്രണത്തിലൂടെ സാമ്പത്തികവികസനവും സമ്പൂർണ്ണ പുരോഗതിയും കൈവരിക്കുന്നതിനുള്ള നമ്മുടെ പഞ്ചായത്തിന്റെ അടിത്തറ. നമ്മുടെ ആവശ്യങ്ങളും അഭിലാഷങ്ങളുമാണ് ഇതിന്റെ സത്ത. അടുത്ത അഞ്ചുവർഷം പഞ്ചായത്തിൽ നടക്കേണ്ട വികസന പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതും കർമപദ്ധതികൾ ആവിഷ്കരിക്കുന്നതും ഈ രേഖയുടെ അടിസ്ഥാനത്തിലാണ്. അതിനാൽ ഇതിന് നിർണായക പ്രാധാന്യമുണ്ട്.

ശാസ്ത്ര സാങ്കേതികരംഗങ്ങൾ വിസ്മയത്തിന്റെ പുത്തൻ അധ്യായങ്ങൾ രചിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. പുതിയ നൂറ്റാണ്ടിന്റെ ഔപചാരികമായ പിറവി അതിവേഗം അടുത്തുവരുന്നു. വിജ്ഞാന വിസ്ഫോടനവും വ്യവസായ വളർച്ചയും സൃഷ്ടിക്കുന്ന പുതിയ ജീവിത സാഹചര്യങ്ങളോട്, ഒരു സമൂഹമെന്ന നിലയിൽ, ആരോഗ്യപകരമായി പ്രതികരിക്കാൻ നാം നമ്മുടെ വിഭവങ്ങളും സാധ്യതകളും വിനിയോഗിച്ച് സജ്ജരാകേണ്ടതുണ്ട്. ഈ സന്ദർഭത്തിൽ, ഔദ്യോഗികമായ കേന്ദ്രീകരണവും ഔപചാരികതയും, ജനങ്ങളുടെ സഹകരണത്തിലും സഹവർത്തിത്വത്തിലും അധിഷ്ഠിതമായ ആസൂത്രണ വികസനപ്രക്രിയയ്ക്ക് വഴിമാറേണ്ടതുണ്ട്. ഈ രേഖ ഒരു പരിധിവരെയെങ്കിലും അതിന് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

എന്നാൽ ഒഴിവാക്കാനാവാത്ത ചില സാങ്കേതിക ബുദ്ധിമുട്ടുകളാൽ വികസനരേഖ കുറ്റമറ്റതാക്കാനായിട്ടില്ല. ലഭ്യമായ

കണക്കുകളും ഗ്രാമസഭാ റിപ്പോർട്ടുകളും പഞ്ചായത്ത് അഭിമുഖീകരിക്കുന്ന വികസന പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയും സാധ്യതകൾ എടുത്തു കാട്ടുന്നവയുമാണ്. അതിനാൽ വ്യക്തമായ ദിശാബോധം വികസനരേഖയ്ക്കുണ്ടെന്നാണ് വിശ്വസിക്കുന്നത്.

ഒട്ടേറെപ്പേരുടെ വിലപ്പെട്ട ഉപദേശ നിർദേശങ്ങൾ ഇതിന്റെ പിന്നിലുണ്ട്. അവരിൽ പ്രമുഖർ സാമൂഹ്യമായ വൈകാരിക പ്രതിബദ്ധതയോടെ, ജനകീയാസൂത്രണത്തിന്റെ ഊടുംപാവുമാകാൻആവേശപൂർവം, ഗ്രാമസഭകളിലെത്തിയ ഇന്നാട്ടിലെ സാധാരണക്കാരാണ്. രേഖാ നിർമാണത്തിനായി ഒട്ടു വളരെ ഔപചാരിക അനൗപചാരിക ചർച്ചകൾ നടന്നു. കൂട്ടായ്മയുടെ പുതിയ അനുഭവമായിരുന്നു ഓരോ ചർച്ചയും. നമ്മുടെ നാടിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്രത്തിലേക്കും, കാർഷിക വ്യാവസായിക പ്രശ്നങ്ങളിലേക്കും ആരോഗ്യ പാർപ്പിട വിദ്യാഭ്യാസ സേവനത്തുറകളിലേക്കും അത് ഉൾക്കാഴ്ച പകർന്നു. ഈ സമഗ്രവികസരേഖ സമ്പന്നമാക്കാൻ തനതായ സംഭാവന നൽകിയ ഓരോ വ്യക്തിയെയും ഈ അവസരത്തിൽ അഭിവാദ്യം ചെയ്യുന്നു.

ഒരു മഹത്തായ ലക്ഷ്യമാണിതിന്റെ പിന്നിൽ – സമഗ്രവികസനം. അതിന് സഹായകമായ വിശദമായ വിശകലനവും ചർച്ചയും ഈടുറ്റ നിർദേശങ്ങളും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ സമഗ്രവികസന രേഖ വികസന സെമിനാറിനു മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹപൂർവം

**കുമാരി. കെ. അമ്പിളി**
(പ്രസിഡന്റ് പന്തളം തെക്കേക്കര ഗ്രാമ പഞ്ചായത്ത്)



# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

ആശംസകൾ....

# തട്ടയിൽ സർവ്വീസ് സഹകരണബാങ്ക്
# ക്ലിപ്തം നമ്പർ 442

**ഫോൺ : 450925**

- ആകർഷകമായ നിക്ഷേപ പദ്ധതികൾ
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശനിരക്ക്
- വിവിധ വായ്പ പദ്ധതികൾ
- ലേല ചിട്ടികൾ
- ലഘുവായ നടപടിക്രമങ്ങൾ
- ലളിതമായ വ്യവസ്ഥകൾ
- വളം, കീടനാശിനി, പൊതുവിതരണകേന്ദ്രം

ബാങ്കിനുവേണ്ടി നവീനരീതിയിലുള്ള ഓഫീസ് കെട്ടിടവും
കോൺഫറൻസ് ഹാളും നിർമ്മിച്ചുവരുന്നു.

എം. എൻ. ഭാസ്കരൻനായർ (പ്രസിഡന്റ്) വി.ആർ. സരസമ്മ(സെക്രട്ടറി)

ആശംസകൾ....

# പന്തളം തെക്കേക്കര സർവ്വീസ് സഹകരണബാങ്ക്
# ക്ലിപ്തം നമ്പർ 329

**ഫോൺ : 422957**

- ആകർഷകമായ പലിശ നിരക്ക്
- അതുല്യ സ്ഥിര നിക്ഷേപം
- റെക്കറിംങ് നിക്ഷേപം
- സ്വർണപ്പണയ വായ്പ
- കാർഷിക - കാർഷികേതര വായ്പകൾ
- ലേലച്ചിട്ടികൾ
- വളം, കീടനാശിനി, കൺസ്യൂമർസ്റ്റോർ, ടെക്സ്റ്റയിൽ ഡിപ്പോ

ഒരു പൊതുവിതരണകേന്ദ്രം ഉടൻ ആരംഭിക്കുന്നു

പി. കൃഷ്ണൻപോറ്റി (പ്രസിഡന്റ്) കെ. എൻ രോഹിണി ദേവി (സെക്രട്ടറി)

